കറുത്ത നിറവും നിറം കെട്ട സമരവും | കെ വി മോഹൻ കുമാറിന്റെ പാട്ടോർമ്മ | മ്യൂസ് മേരി ജോർജ് എഴുതുന്ന പിശാചുപിടുത്തം | ഇന്ന് ഗാന്ധിസത്തിന് പ്രസക്തിയുണ്ടോ?

APRIL | VOL.04 | ISSUE 04

# മലയാളി.com magazine 2025




## 24 തിരുമുറിവുകളും അദൃശ്യ മുറിവുകളും



## എം എ ബേബി: ചെങ്കൊടി എത്ര ഭദ്രം ഈ കൈകളിൽ?


390+
SHOWROOMS
13 COUNTRIES
MALABAR
GOLD & DIAMONDS
EMBRACE THE GIFT OF GOLD
FREE GOLD COINS
on Diamond & Precious Gem Jewellery worth USD 1,500 and above
NO PRICE HIKE
Due to Tariff, at Malabar Gold & Diamonds
0%
Zero deduction on old gold (916) exchange
100% value on diamond exchange
Offers valid till 30th April, 2025
*T&C Apply.

മലയാളി.com Magazine
DIGITAL MAGAZINE
2025
APRIL
VOL/04
ISSUE/4
Contact: mag@emalayalee.com | www.emalayalee.com

# നിറഭേദങ്ങൾ

നിറം ,ജാതി ,വർഗം ...കേരള സമൂഹത്തിൽ ഇവ ആഴമായി വേരോടിയിരിക്കുകയാണെന്ന് ഒരിക്കൽ കൂടി അടുത്തയിടെ ഉണ്ടായ സംഭവങ്ങൾ വ്യക്തമാക്കുന്നു .ചീഫ് സെക്രട്ടറി ശാരദ മുരളിധരൻ തന്നെയാണ് തൻറെ കറുത്ത നിറത്തിന്റെ പേരിൽ അധിക്ഷേപിക്കപ്പെട്ടതിനെ പറ്റി പരാതിപ്പെട്ടത് .ഉദ്യോഗസ്ഥ തലത്തിൽ ഉന്നതയായ ഒരു സ്ത്രീ തന്നെ നിറത്തിന്റെ പേരിൽ ആക്ഷേപിക്കപ്പെടുകയാണെങ്കിൽ ആ സമൂഹത്തിൻറെ സ്വഭാവം പ്രത്യേകം പറയേണ്ടതില്ല. പഠനത്തിലും പ്രവർത്തനത്തിലുമുള്ള മികവുകൊണ്ട് സ്വന്തം നിലക്ക് സ്ഥാനം ഉറപ്പിച്ച ഒരു സ്ത്രീ ആയുഷ്ക്കാലം മുഴുവൻ നിറത്തിൻറെ പേരിൽ വിവേചനത്തിരയായി എന്നത് നമ്മുടെ സൗന്ദര്യ സങ്കൽപ്പങ്ങളെ കുറിച്ചും സംശയം ഉയർത്തുന്നു .ലോക സുന്ദരിയായി കറുത്ത വർഗക്കാർ തെരഞ്ഞെടുക്കപെടുന്നു. നവോമി കാമ്പ്ബെലിനെ പോലെയുള്ളവർ പരസ്യത്തിലെ റാണിയാകുന്നു .പ്രമുഖ താരങ്ങൾ തന്നെ കറുത്ത വർഗക്കാർ .കറുപ്പ് താൻ അഴക് എന്ന് രജനി കാന്തിനെ കുറിച്ചു ഒരു പാട്ട് പോലും രൂപപ്പെട്ടിരിക്കുന്നു .പക്ഷേ കറുപ്പിനെ നിരാകർഷകമായ . ചീത്തയായ ,മോശം വിഭാഗത്തിൽ പെടുന്ന ഒന്നായി അവതരിപ്പിക്കാനാണ് നമ്മുടെ സമൂഹത്തിൻറെ ശ്രമം . നമ്മുടെ മനോഭാവം ഇന്നും പിന്തിരിപ്പനായി തുടരുന്നു .ഒരർത്ഥത്തിൽ പ്രതിലോമകരമായ നമ്മുടെ ചിന്തകളുടെ ആകെത്തുകയാണ് കറുപ്പിനോടുള്ള നമ്മുടെ വിരോധം .

ഇത് നിറത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല .ആശാപ്രവർത്തകർ സമരം ചെയ്യുമ്പോൾ അവർ സമൂഹത്തിലെ ഉന്നത ശ്രേണിയിൽ ഉള്ളവർ അല്ല എന്ന കാരണം കൊണ്ടു അവരുടെ സമരം അവഗണിക്കപ്പെടുന്നു .അവർക്ക് വേണ്ടി കണ്ണീർ ഒഴുക്കുവാൻ സമൂഹത്തിലെ മേലെതട്ടിലുള്ള തൊഴിലാളി സംഘടനകൾ പോലും തയാറാകുന്നില്ല എന്തിനു അവരെ തൊഴിലാളികളായി കാണാൻ പോലും തൊഴിലാളി സംഘടനകൾ തയ്യാറാകുന്നില്ല .ഇതാകാം ഇനി കുടുബശ്രീക്കും ഉണ്ടാകുന്നത് .ഇത്തരം ശ്രേണിവൽക്കരണം നമ്മുടെ സമൂഹത്തിൻറെ സ്വഭാവമാണ് .ഒരാളെ ലക്ഷം വീടുകാരൻ എന്നു വിളിക്കുമ്പോഴും ഇതേ ആക്ഷേപ സ്വഭാവമാണ് നമ്മുടെ ഉള്ളിൽ നിന്ന് പുറത്തു വരുന്നത് ..

ഇരിഞ്ഞാലക്കുട കൂടൽ മാണിക്യം ക്ഷേത്രത്തിൽ കഴകം ജോലി ലഭിച്ച ഈഴവ യുവാവിനു അവിടത്തെ പൂജാരികളുടെ ജാതീയ വിവേചനത്തെ തുടർന്നു ജോലി തന്നെ ഈ ആഴ്ച രാജി വെയ്ക്കേണ്ടി വന്നു .തിരുവനന്തപുരം ആര്യനാട് സ്വദേശി ബി എ ബാലുവാണ് പ്രതിഷേധങ്ങൾക്കും രാഷ്ട്രീയ വിവാദങ്ങൾക്കും ശേഷം ജോലി തന്നെ വേണ്ടെന്നു വെയ്ക്കുന്നത് . കടുത്ത ജാതി വിവേചനത്തെ അധിക്ഷേപിക്കുകയോ അയാളെ പിന്തുണക്കുകയോ ചെയ്യുന്നതിന് പകരം ജാതിയുടെ അധീശത്തം സംരക്ഷിക്കാനാണ് നമുക്ക് താല്പര്യം

നിറങ്ങളോടുള്ള ഈ കടുത്ത വിരോധം വ്യക്തികളിൽ മാത്രമല്ല സമൂഹത്തിലും കേന്ദ്രീകരിച്ചിരിക്കുന്നു .സ്വാതന്ത്ര്യം കിട്ടി ഒരു നൂറ്റാണ്ടു ആകുമ്പോഴും ദളിത് ആദിവാസി സമൂഹങ്ങൾക്കെതിരെയുള്ള വിവേചനം ഇന്നും ശക്തമായി തുടരുന്നു .അവരിൽ നിന്ന് ഒരു കെ കെ കൊച്ചോ കുഞ്ഞാമനോ ഉയർന്നു വന്നാൽ അത് വലിയ യുദ്ധങ്ങൾ നടത്തിയാണ് .ആ ചെറിയ വിജയങ്ങൾ പോലും ഇല്ലായ്മ ചെയ്യാനാണ് നമ്മുടെ സമൂഹത്തിന്റെ ശ്രമം .അടിമകളുടെ ചരിത്രം നാം ഇത് വരെ അറിഞ്ഞിരുന്നില്ല വിനിൽ പോൾ രംഗത്ത് വന്നിരുന്നില്ലെങ്കിൽ അതൊക്കെ ഐതിഹ്യ മാലകളിൽ ഒന്നായി സ്ഥാനം പിടിക്കുമായിരുന്നു .

ദളിതർക്കും ആദിവാസികൾക്കും അർഹമായ സ്ഥാനം നൽകുന്നില്ല,അവർ കടുത്ത വിവേചനം നേരിടുന്നു എന്നത് മാത്രമല്ല , അവരുടെ ജീവന് യാതൊരു വിലയും ഇല്ല എന്നതാണ് ദുഖകരം .ഈ ആഴ്ച കൂട്ടുകാരിയുമായി പോലീസിൽ ഹാജരായ 18 വയസാകാത്ത ഗോത്രവർഗ ബാലൻ ഗോകുൽ ദുരൂഹമായ സാഹചര്യത്തിൽ കല്പറ്റ പോലിസ് സ്റ്റേഷനിലെ ശുചിമുറിയിൽ മരിച്ച നിലയിൽ കാണപ്പെടുന്നു .കൗമാര പ്രണയം തെറ്റായി കാണരുതെന്ന് സുപ്രീം കോടതി തന്നെ നിഷ്ക്കർഷിച്ച നാട്ടിൽ ഋതുമതിയായ യുവതിയോടൊപ്പം,ഊര് നിയമങ്ങൾ ഇതിനു അനുകൂലമാണ് , ഇറങ്ങിതിരിച്ച ആദിവാസി ബാലനെ സ്റ്റേഷനിൽ തടഞ്ഞു വെച്ചു എന്നത് തന്നെ അവർക്ക് മറ്റൊരു നീതി എന്നതിന് ഉദാഹരണമാണ് . നിയമം ചിലർക്ക് മാത്രമാണ് .ഒരർത്ഥത്തിൽ ശാരദ മുരളിധരൻ ഭാഗ്യം ചെയ്ത ആളാണ്. അവർക്ക് ഇങ്ങനെ ഒരു വിവേചനം നേരിടേണ്ടി വരുന്നില്ലല്ലോ !


*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 മുഖപ്രസംഗം
എം എ ബേബി :ചെങ്കൊടി ഈ കൈകളിൽ ഭദ്രമോ ?
പി എസ് ജോസഫ്

09 കോളം /സമൂഹം
ചീഫ് സെക്രട്ടറിയുടെ കറുത്ത നിറവും ആശമാരുടെ നിറംകെട്ട സമരവും
ജോളി അടിമത്ര

13 വിവാദം /സിനിമ /എമ്പുരാൻ
24 തിരുമുറിവുകളും അദൃശ്യമുറിവുകളും

17 വിവാദങ്ങൾക്കുമപ്പുറം
എസ് സുന്ദർദാസ്

21 സമൂഹം
പിശാചുപിടുത്തം
മ്യൂസ് മേരി ജോർജ്

27 അഭിമുഖം
ഗാന്ധിയുടെ പ്രസക്തി
എം പി മത്തായി : ബാബു ഇരുമല

31 ചെറുകഥ
പോക്കുവെയിലിൽ തനിച്ചു ഒരു കുട
ശ്യാം സുന്ദർ പി എച്ച്

41 സിനിമ സംഗീതം
പ്രണയവഴികളിലെ മഞ്ജീര ശിഞ്ജീരം
കെ വി മോഹൻ കുമാർ

45 പ്രിന്റെക്സ് അജിത്തിന്റെ തൃശ്ശിവപേരൂർ കഥകൾ
ഒരു പ്രണയത്തിന്റെ ഓർമ്മക്ക് ഡോമിനിയെ ...

55 ചെറുകഥ
ഊറാറ
സിന്ധു തോമസ്

61 മധുശാലയിൽ
ഒരു സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം
എസ് സുന്ദർദാസ്

65 നോവൽ
ഒന്നാമത്തെ ദിവ്യരഹസ്യം – 2
ജോസഫ് എബ്രഹാം

81 സംഗീതം /ഓർമ്മക്കുറിപ്പുകൾ
എന്റെ സംഗീത യാത്ര രവീന്ദ്ര സംഗീതം
എസ് രാജേന്ദ്ര ബാബു

87 സിനിമ
കരുണാനിധിയും മുത്തുവിൻറെ കറുത്ത സ്വപ്നങ്ങളും
പി കെ ശ്രീനിവാസൻ

91 കവിത
അമ്മയെ വരയ്ക്കുമ്പോൾ
കസ്തൂരി മാധവൻ

92 മാനക്കിൾ
രമ പിഷാരടി

93 നൊമ്പര മഴ
അഞ്ചു അജീഷ്

94 കാട്ടിപ്പാം ...
നമ്പ്രേത്തിൽ ജോസ് വർഗീസ്

95 മുൾച്ചില്ലുകൾ
എൽസ നീലിമ മാത്യൂ

97 ചെറുകഥ
പാഴ് വസ്തുക്കൾ
അമ്പിളി കൃഷ്ണ കുമാർ

99 സമൂഹം
കാമറയിലെ സ്ത്രീസ്പർശം
കുര്യൻ പാമ്പാടി

103 പുസ്തകലോകം
ആവിഷ്ക്കാരത്തിലെ സൗന്ദര്യം
ബാജി ഓടംവേലി ,ഡാലസ്

106 അഗാപ്പെ എന്നാ അജ്ഞാത ലോകം
വിജയ് സി എച്ച്

സിനിമ
108 ദൃശ്യം മോഡൽ കൊലകൾ എന്നവസാനിക്കും ?.
പി എസ് ജോസഫ്

112 ചിത്രലോകം
അബ്ദുൽ കലാം ആസാദ്



## സി പി എം

# എം എ ബേബി: ചെങ്കൊടി എത്ര ഭദ്രം ഈ കൈകളിൽ?

**പ്രത്യയശാസ്ത്രപരമായി പാർട്ടിയെ വലിയ ഉയരങ്ങളിലേക്ക് നയിക്കണമെന്ന് മോഹിക്കുന്ന എം എ ബേബിക്ക് ജനറൽ സെക്രട്ടറി സ്ഥാനം ഒരു മുൾക്കിരീടമാണ്**

**പി എസ് ജോസഫ്**

പ്രത്യയ ശാസ്ത്രപരമായി സി പി എം വലിയ വഴിത്തിരിവിൽ എത്തി നിൽക്കുമ്പോഴാണ് എം എ ബേബി സി പി എം ജനറൽ സെക്രട്ടറി ആയി നിയോഗിക്കപ്പെടുന്നത് .ഒരു കാലത്ത് ചെങ്കൊടി ചെങ്കോട്ടയിൽ ഏറും എന്ന് പറയാൻ മാത്രം ശക്തി ഉണ്ടായിരുന്ന പാർട്ടിയുടെ ഏറ്റവും ദുർബലാവസ്ഥയിൽ ആണ് എം എ ബേബി എന്ന ഈ 72 കാരൻ ഈ സ്ഥാനത്തു വരുന്നത് .ഇടതു പക്ഷ പ്രസ്ഥാനം ഒരു വികാരമായി കേരളത്തിൽ ജ്വലിക്കുന്നതിനു മുൻപുള്ള കാലത്തെ

> **അണികൾക്കിടയിൽ നിന്ന് ഉയർന്നു വന്ന നേതാവാണ് എം എ ബേബി . ഒരു പക്ഷെ എസ് എഫ് ഐയുടെ ആദ്യകാല നേതാവ് എന്ന നിലയിൽ വിപുലമായ ബന്ധം അദ്ദേഹത്തിനുണ്ട് . അധികാരത്തിൽ എത്തിയിട്ടും അഴിമതിയുടെ കറ പുരളാത്ത വ്യക്തി കൂടിയാണ് അദ്ദേഹം .**

വിദ്യാർഥി നേതാവാണ് അദ്ദേഹം . ഒരു പക്ഷേ അടിയന്തിരാവസ്ഥയുടെ സന്താനമാണ് അദ്ദേഹം .ആ നിലക്ക് ഫാസിസത്തിനും ഏകാധിപത്യത്തിനും എതിരെ നില കൊള്ളേണ്ട നേതാവ് .ഇന്ന് പാർട്ടിയുടെ സ്വാധീനം കേരളത്തിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു .ദേശീയ രാഷ്ട്രീയത്തിലോ പ്രതിപക്ഷ നിരയിലോ പോലും ഒരു പ്രധാന സ്ഥാനവും ഇല്ലാത്ത പാർട്ടിയുടെ നേതൃത്വം ബേബിക്ക് ഒരു മുൾക്കിരീടമാകാനാണ് സാധ്യത.

കേരളത്തിൽ നിന്നുള്ള പി ബി അംഗം എന്ന നിലയിലും സെക്രട്ടറി എന്ന നിലയിലും കേരള ഘടകത്തെ വരുതിയിൽ നിർത്താൻ

ബുദ്ധിമുട്ടേണ്ടി വരും അദ്ദേഹത്തിനു . കേരളത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പാർട്ടിയും അധികാരവും കയ്യടക്കിയിരിക്കുന്ന സാഹചര്യത്തിൽ ഏതാണ്ട് കേരളത്തിലേക്ക് ഒതുങ്ങിയിരിക്കുന്ന പാർട്ടിയുടെ നേതാവ് എന്ന സ്ഥാനം ഒരു സ്ഥാനപ്പേര് മാത്രമാണ് പക്ഷേ പ്രത്യയശാസ്ത്രപരമായി പാർട്ടിയെ വലിയ ഉയരങ്ങളിലേക്ക് നയിക്കണമെന്ന് മോഹിക്കുന്ന അദ്ദേഹത്തിനു ഇതൊരു വെല്ലുവിളിയാണ് .സോവിയറ്റ് യുണിയന്റെ തകർച്ചയെപറ്റി പ്രവാചകസ്വരത്തിൽ പാർട്ടിക്ക് റിപ്പോർട്ട് ചെയ്ത എം എ ബേബിക്ക് കേരളത്തിലെ സി പി എം ആയിരിക്കും വലിയ വെല്ലുവിളി .പ്രത്യേകിച്ചും മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾക്ക് എതിരെ അഴിമതി ആരോപണം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ. അദ്ദേഹം തന്നെ കേരളത്തിൽ പാർട്ടിയെ നയിക്കും എന്ന് പറഞ്ഞ നേതാവ് ശക്തമായ ഒരു അഴിച്ചു പണി നടത്തും എന്ന് വ്യാമോഹിക്കുന്നത് വലിയ മൌഢ്യമാകും

അതേപോലെ സൈദ്ധാന്തികമായി പാർട്ടിക്ക് പുതിയ ദിശ നൽകാനും പുതു തലമുറയെ ആകർഷിക്കാനും എം എ ബേബി ഏറെ ക്ലേശിക്കേണ്ടി വരും .ദേശീയതയും ഹിന്ദുത്വയും പ്രധാന അജണ്ടയാക്കി ഹിന്ദു ഭൂരിപക്ഷത്തെ കൈപിടിയിൽ ആക്കാൻ ശ്രമിക്കുന്ന ബി ജെ പി ക്ക് എതിരെ ശക്തമായ പ്രതിരോധം അദ്ദേഹം ശ്രമിക്കണം .അഴിമതിയും വർഗ്ഗീയതയും പോലെയുള്ള വിഷയങ്ങളിൽ അധര സേവ മാത്രം പോരാ അതെ പോലെ പാർട്ടിയുടെ അവശേഷിക്കുന്ന ഏക തുരുത്തിൽ എല്ലാ അർത്ഥത്തിലും വലിയ മാറ്റം കൊണ്ടു വരണം .ഒന്നുമില്ലായ്മയിൽ നിന്ന് ഉയർത്തെഴുന്നേറ്റ ഒരു കക്ഷിക്ക് ഇതൊന്നും അസാധ്യമല്ല. വേണ്ടത് ശക്തമായ ഇടപെടലുകളാണ് .ജനങ്ങളെ ആകർഷിക്കുന്ന മുദ്രാവാക്യങ്ങൾ ആണ് .ജനങ്ങളോടൊപ്പമാണ് എന്ന തോന്നൽ സൃഷ്ടിക്കുകയാണ്



അണികൾക്കിടയിൽ നിന്ന് ഉയർന്നു വന്ന നേതാവാണ് എം എ ബേബി .ഒരു പക്ഷെ എസ് എഫ് ഐ യുടെ ആദ്യകാല നേതാവ് എന്ന നിലയിൽ വിപുലമായ ബന്ധം അദ്ദേഹത്തിനുണ്ട് .അധികാരത്തിൽ എത്തിയിട്ടും അഴിമതിയുടെ കറ പുരളാത്ത വ്യക്തി കൂടിയാണ് അദ്ദേഹം .പക്ഷെ അധികാരം കണ്ണൂരിൽ കേന്ദ്രീകൃതമായ പാർട്ടിയിൽ ഈ ആലപ്പുഴക്കാരന് .വലിയ സ്വാധീനം ഉണ്ടായില്ല അദ്ദേഹത്തിൻറെ കൂടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന പലരും ഇന്ന് വിസ്മൃതരായിരിക്കുന്നു .പ്രായോഗിക രാഷ്ട്രീയം ബലി കൊടുത്ത നേതാക്അകളാണ് അവർ .

ദേശീയ രാഷ്ട്രീയവുമായി സുർജിത്തിനെ പോലെ അടുത്ത ബന്ധം ഉണ്ടെങ്കിലും പ്രായോഗികമായി എം എ ബേബിയുടെ കണക്കു കൂട്ടലുകൾ അത്ര ശരിയായിരുന്നോ എന്ന് സംശയം തോന്നാം ആണവ കരാറിൽ ആയാലും മദനിയുമായുള്ള ബന്ധത്തിൽ ആയാലും ഒരു ആം ചെയർ ബുദ്ധിജീവിയുടെ കണക്കു കൂട്ടലുകൾ ആണ് അദ്ദേഹത്തിന് ഉള്ളത് ..സി പി എമ്മിനെ ബംഗാളിൽ നിന്ന് കെട്ടു കെട്ടിച്ച ചിന്താഗതികളുടെ ഭാരം അദ്ദേഹത്തിനും കൂടി അവകാശപ്പെട്ടതാണ് .

വിദ്യാഭ്യാസ രംഗത്ത് ന്യൂനപക്ഷങ്ങളുമായി ഏറ്റുമുട്ടി ഒരു അഭിനവ മുണ്ടശ്ശേരി ആകാൻ നോക്കിയെങ്കിലും അത് ഫലിച്ചില്ല. പക്ഷെ പരീക്ഷാസമ്പ്രദായത്തിൽ അദ്ദേഹം നടത്തിയ ഇടപെടലുകൾക്ക് കേരളത്തിൽ പഠിച്ച ഓരോ വിദ്യാർഥിയും നന്ദി ഉള്ളവരാകണം. പരീക്ഷകൾക്കുള്ള അപ്രമാദിത്യം അദ്ദേഹം തകർത്തു എസ് എസ് എൽ സി വരെയുള്ള പഠനത്തിൽ ആ പ്രായത്തിൽ ഉള്ള വിദ്യാർഥികൾക്ക് അദ്ദേഹത്തിൻറെ നയം ഏറെ സഹായകരമായിരുന്നു .മികവ് തകർക്കാൻ അത് കാരണമായെങ്കിലും പൊതുവിൽ അത് വലിയൊരു ശുദ്ധീകരണമായിരുന്നു .

ബി ജെ പി ശക്തമായി വളരുന്ന കമ്മ്യൂണിസത്തിന്റെ ഏക തുരുത്തിൽ പൂരം കലക്കികളുടെയും അവസരവാദികളുടെയും രാഷ്ട്രീയത്തിന് തടയിട്ടു കേരളത്തെ രക്ഷിക്കാനും മറ്റു സംസ്ഥാനങ്ങളിൽ കുറഞ്ഞ പക്ഷം ആപ്പിനെ പോലെ ഒരു ശക്തിയായി മാറ്റാനും സി പി എമ്മിഃനു കഴിയുമോ എന്നതാണ് എം എ ബേബി നേരിടുന്ന വെല്ലുവിളി . ചുവരെഴുത്തുകളിൽ ഒതുങ്ങാതെ ഒരു അഭിനവ ക്രുഷ്ചേവ് ആയി മാറാൻ പുതിയ ജനറൽ സെക്രട്ടറിക്ക് കഴിയുമോ ?

# പിണറായിക്ക് മുകളിലുള്ള അധികാര കേന്ദ്രം

## സി.പി.എമ്മിന്റെ അമരത്ത് ജനകീയ സൈദ്ധാന്തികനും പ്രായോഗിക വാദിയും

**എ.എസ് ശ്രീകുമാർ**



സി.പി.എമ്മിലെ സൈദ്ധാന്തികനും പ്രായോഗിക വാദിയും സാംസ്കാരിക മുഖവുമായ മറിയം അലക്സാണ്ടർ ബേബി എന്ന എം.എ ബേബിയുടെ കൈകളിലാണ് ഇനി ഇന്ത്യൻ നിരത്തിലെ പാർട്ടിയുടെ സ്റ്റീയറിങ്. പ്രായത്തിന്റെ ഇളവ് നേടിയ സാക്ഷാൽ പിണറായി വിജയന് പോലും ലഭിക്കാത്ത കസേരയാണ് പ്രത്യയശാസ്ത ബുദ്ധിജീവിയായ ബേബിക്ക് ലഭിച്ചിരിക്കുന്നത്. അതിനാൽ സാങ്കേതികമായി പിണറായിക്ക് മുകളിലുള്ള അധികാര കേന്ദ്രമായിരിക്കും, ഇ.എം.എസിന് ശേഷം പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി പദത്തിലെത്തിയ തനി മലയാളിയായ എം.എ ബേബി.

ബേബിക്ക് ഇന്നലെ (ഏപ്രിൽ 5) എഴുപത്തിയൊന്നാം പിറന്നാളായിരുന്നു. വാസ്തവത്തിൽ ഈ ജനറൽ സെക്രട്ടറി സ്ഥാനം പാർട്ടി അദ്ദേഹത്തിന് കൊടുത്ത പിറന്നാൾ സമ്മാനമാണ്. ''രാജ്യം അനുഭവിക്കുന്ന വെല്ലുവിളികളാണ് പാർട്ടിയുടെയും വെല്ലുവിളികൾ. രാജ്യത്ത് 80,000-ത്തിലധികം പാർട്ടി ബ്രാഞ്ചുകളുണ്ട്. കൂടാതെ ഇന്റർമീഡിയേറ്ററി കമ്മറ്റികളുണ്ട്. ഈ കമ്മിറ്റികളെല്ലാം സജീവമായി പ്രവർത്തിക്കുകയാണെങ്കിൽ പാർട്ടി കോൺഗ്രസിൽ കൈക്കൊണ്ട രാഷ്ട്രീയ തീരുമാനങ്ങൾ നടപ്പാക്കാൻ കഴിയും. സംഘടനാപരമായ ഒരു പുനശാക്തീകരണത്തിലേക്ക് പോകേണ്ടതുണ്ട്. ഇന്ത്യൻ രാഷ്ട്രീയത്തിൽ സി.പി. എമ്മിന്റെ ഇടപ്പെടൽ ശേഷി വർധിപ്പിക്കുന്നതിന് പാർട്ടി കോൺഗ്രസ് തീരുമാനങ്ങളിലൂടെ കഴിയും...'' എന്നാണ് പുതിയ ജനറൽ സെക്രട്ടറിയുടെ ആദ്യത്തെ പ്രതികരണം.

കേരളത്തിൽ തുടർ ഭരണം നേടിയെടുക്കാൻ വേണ്ടി പാർട്ടിയും മുന്നണിയും നടത്തേണ്ട പ്രവർത്തനങ്ങൾ നടത്തിയാൽ അത് യാഥാർത്ഥ്യമാവുമെന്നാണ് അദ്ദേഹം പറയുന്നത്. എന്നാൽ മൂന്നാം വട്ടവും അധികാരത്തിലേറുകയെന്നത് ഇനി അത്ര എളുപ്പമുള്ള കാര്യമല്ല. ഭരണ വിരുദ്ധ വികാരവും ബി.ജെ.പിയുടെ ശക്തിയാർജിക്കലും ഒരു ഘടകമാണ്. സി.പി.എമ്മിന്റെ നല്ലൊരു ശതമാനം വോട്ടുകൾ ബി.ജെ.പിയിലേയ്ക്ക് പോയിട്ടുണ്ടെന്ന് 24-ാം പാർട്ടി കോൺഗ്രസ് തന്നെ വിലയിരുത്തിയിട്ടുണ്ട്. ഒരുകാലത്ത് മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായിരുന്ന ഉറച്ച ജനകീയാടിത്തറയ്ക്ക് വിള്ളലുണ്ടായെന്ന സത്യം അംഗീകരിച്ചുകൊണ്ടുവേണം ബേബിക്ക് സഞ്ചരിക്കാൻ.

ഇ.എം.എസ് നമ്പൂതിരിപ്പാടോ ഹർകിഷൻ സിങ് സുർജിത്തോ നയിച്ച കാലത്തെ പാർട്ടിയല്ല എം.എ ബേബിയുടെ കൈകളിൽ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത്. നരേന്ദ്രമോദിയും അമിത് ഷായും ഉയർത്തുന്ന ചോദ്യങ്ങൾക്ക് ഇന്നു മുതൽ സി.പി.എമ്മിൻ നിന്ന് മറുപടി പറയേണ്ടത് ബേബിയാണ്. ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായി ദേശീയ തലത്തിൽ രാഹുൽ ഗാന്ധിയേയും പ്രിയങ്ക ഗാന്ധിയേയും ഇദ്ദേഹം എങ്ങനെയായിരിക്കും അഡ്രസ് ചെയ്യുകയെന്നതും കാണേണ്ടിയിരിക്കുന്നു. എന്നാൽ അഖിലേന്ത്യാ തലത്തിൽ നല്ല പ്രതിഛായയുള്ള ബേബി തികഞ്ഞ ജനകീയനുമാണ്.

2012 മുതൽ പോളിറ്റ് ബ്യൂറോയിലുള്ള എം.എ ബേബി ഏറ്റവും സീനിയറായ നേതാവാണ്. സീതാറാം യെച്ചൂരിയും എം.എ ബേബിയും ഡൽഹി കേന്ദ്രമാക്കി ഒരുമിച്ച് പ്രവർത്തിച്ചിരുന്നവരാണ്. അതുകൊണ്ട് യെച്ചൂരിക്ക് ശേഷം ആരെ

ന്ന ചോദ്യത്തിന് ബേബിയുടെ പേര് ഉയർന്നു വന്നതിൽ വലിയ അത്ഭുതമെന്നുമില്ല. നിലവിൽ പാർട്ടിയുടെ അന്താരാഷ്ട്ര വിഭാഗത്തിന്റെ പ്രധാന ചുമതലക്കാരൻ കൂടിയാണ് എം.എ ബേബി. 12 വർഷം രാജ്യസഭയിലും 10 വർഷം നിയമസഭയിലും അംഗമായിരുന്ന എം.എ ബേബിക്ക് സംഘടനാ സംവിധാനത്തിനൊപ്പം പാർലമെന്ററി സംവിധാനവും ഹൃദിസ്ഥമാണ്. സാധാരണക്കാരായ പാർട്ടിക്കാരുമായുള്ള ബന്ധം അദ്ദേഹത്തെ വേറിട്ട് നിർത്തുന്നു. ഇ.എം.എസ്, ഹർകിഷൻ സിങ് സുർജിത്, പ്രകാശ് കാരാട്ട്, സീതാറാം യെച്ചൂരി എന്നീ ജനറൽ സെക്രട്ടറിമാർക്കൊപ്പം ഡൽഹിയിൽ പ്രവർത്തിച്ച പാരമ്പര്യമാണ് എം.എ  ബേബിയുടെ സമ്പാദ്യം.

കൊല്ലം പ്രാക്കുളം സ്വദേശിയായ എം.എ ബേബി, അദ്ധ്യാപകനായിരുന്ന കുന്നത്ത് പി.എം അലക്സാണ്ടറുടെയും ലില്ലിയുടെയും എട്ടു മക്കളിൽ ഇളയവനായി 1954 ഏപ്രിൽ 5-നാണ് ജനിച്ചത്. ചെറുപ്രായം മുതൽ വളർന്നുവന്നത് കമ്യൂണിസ്റ്റ് സാഹചര്യങ്ങളിലാണ്. പ്രാക്കുളം എൻ.എസ്.എസ് ഹൈസ്കൂളിൽ ആരംഭിച്ച എം.എ ബേബിയുടെ വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനമാണ് ഇന്ന് അഖിലേന്ത്യാ ജനറൽ സെക്രട്ടറി പദത്തിൽ എത്തി നിൽക്കുന്നത്. വിഭാഗീയത കൊടികുത്തി വാണ കാലത്തും സംയമനത്തോടെ ബേബി നടത്തിയ ഇടപെടലുകളാണ് അദ്ദേഹത്തെ ഏവർക്കും സ്വീകാര്യനാക്കിയത്.

1974-ൽ എസ്.എഫ്.ഐയുടെ കേന്ദ്ര എക്സിക്യൂട്ടീവ് അംഗമായി ഡൽഹിയിലെത്തിയ എം.എ ബേബി, 1975-ൽ എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റ്, 1977-ൽ സി.പി.എം കൊല്ലം ജില്ലാ കമ്മിറ്റിയംഗം, 1979-ൽ എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ്, 1983-ൽ ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി 1984-ൽ സി.പി.എം സംസ്ഥാന സമിതി അംഗം, 1987-ൽ ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ് എന്നീ നിലകളിൽ സൗമ്യവും ദീപ്തവുമായ പ്രവർത്തനം കാഴ്ചവച്ചു. രാജ്യത്ത് ആറുവർഷം ഡി.വൈ.എഫ്.ഐ നയിച്ച ബേബിയിൽ നിന്ന് ആ സ്ഥാനം ഏറ്റെടുത്തത് കഴിഞ്ഞവർഷം അന്തരിച്ച സീതാറാം യെച്ചൂരിയയാണ്.

**1989 – ലാണ് കേന്ദ്ര കമ്മിറ്റി അംഗമായത്. 1992 – ൽ കേന്ദ്ര സെക്രട്ടറിയേറ്റ് അംഗമായി. 1997 – ൽ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമായ ബേബി 2002 മുതൽ 2004 വരെ സി. പി. എം ആലപ്പുഴ ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചു. 2012 മുതൽ പൊളിറ്റ് ബ്യൂറോ അംഗമായി പ്രവർത്തിച്ചുവരികയാണ്.**

1978-ൽ എസ്.എഫ്.ഐയുടെ പട്ന സമ്മേളനമാണ് ബേബിയെ അഖിലേന്ത്യാ പ്രസിഡന്റായി തെരഞ്ഞെടുക്കുന്നത്. അതേ വർഷമാണ് പാർട്ടി ജനറൽ സെക്രട്ടറിയായി ഇ.എം.എസ് ചുമതലയേൽക്കുന്നത്. ഇ.എം.എസിനൊപ്പം ആരംഭിച്ചതാണ് ബേബിയുടെ ഡൽഹി പ്രവർത്തനം എന്ന് ചുരുക്കം. അടിയന്തരാവസ്ഥക്കാലത്ത് അറസ്റ്റിലായ ബേബി ക്രൂരമായ പൊലീസ് മർദനത്തിന് ഇരയായി. പിന്നീട് നിരവധി പാർട്ടി പ്രക്ഷോഭങ്ങൾക്ക് രൂപം നൽകിയതും ബേബിയായിരുന്നു.

1989-ലാണ് കേന്ദ്ര കമ്മിറ്റി അംഗമായത്. 1992-ൽ കേന്ദ്ര സെക്രട്ടറിയേറ്റ് അംഗമായി. 1997-ൽ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമായ ബേബി 2002 മുതൽ 2004 വരെ സി.പി.എം ആലപ്പുഴ ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചു. 2012 മുതൽ പൊളിറ്റ് ബ്യൂറോ അംഗമായി പ്രവർത്തിച്ചുവരികയാണ്. 1986 മുതൽ 1998 വരെ രാജ്യസഭാംഗമായി. 32-ാം വയസ്സിൽ രാജ്യസഭാംഗമായ ബേബി രാജ്യസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും പ്രായം കുറഞ്ഞവരിൽ ഒരാളാണ്. 2006-ൽ ആദ്യമായി കുണ്ടറയിൽനിന്ന് നിയമസഭാംഗമായി. തുടർന്ന് വി.എസ് അച്യുതാനന്ദൻ മന്ത്രിസഭയിൽ വിദ്യാഭ്യാസ, സംസ്കാരികം വകുപ്പുകൾ കൈകാര്യം ചെയ്തു. 2011-ൽ കുണ്ടറയിൽനിന്ന് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. 2014-ൽ കൊല്ലം ലോക്സഭാ മണ്ഡലത്തിൽ ആർ.എസ്.പിയുടെ എൻ.കെ പ്രേമചന്ദ്രനോട് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

ക്യൂബൻ ഐക്യദാർഢ്യ സമിതിയുടെ സ്ഥാപക കൺവീനറായിരുന്ന ബേബി ഡൽഹി കേന്ദ്രമായി 'സ്വരലയ' എന്ന കലാസാംസ്കാരിക സംഘടന രൂപവത്കരിക്കുന്നതിൽ മുൻകയ്യെടുത്തു. പാർട്ടി പരിപാടികൾക്കൊപ്പം കൊണ്ടുനടന്ന സ്വരലയ എന്ന സാംസ്കാരിക സംഘടന ഉയർന്ന നിലവാരമുള്ള കലാപരിപാടികൾ അവതരിപ്പി അകിലേന്ത്യാ ശ്രദ്ധ നേടി. ഇന്ത്യയിലെയും വിദേശത്തേയും മികച്ച കലാകാരന്മാരെല്ലാം സ്വരലയയുടെ ഭാഗമായി.

പറഞ്ഞ വാക്ക് പാലിക്കാൻ എം.എ ബേബിയെക്കഴിഞ്ഞ് മറ്റാരുമില്ലെന്നാണ് പറയപ്പെടുന്നത്. അതിനൊരു ഉദാഹരണം ചൂണ്ടിക്കാട്ടാം. കുണ്ടറ എം.എൽ.എ ആയിരിക്കുമ്പോഴാണ് ബേബി കൊല്ലം ലോക്സഭാ സീറ്റിലേയ്ക്ക് മൽസരിച്ചത്. തോറ്റാൽ എം.എൽ.എ സ്ഥാനും രാജിവയ്ക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. പോളിറ്റ് ബ്യൂറോ അംഗം കൂടിയായ ബേബി അന്ന് എൻ.കെ പ്രേമചന്ദ്രനോട് തോറ്റു. തുടർന്ന് രാജിവയ്ക്കുകയാണെന്നു പാർട്ടിയെ അറിയിച്ചെങ്കിലും സി.പി.എം സംസ്ഥാന കമ്മിറ്റിയും പോളിറ്റ് ബ്യൂറോയും അതു തള്ളിക്കളഞ്ഞു. എന്നാൽ ദിവസങ്ങൾക്ക് ശേഷമാണ് ബേബി നിയമസഭയിൽ എത്തിയത്. ബെറ്റി ലൂയിസ് ആണ് എം.എ ബേബിയുടെ ഭാര്യ. മകൻ അശോക് ബെറ്റി നെൽസൺ സംഗീത-കലാ പ്രിയനായ പിതാവിനൊപ്പം സംഗീത വഴിയിലാണ്. പ്രശസ്ത സംഗീത സംവിധായകൻ എം ജയചന്ദ്രന്റെ സംഘത്തിലും തൈക്കുടം ബ്രിഡ്ജ് ബാൻഡിലും എല്ലാം സുപരിചിതനാണ് ബെറ്റി നെൽസൺ. സനിധയാണ് മരുമകൾ. തനയ്, റാൻ എന്നിവർ  പേരക്കൂട്ടികൾ.

# ചീഫ് സെക്രട്ടറിയുടെ കറുത്ത നിറവും ആശമാരുടെ നിറം കെട്ട സമരവും

**അസാമാന്യ അറിവുള്ള ഒരു ഐ എ എസ് ഉദ്യോഗസ്ഥ തന്റെ നിറത്തെ പ്രശ്നമാക്കുമ്പോൾ ഇവിടുത്തെ സാധാരണക്കാരികളായ  പെണ്ണുങ്ങളുടെ കാര്യം എന്തായിരിക്കും.**

**◉ ജോളി അടിമത്ര**

കേരളത്തെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം എന്താണെന്നു ചോദിച്ചാൽ എന്താ പറയുക ..

പത്രങ്ങൾ നോക്കിയാൽ സ്ത്രീകൾ കറുത്തുപോകുന്നതാണ് ഏറ്റവും വലിയ പ്രശ്നം. പത്രമെടുത്തു നോക്കിയാൽ ഒരു സംസ്ഥാനം ഭരിക്കുന്ന വനിതാ ചീഫ് സെക്രട്ടറിപോലും കറുപ്പു നിറത്തെ അതിജീവിക്കാൻ പെടാപ്പാടുപെടുന്ന കാഴ്ച.ഏറ്റവും വായനക്കാരുളള  രണ്ടു പത്രങ്ങൾ ദിവസവും ഉറപ്പായും വായിക്കുന്ന ആളാണ് ഞാൻ .എന്നിട്ട് ഒരു താരതമ്യം ഉണ്ട്.മെയ്ൻ ആതാണ്,ഏതൊക്കെ വാർത്ത മറ്റേ പത്രത്തിൽ വന്നില്ല ,പ്രാധാന്യമുള്ള വാർത്തകൾക്ക്  എത്ര കോളം നൽകി , ചിത്രങ്ങൾ എത്ര കോളത്തിലാണ് കൊടുത്തത്..തുടങ്ങി ഒട്ടേറെ താരതമ്യങ്ങൾ.ഒരു കാര്യവുമില്ലാത്ത പാഴ്പ്പണിയാണെന്നറിയാം.പക്ഷേ , പത്രാധിപസമിതിയിൽ അംഗമായിരുന്ന കാലത്തെ ശീലം തുടരുകയാണ്.അതിനി നിർത്താൻ പാടാണ്.ഒരു തരത്തിൽ പറഞ്ഞാൽ



അതൊരു രസവുമാണ്.പറഞ്ഞു വരുന്നത് കറുപ്പു നിറമുള്ളവരുടെ അപകർഷതാബോധത്തെപ്പറ്റിയാണ്.പലരെയും മാനസ്സികമായി അതു തകർത്തുകളയുന്നുണ്ടെന്നു അറിഞ്ഞിട്ടുണ്ട്.

**കഴിവിനു മുമ്പിൽ തൊലി വെളുപ്പ് നമ്മളാരെങ്കിലും ശ്രദ്ധിക്കുമോ ?.  കറുത്ത മന്ത്രി ,വെളുത്ത മന്ത്രി എന്നുണ്ടോ ?നല്ല ഭരണം കിട്ടണം. സിനിമയിൽ തൊലിവെളുപ്പിന് പ്രാധാന്യം ഉണ്ടായിരിക്കാം. എന്നിട്ടും സ്മിതാ പാട്ടീലിനെപ്പോലെ എത്രയെത്ര നടിമാർ ഇന്നും നമ്മുടെ മനസ്സിൽ ഒട്ടിപ്പിടിച്ചുകിടക്കുന്നത് നിറം കൊണ്ടല്ല ,അഭിനയ മികവുകൊണ്ടാണ്.**

വിവാഹകമ്പോളത്തിൽ പെണ്ണിന് വില ഇടിച്ചുകളയുന്ന പ്രധാന കാര്യം നിറമാണത്രേ.ചെക്കൻ കാക്ക കറുമ്പനായാലും അവൻ ആണാണ്.അവന് നിറം ഒരു പ്രശ്നമേയല്ലപോലും.കനമുള്ള സ്ത്രീധനം കൊടുക്കാനുണ്ടായാൽ കറുത്തപെണ്ണിനെ കൊത്തിക്കൊണ്ടുപോകാൻ ചെക്കൻമാർ വരിനിൽക്കും.ചിലർ പറയുന്നതു കേട്ടിട്ടുണ്ട് ,വെളുത്തപെണ്ണിനെക്കൊണ്ട് കെട്ടിച്ചതുകൊണ്ട് അവനുണ്ടായ പിള്ളാരു വെളുത്തു എന്ന് .വെളുവെളുത്ത പെണ്ണിനെ കെട്ടിയിട്ടും കറുത്ത കൊച്ചുങ്ങളുണ്ടായ ഒരു കറുത്ത ബന്ധു എനിക്കുണ്ട്.ജനിതകരഹസ്യം അറിയാത്ത ഏതോ ഒതളക്കോടൻ പറഞ്ഞുവച്ച അബദ്ധം തലമുറ തലമുറയായി കൈമാറി അണയാതെ സൂക്ഷിക്കുന്ന വിഡ്ഢികളാണ് നമ്മൾ.

അതൊക്കെ പോട്ടെ.കേരളത്തിന്റെ ചീഫ്സെക്രട്ടറിയായ ശ്രീമതി ശാരദ മുരളീധരൻ ഐ എ എസ് , നവമാധ്യമത്തിലൂടെ പുറത്തുവിട്ട പങ്കുവയ്ക്കലാണ് കുടത്തിൽനിന്നു പുറത്തു ചാടിയ പുതിയ ഭൂതം.

**ചീഫ് സെക്രട്ടറി ജാലകപ്പഴുതിലൂടെ ഒന്നു നോക്കിയാൽ കാണാവുന്ന ഒരു കാഴ്ചയുണ്ട്. ഒന്നര മാസമായി സെക്രട്ടറിയേറ്റിന്റെ മുറ്റത്ത് കിടക്കുന്ന കുറേ സ്ത്രീകൾ. തീഷ്ണമായ വെയിൽച്ചൂടിലും വേനൽമഴയിലും തളർത്താനാവാത്ത കുറെ ജൻമങ്ങൾ. ശരീരത്തിന്റെ നിറത്തിലല്ല അവർ വ്യാകുലപ്പെടുന്നത്. അവരുടെ വീട്ടിൽ വിശക്കുന്ന കുറേ മനുഷ്യരുണ്ട്. പണമില്ലാത്തതിനാൽ പഠനം നിലച്ചുപോയ കുഞ്ഞുമക്കളുണ്ട്. വരുമാനമില്ലാത്തതിനാൽ ചികിത്സ നിർത്തിയ അവശരായ രോഗികളുണ്ട്. . അവരുടെ ആകെ ദിവസവരുമാനം എത്രയാണെന്ന് ലക്ഷങ്ങൾ ശമ്പളം കൈപ്പറ്റുന്ന ചീഫ് സെക്രട്ടറിക്കറിയ്ക്ക് അറിയുമോ ?. 232 രൂഫാ !.**

ഏതോ ഒരു വ്യക്തി (അയാളുടെ ഊരുപേരും വെളിപ്പെടുത്തുകയില്ലെന്ന് വാശിയുണ്ട് ! ) അവരോട് സംസാരിച്ചപ്പോൾ ഭർത്താവിന്റെയും അവരുടെയും ഭരണകാലത്തെ താരതമ്യപ്പെടുത്തിയതാണ് സംഭവം.പഴയ ചീഫ്സെക്രട്ടറിയായിരുന്ന ഭർത്താവ് വി.വേണു റിട്ടയർ ചെയ്തപ്പോഴാണ് അടുത്ത സീനിയർ മോസ്റ്റായിരുന്ന ശാരദ ചീഫ്സെക്രട്ടറിയായത്.കഴിവു തെളിയിക്കപ്പെട്ട ഉദ്യോഗസ്ഥയാണ് അവർ.ഒന്നാന്തരം അക്കാദമിക് ബാക്ക്ഗ്രൗണ്ട് സ്വന്തം.എവിടെയും എന്നും ഒന്നാമത്.എന്നിട്ടും അവർ തന്റെ കറുത്തതൊലിയെപ്പറ്റി ബേജാറാവുന്നു എന്നു പറയുമ്പോൾ....ബോഡി ഷേമിംഗിനെതിരെ നിയമനടപടി സ്വീകരിക്കാൻ വകുപ്പുണ്ടെന്ന് മറ്റാരെക്കാളും നന്നായി അറിയാവുന്നതും ചീഫ് സെക്രട്ടറിക്കല്ലേ..?

ആ മാനസ്സിക അവസ്ഥയിൽനിന്ന് അവരെ മോചിപ്പിച്ചത് മക്കൾ ആയിരുന്നുവത്രേ.അസാമാന്യ അറിവുള്ള ഒരു ഐ എ എസ് ഉദ്യോഗസ്ഥ ഇങ്ങനെ പറയുമ്പോൾ ഇവിടുത്തെ സാധാരണക്കാരികളായ പെണ്ണുങ്ങളുടെ കാര്യം എന്തായിരിക്കും.കഷ്ടം തന്നെ. ശ്രീമതി ശാരദ കറുത്തവളാണെന്ന് ഞാൻ ആദ്യമായി ശ്രദ്ധിച്ചത് സോഷ്യൽ മീഡിയയിലെ അവരുടെ കുറിപ്പു കണ്ടപ്പോഴാണ്.അതുവരെ എനിക്കവർ മിടുമിടുക്കിയായ ഒരു ഐ എ എസ് ഉദ്യോഗസ്ഥ മാത്രമായിരുന്നു.കഴിവിനു മുമ്പിൽ തൊലി വെളുപ്പ് നമ്മളാരെങ്കിലും ശ്രദ്ധിക്കുമോ ?.കറുത്ത മന്ത്രി ,വെളുത്ത മന്ത്രി എന്നുണ്ടോ ?നല്ല ഭരണം കിട്ടണം.സിനിമയിൽ തൊലിവെളുപ്പിന് പ്രാധാന്യം ഉണ്ടായിരിക്കാം.എന്നിട്ടും സ്മിതാ പാട്ടീലിനെപ്പോലെ എത്രയെത്ര നടിമാർ ഇന്നും നമ്മുടെ മനസ്സിൽ ഒട്ടിപ്പിടിച്ചുകിടക്കുന്നത് നിറം കൊണ്ടല്ല ,അഭിനയമികവുകൊണ്ടാണ്.

ശാരദ മുരളിധരന്റെ കുറിപ്പ് സമൂഹമാധ്യമത്തിൽ പ്രത്യക്ഷപ്പെടേണ്ട താമസം, ഒരു വിഷയം കിട്ടാതിരുന്നതുപോലെ പത്രങ്ങൾക്ക് ഹാലിളകി. അതൊരു സംഭവമാക്കി.ഒരു പത്രം പേജ് മെയ്നാക്കി.110 പോയന്റിൽ പടവലങ്ങ വലിപ്പത്തിൽ തലക്കെട്ട്.പക്ഷേ മൂന്നു കോളത്തിലാണെന്നു മാത്രം.മറ്റേപ്പത്രം എട്ടുകോളത്തിൽ ടോപ്പാക്കി.

പക്ഷേ മെയിനാക്കിയില്ല.എന്നാലെന്താ എഡിറ്റോറിയൽ പേജ് മുഴുവൻ അവർക്കായി മറ്റി വച്ചു.ഇരുപത്രങ്ങളും അവരുടെ സ്പെഷ്യൽ അഭിമുഖവും നൽകി . അത്രയും മതിയായിരുന്നു ശ്രീമതി ശാരദയ്ക്ക് . ശ്രദ്ധിക്കപ്പെടാൻ, തന്റെ കറുത്ത നിറത്തെ, അവർ ബുദ്ധിപരമായി ഉപയോഗിച്ചു.കറുത്ത നിറമുള്ള പ്രശസ്ത പെണ്ണുങ്ങളെ തേടിയുള്ള നെട്ടോട്ടമായിരുന്നു പിന്നീട്.അവരുടെ ഗദ്ഗദങ്ങൾ പത്രങ്ങളിൽ ഹൈലൈറ്റ് ചെയ്യപ്പെട്ടു.അവരും ശ്രദ്ധിക്കപ്പെട്ടു.

രാവിലെ പത്രം കണ്ട മന്ത്രിമാർ ഇളകിമറിഞ്ഞു.അന്നത്തെ മന്ത്രിസഭായോഗത്തിനെത്തിയ ചീഫ്സെക്രട്ടറിയെ അവർ ഈ അപാര ധൈര്യത്തിന് അഭിനന്ദിച്ചു,പുകഴ്ത്തി,പിന്തുണ പ്രഖ്യാപിച്ചു. പോരെ പൂരം..!

സെക്രട്ടറിയേറ്റിലെ ശീതീകരിച്ച മുറിയിലിരുന്ന് , തന്റെ കറുപ്പുനിറത്തെ പരാമർശിച്ച് അപമാനിച്ചു എന്നു പറയപ്പെടുന്ന അജ്ഞാതനായ വ്യക്തിയെപ്പറ്റി പറഞ്ഞ് അഭിമുഖങ്ങൾ മാറിമാറി ഓരോ പത്രത്തിനും നൽകുന്ന ചീഫ് സെക്രട്ടറി ജാലകപ്പഴുതിലൂടെ ഒന്നു നോക്കിയാൽ കാണാവുന്ന ഒരു കാഴ്ചയുണ്ട്.

രാവിലെ പത്തുമണിക്കു ശേഷം മൂന്നു മണിവരെയുള്ള വെയിൽ കൊള്ളരുതെന്ന് ആരോഗ്യവകുപ്പു പുറത്തുവിട്ട കർശന നിർദ്ദേശത്തെ അവഗണിച്ച് ഒന്നര മാസമായി സെക്രട്ടറിയേറ്റിന്റെ മുറ്റത്ത് കിടക്കുന്ന കുറേ സ്ത്രീകൾ.തീഷ്ണമായ വെയിൽച്ചൂടിലും വേനൽമഴയിലും തളർത്താനാവാത്ത കുറെ ജൻമങ്ങൾ.ശരീരത്തിന്റെ നിറത്തിലല്ല അവർ വ്യാകുലപ്പെടുന്നത്.

അവരുടെ വീട്ടിൽ വിശക്കുന്ന കുറേ മനുഷ്യരുണ്ട്.പണമില്ലാത്തതിനാൽ പഠനം നിലച്ചുപോയ കുഞ്ഞുമക്കളുണ്ട്.വരുമാനമില്ലാത്തതിനാൽ ചികിത്സ നിർത്തിയ അവശരായ രോഗികളുണ്ട്.ലോണടയ്ക്കാൻ കഴിവില്ലാത്തതിനാൽ ജപ്തിവക്കിലായ കിടപ്പാടവും. അവരുടെ ആകെ ദിവസവരുമാനം എത്രയാണെന്ന് ലക്ഷങ്ങൾ ശമ്പളം കൈപ്പറ്റുന്ന ചീഫ് സെക്രട്ടറിക്കറിയ്ക്ക് അറിയുമോ ?. 232 രൂഫാ !.

ഇവരുടെ നിരാഹാര സമരക്കിടപ്പു കണ്ട് പരിഹസിച്ചു ചിരിച്ച് മന്ത്രിസഭായോഗത്തിനെത്തുന്ന മന്ത്രിമാർക്കറിയ്യോ 232 രൂപയുടെ വില !. ഇവിടെ ജോലിചെയ്യുന്ന



ബംഗാളിക്കു പോലും ദിവസവേതനം ഇതിന്റെ മൂന്നിരട്ടിയിൽ അധികമാണ്. ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്ന കുറ്റവാളി അവിടെചെയ്യുന്ന പണികൾക്ക് ദിവസം 300 രൂപ വച്ച് നൽകുന്നുണ്ടത്രേ. അടുക്കള സഹായികളുടെ ദിവസക്കൂലി 600 രൂപയാണ്.എംഎൽഎ മാരുടെയും പിഎസ് എസ്സി അംഗങ്ങളുടെയും ഒക്കെ ശമ്പളം അഞ്ചും ആറും അക്കങ്ങളായി പെരുകുമ്പോഴാണ് ഓണറേറിയവും ഇൻസെന്റീവും ഉൾപ്പടെ ദിവസം ആശമാർക്കു കിട്ടുന്നത് 232 രൂപ.പെൻഷൻ ഏർപ്പെടുത്തുക,ഓണറേറിയം വർധിപ്പിക്കുക,വിരമിക്കൽ ആനുകൂല്യം നൽകുക ഇതൊക്കെ മാത്രമാണ് ഇവരുടെ ആവശ്യങ്ങൾ..

രാവിലെ വീട്ടിൽനിന്നിറങ്ങിയാൽ വാർഡിലെ വീടുതോറും കയറിയിറങ്ങി ഗർഭിണിയുണ്ടോ,പോഷകാഹാരം കഴിക്കുന്നുണ്ടോ,കുത്തിവയ്പ്പുകളെടുത്തോ,കുഞ്ഞുങ്ങളെ സമയത്ത് കുത്തിവയ്പ്പിച്ചോ,കിടപ്പുരോഗികളുണ്ടോ ,പുറംപൊട്ടിയോ,മരുന്നുണ്ടോ,വേണ്ടത്ര കെയർ കിട്ടുന്നുണ്ടോ, വാർഡിൽ പകർച്ച വ്യാധികളുണ്ടോ തുടങ്ങി നൂറുകൂട്ടം കാര്യങ്ങൾ തിരക്കി രേഖപ്പെടുത്തി ,നടന്നു കാലുതേഞ്ഞ്, പൊരിവെയിലടിച്ച് സൂര്യതാപമേറ്റ് കറുത്തിരുണ്ടുപോയ പാവം സ്ത്രീകൾ.അവരിലൊരാൾപ്പോലും കറുത്തുപോയെന്നു പറഞ്ഞ് വ്യാകുലപ്പെടുന്നില്ല.പകരം ന്യായമായ കൂലി കിട്ടണമെന്നുള്ള ആവശ്യം മാതമേ ചോദിച്ചുള്ളൂ.സമരത്തിൽ പങ്കെടുത്തതുകൊണ്ട് ജോലി ചെയ്ത അതിനു മുമ്പിലത്തെ മാസത്തെ ശമ്പളവും കിട്ടിയില്ല.ഇവർ മനുഷ്യരാണ് , കൃമികളല്ലെന്ന ചിന്തയെങ്കിലും നമ്മുടെ ജനസേവകർക്കുണ്ടായിരുന്നെങ്കിൽ ഈ അവഗണന കാണിക്കില്ലായിരുന്നു. കേന്ദ്രം കേരളത്തെയും കേരളം കേന്ദ്രത്തെയും കുറ്റപ്പെടുത്തി കളിക്കുമ്പോൾ ദിവസങ്ങൾ മാസങ്ങളായി കൊഴിഞ്ഞു വീഴുകയാണ്.ഇവരുടെ വീട്ടുപടിക്കൽചെന്ന് ഇരന്നു വാങ്ങിയ വോട്ടുകൊണ്ടാണ് തങ്ങൾ എംഎൽഎമാരും മന്ത്രിമാരുമായതെന്ന ചിന്ത പോലുമില്ലാത്ത കുറേ നന്ദികെട്ട രാഷ്ട്രീയക്കാർ..

**ഇവർ മനുഷ്യരാണ് , കൃമികളല്ലെന്ന ചിന്തയെങ്കിലും നമ്മുടെ ജനസേവകർക്കുണ്ടായിരുന്നെങ്കിൽ ഈ അവഗണന കാണിക്കില്ലായിരുന്നു. കേന്ദ്രം കേരളത്തെയും കേരളം കേന്ദ്രത്തെയും കുറ്റപ്പെടുത്തി കളിക്കുമ്പോൾ ദിവസങ്ങൾ മാസങ്ങളായി കൊഴിഞ്ഞു വീഴുകയാണ്. ഇവരുടെ വീട്ടുപടിക്കൽചെന്ന് ഇരന്നു വാങ്ങിയ വോട്ടുകൊണ്ടാണ് തങ്ങൾ എംഎൽഎമാരും മന്ത്രിമാരുമായതെന്ന ചിന്ത പോലുമില്ലാത്ത കുറേ നന്ദികെട്ട രാഷ്ട്രീയക്കാർ..**

കറുത്ത തൊലിയും വെളുത്ത തൊലിയും പൊളിച്ചുനോക്കിയാൽ ഒരേ നിറമാണ്.ചോരയുടെ നിറം.അടിയന്തര ഘട്ടത്തിൽ വെളുത്തവർക്ക് കറുത്തവരുടെയും കറുത്തവർക്ക് വെളുമ്പരുടെയും രക്തം പഥ്യമാണ്.

കറുത്തവള് മരിച്ചാലും ആറടിമണ്ണ്,വെളുത്തവൾ മരിച്ചാലും കിട്ടും ആറടി മണ്ണ്.അപ്പഴേ ,പറഞ്ഞുവന്നത് ഏതിൽനിന്നോ് ശ്രദ്ധതിരിക്കാനാണോ ചീഫ് സെക്രട്ടറി ഈ കറുപ്പെടുത്ത് വീശിയത്.ഇത്ര പവ്വർഫുള്ളായ ഒരു സ്ത്രീ തന്റെ കറുപ്പ് നിറത്തെ അപകർഷതാബോധത്തോടെ കാണില്ലെന്ന് മലയാളികൾക്കറിയാം.

അപ്പോ ചില ഞങ്ങൾക്ക് സംശയങ്ങൾ തോന്നുക സ്വാഭാവികം.. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഒരു ഘട്ടത്തിൽ കറുപ്പ് അലർജിയായിരുന്നു.ഇപ്പോൾ ഇത്തരി മാറ്റം വന്നിട്ടുണ്ട്.

പ്രിയ ചീഫ് സെക്രട്ടറീ, ഞങ്ങൾക്ക് താങ്കൾ കറുത്താലെന്താ വെളുത്താലെന്താ ചുവന്നിരുന്നാലെന്താ ,നീതിപൂർവ്വമുള്ള ഭരണം കേരളത്തിൽ നടക്കണം എന്ന ഒറ്റ ചിന്ത മാത്രമേയുള്ളൂ. അർഹതപ്പെട്ടത് ആർക്കു നിഷേധിക്കാതിരിക്കുക,ആരുടെ കണ്ണീരും വീഴിക്കാതിരിക്കുക.അതിന് എന്തെങ്കിലും ചെയ്താൽ റിട്ടയർ ചെയ്ത് നിങ്ങൾ വീട്ടിലിരിക്കുമ്പോഴും ജനം നിങ്ങളെ സ്നേഹത്തോടെ ഓർമിക്കും.

# Investment Opportunity:



Prime 3-acre property facing the newly developed NH 66, near Neendakara Bridge.

# Premium Villa & High-Rise

## Development in Prime Location

*Unlock a Lucrative Real Estate Venture in Kerala*



**KEY HIGHLIGHTS:**

- **Strategic Location – Positioned along NH 66 for maximum visibility and accessibility**
- **High Revenue Potential – Projected to generate over 80+ crore in revenue**
- **Premium Development – A blend of luxury villas and high-rise residences catering to modern lifestyles**
- **Investor Benefits – Attractive ROI with a scalable investment structure**

**For detailed investment plans and partnership opportunities, Please Contact:**

**Jaikumar (India): 91-9447060606   Paul Morris (USA): 1-626-390-9490**

**Email: Paul.Morris82@yahoo.com**

● വിവാദം /സിനിമ




# സ്വയം ഏൽപ്പിച്ച 24 തിരുമുറിവുകളും അദൃശ്യ മുറിവുകളും

**പി എസ് ജോസഫ്**

**വൻതോതിൽ മസാല ചേരുവകൾ ചേർത്തു പണം മുടക്കുമ്പോൾ ബോക്സ് ഓഫീസ് നിറയും . പക്ഷെ അങ്ങനെ ചെയ്യുന്നവർ പണം പോകാതെ ഞാണിന്മേൽ കളി നടത്തും . രാഷ്ട്രീയമായി ശരിയായിരിക്കാൻ ശ്രദ്ധിക്കും . ഇപ്പോൾ നാട്ടിൽ ഇടതും ദേശീയ തലത്തിൽ വലതും ആണല്ലോ രാഷ്ട്രീയ ശരി !അങ്ങനെ ചെയ്യാത്തവർ ആശയപരമായും ധനപരമായും ആക്രമിക്കപെടും**

അടുത്തയിടെ ലോകമാസകലം പ്രായ വ്യത്യാസമന്യെ പ്രേക്ഷകരെ സ്വാധീനിച്ച ചിത്രമാണ് നെറ്ഫ്ലിക്സിൽ സ്ട്രീം ചെയ്യുന്ന അഡോൾസെൻസ് എന്ന ചെറിയ സീരിയൽ . വ്യത്യസ്ത രാഷ്ട്രങ്ങളിൽ ചെന്ന് മയക്കു മരുന്ന് കടത്തുകയും കൊലവിളി നടത്തുകയും ചെയ്യുന്ന സീനുകളോ ജന്മനാട്ടിൽ നീതി സംരക്ഷിക്കാൻ എത്തുന്ന വലിയ താര രാജാവോ ഇതിൽ ഇല്ല .ഒരു കൗമാര കൊലയാളിയുടെ കഥ ആ കുട്ടിയിലൂടെ,അന്വേഷണ ഉദ്യോഗസ്ഥരിലൂടെ ,അഭിഭാഷകരിലൂടെ, അച്ഛനമ്മമാരിലൂടെ പറയുകയാണ് ഈ സീരിയൽ .വമ്പൻ സെറ്റോ വലിയ താരങ്ങളോ വമ്പൻ ബജറ്റോ ഇല്ലെങ്കിലും നല്ല സിനിമ രൂപപ്പെടുമെന്നതിനു മകുടോദാഹരണമാണ്

അഡോൾസെൻസ്.ഒരു കുട്ടിയുടെ, അവരുടെ മാതാപിതാക്കന്മാരുടെ മാനസിക വ്യാപാരത്തിൻറെ ചിത്രീകരണത്തിലൂടെ ഇന്നത്തെ പുതുതലമുറയിലെ ഏറ്റവും പ്രധാന പ്രശ്നം അവതരിപ്പിക്കുകയാണ് ഇവിടെ .തീർച്ചയായും ഒരു ബോണ്ട് ചിത്രമല്ല ഇത് .

അങ്ങനെ ഒരു ബോണ്ട് ചിത്രം എടുക്കണമെങ്കിൽ വമ്പൻ ബജറ്റ് വേണം ലോകമാസകലം പോയി ചിത്രീകരിക്കേണ്ടി വരും .രാഷ്ട്രാന്തര വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരും . റഷ്യയെയും ചൈനയെയും ട്രമ്പിനെയും കുറ്റപ്പെടുത്തേണ്ടി വരും.ചിലപ്പോൾ വമ്പന്മാരെ പിണക്കേണ്ടി വരും .സെക്സിന്റെ പേരിൽ പഴി കേൾക്കേണ്ടി വരും .വൻതോതിൽ മസാല ചേരുവകൾ ചേർത്തു പണം മുടക്കുമ്പോൾ ബോക്സ് ഓഫീസ് നിറയും .പക്ഷെ അങ്ങനെ ചെയ്യുന്നവർ പണം പോകാതെ ഞാണിന്മേൽ കളി നടത്തും .രാഷ്ട്രീയമായി ശരിയായിരിക്കാൻ ശ്രദ്ധിക്കും .ഇപ്പോൾ നാട്ടിൽ ഇടതും ദേശീയ തലത്തിൽ വലതും ആണല്ലോ രാഷ്ട്രീയ ശരി ! അങ്ങനെ ചെയ്യാത്തവർ ആശയപരമായും ധനപരമായും ആക്രമിക്കപെടും .എൻ ഐ എ യും ഇ ഡി യും സിനിമയിൽ മഞ്ജു വാരിയരെ മാത്രമല്ല സിനിമക്ക് പുറത്തു നിർമാതാക്കളെയും തേടിയെത്താം എന്ന് എല്ലാവർക്കും ബോധ്യമുണ്ട് .

ഗോകുലം ഗോപാലന് അത് പെട്ടെന്ന് മനസ്സിലായി മോഹൻ ലാലിന് പതുക്കെയും .അത് കൊണ്ടു ഇഷ്ടമുള്ളവരെ ചില കട്ടുകളിലൂടെ അവർ വിഷമിപ്പിക്കാതെ നോക്കിയതിൽ അപാകതയില്ല .പക്ഷേ ഒരു കലാരൂപം എന്ന നിലയിൽ അവരുടെ നിലപാടും അവർ സ്വയം അടിച്ചേൽപ്പിച്ച 24 കട്ടുകളും വല്ലാത്ത മുറിവുകളാണ് സഹൃദയ മനസ്സുകളിൽ സൃഷ്ടിക്കുന്നത് .. അതു അവശേഷിപ്പിക്കുന്ന അദൃശ്യ മുറിവുകൾ വരാനിരിക്കുന്ന കാലത്തിന്റെ സൂചികയും ആകുന്നു . മാത്രമല്ല ഒരു തവണ രക്തം

**ഒരു തവണ രക്തം കണ്ടവർ അടങ്ങി ഇരിക്കുമെന്നു യാതൊരു ഉറപ്പുമില്ല . ഒന്നുകിൽ ഇത്തരം ചിത്രങ്ങൾ നിർമ്മിക്കുന്നതിനു മുൻപേ പിൻവലിയുക അല്ലെങ്കിൽ തെറ്റുപറ്റിയെങ്കിൽ തിരുത്തുകയോ നിലപാടിൽ ഉറച്ചു നിൽക്കുകയോ ചെയ്യുക. സമൂഹത്തിലെ ഒരു പ്രധാന വിഭാഗം പിന്തുണയ്ക്കുന്ന ചിത്രം വെട്ടിമുറിയ്ക്കാൻ,യാതൊരു ആശയപരമായ ന്യായീകരണവും ഇല്ലാതെ നിർമ്മാതാക്കൾ തയ്യാറാകുന്നുവെങ്കിൽ അതിനു പിന്നിൽ അദൃശ്യമായ ഭീതിയാണ് .**

കണ്ടവർ അടങ്ങി ഇരിക്കുമെന്നു യാതൊരു ഉറപ്പുമില്ല .ഒന്നുകിൽ ഇത്തരം ചിത്രങ്ങൾ നിർമ്മിക്കുന്നതിനു മുൻപേ പിൻവലിയുക അല്ലെങ്കിൽ തെറ്റുപറ്റിയെങ്കിൽ തിരുത്തുകയോ നിലപാടിൽ ഉറച്ചു നിൽക്കുകയോ ചെയ്യുക.സമൂഹത്തിലെ ഒരു പ്രധാന വിഭാഗം പിന്തുണയ്ക്കുന്ന ചിത്രം വെട്ടിമുറിയ്ക്കാൻ,യാതൊരു ആശയപരമായ ന്യായീകരണവും ഇല്ലാതെ നിർമ്മാതാക്കൾ തയ്യാറാകുന്നുവെങ്കിൽ അതിനു പിന്നിൽ അദൃശ്യമായ ഭീതിയാണ് .

സ്വാഭാവികമായും ഒരു പണം വാരി ചിത്രം എന്ന നിലയിൽ മോഹൻ ലാലിനെ അവതരിപ്പിക്കുന്ന ലൂസിഫറിന്റെ രണ്ടാം ഭാഗം എമ്പുരാൻ ഒരു പ്രാദേശിക ബോണ്ട് ശൈലി പിന്തുടരുന്ന ചിത്രമാണ് .നമ്മുടെ കേരളത്തിൽ നിന്നും ഒരു ബോണ്ട് എന്ന് നമുക്ക് ആഹ്ലാദിക്കാം .പക്ഷെ ഈ ബോണ്ട് ചെയ്യുന്ന കാര്യങ്ങൾക്ക് യാഥാർത്ഥ്യവുമായി ബന്ധം കുറവാണ് . എന്തിനു ലൂസിഫർ എന്ന തിന്മയുടെ തമ്പുരാനെ വെള്ളയടിക്കുന്ന സമീപനമാണ്.ഇതാകാം ചില ക്രൈസ്തവരെ പ്രകോപിപ്പിച്ചത് .ധർമം സ്ഥാപിക്കാൻ ലുസിഫർ തന്നെ വരേണ്ടി വന്ന വിരോധാഭാസം അവരെ വിഷമിപ്പിച്ചിരിക്കാം.പ്രതികാരത്തിനു ആഹ്വാനം ചെയ്യുന്ന ലുസിഫറിനു പഴയ സാത്താന്റെ ചില വിശേഷങ്ങൾ ഉണ്ട് .തമോഗുഗുണം തെല്ലെങ്കിലും ഇല്ലാത്ത ലുസിഫർ എന്ന പഴി അതോടെ ഒഴിവാക്കി കിട്ടുന്നു. പക്ഷെ അതിനു ബൈബിളിനോടല്ല,പഴയ പ്രതികാര ഹിന്ദി സിനിമകളോടാണ് സാമീപ്യം .പക്ഷേ ഈ ലുസിഫറിന്റെ അനുയായി ഗുജറാത്ത് കലാപത്തിൽ എല്ലാം നഷ്ടപ്പെട്ട ആളാണ് . സയ്യെദ് മസൂദ് .മുംബൈ ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ച രണ്ടു പേരുകൾ ചേർത്തു സൃഷ്ടിച്ച പോലെ നമുക്ക് തോന്നാം. സാത്താന്റെ അനുയായി ബെൽസബെബ് എന്ന വിനാശകാരി ആണയാൾ.സംഘപരിവാറിനെപ്രകൊപിപ്പിച്ചത് അതാകാം .പേടിക്കേണ്ട അസ്രയേൽ ഉടനെ വരുന്നുണ്ട് .

മാത്രമല്ല ഗുജറാത്ത് കലാപ ദൃശ്യങ്ങൾ ഒരു പക്ഷെ യാഥാർത്ഥ്യത്തിനു അടുത്തു നിൽക്കുന്നു . ഇന്നും നമ്മെ അത് ഓർമ്മപ്പെടുത്തുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്നു.എത്ര മുറിവേറ്റാലും ആ താരതമ്യം ചിത്രത്തിന് ഒഴിവാക്കാനാകില്ല. ആ അർത്ഥത്തിൽ ചിത്രം ശ്രദ്ധേയമായ പടം തന്നെ.അതിനു സംവിധായകൻ പ്രിത്വിരാജും തിരക്കഥാ കരുത്തു മുരളി ഗോപിയും അഭിനന്ദനം അർഹിക്കുന്നു എങ്കിലും അതിന്റെ നിർമാതാക്കൾ തങ്ങളുടെ സുഹൃത്ത്ക്കളുടെ വിഷമം കുറയ്ക്കാൻ സ്വമേധയാ സെൻസർ നടത്തിചിത്രത്തിന് 24 കട്ടുകൾ വരുത്തുന്നു .ആ സിനിമ നിറഞ്ഞ സദസ്സിൽ കളിക്കുമ്പോഴാണത് . ഇന്ത്യക്ക് പുറത്തു സിനിമക്ക് കട്ട് ഇല്ല എന്നാണു റിപ്പോർട്ട് .അതായത് ഒരു മുഖം മിനുക്കൽ മാത്രമാണീ കട്ടുകൾ .അങ്ങനെ സർഗ്ഗാൽമകമായും ഈ സിനിമ വലിയ വലിയ ചോദ്യങ്ങൾ ആണ് ഉയർത്തുന്നത് .

ഇടതു പക്ഷത്തെയും മധ്യപക്ഷത്തെയും വിമർശിക്കുന്ന സിനിമകൾ മലയാളത്തിന്റെ സാരസ്വതത്തിൽ വലിയ കോളിളക്കമൊന്നും ഉണ്ടാക്കിയിട്ടില്ല ടി വികളിൽ നിരന്തരമായി ഈ രാഷ്ട്രീയ നേതാക്കൾ തേജോ

വധം ചെയ്യപ്പെടുന്നു .ചിലപ്പോൾ അവരെ തന്നെ മുന്നിലിരുത്തി പരിഹസിക്കാനുള്ള മലയാളി വൈഭവം അതിശയിപ്പിപ്പിക്കുന്നതാണ്. അങ്ങനെ ഒരു ലോകത്തിലാണ് എമ്പുരാൻ 24 കുട്ടുകളോടെ വീണ്ടും സ്ക്രീനിൽ എത്തുന്നത് .വലതുപക്ഷത്തിന്റെ ശക്തമായ ആക്രമണത്തെ തുടർന്നാണിത് .നടൻ മോഹൻ ലാൽ തന്നെ പരസ്യമായി ക്ഷമ പറഞ്ഞു നിർമാതാവ് ഗോകുലം ഗോപാലനും തങ്ങളുടെ സുഹൃത്തുക്കളെ വേദനിപ്പിക്കുന ദൃശ്യങ്ങൾ നീക്കാൻ ചെയ്യുമെന്നു പ്രഖാപിച്ചു .വൻ തുക മുടക്കുകയും പലതു നഷ്ടപെടാൻ ഉണ്ടായിരിക്കുകയും ചെന്നവരെ സംബന്ധിച്ചു ഇത് ഒരു സാധാരണ നടപടി ആണെങ്കിലും അത് അവരെ വിശ്വസിച്ച കാണികൾക്ക് അടച്ചുള്ള ഒരു അടിയാണ്. ആശയപരമായും യാധാർത്യവുമായി വിരുദ്ധമായ കാര്യങ്ങൾ ആണ് സ്ക്രീനിൽ വന്നതെങ്കിൽ ക്ഷമ പറയാൻ ബാധ്യസ്ഥരാണ് നിർമാതാക്കളും സംവിധായകനും.ഉദ്ദേശിക്കാത്ത അർത്ഥ തലങ്ങൾ ആണെങ്കിൽ അത് സംവിധായകൻറെ സർഗശേഷിയെയും ചോദ്യം ചെയ്യും .അങ്ങനെ അല്ലെങ്കിൽ അത് പണവും തടിയും രക്ഷിക്കാനുള്ള ശ്രമമാണ്. അതിലും തെറ്റില്ല .ധാർമികം അല്ല അതെന്നു മാത്രം ആത്യന്തികമായി ഒരു പണം മുടക്കി പടത്തെ രക്ഷപെടുത്താൻ ചെയ്യുന്ന ശ്രമമെന്നു ഇതിനെ ന്യായീകരിക്കാം എന്ന് മാത്രം

ഗുജറാത്ത് കലാപങ്ങൾ ഇതാദ്യമായല്ല സ്ക്രീനിൽ വരുന്നത് .ഗുൽബർഗ സൊസൈറ്റിയിൽ നടന്ന ദുരന്തത്തെ ആസ്പദമാക്കി തയാറാക്കിയ രാഹുൽ ധോലക്കിയയയുടെ ഫർസാനിയയയും നന്ദിത ദാസിന്റെ ഫിറാഖ് എന്ന സിനിമ യും വളരെ കലാപരമായി ആയി ഈ വിഷയം കൈകാര്യം ചെയ്തിട്ടുണ്ട് .. മിസ്ടർ ആൻഡ് മിസിസ് അയ്യരിൽ ...അപർണ സെൻ കലാപത്തെ നേർത്ത ഒരു കരച്ചിലാക്കി പശ്ചാത്തലത്തിൽ നിർത്തി സ്നേഹത്തെ പറ്റി പറയുന്നു .ഫർസാനിയ ഗുജറാത്തിൽ പ്രദർശിക്കപ്പെട്ടില്ല തിയേറ്റർ ഉടമകൾ സ്വമേധയാ പിന്മാറിയയതിനെ തുടർന്നായിരുന്നു അത് .പക്ഷെ ഇന്നും ആ ചിത്രം നിലനിൽക്കുന്നു .ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഗുജറാത്ത് കലാപത്തെ നമ്മുടെ മനസ്സിൽ നിന്ന് മായ്ക്കാൻ കഴിയില്ല അതാണ് എമ്പുരാനും ചെയ്തതും .

എമ്പുരാനിൽ കലാപത്തിൽ നടന്ന സംഭവത്തിൽ നിന്ന് ലേശം കഥ മാറ്റി അഭയം നൽകുന്നത് ഒരു ഹിന്ദു നാടുവാഴിയാക്കി .എന്കിലും അറിയാതെ അതിന്റെ ആസൂത്രകന്റെ പേർ ബൽരാജ് ബജ്റങ്ങി എന്ന് ഉപയോഗിക്കുന്നു അതാണ് വലതു പക്ഷത്തെ കുടുതൽ ചൊടിപ്പിച്ചത് .കൂടാതെ കലാപത്തിൻറെ ഭീതിപ്പെടുത്തുന്ന നേർക്കാഴ്ചയും. അത് ആരെയും പിടിച്ചു കുലുക്കും. അതിൽ നിന്ന് രക്ഷപെടുന്ന ഒരു കുട്ടി, സയ്യീദ് മസൂദ് പ്രതികാരത്തിനു തയ്യാർ ആകുന്നു .സാധാരണ തട്ടുപൊളിപ്പൻ സിനിമയിലെ പോലെ തന്നെയാണ് അത്. അതിനു സ്റ്റീഫൻ നെടുമ്പള്ളി എന്ന ലുസിഫർ കൂട്ട് നിൽക്കുന്നു അത് എത്രമാത്രം യുക്തി ഭദ്രമാണ് എന്ന് കഥയിൽ ചോദ്യമില്ല എന്നാ ന്യായം ഉപയോഗിച്ചു തള്ളിക്കളയാം .പക്ഷെ എത്ര കലാപരമാണ് അത് എന്നത് ഒരു ചോദ്യമാണ് .ഗുജറാത്ത് കലാപത്തിനു ഇത്തരം ഒരു അന്ത്യമായിരുന്നില്ല നാം പ്രതീക്ഷിക്കുക. പ്രത്യേകിച്ചും ലോകം ഇളക്കി മറിക്കാൻ കഴിയുന്ന ഒരു ലൂസിഫറിൽ നിന്ന് .

അത് സിനിമയുടെ നീതി പക്ഷെ സ്വന്തം സൃഷ്ടിയെ തള്ളിപ്പറയാൻ സംവിധായകനും നിർമ്മാതാവും നിർബന്ധിക്കപ്പെടുന്നു എന്നതാണ് നമ്മെ വിഷമിപ്പിക്കുന്ന കാര്യം .പ്രതിഷേധങ്ങളോ പ്രശ്ങ്ങളോ ഉണ്ടായില്ലെങ്കിലും ശക്തമായ സമ്മർദ്ദം ഉണ്ടായി എന്ന് വ്യക്തം.ആർ എസ് എസിന്റെ ജിഹ്വയായ ഓർഗനൈസർ പലവട്ടം ചിത്രത്തിനെതിരെ ലേഖനം എഴുതി .തങ്ങളോടു അടുപ്പമുള്ള മോഹൻ ലാൽ നായകനായ സിനിമയിൽ അവർ ഇത് പ്രതീക്ഷിച്ചില്ല എന്നതും ഒരു കാരണമാകാം

24 കട്ടുകൾ 51 വെട്ടുകൾ പോലെ നമ്മുടെ സാംസ്കാരിക ലോകത്ത് എന്നും ഒരു സമസ്യയായി നിറഞ്ഞു നിൽക്കും .കിസാ കുർസി കയ്ക്കു സംഭവിച്ചത് ഈ അടിയന്തിരാവസ്ഥയുടെ ഈ അമ്പതാം വാർഷികത്തിൽ നമുക്ക് ഓർമ്മയുണ്ടാകണം . ആവിഷ്കാരസ്വാതന്ത്ര്യത്തെ ഉയർത്തി കാട്ടുന്ന നിരവധി കോടതി വിധികൾ നമ്മുടെ മുന്നിലുണ്ട് .പെരുമാൾ മുരുകൻ കേസിൽ സഞ്ജീവ് കൌൾ വിധി എടുത്തു പറയേണ്ടതാണ് .ഇതേ കാലത്താണ് തൻറെ ജീവൻ പോലും പണയപ്പെടുത്തി എഴുത്തുകാരൻറെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുന്ന റുഷ്ദിയെ നാം ഓർക്കേണ്ടത്. ഭയത്തിന്റെ മുൻപിൽ കല കല അല്ലാതാകുന്നു . സ്വയം 24 കട്ടുകൾ നടത്തേണ്ടി വന്ന ഈ കാലം നമ്മുടെ മുൻപിൽ വലിയ ഭീതി ഉയർത്തുന്നു .സത്യവുമായി ചെകുത്താൻ കൊമ്പ് കോർക്കുന്ന ഈ കെട്ട കാലത്ത് ഒരു ലൂസിഫറിന് പോലും ഒന്നും ചെയ്യാനാവില്ല എന്ന തിരിച്ചറിവ് നമ്മെ ഭയപ്പെടുത്തണം .!

**നിർമാതാക്കൾ തങ്ങളുടെ സുഹൃത്ത്ക്കളുടെ വിഷമം കുറയ്ക്കാൻ സ്വമേധയാ സെൻസർ നടത്തിചിത്രത്തിന് 24 കട്ടുകൾ വരുത്തുന്നു . ആ സിനിമ നിറഞ്ഞ സദസ്സിൽ കളിക്കുമ്പോഴാണത് . ഇന്ത്യക്ക് പുറത്തു സിനിമക്ക് കട്ട് ഇല്ല എന്നാണു റിപ്പോർട്ട് . അതായത് ഒരു മുഖം മിനുക്കൽ മാത്രമാണീ കട്ടുകൾ . അങ്ങനെ സർഗ്ഗാൽമകമായും ഈ സിനിമ വലിയ വലിയ ചോദ്യങ്ങൾ ആണ് ഉയർത്തുന്നത് .**


India Press Club of North America
IPCNA
India Press Club of North America
11th
INTERNATIONAL
MEDIA
CONFERENCE
2025
SHERATON
'The largest bulb on the planet - located in Edison, NJ'
PLATINUM SPONSOR
SAJAN & MINI SAJAN
SAJ GROUP
HOTELS & RESORTS
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

● സിനിമ



L2 EMPURAAN

# വിവാദങ്ങൾക്കുമപ്പുറം

## വിവാദങ്ങൾക്കും വിദ്വേഷപ്രകടനങ്ങൾക്കുമപ്പുറം എംപുരാൻ എന്ന സിനിമ മലയാള ചലച്ചിത്രകലക്കും വ്യവസായത്തിനും നൽകുന്ന സന്ദേശം എന്ത്?

◉ എസ് സുന്ദർദാസ്

മുരളി ഗോപി കഥയും തിരക്കഥയും ഒരുക്കി പൃഥിരാജ് സുകുമാരൻ സംവിധാനം ചെയ്ത ആക്ഷൻ ചിത്രമായ L2: എംപുരാൻ 2019 ൽ പുറത്തിറക്കിയ ലൂസിഫറിന്റെ തുടർച്ചയായി ആസൂത്രണം ചെയ്യപ്പെട്ട മൂന്ന് ചിത്രങ്ങളുടെ പരമ്പരയിലെ രണ്ടാം ഭാഗമാണ്. പ്രധാനമായും മലയാളത്തിലെ സൂപ്പർതാരം മോഹൻലാലിന്റെ ഇമേജിനെ പരമാവധി മുതലെടുക്കാനുള്ള ശ്രമമാണ് ലൂസിഫറിലെന്നപോലെ ഈ രണ്ടാമഭാഗത്തിലും സംവിധായകൻ നടത്തുന്നത്. വാൾത്തലപോലെ മിന്നുന്ന ഡയലോഗുകൾകൊണ്ടും മുണ്ട് മടക്കിക്കുത്തൽ പോലുള്ള ലാലിന്റെ സവിശേഷ ചേഷ്ടകൾകൊണ്ടും സിനിമ ആരാധകരെ ആവേശഭരിതരാക്കുന്നു.

മോഹൻലാലിന്റെ സ്റ്റീഫൻ നെടുമ്പള്ളി എന്ന നായകകഥാപാത്രം കേരളരാഷ്ട്രീയത്തിലെ ഒരു അസാധാരണ കിംഗ് മേക്കറായാണ് ലൂസിഫറിൽ പ്രത്യക്ഷപ്പെടുന്നത്. കേരളത്തിലെ മണ്ണിൽ കാലുറപ്പിച്ചു നിൽക്കുന്ന ഒരു കഥാപാത്രമായിരുന്നു അത്.

**എമ്പുരാനിൽ എത്തുമ്പോൾ വിദേശങ്ങളിൽ ഖുറേഷി – അബ്റാം എന്നുകൂടി അറിയപ്പെടുന്ന സ്റ്റീഫൻ നെടുമ്പള്ളി അക്ഷരാർത്ഥത്തിൽത്തന്നെ ആകാശത്ത് പറന്നുനടക്കുന്ന, രാജ്യാതിർത്തികളോ അവിടങ്ങളിലെ നിയമങ്ങളോ ബാധകമല്ലാത്ത ലഹരിമാഫിയകളായ യൂറോപ്പിലെയും ആഫ്രിക്കയിലേയുമൊക്കെ കാർട്ടലുകളെ നിലംപരിശാക്കുന്ന ഒരു ആഗോള ഭീമനാണ്.**

എന്നാൽ എമ്പുരാനിൽ എത്തുമ്പോൾ വിദേശങ്ങളിൽ ഖുറേഷി-അബ്റാം എന്നുകൂടി അറിയപ്പെടുന്ന സ്റ്റീഫൻ നെടുമ്പള്ളി അക്ഷരാർത്ഥത്തിൽത്തന്നെ ആകാശത്ത് പറന്നുനടക്കുന്ന, രാജ്യാതിർത്തികളോ അവിടങ്ങളിലെ നിയമങ്ങളോ ബാധകമല്ലാത്ത ലഹരിമാഫിയകളായ യൂറോപ്പിലെയും ആഫ്രിക്കയിലേയുമൊക്കെ കാർട്ടലുകളെ നിലംപരിശാക്കുന്ന ഒരു ആഗോള ഭീമനാണ്. എവിടെയും എപ്പോഴും പ്രത്യക്ഷപ്പെടാനും എതിരാളികളെ ഉന്മൂലനം ചെയ്യാനും കഴിവുള്ള ഈ അതികായൻ കേരളം രാഷ്ട്രീയത്തിലെ ഒരു കസേരകളിയിൽ ഇടപെടാനും സമയം കണ്ടെത്തുന്നു. എന്നാൽ 'ഒരു യുക്തിയുമില്ലയൊന്നിനും' എന്ന മട്ടിലാണ് നായകൻറെ വിളയാട്ടം. ഇങ്ങനെ ആഗോളതലത്തിൽ കറങ്ങി നടക്കുമ്പോഴാണ്

കേരളരാഷ്ട്രീയത്തെ രക്ഷിക്കുവാൻ  സ്റ്റീഫൻ നെടുമ്പള്ളിയെ തിരിച്ചു വിളിക്കുന്നത്. ഏതാണ് ഇന്ത്യൻ -2  സിനിമയിലെ കമലഹാസനെ യുവാക്കൾ തിരിച്ചുവിളിക്കുന്നതുപോലെ. ഇതിനായി ഇന്ദ്രജിത് അവതരിപ്പിക്കുന്ന ഗോവർദ്ധൻ എന്ന കഥാപാത്രം സ്റ്റീഫനെ കാണാൻ ഏതോ വിദേശത്തേക്ക് പോകുന്നുണ്ട്. അയാളെ മയക്കിക്കിടത്തി, വിമാനത്തിലും ഹെലികോപ്ടറിലുമെല്ലാമായാണ് സ്റ്റീഫന്റെ അടുത്തെത്തിക്കുന്നത്. ഈ സിനിമയിലെ ഏറ്റവും പരിഹാസ്യമായ രംഗമാണിത്.

**ആഗോളതലത്തിൽ കറങ്ങി നടക്കുമ്പോഴാണ് കേരളരാഷ്ട്രീയത്തെ രക്ഷിക്കുവാൻ  സ്റ്റീഫൻ നെടുമ്പള്ളിയെ തിരിച്ചു വിളിക്കുന്നത്. ഏതാണ് ഇന്ത്യൻ – 2  സിനിമയിലെ കമലഹാസനെ യുവാക്കൾ തിരിച്ചുവിളിക്കുന്നതുപോലെ.**

അസഹനീയമാണെങ്കിൽപ്പോലും ഇത്തരം ചാപല്യങ്ങളെല്ലാം ആരാധകർ സഹിക്കും, കയ്യടിക്കും. എന്നാൽ ചിത്രത്തെ ഇപ്പോൾ വിവാദച്ചുഴിയിലാക്കിയത്   പൃഥിരാജ് സുകുമാരൻ അവതരിപ്പിക്കുന്ന സായിദ് മസൂദ് എന്ന കഥാപാത്രത്തിന് ഒരു പൂർവകാലം ഉണ്ടാക്കിക്കൊടുക്കാൻ കഥാകൃത്ത് ശ്രമിച്ചതാണ്. 2002 -ൽ നടന്ന ഒരു വർഗീയ കലാപത്തിൽ അനേകം മുസ്‌ലിംകളോടൊപ്പം മസൂദിന്റെ മറ്റു കുടുംബാംഗങ്ങളെല്ലാം കൊല്ലപ്പെടുന്നു. ആ കൂട്ടക്കൊലക്ക് നേതൃത്വം  നൽകിയ വില്ലൻ കഥാപാത്രവും ബാബാ ബജ്‌റംഗി എന്ന അയാളുടെ പേരുമാണ് സംഘപരിവാറിനെ കുപിതരാക്കിയത്. ചിത്രം അക്രമരംഗങ്ങളിൽ ഹിന്ദു സമുദായത്തെ പ്രതിസ്ഥാനത്ത് നിർത്തുന്നു എന്നാണ് സംഘപരിവാറിന്റെ പ്രധാന ആരോപണം.വാസ്തവത്തിൽ മതസൗഹാർദ്ദത്തിന്റെ തിളക്കമാർന്ന ഒരു രംഗവും ആ ഭാഗത്തുണ്ട്. എന്നാൽ അതിനെ ശ്രദ്ധേയമായ, സന്തുലനം സാധ്യമാകുന്ന രീതിയിൽ ആവിഷ്കരിക്കാൻ തിരക്കഥാകൃത്തിനും സംവിധായകനും കഴിയാതെപോയി.





സിനിമക്ക് പുറത്തുള്ള രാഷ്ട്രീയത്തിൽനിന്നെന്നപോലെ സിനിമക്കകത്തുനിന്നുള്ള ചിലരും ഈ അവസരം പ്രയോജനപ്പെടുത്തി. ഗോധ്ര സംഭവം കൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു എന്ന മേജർ രവിയുടെ നിരീക്ഷണം തികച്ചും അപകടമാണ്. അത് മറ്റൊരു വിഭാഗത്തിന്റെകൂടി വിദ്വേഷം ക്ഷണിച്ച് വരുത്തുന്നതാകും. വ്യാപകമായ പ്രതിഷേധങ്ങളെ തുടർന്ന് ഇപ്പോൾ സിനിമയുടെ വിവാദവിഷയമായ ചില ഭാഗങ്ങൾ വെട്ടിമാറ്റിയിരിക്കുകയാണ്. അത്രയുംകൊണ്ട് സംഘപരിവാർ തൃപ്തരാകുമോ എന്നറിയില്ല. ഏതായാലും ഇത് അനഭിലഷണീയമായ ഒരു കീഴ്വഴക്കമാകും.സെൻസറിംഗ് കഴിഞ്ഞ ഒരു ചിത്രത്തിനെതിരെ വിമർശനമുന്നയിച്ച് അതിനെ വീണ്ടും കത്രികക്ക് വിധേയമാക്കുന്ന പ്രവണത ഭാവിയിൽ ഉണ്ടാക്കാവുന്ന പ്രശ്നങ്ങൾ കാണാതിരുന്നുകൂടാ. വിവാദങ്ങളെ മറികടന്നും എമ്പുരാൻ ബോക്സ്-ഓഫീസിൽ വലിയ കളക്ഷൻ നേടി എന്നത് ചിത്രത്തിനായി വൻ തുക മുടക്കിയ നിർമാതാക്കൾക്ക് ആശ്വാസമാണ്.

**2002 – ൽ നടന്ന ഒരു വർഗീയ കലാപത്തിൽ അനേകം മുസ്‌ലിംകളോടൊപ്പം മസൂദിന്റെ മറ്റു കുടുംബാംഗങ്ങളെല്ലാം കൊല്ലപ്പെടുന്നു. ആ കൂട്ടക്കൊലക്ക് നേതൃത്വം  നൽകിയ വില്ലൻ കഥാപാത്രവും ബാബാ ബജ്‌റംഗി എന്ന അയാളുടെ പേരുമാണ് സംഘപരിവാറിനെ കുപിതരാക്കിയത്.  ചിത്രം അക്രമരംഗങ്ങളിൽ ഹിന്ദു സമുദായത്തെ പ്രതിസ്ഥാനത്ത് നിർത്തുന്നു എന്നാണ് സംഘപരിവാറിന്റെ പ്രധാന ആരോപണം. വാസ്തവത്തിൽ മതസൗഹാർദ്ദത്തിന്റെ തിളക്കമാർന്ന ഒരു രംഗവും ആ ഭാഗത്തുണ്ട്. എന്നാൽ അതിനെ ശ്രദ്ധേയമായ, സന്തുലനം സാധ്യമാകുന്ന രീതിയിൽ ആവിഷ്കരിക്കാൻ തിരക്കഥാകൃത്തിനും സംവിധായകനും കഴിയാതെപോയി.**

എന്നാൽ ഈ വിവാദത്തെ സിനിമക്ക് പുറത്തേക്ക് കൊണ്ടുപോകാനാണ് ചില സംഘപരിവാർ തേതാക്കൾ ആഗ്രഹിക്കുന്നത്. ഇപ്പോൾത്തന്നെ അവർ പൃഥിരാജിനെ ഒരു ശത്രുവായി അടയാളപ്പെടുത്തിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ പത്നി സുപ്രിയയെ ഒരു അർബൻ നക്സലേറ്റു എന്നാണ് ഒരു ബി ജെ പി നേതാവ് വിശേഷിപ്പിച്ചത്. ചിത്രത്തിന്റെ തിരക്കഥാകൃത്തായ മുരളീഗോപിയും രൂക്ഷമായി വിമർശിക്കപ്പെടുന്നു.

**ഈ വിവാദത്തെ സിനിമക്ക് പുറത്തേക്ക് കൊണ്ടുപോകാനാണ് ചില സംഘപരിവാർ നേതാക്കൾ ആഗ്രഹിക്കുന്നത്. ഇപ്പോൾ ത്തന്നെ അവർ പൃഥ്വിരാജിനെ ഒരു ശത്രുവായി അടയാളപ്പെടുത്തിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ പത്നി സുപ്രിയയെ ഒരു അർബൻ നക്സലേറ്റു എന്നാണ് ഒരു ബി ജെ പി നേതാവ് വിശേഷിപ്പിച്ചത്. ചിത്രത്തിന്റെ തിരക്കഥാകൃത്തായ മുരളീഗോപിയും രൂക്ഷമായി വിമർശിക്കപ്പെടുന്നു.**



കേരളരാഷ്ട്രീയത്തെ രൂക്ഷമായി വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ഒട്ടേറെ സിനിമകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ മിതവും സൂക്ഷ്മവും ആയ വിമർശനംകൊണ്ടും പരിഹാസംകൊണ്ടും ഹൃദ്യമായ ചിത്രമാണ് സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത സന്ദേശം. കെ കരുണാകരനെയൊക്കെ അതിനിശിതമായി അപഹസിക്കുന്ന സിനിമകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയ്ക്കൊന്നും എതിരെ ഒരു പ്രതിഷേധവും ഉയർന്നില്ല. എന്നാൽ ലൂസിഫറും എമ്പുരാനും അത്തരത്തിലുള്ള രാഷ്ട്രീയ സിനിമയല്ല. രാഷ്ട്രീയം രണ്ടിലും അനേകം ചേരുവകളിൽ ഒന്നു മാത്രമാണ്. മോഹൻലാൽ എന്ന സൂപ്പർ താരത്തിന്റെ അതികായവേഷമാണ് അതിൽ നിറഞ്ഞുനിൽക്കുന്നത്. മറ്റെല്ലാ കഥാപാത്രങ്ങളും അതിന്റെ കാല്മുട്ടിനുകീഴെവരെ മാത്രം ഉയരമുള്ളവർ.

തന്റെ സിനിമ ഒരു വിഭാഗം പ്രേക്ഷകരെ അസ്വസ്ഥരാക്കിയതിൽ മോഹൻലാൽ നടത്തിയ ഖേദപ്രകടനം അനാവശ്യമായിരുന്നു എന്ന് തോന്നുന്നവരുണ്ടാകാം. എന്നാൽ ഒരു സൂപ്പർതാരമെന്ന നിലയിൽ, ദൈനംദിന രാഷ്ട്രീയത്തിൽനിന്ന് അകലം പാലിക്കാൻ ആഗ്രഹിക്കുന്ന ഒരു കലാകാരനെന്നനിലയിൽ എല്ലാ വിഭാഗം പ്രേക്ഷരുടെയും വികാരം മാനിക്കാൻ അദ്ദേഹം തയാറായതിൽ ഒരു അനൗചിത്യവും കാണേണ്ടതില്ല. അതേസമയം പൃഥ്വിരാജിന്റെയും മുരളീഗോപിയുടെയും മൗനത്തെയും മാനിക്കേണ്ടതാണ്. സ്വന്തവും സ്വതന്ത്രവും ആയ രാഷ്ട്രീയ നിലപാടുള്ളവർ അത് മറച്ച് പിടിക്കേണ്ടതില്ലല്ലോ. ആ അർത്ഥത്തിൽ അവരുടെ മൗനം ഏറെ വാചാലമാണ്.

തീർച്ചയായും ഈ സംഭവികാസം മലയാള സിനിമക്ക് ഒരു പാഠമാകേണ്ടതാണ്. ഇതുവരെ ഇടത്-വലത് രാഷ്ട്രീയമാണ് മലയാളസിനിമ കൈകാര്യം ചെയ്തത്. അവരെ കളിയാക്കുന്നതും വിമർശിക്കുന്നതും ഒന്നും കാര്യമായ പ്രതിഷേധസ്വരങ്ങൾ ഉയർത്താറില്ല. എന്നാൽ മതരാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ അതല്ല സ്ഥിതി. 2002 -ലെ ഗുജറാത്ത് കലാപവും തുടർന്നുണ്ടായ സംഭവങ്ങളും നമ്മുടെ ദേശീയരാഷ്ട്രീയത്തിൽ വ്യാപകമായ വർഗീയ ചേരിതിരിവുകൾ ഉണ്ടാക്കിയിട്ടുണ്ട്. സിനിമയിൽ ഇത്തരം രാഷ്ട്രീയ നില്കാപാട്ടുകൾ തുറന്നുകാട്ടപ്പെടുന്നതിൽ ഒരു തെറ്റുമില്ല. എന്നാൽ സിനിമ എല്ലാത്തരം പ്രേക്ഷകരെയുമാണ് അഭിസംബോധന ചെയ്യുന്നത് എന്നതിനാൽ ഒരു സന്തുലനം പാലിക്കേണ്ടത് അനിവാര്യമാണ്. എമ്പുരാനിൽ സംഭവിച്ചത് ആ സന്തുലനം നഷ്ടപ്പെട്ടതാണ്. അതിനെ ഒരു വലിയ കുറ്റമായി ഞാൻ ആരോപിക്കുന്നില്ല. പക്ഷെ, അത് ഗുരുതരമായ വീഴ്ചതന്നെയാണ്.

**വ്യാപകമായ പ്രതിഷേധങ്ങളെ തുടർന്ന് ഇപ്പോൾ സിനിമയുടെ വിവാദവിഷയമായ ചില ഭാഗങ്ങൾ വെട്ടിമാറ്റിയിരിക്കുകയാണ്. അത്രയുംകൊണ്ട് സംഘപരിവാർ തൃപ്തരാകുമോ എന്നറിയില്ല. ഏതായാലും ഇത് അനഭിലഷണീയമായ ഒരു കീഴ്വഴക്കമാകും. സെൻസറിംഗ് കഴിഞ്ഞ ഒരു ചിത്രത്തിനെതിരെ വിമര്ശനമുന്നയിച്ച് അതിനെ വീണ്ടും കത്രികക്ക് വിധേയമാക്കുന്ന പ്രവണത ഭാവിയിൽ ഉണ്ടാക്കാവുന്ന പ്രശ്നങ്ങൾ കാണാതിരുന്നുകൂടാ.**


ഈ സിനിമ ഇപ്പോഴത്തെ വിവാദങ്ങളെയെല്ലാം മറികടന്നു 500 കോടി ക്ളബ്ബിലൊക്കെ എത്തിയേക്കാം.ഒരു പണംവാരിപ്പടം ഇങ്ങനെയും എടുക്കാം എന്നർത്ഥം. എന്നാൽ ഇങ്ങനെയല്ല, ലോക നിലവാരമുള്ള മലയാള സിനിമ എടുക്കേണ്ടത്. അനേകകോടികൾ ചെലവഴിച്ച്, ഒട്ടേറെ വിദേശരാജ്യങ്ങളിൽ ചിത്രീകരിച്ച്, കാറുകളും ട്രക്കുകളും ഹെലികോപ്റ്ററുകളും വിമാനങ്ങളും തലങ്ങും വിലങ്ങും പായിച്ച് ഒരു കെട്ടുകാഴ്ച ഒരുക്കുന്നതിൽ കലയില്ല, കച്ചവടം മാത്രമേയുള്ളു. പ്രേക്ഷകർ എപ്പോഴും ഇത്തരം യുക്തിരഹിതമായ താരപ്രകടനങ്ങളെ വരവേൽക്കണമെന്നില്ല. ഇന്ത്യൻ-2 പോലുള്ള സിനിമകൾ നൽകുന്ന അനുഭവം അതാണ്.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

● സമൂഹം /കോളം



മ്യൂസ് മേരി ജോർജ്



# പിശാചുപിടുത്തം

## കൂടോത്രത്തെ പറ്റിയും കുട്ടിപിശാചുകളെ പറ്റിയും ചില ഓർമ്മകൾ

"കണ്ട കുണ്ടികൂടോത്രങ്ങളൊക്കെ ഒപ്പിച്ചിട്ടാണ് ഇങ്ങോട്ടുള്ള ഈ വരവ്, വീട്ടുമുറ്റത്തേയ്ക്ക് കയറിവരുന്ന അയലോക്കംകാരനെ നോക്കിക്കൊണ്ട് ഒച്ച അധികം പുറത്തു കേൾപ്പിക്കാതെ മറിയാമ്മച്ചേടത്തി സ്വയം പറഞ്ഞു. പറഞ്ഞത് തന്നോടുതന്നെയാണെങ്കിലും അടുത്തുനിന്ന പിള്ളേരൊക്കെ അതുകേട്ടു.

കുറച്ചുദിവസം മുൻപാണ് റബ്ബർ മരത്തിൻറെ കായ പിളർത്തിയിട്ട് അതിനകത്ത് ഒരു ബ്ലേഡിൻറെ മുറി കയറ്റിവച്ചിട്ട് നൂലുകൊണ്ട് കെട്ടിയത് പറമ്പീന്നു കിട്ടിയത്.

അതിരുതർക്കം നിലവിലുള്ള സമയത്താണ് ഈ കായും ബ്ലേഡും കിട്ടിയത്. അതിനെ അവർ ആരോ കൂടോത്രം ചെയ്തതായി തെറ്റിദ്ധരിക്കുന്നതിൽ കുറ്റം പറയാൻ പറ്റില്ലല്ലോ.

> **കൂടോത്രമൊക്കെ സത്യവിശ്വാസത്തിനു നിരക്കുന്ന കാര്യമല്ലെങ്കിലും അത്തരം വിശ്വാസം കാഞ്ഞിരപ്പള്ളിക്കാരിൽ പലർക്കും ഉണ്ടായിരുന്നു. മുട്ടയിൽ കൂടോത്രം ചെയ്തിട്ടു മുറ്റത്തോ, തൊടിയിലോ ഒക്കെ കുഴിച്ചിട്ടാൽ മരണംവരെ ഉണ്ടാകാമെന്ന ധാരണ ഉണ്ടായിരുന്നു.**

കൂടോത്രമൊക്കെ സത്യവിശ്വാസത്തിനു നിരക്കുന്ന കാര്യമല്ലെങ്കിലും അത്തരം വിശ്വാസം കാഞ്ഞിരപ്പള്ളിക്കാരിൽ പലർക്കും ഉണ്ടായിരുന്നു. മുട്ടയിൽ കൂടോത്രം ചെയ്തിട്ടു മുറ്റത്തോ, തൊടിയിലോ ഒക്കെ കുഴിച്ചിട്ടാൽ മരണംവരെ ഉണ്ടാകാമെന്ന ധാരണ ഉണ്ടായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ ആരെങ്കിലും ചെയ്താൽ പള്ളീലച്ചൻമാരെ കണ്ടിട്ട് അതിനു ചില പ്രതിക്രിയകൾ ഒക്കെ ചെയ്യുമായിരുന്നു.

വീടുകളിൽ സൂക്ഷിച്ചിരുന്ന അന്നാൻ വെള്ളത്തിൻറെ ഉപയോഗങ്ങളിൽ ഇത്തരം ദുഷ്ടശക്തികൾക്ക് അടക്കമുണ്ടാകും എന്ന് അമ്മച്ചിമാർക്കറിയാം.

ഇതിലൊതുങ്ങാത്ത കൂടിയ പ്രശ്നമാണെങ്കിൽ വയലുങ്കലച്ചനെ കണ്ടാൽ കാര്യങ്ങൾക്ക് ഒരൊതുക്കം കിട്ടുമെന്ന് പൊതുവെ വിശ്വസിച്ചിരുന്നു. എല്ലാ അച്ചൻമാർക്കും തലയ്ക്കുപി

**എല്ലാ അച്ചൻമാർക്കും തലയ്ക്കുപിടിക്കാനും ദുഷ്ടാത്മാക്കളെ ഒഴിവാക്കാനുമുള്ള കഴിവുണ്ടെങ്കിലും വയലുങ്കലച്ചന് ഇക്കാര്യത്തിൽ പ്രത്യേക വരം ഉണ്ടെന്നു കരുതിയിരുന്നു**

ടിക്കാനും ദുഷ്ടാത്മാക്കളെഒഴിവാക്കാനുമുള്ള കഴിവുണ്ടെങ്കിലും വയലുങ്കലച്ചന് ഇക്കാര്യത്തിൽ പ്രത്യേക വരം ഉണ്ടെന്നു കരുതിയിരുന്നു.

അല്ലറചില്ലറ കാര്യങ്ങളൊക്കെ അച്ചൻമാർ തലയ്ക്കുപിടിച്ചു പ്രാർത്ഥിച്ചാ മാറുമെന്നായിരുന്നു ഒരു വിശ്വാസം. ഇക്കാര്യത്തിൽ വയലുങ്കലച്ചൻ എല്ലാവർക്കും ഒരാശ്രയം ആയിരുന്നു. എല്ലാത്തരത്തിലുള്ള കൂടോത്രങ്ങളും പിശാചിൻറെ പ്രവർത്തികളായിട്ടാണ് പൊതുവെ ക്രിസ്ത്യാനികൾ കരുതിപ്പോരുന്നത്.

മിഡിൽ സ്കൂളിൽ പഠിക്കുന്ന കാലത്ത് എനിക്ക് കഠിനമായ തലവേദന വരുമായിരുന്നു. മിന്നിമിന്നി സൂചിയിട്ട് വലിക്കുന്ന പോലുള്ള തലവേദനയാണ്. അക്കാലത്ത് ഇരുപത്താറാശുപ്രതി (മേരി ക്വീൻസ് ഹോസ്പിറ്റൽ, ഇരുപത്താറാം മൈൽ) കൊണ്ടുപോയി പലപ്രാവശ്യം കാണിച്ചു. ഒടുവിൽ അറ്റകൈ ആയി തലേടെ

എക്സ്റേയും എടുത്തു. ഡോക്ടർ ഒരു പ്രശ്നവും കണ്ടെത്തിയില്ല. കുര്യൻ ഡോക്ടറും ചെറിയാൻ ഡോക്ടറുമായിരുന്നു അന്നു ഇരുപത്താറാശുപ്രതിയിൽ പ്രധാനമായിട്ടും ഉണ്ടായിരുന്നത്. സ്കൂളിൽ ചേർത്ത കാലം മുതൽ മാസത്തിൽ പകുതി ദിവസോം പനി ആയിരിക്കും. പനിക്കു ചികിത്സിച്ചു ചികിത്സിച്ചു മൂന്നാംക്ലാസിൽ പഠിക്കുമ്പോൾ ചെറിയാൻ ഡോക്ടർ ടോൺസിലൈറ്റിസ് ഓപ്പറേഷൻ ചെയ്തു എടുത്തുക



ളഞ്ഞു.

പിന്നീട് പനിയുടെ ഇന്റൻസിറ്റി കുറയുകയും നിരന്തരം തലവേദന ഒഴിയാബാധയായി വരികയും ചെയ്തു. അതിൻറെ കാരണം ഒന്നും അദ്ദേഹത്തിന് കണ്ടെത്താൻ കഴിഞ്ഞില്ല. ഇതിൻറെ തുടർച്ചയെന്ന നിലയിലല്ല ഒരു പരീക്ഷണമെന്ന നിലയിൽ കാഞ്ഞിരപ്പള്ളി കടമപ്പുഴ ആശുപ്രതിയിലെ ജോസ് ഡോക്ടറിനെ കൊണ്ടുപോയിക്കാണിക്കാമെന്ന് പപ്പയും മമ്മിയും നിശ്ചയിച്ചത്.

ഡോക്ടറുടെ വീതം പരിശോധന നടന്നു. അതിനിടയിലാണ് എൻറെ ചിരിയും കളിയുമൊക്കെ കുറഞ്ഞുപോയി എന്നു മമ്മി ഡോക്ടറോട് പറഞ്ഞത്. ഒന്നൊന്നര വയസ്സുമുതൽ ചിരിയും പ്രസാദാത്മകതയും കൊണ്ട് എല്ലാരെയും ഇഷ്ടപ്പെടുത്തിയ

കുട്ടിയിൽ നിന്നു വന്ന മാറ്റം ഏറ്റവും ശ്രദ്ധിക്കുന്നത് അമ്മയായിരിക്കുമല്ലോ.ഒരു പ്രൈമറിക്ലാസു കഴിഞ്ഞപ്പോൾ മുതൽ അസന്തോഷത്തിൻറെ ഇരിപ്പുമുറി മനസ്സിൽ നിർമ്മിക്കപ്പെട്ടിരുന്നു. അതു മമ്മി തിരിച്ചറിയുന്നുണ്ടായിരിക്കും. മമ്മി എൻറെ ചിരിരഹിതമായ കാലത്തെക്കുറിച്ചു പറഞ്ഞതിനാൽ ജോസ് ഡോക്ടർ പലവിധമായ ചോദ്യങ്ങൾ ചോദിച്ചു. തമാശകൾ പറഞ്ഞു. എക്സ്റേ ഷീറ്റു പരിശോധിച്ചു.

കുഴപ്പമൊന്നും കണ്ടില്ല. അവസാനം, ഡോക്ടർ പറഞ്ഞു ''ഒരു ഐ സ്പെഷ്യലിസ്റ്റിനെ കൂടി ഒന്നു കാണിച്ചേക്കൂഎന്ന്.' അങ്ങനെയാണ് കോട്ടയം മെഡിക്കൽ കോളേജിലെ പ്രശസ്തനായ നേതവിദഗ്ദ്ധനെ (പേരു മറന്നു, വർമ്മയെന്നാണ് പേരെന്നു തോന്നുന്നു) കാണിക്കാൻ കൊണ്ടുപോകുന്നത്. അന്ന് ഡോക്ടറുടെ ഫീസ് മുപ്പതുരൂപ ആണ്.

എൻറെ പപ്പയുടെ ഒരു മാസത്തെ ശമ്പളം നൂറുരൂപയിൽ താഴെയാണ്. എങ്കിലും ഞങ്ങൾ ഡോക്ടറെ കണ്ടു. ഡോക്ടറും പരിശോധിച്ചിട്ട് കണ്ണിനു കുഴപ്പമൊന്നും കാണുന്നില്ല എന്നു പറഞ്ഞു. എന്നിട്ടും തലവേദന തുടർന്നു. അവസാനം മമ്മിയൊരു തീരുമാനത്തിലെത്തി. വയലുങ്കലച്ചനെ ഒന്നുകൊണ്ടുപോയി കാണിക്കാം.

വയലുങ്കലച്ചൻറെ കാര്യം പറഞ്ഞപ്പം ഞാൻ കടമറ്റത്തു കത്തനാരെ ഓർത്തു. കത്തനാരുടെ കഥയൊക്കെ രണ്ടിലും മൂന്നിലുമൊക്കെ പഠിക്കുന്ന കാലത്തു കുഞ്ഞിപ്പാപ്പൻ പറഞ്ഞിട്ടുണ്ടായിരുന്നു.കടമറ്റത്തു കത്തനാരു പാതാളലോകത്തു പോയി മാന്ത്രിക വിദ്യകളൊക്കെ പഠിച്ചതും അവിടുന്ന് രക്ഷപ്പെട്ടു വന്നതുമൊക്കെ എനിക്കു പരിചിതമായിരുന്നു. പിശാചുക്കൾ കടമറ്റത്തച്ചനെ പിടികൂടി തിരികെക്കൊണ്ടു പോകാൻ

വന്നപ്പോൾ പള്ളിക്കകത്തു കയറി വാതിലടച്ചതും പിശാചുക്കൾ ചങ്ങലകൊണ്ട് വാതിലിനിട്ടടിച്ച തും അതിൻറെ പാട് ആ വാതി ലിൽ ഉണ്ടെന്നുമൊക്കെ കുഞ്ഞി പ്പാപ്പൻ ആംഗ്യവിക്ഷേപങ്ങളോടെ അഭിനയിച്ചു പറയുന്നത് ഞാനി പ്പോഴും ഓർക്കുന്നുണ്ട്. പക്ഷേ, കത്തോലിക്കരുടെ ഇടയിൽ കടമ റ്റത്തു കത്തനാർ ഒരു കഥ മാത്രമാ യിരുന്നു. പിശാചിനെ ഒഴിപ്പിക്കാ നും ചാഴിവെലക്കാനുമൊക്കെ യുള്ള വരം അവരിൽ പലർക്കുമു ണ്ടായതായി വിശ്വസിച്ചിരുന്നതു കൊണ്ട് കടമറ്റം പള്ളിക്ക് അത്ര വലിയ ഇംപാക്ട് ഒന്നുമുണ്ടായിരു



ന്നില്ല.

വയലുങ്കലച്ചൻ അന്നു ചമ്പ ക്കരപ്പള്ളിയിലെ വികാരിയാ ണ്. കാഞ്ഞിരപ്പള്ളിയൊക്കെ ചങ്ങനാശ്ശേരി അതിരൂപതയുടെ ഭാഗമായിരുന്നു. ചമ്പക്കരപ്പള്ളി യിലേയ്ക്കുള്ള ബസ്സുയാത്രയിൽ വയലുങ്കലച്ചൻറെ ശക്തിയെക്കു റിച്ച് ചില കഥകൾ മമ്മി എന്നോട് പറഞ്ഞു. അതിലിപ്പോഴും ഞാനോ ർമ്മിക്കുന്ന ഒരു കാര്യം, പള്ളിയിൽ നിന്ന് രണ്ടു ചാക്ക് കുരുമുളക് മോഷ്ടിക്കാൻ വന്ന കള്ളന്മാർക്കു പറ്റിയ അക്കിടിയാണ്.

പാതിരാത്രിയിൽ പള്ളിമുറി ക്കയറി ഇവൻമാർ കുരുമുളകു മോഷ്ടിച്ചു. ഉറങ്ങിക്കിടന്ന അച്ചന് ഇതിൻറെ അടയാളം ദൈവം കാ ണിച്ചുകൊടുത്തു. അച്ചനാകട്ടെ, അവന്മാരെ വെലക്കി. അവരാകട്ടെ, ആ ചാക്കുകെട്ടും പിടിച്ച് ഒറ്റ നി ൽപാണ് പിന്നെ. രാവിലത്തെ കുർ ബാനയ്ക്ക് ആൾക്കാർ വരുമ്പോ പള്ളിനടേ ചാക്കുകെട്ടും തലവച്ച് രണ്ടു ഘടാഘടിയന്മാർ നിൽക്കു ന്നു. അവൻമാരാകട്ടെ പെടലി കഴ ച്ച് പൊട്ടിത്തകർന്ന് ഇരിക്കാ നും നിക്കാനും വയ്യാത്ത നെലേ ലും ആണ്.

പള്ളിക്കാരോടി അച്ചൻറെ അടുത്തു ചെന്നു. അച്ചനാകട്ടെ, ഒന്നുമറിയാത്തപോലെയാണ് പെരുമാറ്റം. ഇടവകക്കാരു കാര്യം പറഞ്ഞപ്പോ അവന്മാരെടുത്ത സാ ധനം എടുത്തെടുത്തു കൊണ്ടു പോയി വച്ചിട്ടു പൊക്കോളാൻ പറ ഞ്ഞു. പറഞ്ഞതും അവന്മാരുടെ കാലിൻറെ അദൃശ്യബന്ധനം അഴി ഞ്ഞു. അവരോടിച്ചെന്ന് അച്ചൻറെ കാൽക്കൽ വീണു എന്നാണ് കഥ. ഇങ്ങനെയുള്ള കഥ കേട്ട് പേടി യും പരിഭ്രമവും ഒക്കെയായിട്ടാണ് ഞാൻ മമ്മിയോടൊപ്പം വയലുങ്കല ച്ചൻറെ അടുത്തെത്തുന്നത്.

ചമ്പക്കര പള്ളിൽ ചെന്നപ്പം അവിടെ ഒരുപാടുപേര് അച്ചനെ കാത്തിരിക്കുന്നുണ്ട്.

കൂടുതലും പട്ടേം മുണ്ടുമിട്ട് കുറേ അമ്മച്ചിമാർ, അവരുടെ കെ ട്ട്യോൻമാർ, വികൃതിക്കണ്ടൻമാ രായ ചെറുക്കൻമാർ, സെറ്റുമുണ്ടു ടുത്തവർ, നെറ്റിയേൽ കുറിയിട്ടവർ

**അതിനിടയിലാണ് എൻറെ ചിരി യും കളിയുമൊക്കെ കുറഞ്ഞുപേ ായി എന്നു മമ്മി ഡോക്ടറോട് പറഞ്ഞത്. ഒന്നൊന്നര വയസ്സുമു തൽ ചിരിയും പ്രസാദാത്മകതയും കൊണ്ട് എല്ലാരെയും ഇഷ്ടപ്പെടു ത്തിയ കുട്ടിയിൽ നിന്നു വന്ന മാറ്റം ഏറ്റവും ശ്രദ്ധിക്കുന്നത് അമ്മയായി രിക്കുമല്ലോ. ഒരു പ്രൈമറിക്ലാസു കഴിഞ്ഞപ്പോൾ മുതൽ അസന്തോ ഷത്തിൻറെ ഇരിപ്പുമുറി മനസ്സിൽ നിർമ്മിക്കപ്പെട്ടിരുന്നു. അതു മമ്മി തിരിച്ചറിയുന്നുണ്ടായിരിക്കും. മമ്മി എൻറെ ചിരിരഹിതമായ കാലത്തെ ക്കുറിച്ചു പറഞ്ഞതിനാൽ ജോസ് ഡോക്ടർ പലവിധമായ ചോദ്യങ്ങൾ ചോദിച്ചു. തമാശകൾ പറഞ്ഞു. എക്സ്റേ ഷീറ്റു പരിശോധിച്ചു. കുഴപ്പമൊന്നും കണ്ടില്ല**

അങ്ങനെ പലരും. ചിലരൊക്കെ അവരുടെ പ്രശ്നങ്ങൾ പങ്കുവച്ചു.

കന്നാലിക്കൂട്ടിൽ പശുക്കൾ വാ ഴുന്നില്ല, എല്ലാം ചത്തുപോകുന്നു. മൂരിക്കിടാങ്ങൾ മാത്രം നിലനിൽ ക്കും. പശുക്കിടാങ്ങൾ ചത്തുപോ കുന്നു. ചിലത് ഗർഭിണിയാകു മ്പോ ചാകുന്നു. ചിലർക്കാകട്ടെ പറമ്പിലൊക്കെ ഒരു വിളയും ശരി യായി ഉണ്ടാകുന്നില്ല.

മക്കളു പറഞ്ഞാ കേക്കില്ല. ഇങ്ങോട്ടു വിളിച്ചാ അങ്ങോട്ടുപോ കും. ചിലരുടെ കെട്ട്യോന്മാർക്കു മുടിഞ്ഞ കുടി. പെൺമക്കൾക്കു സമയത്തു കല്യാണം നടക്ക ത്തില്ല.

കല്യാണം കഴിഞ്ഞു വർഷ ങ്ങൾ കഴിഞ്ഞിട്ടും പിള്ളേരൊണ്ടാ കുന്നില്ല. ഇങ്ങനെ പ്രശ്നങ്ങളാണ് ഓരോരുത്തർക്കും.

അതിൽ എൻറെ തലവേദന ഒരു പ്രശ്നമായിപ്പോലും ആർ ക്കും തോന്നിയില്ല. അവിടെ വന്നിരിക്കുന്ന ഒരു ചെറുക്കൻ കൊച്ചിനെ ഇപ്പളും ഞാനോർക്കു ന്നുണ്ട്. ഒരിടത്തും അവൻ അടങ്ങി

നിക്കത്തില്ല. പള്ളിയിലെ ജനലിലൊക്കെ പിടിച്ചുകേറീട്ട് കൈവിട്ടു നിക്കും. അവിടുന്നു താഴേക്കു ചാടും. അമ്മ പിടിക്കാൻ ചെന്നാ പള്ളിക്കകത്തോട്ട് ഓടും. അവിടം വിശാലമാണല്ലോ. പള്ളിക്കകത്തൂടെ ഓടിക്കളിക്കാൻ പയ്യനു വളരെ ഇഷ്ടമായി. അങ്ങനെ അച്ചനെ കാത്തിരുന്നിട്ടും കുറെ നേരമായിട്ടും അച്ചൻ വരുന്നില്ല.

കാത്തിരിപ്പിനൊടുവിൽ അച്ചനെത്തി. ആറടിയിലധികം പൊക്കം. മെലിഞ്ഞുനീണ്ട ശരീരം. കുറച്ചു മുഷിഞ്ഞ ളോഹയാണിട്ടിരിക്കുന്നത്. അച്ചൻ ഓരോരുത്തരെയായി വിളിച്ചു. പ്രശ്നങ്ങൾ കേട്ടു. ചിലർക്ക് ചില പ്രാർത്ഥനകൾ ചൊല്ലാൻ നിർദ്ദേശിച്ചു. സകല പുണ്യാവാൻമാരുടേം ലുത്തിനിയ ചൊല്ലാൻ മിക്കവരോടും പറഞ്ഞു. കൂടാതെ ബനഡിക്ടൻ കുരിശുള്ള കാശുരൂപം ധരിക്കാനും.വീട്ടിലൊക്കെ ഇനി ബാധകൾ വരാതിരിക്കാൻ സകല പുണ്യവാന്മാരുടേയും ലുത്തിനിയ ചൊല്ലുന്ന പതിവ് അക്കാലത്തുണ്ടായിരുന്നു. 153 മണി ജപം, സകല പുണ്യവാന്മാരുടേയും ലുത്തിനിയ വ്യാകുലത്തിൻറെ കൊന്ത എന്നിങ്ങനെ ചില പ്രാർത്ഥനകൾ അക്കാലത്തു വീടുകളിൽ ചൊല്ലിയിരുന്നു. പിന്നീട് കരിസ്മാറ്റിക് പ്രസ്ഥാനം വ്യാപകമായപ്പോൾ കൺവെൻഷൻ, രോഗശാന്തി, ആന്തരസൗഖ്യം, അഭിഷേകാഗ്നി, വരപ്രാപ്തി, ഹോളിസ്പിരിറ്റ് (പരിശുദ്ധാത്മാവിൻറെ വരങ്ങൾ) എന്നിവയൊക്കെ വ്യാപകമായിത്തീർന്നു.

ഇവയിൽ പലതും അശുദ്ധാത്മാക്കളെ പുറത്താക്കാൻ ഉതകുന്നതായി ആളുകൾ വിശ്വസിച്ചു. ഇതൊന്നും ഇല്ലാതിരുന്ന കാലത്തായിരുന്നു വയലുങ്കൽ അച്ചനെപ്പോലുള്ളവരുടെ പ്രാധാന്യം. അച്ചൻ അഞ്ചു പൈസപോലും ആരുടെ കയ്യിൽ നിന്നും പ്രതിഫലം വാങ്ങില്ല. ആഴ്ചയിൽ മിക്കദിവസവും പ്രാർത്ഥനയിലും ഉപവാസത്തിലും ആയിരിക്കും. ഉപവസിച്ചുപവസിച്ചായിരിക്കണം അച്ചനിങ്ങനെ മെലിഞ്ഞിരുന്നത്. എനിക്കു മുൻപു വിളിച്ചത് ആ വികൃതിക്കങ്ങനെ ആയിരുന്നു.

പള്ളിമുറീൽ അച്ചൻറെ അടുത്തു വന്നിട്ടും അവനൊരടക്കവും ഇല്ല. മേലുകീഴു ചാട്ടം, ഓട്ടം ഒക്കെ തുടർന്നു. അച്ചൻ അവനെ ബലമായി പിടിച്ചുനിർത്തി. ജന

**വയലുങ്കലച്ചൻറെ കാര്യം പറഞ്ഞപ്പം ഞാൻ കടമറ്റത്തു കത്തനാരെ ഓർത്തു. കത്തനാരുടെ കഥയൊക്കെ രണ്ടിലും മൂന്നിലുമൊക്കെ പഠിക്കുന്ന കാലത്തു കുഞ്ഞിപ്പാപ്പൻ പറഞ്ഞിട്ടുണ്ടായിരുന്നു. കടമറ്റത്തു കത്തനാരു പാതാളലോകത്തു പോയി മാന്ത്രികവിദ്യകളൊക്കെ പഠിച്ചതും അവിടുന്ന് രക്ഷപ്പെട്ടു വന്നതുമൊക്കെ എനിക്കു പരിചിതമായിരുന്നു. പിശാചുക്കൾ കടമറ്റത്തച്ചനെ പിടികൂടി തിരികെക്കൊണ്ടു പോകാൻ വന്നപ്പോൾ പള്ളിക്കകത്തു കയറി വാതിലടച്ചതും പിശാചുക്കൾ ചങ്ങലകൊണ്ട് വാതിലിനിട്ടടിച്ചതും അതിൻറെ പാട് ആ വാതിലിൽ ഉണ്ടെന്നുമൊക്കെ കുഞ്ഞിപ്പാപ്പൻ ആംഗ്യവിക്ഷേപങ്ങളോടെ അഭിനയിച്ചു പറയുന്നത് ഞാനിപ്പോഴും ഓർക്കുന്നുണ്ട്.**

ലിൻറെ പടിയേൽ പിടിച്ചു നിൽക്കാൻ പറഞ്ഞു. പുറംതിരിഞ്ഞ് നിൽക്കുന്ന ചെറുക്കൻറെ ചന്തിക്കിട്ട് ചെറിയൊരു വള്ളിച്ചൂരൽ കൊണ്ട് രണ്ടടിവെച്ചുകൊടുത്തു. ചെറുക്കൻ പൊളഞ്ഞുപോയി. നല്ല സ്പീഡിലായിരുന്നു അടി വീണത്. ചെറുക്കൻ അലറിക്കാറി.

അച്ചൻ തനിക്കഭിമുഖമായി ചെറുക്കനെ നിർത്തി. അവൻ പേടിച്ചിട്ട് ഒന്നും മിണ്ടിയില്ല.

അവൻറെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചിട്ട് പള്ളിയിൽ പോയിരിക്കാൻ അവരോട് പറഞ്ഞു.

ഇനിയാണ് എൻറെ ഊഴം. ഞാൻ കുറച്ച് പേടിച്ചിട്ടാണിരിപ്പ്. കയറിച്ചെന്നപ്പോൾ മമ്മി ഭയഭക്തിയോടെ എൻറെ തലവേദനക്കാര്യം പറഞ്ഞു. അച്ചൻ എൻറെ മുഖത്തേയ്ക്ക്

സൂക്ഷിച്ചുനോക്കി. എൻറെ ഭയാധിക്യം നിറഞ്ഞ കണ്ണുകൾ കണ്ടിട്ടാകും അച്ചൻ

എന്നോട് പേടിക്കണ്ട എന്നു പറഞ്ഞു. അവിടെ ഒരു കസേരയിൽ ഇരിക്കാൻ പറഞ്ഞു.

ഞാൻ കസേരയിൽ ഇരുന്നു. അപ്പോൾ അച്ചൻ എൻറെ നെറ്റിയിൽ കൈവച്ചു. അച്ചൻറെ കൈവിരലുകൾക്ക് ഒരു സ്കെയിലിൻറെ നീളമെങ്കിലും കാണും. സ്കൂൾ ഇൻസ്ട്രമെൻറ് ബോക്സിലെ സ്കെയിലുപോലെ മെലിഞ്ഞുനീണ്ട കൈവിരലുകൾ. നെറ്റിയുടെ രണ്ടു വശത്തും വിരലുകൾ കൊണ്ട് പതുക്കെ തടവിക്കൊണ്ട് 'എവിടെയാ വേദന'; എന്ന് എന്നോടു ചോദിച്ചുകൊണ്ടിരുന്നു.

അങ്ങനെ ചെന്നിയിലുള്ള ഒരു ഞരമ്പ് അല്പം പിടഞ്ഞുനില്ക്കുന്നത് അച്ചൻ തലോടി അതിനെ തിരിച്ചറിഞ്ഞു. എന്നിട്ട് ചെന്നിയുടെ രണ്ടുവശത്തും അമർത്തിപ്പിടിച്ചിട്ട്

പതുക്കെ ചവയ്ക്കാൻ പറഞ്ഞു. ഇരുമ്പു കൊടിലിട്ടു പിടിക്കുമ്പോലെയാണ് അച്ചൻറെ പിടുത്തം. ഒരു മയോമില്ല. അങ്ങനെ അമർത്തിപ്പിടിച്ചും ചവച്ചും അല്പസമയം കഴിഞ്ഞ് അച്ചൻ വിരലെടുത്തു. എനിക്കാണെങ്കി തല മരവിച്ചപോലെയായി. അച്ചൻ മമ്മീടെ കയ്യിലൊരു കാശുരൂപം കൊടുത്തു. എന്തെങ്കിലും പ്രശ്നം ഉണ്ടാകുവാണെങ്കി അതു കഴുത്തിൽ കെട്ടിക്കൊടുക്കണമെന്നു പറഞ്ഞു. പള്ളിക്കകത്തു പോയിരുന്നോളാൻ പറഞ്ഞു.

എല്ലാവർക്കും അവരവരുടെ പ്രശ്നങ്ങൾക്ക് ഉചിതമായ ക്രിയ

കൾ ചെയ്തിട്ട് അച്ചൻ പള്ളിയിലേയ്ക്കു വന്നു. മുന്നേ വന്നവരും പിന്നേ വന്നവരുമെല്ലാം മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ട്. നമ്മുടെ വികൃതി പയ്യൻ വരെ മുട്ടുമേ നിൽക്കുവാ. മുട്ടേ നിൽക്കുന്നവരുടെ അടുത്തേയ്ക്ക് അച്ചൻ വന്നു. അച്ചൻറെ കയ്യിൽ ഒരു ചെറിയ കുപ്പിയിൽ അന്നാ വെള്ളം ഉണ്ട്. ഓരോരുത്തരുടേയും തലയിൽ കൈവച്ച് കണ്ണുകളടച്ച് അച്ചൻ പ്രാർത്ഥിക്കും. എന്നിട്ട് ആ കുപ്പിലെ

**അങ്ങനെ ചെന്നിയിലുള്ള ഒരു ഞരമ്പ് അല്പം പിടഞ്ഞുനില്ക്കുന്നത് അച്ചൻ തലോടി അതിനെ തിരിച്ചറിഞ്ഞു. എന്നിട്ട് ചെന്നിയുടെ രണ്ടുവശത്തും അമർത്തിപ്പിടിച്ചിട്ട് പതുക്കെ ചവയ്ക്കാൻ പറഞ്ഞു. ഇരുമ്പു കൊടിലിട്ടു പിടിക്കുമ്പോലെയാണ് അച്ചൻറെ പിടുത്തം. ഒരു മയോമില്ല. അങ്ങനെ അമർത്തിപ്പിടിച്ചും ചവച്ചും അല്പസമയം കഴിഞ്ഞ് അച്ചൻ വിരലെടുത്തു. എനിക്കാണെങ്കി തല മരവിച്ചപോലെയായി.**

വെള്ളം ഇച്ചിരി മൊഖത്തോട്ട് ചീറ്റിക്കും.

എന്നിട്ട് വളരെ മയത്തിൽ കരണത്തിനിട്ട് ചെറിയ ഒരടി തരും. വെള്ളം ചീറ്റിക്കുന്നതും അടിയുമൊക്കെ ഒന്നിച്ചാണ് വരിക. എന്നിട്ട് ആവശ്യപ്പെട്ടവർക്കൊക്കെ ചെറിയ കുപ്പികളിൽ വെഞ്ചരിച്ച വെള്ളം കൊടുത്തു.

കാശുരൂപവും കൂടെക്കൊടുത്തു. ചൊല്ലേണ്ട പ്രാർത്ഥനകൾ ഒക്കെ പറഞ്ഞു.

ചെലരോട് ഒരിക്കൽ കൂടി വന്നു പ്രതികരണങ്ങൾ അറിയിക്കാൻ പറഞ്ഞു. ഞങ്ങളോട് പിന്നെ വരാൻ പറഞ്ഞില്ല. പിന്നീട് കുറെ വർഷങ്ങൾക്കു ശേഷം പെരുവന്താനം പള്ളിയുടെ മുന്നിൽക്കൂടി ഞാൻ നടന്നുപോയപ്പോൾ ധാരാളം പേർ അച്ചനെ കാണാൻ കാത്തിരിക്കുന്നുണ്ടായിരുന്നു. അന്ന് അച്ചൻ പെരുവന്താനം പള്ളിയിലെ വികാരിയായിരുന്നു. അപ്പോൾ അച്ചൻ കുറേക്കൂടി മെലിയുകയും മുടിയെല്ലാം നരയ്ക്കുകയും ചെയ്തിരുന്നു. ഉപവാസത്തിൻറെയും പ്രാർത്ഥനയുടെയും ആധിക്യമാകാം കാരണം. ഏതു വിധത്തിലുള്ള ദുഷ്ടശക്തികളെയും ആഭിചാരങ്ങളെയും എതിരിടാനുള്ള 'വരം'; അദ്ദേഹത്തിന് ദൈവം നൽകിയിരുന്നു എന്ന് ഒരുപാടു പേർ വിശ്വസിച്ചിരുന്നു. ഏതാണ്ട് നൂറു വയസ്സുവരെ അച്ചൻ ജീവിച്ചിരുന്നു. അച്ചൻറെ സഹോദരനും ആദ്യം ചങ്ങനാശ്ശേരി രൂപതയിലും പിന്നീട് കാഞ്ഞിരപ്പള്ളി രൂപതയിലും വൈദികനായിരുന്നു. ചാഴി വിലക്കാനും ചള്ളിൻറെ ഉപദ്രവങ്ങളിൽ നിന്നു രക്ഷിക്കാനും മറ്റുള്ളവർ നമുക്കെതിരെ ചെയ്തുവച്ചിരിക്കുന്ന മാരണങ്ങളെ ഒഴിച്ചുവിടാനും അശുദ്ധാത്മാക്കളിൽ നിന്നു രക്ഷിക്കാനും അച്ചനു കഴിഞ്ഞിരുന്നു. അല്ലെങ്കിൽ അത്തരം വിശ്വാസമുള്ളവർക്ക് അതിൽ നിന്നു വിടുതി നൽകാനും അച്ചനു കഴിഞ്ഞിരുന്നു. നമ്മളു നട്ട കൃഷിയൊക്കെ ചാഴികളും വിട്ടിലുമൊക്കെ തിന്നു തീർത്താ എന്തു ചെയ്യും?

അപ്പോഴാണ് ചാഴിവെലക്കിൻറെ പ്രസക്തി. ഉപവാസത്തിൻറെ കരുത്തോടെ പ്രാർത്ഥിച്ചാൽ ചാഴീം പുഴുവൊന്നും അടുക്കത്തില്ല. ചള്ളിൻറെ ഉപദ്രവത്തെക്കുറിച്ചും ചില ധാരണകൾ അക്കാലത്തുണ്ടായിരുന്നു. ചിന്നു പറയുന്നത് ചെള്ളോന്നുമല്ല ,.

പൈശാചിക ശക്തിയെക്കുറിച്ചുള്ള നാടോടി പദപ്രയോഗം ആകാമത്. പശുവിനൊക്കെ വരുന്ന പ്രശ്നങ്ങൾക്ക് ചള്ളാണ് കാരണമെന്നു ഗൈനക്ക് വിശ്വസിച്ചിരുന്നു.


കൊച്ചുപിള്ളേരു മുലപ്പാലൊ



ന്നും കുടിക്കാതെ ചുമ്മാ കരഞ്ഞോണ്ടിരിക്കുമ്പോഴും ഇങ്ങനെയൊക്കെ വിശ്വസിച്ചിരുന്നു. അപ്പോ പൂതിയുണർത്തിയിട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാ അതു മാറുമെന്ന് വയറ്റാട്ടിപ്പണി ചെയ്യുന്ന ചേടത്തിമാർ പറഞ്ഞിരുന്നു. പിന്നെ'വാർതാൻ' പോലെയുള്ള കുട്ടിപ്പിശാചുക്കളും ജീവിതത്തിൽ കശപിശയൊക്കെ ഉണ്ടാക്കിക്കൊണ്ടു നടക്കുമായിരുന്നു.

കുട്ടിപ്പിശാചിൻറെ പണികൾ മിക്കയിടത്തും ഉണ്ടാകാറുണ്ട്. വീട്ടിനകത്ത് തമ്മിത്തമ്മി ഒണ്ടാകുന്ന വഴക്കും കശപിശേം തമ്മിലടീമൊക്കെ കുട്ടിപ്പിശാചുക്കൾ നടത്തുന്നതായിരുന്നതായി വിചാരിച്ചിരുന്നവർ ഉണ്ട്. അതീന്ദ്രിയ ശക്തികളും ഇന്ദ്രിയശക്തികൾക്കൊപ്പം സഹവസിക്കുന്നുണ്ടായിരിക്കും.


LAWSON travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com




' ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഹിംസയുടേതാണ്, അതിന്റെ വ്യാപനത്തിന്റേതാണ്. മനുഷ്യൻ ഹിംസയിൽ നിന്ന് മാറണമെങ്കിൽ അഹിംസയുടെ മാർഗം അഥവാ ഗാന്ധിമാർഗമേ ഉള്ളു... '



# ഇന്ന് ഗാന്ധിസത്തിന് പ്രസക്തിയുണ്ടോ?

***ഗാ**ന്ധിയുടെ ചിന്താധാര ഓരോ തലമുറയെയും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സ്വാധീനിക്കുന്നു .അദ്ദേഹത്തെ എതിർക്കുന്നവർ പോലും ആ ആർജ്ജവം കണ്ടു അതിശയിക്കുന്നു . സനാതനമായ മൂല്യങ്ങളിൽ ഊന്നിയ ആ വ്യക്തിത്വം വളരെ കലുഷിതമായ ഈ കാലത്തിനു പുതിയ മാർഗങ്ങൾ പകർന്നു നൽകുന്നു അടുത്തയിടെ നടന്ന ഒരു സംഭാഷണത്തിൽ പ്രൊഫ. എം പി മത്തായിയും ബാബു ഇരുമലയും ഊന്നിപ്പറഞ്ഞതും ഇത് തന്നെ .പ്രമുഖ ഗാന്ധിയനും, വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ. പ്രൊഫ. എം.പി. മത്തായിയുമായി സാഹിത്യകാരൻ ബാബു ഇരുമല നടത്തിയ മുഖാമുഖത്തിൽ നിന്നുള്ള ഭാഗങ്ങൾ (സംഘാടനം - സുവർണരേഖ, കോതമംഗലം)*



**ബാബു ഇരുമല :? താങ്കളുടെ ജീവിതത്തിൽ ആരൊക്കെ സ്വാധീനിച്ചു. എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായി. എന്തൊക്കെ നഷ്ടങ്ങൾ ഉണ്ടായി. നഷ്ടങ്ങൾ ഉണ്ടായെങ്കിൽ അതിനെ അതിജീവിക്കുവാൻ എങ്ങനെ കഴിഞ്ഞു.**

**'എന്നെ ഏറ്റവും അലട്ടിയിട്ടുള്ള പ്രശ്നം എങ്ങനെയാണ് ഈ ലോകത്ത് നദി പോലെ നീതി ഒഴുകുന്ന ഒരു ജീവിതക്രമം ഉണ്ടാക്കിയെടുക്കാം എന്നതാണ്. വളരെ ആഴത്തിൽ അസ്വസ്ഥനാക്കുന്നതും, ഞാൻ ഏറ്റവും കൂടുതൽ സംസാരിക്കുവാൻ ആഗ്രഹിക്കുന്നതും നീതിയെപ്പറ്റിയാണ്. '**

**പ്രൊഫ. എം.പി. മത്തായി :** സങ്കീർണമായിട്ടുള്ള ഒരു ചോദ്യമാണ്. ഞാൻ ജീവിതത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കിയതായി വിചാരിക്കുന്നില്ല. എന്റെ വിദ്യാർത്ഥികൾ, സുഹൃത്തുക്കൾ, മക്കൾ, സഹധർമ്മിണി അവരെല്ലാമാണ് എന്റെ നേട്ടവും കരുത്തും എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ നേരിട്ടുള്ള ഏറ്റവും വലിയ പ്രതിസ

ന്ധി വളരെ അടിസ്ഥാനപരമായ ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ വരുമ്പോഴുള്ളതാണ്. എന്നെ ഏറ്റവും അലട്ടിയിട്ടുള്ള പ്രശ്നം എങ്ങനെയാണ് ഈ ലോകത്ത് നദി പോലെ നീതി ഒഴുകുന്ന ഒരു ജീവിതക്രമം ഉണ്ടാക്കിയെടുക്കാം എന്നതാണ്. വളരെ ആഴത്തിൽ അസ്വസ്ഥനാക്കുന്നതും, ഞാൻ ഏറ്റവും കൂടുതൽ സംസാരിക്കുവാൻ ആഗ്രഹിക്കുന്നതും നീതിയെപ്പറ്റിയാണ്. നീതി എങ്ങനെ നടപ്പിലാക്കാക്കാം എന്നതിനുള്ള ഉത്തരമാണ് ഇന്നും മനുഷ്യരാശി തേടിക്കൊണ്ടിരിക്കുന്നത് . ഇന്നും ആ ദിശയിലുള്ള അന്വേഷണങ്ങളും പരീക്ഷണങ്ങളും നടന്നു കൊണ്ടിരിക്കുന്നു. എന്നെങ്കിലും ഒരു നാളിൽ അങ്ങനെ ഒരു ലോകക്രമം സൃഷ്ടിക്കപ്പെടുമെന്നുള്ള പ്രത്യാശയിൽ, അതിനു വേണ്ടിയിട്ടുള്ള പ്രയത്നങ്ങളിൽ പങ്കെടുക്കുക എന്നുള്ളതാണ് കരണീയമായിട്ടുള്ളത്.

**ഇന്ന് ഗാന്ധിസത്തിന് പ്രസക്തിയുണ്ടോ.**

ഇന്നത്തെ ലോകക്രമത്തെ എങ്ങനെ കാണുന്നു എന്നതനുസരിച്ചാണ് അതിന്റെ ഉത്തരം. ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഹിംസയുടേതാണ്, അതിന്റെ വ്യാപനത്തിന്റേതാണ്. എല്ലാ ഭൗതിക സാഹചര്യങ്ങളും ഉണ്ടായിട്ടും ലോക ജീവിതത്തിൽ ഹിംസ വർദ്ധിച്ചു വരുന്നു. യുദ്ധം പോലുള്ള വലിയ ഹിംസകൾ ഇന്നത്തെ കാലത്ത് കുറഞ്ഞു വരുന്നതായാണ് പല പഠനങ്ങളിലും കണ്ടെത്തിയിട്ടുള്ളത്. പക്ഷെ, സാധാരണ ജീവിതം വീടുകളിലും കുട്ടികളോടും ഉൾപ്പെടെ ഹിംസാനിബിഡമായി മാറുകയാണ്. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലേക്കും ഹിംസ ആളിപടരുകയാണ്. വിയോജിപ്പിലും സൗഹൃദങ്ങൾ തളിരിടണം. മനുഷ്യ മനസുകൾ കഠോരമാകുന്ന, എന്തും ചെയ്യാൻ

**'ആളുകളെ ബോദ്ധ്യപ്പെടുത്തി മനപരിവർത്തനമുണ്ടാക്കി കർമ്മരംഗത്തേക്ക് കൊണ്ടുവരുവാനാകും എന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. അതിനു സാധിച്ചില്ല ഗാന്ധിജി മരണപ്പെടാതെ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് ചെയ്തിരുന്നത് തുടർന്നും ചെയ്യുമായിരുന്നു എന്നു കരുതാം. '**

മടിയില്ലാത്ത അവസ്ഥകളാണ് നമ്മുടെ ചുറ്റുപാടും കാണാനാകുന്നത്.

ഇതിനെ മറികടക്കുവാൻ എന്തു ചെയ്യാനാകും എന്ന ചോദ്യത്തിന് ലോകത്തിലാകമാനം ഇന്ന് ഒറ്റ ഉത്തരമേ ഒള്ളു. ഹിംസയുടെ എതിർ ശക്തിയായ അഹിംസയെ മനുഷ്യ മനസുമനസുകളിൽ വളർത്തുക എന്നതാണത്. ഗാന്ധിജിയെ ലോകം മുഴുവൻ സ്വീകരിക്കപ്പെടു



ന്നത് ഒരു വക്താവും പ്രയോക്താവും എന്ന നിലയിലാണ്. മനുഷ്യൻ ഹിംസയിൽ നിന്ന് മാറണമെങ്കിൽ അഹിംസയുടെ മാർഗം അഥവാ ഗാന്ധിമാർഗമേ ഒള്ളു. അതു കൊണ്ടാണ് ഗാന്ധിജിയുടെ പ്രവർത്തന രീതികളെ ഇന്നും ലോകം അംഗീകരിക്കുകയും, ഐക്യരാഷ്ട്രസഭ ഉൾപ്പെടെ അത്തരം തിരിച്ചറിവുകളിലേക്ക് വരികയും ചെയ്തിരിക്കുന്നത്.

**വെറുപ്പും നുണകളും നമ്മളെ വല്ലാതെ സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ ഗാന്ധി ദർശനം കൊണ്ട് ഇന്ത്യക്ക് എന്തെങ്കിലും ഗുണമുണ്ടാകുമോ. ഒരു ഗാന്ധിയൻ എന്ന നിലയ്ക്ക് അങ്ങേക്ക് എന്തു തോന്നുന്നു.**

മനുഷ്യന്റെ അടിസ്ഥാന ഭാവം സ്നേഹമാണ്, ഒരോ മനുഷ്യനും ആഗ്രഹിക്കുന്നത് സ്നേഹിക്കപ്പെടുവാനും സ്നേഹിക്കുവാനും ആണ്. വെറുക്കപ്പെടുവാനും വെറുക്കുവാനും നമ്മളാരും ആഗ്രഹിക്കുന്നില്ല.എല്ലാവരിലും കുടികൊള്ളുന്ന ആ മാനുഷിക ഭാവം പരിപോഷിപ്പിക്കുകയാണ് വേണ്ടത്.

**ഗാന്ധിജി വെടിയേറ്റു മരിച്ചില്ലായിരുന്നുവെങ്കിൽ ഇന്ത്യയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുമായിരുന്നോ.**

അതിനുള്ള സൂചനകൾ നമ്മുടെ മുന്നിലുണ്ട്. ആളുകളെ ബോദ്ധ്യപ്പെടുത്തി മനപരിവർത്തനമുണ്ടാക്കി കർമ്മരംഗത്തേക്ക് കൊണ്ടുവരുവാനാകും എന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. അതിനു സാധിച്ചില്ല എങ്കിൽ ഗാന്ധിജിയുടെ കൈയ്യിൽ അതിനുണ്ടായിരുന്ന മറുപടിയാണ് സത്യാഗ്രഹം. ഗാന്ധിജി മരണപ്പെടാതെ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് ചെയ്തിരുന്നത് തുടർന്നും ചെയ്യുമായിരുന്നു എന്നു കരുതാം. ജനങ്ങളുമായുള്ള ഗാന്ധിജിയുടെ നിരന്തരമായ സമ്പർക്കമാണ് അദ്ദേഹത്തിനു ലഭിച്ച വിദ്യാഭ്യാസം. നിരക്ഷര കുക്ഷികളായ വെറും സാധാരണക്കാർ മുതൽ അതീവ സമ്പന്നർ വരെ സമസ്ത മേഖലയിലും ഉള്ളവരുമായിട്ട് അദ്ദേഹത്തിന് നിരന്തര സമ്പർക്കം ഉണ്ടായിരുന്നു'. ഒരു ദിവസം തന്നെ അദ്ദേഹം എത്രയോ മനുഷ്യരുമാ

യിട്ടാണ് ആശയ വിനിമയം നടത്തിയിരുന്നത്. ദിവസം അദ്ദേഹത്തിന് ലഭിച്ചിരുന്ന കത്തുകൾ തന്നെ 1000 വരുമായിരുന്നു. ബന്ധപ്പെടുവാൻ പരിമിതമായ മാർഗങ്ങൾ മാത്രം ഉണ്ടായിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു ഗാന്ധിജി ഇത്രമാത്രം ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരുന്നത് എന്നത് നമ്മളെ അത്ഭുതപ്പെടുത്തുന്നതാണ്.

ഇന്ത്യയുടെ ഭാവിയുമായി ബന്ധപ്പെട്ട സുപ്രധാന കാര്യം ഗാന്ധിജിയുമായി സംസാരിക്കുവാൻ മൗണ്ട് ബാറ്റൻ പ്രഭു രണ്ടു പ്രതിനിധികളെ അയച്ചു. അതുമായി ബന്ധപ്പെട്ടുണ്ടായ സംഭവം ഓർമ്മയിൽ വരുന്നു. പ്രതിനിധികൾ സേവാഗ്രാമിൽ വന്ന് അവരുമായി സംസാരിച്ചിരുന്ന സന്ദർഭത്തിൽ ആടുകൾക്ക് തീറ്റ കൊടുക്കുവാനും, ഗ്രാമത്തിൽ നിന്നും വന്നവരെ കാണുവാനും ആയി ഗാന്ധിജി ഇടക്കിടെ പുറത്തേക്ക് പോയി തിരിച്ചു വരുന്നതിനെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു. 'ഈ രാഷ്ട്രം അവരുടേതാണ് '.

**ഗാന്ധിയൻ ആദർശങ്ങളെ മറികടന്ന് നമ്മൾ സോഷ്യലിസത്തിന്റെയും, മിക്സഡ് ഇക്കോണമിയുടേയും പിന്നാലെ പോയി. കൂടുതൽ വ്യവസായങ്ങൾ, ശാസ്ത്ര സ്ഥാപനങ്ങൾ എന്നിവ തുടങ്ങി ഇന്ത്യയെ കുറച്ചു കൂടി ആധുനികമാക്കി. ഇത് ഗാന്ധിജിക്ക് അഭിലഷണീയമായിരുന്നോ.?ഗാന്ധിജി വിഭാവനം ചെയ്തത് ഗ്രാമ സ്വരാജ് ആയിരുന്നു. അതായിരുന്നില്ലേ ഇന്ത്യൻ സാഹചര്യത്തിൽ കൂടുതൽ മികച്ചത്.**

ഇന്ത്യ സ്വതന്ത്രമാകണം എന്ന ആശയം ഉടലെടുത്തപ്പോൾ എന്തു തരത്തിലുള്ള ഒരു രാഷ്ട്രം ആയിത്തീരണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു രാഷ്ട്രസങ്കൽപ്പം

**'രാജ്യം ഒരു വിഭാഗത്തിന്റേത് മാത്രം ആയിരിക്കരുത് എല്ലാവരുടേയും ആയിരിക്കണം എന്ന ചിന്താഗതിക്കാരനായിരുന്നു ഗാന്ധിജി. ഇന്ത്യയുടെ സംസ്കാരവുമായി, ധാർമ്മികതയുമായി, ആദ്ധ്യാത്മികതയുമായി യോജിച്ചു പോകുന്ന ഒരു രാഷ്ട്രീയ സംവിധാനമാണ് ഗാന്ധിജി ആഗ്രഹിച്ചത്.'**

ഉണ്ടായിരുന്നില്ല. രാജ്യം ഒരു വിഭാഗത്തിന്റേത് മാത്രം ആയിരിക്കരുത് എല്ലാവരുടേയും ആയിരിക്കണം എന്ന ചിന്താഗതിക്കാരനായിരുന്നു ഗാന്ധിജി. ഇന്ത്യയുടെ സംസ്കാരവുമായി, ധാർമ്മികതയുമായി, ആദ്ധ്യാത്മികതയുമായി യോജിച്ചു



പോകുന്ന ഒരു രാഷ്ട്രീയ സംവിധാനമാണ് ഗാന്ധിജി ആഗ്രഹിച്ചത്. ഇന്ത്യൻ ജീവിതത്തിന്റെ ഒരു സവിശേഷത എന്നു പറയുന്നത് അതിന്റെ ഗ്രാമ സംവിധാനമാണ്. ഗ്രാമാധിഷ്ഠിതമായ, വികേന്ദ്രീകൃതമായ, ജനങ്ങൾക്ക് പങ്കാളിത്തമുള്ള ഒരു ഭരണക്രമം ഇവിടെ ഉണ്ടാകും എന്നായിരുന്നു ഗാന്ധിജിയുടെ ധാരണ. അതാണ് ഗ്രാമ സ്വരാജ്. എന്നാൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അന്നത്തെ മുൻനിര നേതാക്കളുടെ ആഗ്രഹവും താൽപ്പര്യവും ഇന്ത്യ ഒരു പാശ്ചാത്യ രാജ്യത്തിന്റെ മാതൃകയിൽ വികസിക്കണം എന്നതായിരുന്നു. ഇത് ഗാന്ധിജിയുടെ സങ്കൽപ്പത്തിന് എതിരായിരുന്നുവെങ്കിലും ഭൂരിഭാഗം നേതാക്കളുടെ താൽപ്പര്യത്തെ ഗാന്ധിജി എതിർക്കുകയുണ്ടായില്ല. കാരണം, ഗാന്ധിജി ഒരു ജനാധിപത്യ വിശ്വാസി ആയിരുന്നു. ഇന്ത്യ പിറന്നു വീണ സമയം ഏറ്റവും വലിയ വർഗീയ കലാപമാണ് ഇവിടെ നടന്നത്. ഗാന്ധിജി അതുമായി ബന്ധപ്പെട്ട തിരക്കിലായിരുന്നു. അന്നത്തെ സാഹചര്യത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞ് പ്രശ്നത്തെ സങ്കീർണമാക്കുവാൻ ഗാന്ധിജി ആഗ്രഹിച്ചതുമില്ല. പാർലമെന്ററി ജനാധിപത്യം എന്ന വിട്ടുവീഴ്ച്ചക്ക് ഗാന്ധിജി വഴങ്ങുകയായിരുന്നു.

പിൽക്കാലത്ത് ഗാന്ധിജിയുടെ സങ്കൽപ്പങ്ങളിലേക്ക് ഭരണാധികാരികളും രാജ്യവും കുറെയൊക്കെ മുന്നോട്ടു വരികയുണ്ടായി. കേരളത്തിലെ ത്രിതല പഞ്ചായത്ത് രാജ് തന്നെ നമുക്ക് ഉദാഹരിക്കാം. കൂടുതൽ വിഭവങ്ങൾ കൊടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കരുത്താർജിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. അതോടെഅഴിമതി പ്രാദേശിക വൽക്കരിക്കപ്പെട്ടു എന്ന് പറയാതെ വയ്യ.. ഗാന്ധിജി വൻകിട വ്യവസായങ്ങളേക്കാൾ ഇന്ത്യയിൽ നിലനിന്നിരുന്ന ഗ്രാമസമൃദ്ധിയെ വിശ്വസിച്ചു. ഗ്രാമങ്ങളിലെ സർവർക്കും സമ്പൂർണ തൊഴിൽ ഉണ്ടായിരുന്നു. അതു കൊണ്ടു കൂടിയാണ് വികേന്ദ്രീകൃത സമ്പ്രദായത്തിൽ ഗാന്ധിജി താൽപ്പര്യം കാണിച്ചത്.

**സ്വാതന്ത്ര്യം ലഭിച്ച് ഇത്ര കാലം കഴിഞ്ഞിട്ടും ജാതിയോ, ദളിത വിരുദ്ധ ചിന്തകളോ ഉച്ചാടനം ചെയ്യുവാൻ നമ്മുടെ സമൂഹത്തിന് കഴിഞ്ഞിട്ടില്ല. ഗാന്ധിയൻ ദർശനത്തിന്റെ പരാജയമല്ലേ ഇത് കാണിക്കുന്നത്.**

സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള നാട് ഗാന്ധിജി അല്ലല്ലോ നയിച്ചത്. ഭരണഘടന ഉണ്ടായി, ഇന്ത്യ

റിപ്പബ്ളിക്കായി. എഴുപതിറ്റാണ്ടു പിന്നിട്ടിട്ടും നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാത്തതിന്റെ കാരണക്കാരൻ 1948ൽ വധിക്കപ്പെട്ട ഗാന്ധിജി ആകുന്നതെങ്ങിനെ. ദളിതരുടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി ദേശീയ ശ്രദ്ധയിലേക്ക് ആ വിഷയത്തെ കൊണ്ടുവന്നത് ദളിതരായ ഏതു നേതാക്കളേക്കാൾ കൂടുതൽ ഗാന്ധിജിയാണ്. ദളിതർക്കായുള്ള അടിസ്ഥാന വികസന സേവനങ്ങൾ ചെയ്യുന്നതിൽ ഗാന്ധിജി എക്കാലവും മുൻനിരയിൽ നിന്നു. അയിത്തം എന്നത് ഭരണഘടനയിൽ നിയമപരമായി നിരോധിക്കണം എന്ന് ഭരണഘടനാ ശിൽപ്പികൾക്ക് എഴുതിക്കൊടുത്ത ആളാണ് ഗാന്ധിജി.

**ഇന്നത്തെ വെറുപ്പിന്റെ രാഷ്ട്രീയത്തിൽ ഗാന്ധിജി സങ്കൽപ്പിച്ചതിൽ നിന്നും തികച്ചും വിഭിന്നമായ ഒരു സാഹചര്യത്തിലേക്ക് രാഷ്ട്രം നീങ്ങിയാൽ ഒരു ഗാന്ധിയൻ എന്ന നിലക്ക് അങ്ങോ അങ്ങയെപ്പോലെ ചിന്തിക്കുന്നവരോ എന്ത് നിലപാട് എടുക്കും.**

എതിരാളികളെ ഏറിയും കുറഞ്ഞും വെറുക്കുക എന്നുള്ളതാണ് പതിറ്റാണ്ടുകളായി എല്ലാ രാഷ്ട്രീയ കക്ഷികളും ചെയ്തു വരുന്നത്.

**'എഴുപതിറ്റാണ്ടു പിന്നിട്ടിട്ടും നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാത്തതിന്റെ കാരണക്കാരൻ 1948ൽ വധിക്കപ്പെട്ട ഗാന്ധിജി ആകുന്നതെങ്ങിനെ. ദളിതരുടെ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടി ദേശീയ ശ്രദ്ധയിലേക്ക് ആ വിഷയത്തെ കൊണ്ടുവന്നത് ദളിതരായ ഏതു നേതാക്കളേക്കാൾ കൂടുതൽ ഗാന്ധിജിയാണ്.'**

1969നുശേഷം രാജ്യത്തു വന്ന ഒരു വ്യതിയാനമാണിത്. ഈ കാഴ്ച്ചകൾ കണ്ടിട്ടും മൗനം പാലിച്ചവർ ഉൾപ്പെടെ ഇതിന് ഉത്തരവാദികളാണ്. ഗാന്ധിയന്മാർ ഉയർന്ന തരത്തിൽ ശബ്ദിക്കുന്നില്ല എന്നത് നേരാണ്. വീടുകളിലും, സംഘടനകളിലും, ചന്തകളിലും എല്ലാം നമ്മൾ സ്നേഹത്തിന്റെ കട തുറക്കേണ്ടിയിരിക്കുന്നു.

**മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആധിപത്യമാണ്, അക്രമങ്ങളാണ്, വാർത്തകളാണ് എവിടെ നിന്നും കേൾക്കുന്നത്. ഇതിന് കടിഞ്ഞാണിടുവാൻ ഗാന്ധിയൻ മാർഗങ്ങൾക്കാകുമോ.**

അതു കൊണ്ടേ പറ്റൂ എന്നാണ് അതിനുള്ള ലളിതമായ മറുപടി. മദ്യവും, മയക്കുമരുന്നും ഇവിടെ കൊണ്ടുവന്ന് വ്യാപാരം ചെയ്യുന്നതിനുള്ള സാഹചര്യം ആരാണ് സൃഷ്ടിക്കുന്നത്. കാമ്പസുകളിൽ മുൻകാലത്തൊക്കെ ലഹരിക്കെതിരായ, അക്രമത്തിനെതിരായ അന്തരീക്ഷം ഉണ്ടായിരുന്നു. ഇന്ന് മദ്യവും ലഹരിയും ഏത് അവസരങ്ങളിലേയും ഒരു അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. വിവാഹം തുടങ്ങിയ സന്തോഷത്തിന്റെ സമയങ്ങളിൽ മാത്രമല്ല മരണവീടുകളിലും ഇക്കാലത്ത് മദ്യം വിളമ്പുന്നു. കുട്ടികളല്ല, മുതിർന്നവരാണ് ഇത്തരം സന്ദർഭങ്ങളൊക്കെ സൃഷ്ടിച്ചു കൂട്ടുന്നത്.

**മദ്യവും, മയക്കുമരുന്നും ഇവിടെ കൊണ്ടുവന്ന് വ്യാപാരം ചെയ്യുന്നതിനുള്ള സാഹചര്യം ആരാണ് സൃഷ്ടിക്കുന്നത്. കാമ്പസുകളിൽ മുൻകാലത്തൊക്കെ ലഹരിക്കെതിരായ, അക്രമത്തിനെതിരായ അന്തരീക്ഷം ഉണ്ടായിരുന്നു. ഇന്ന് മദ്യവും ലഹരിയും ഏത് അവസരങ്ങളിലേയും ഒരു അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു.**



**മദ്യത്തിനെതിരായ സർക്കാരിന്റെ പ്രചാരണങ്ങളെ എങ്ങനെ വിലയിരുത്തുന്നു. മദ്യവർജ്ജന സമിതിയുടെ ഇന്നത്തെ പ്രസക്തി എന്താണ്.**

സർക്കാർ ചെയ്യുന്നത് കാപട്യമാണ്. മദ്യത്തിന്റെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നവർ തന്നെ അതിനെതിരെ പ്രചാരണ നടത്തുന്നത് മോഷണമുതലിന്റെ ഒരു ഭാഗം കാരുണ്യ പ്രവർത്തനത്തിന് വിനിയോഗിക്കുന്നതു പോലെയാണ്. ഇത്തരം ഒരു അപകടത്തെ തടയുന്നതിന്റെ ചുമതല മദ്യവർജ്ജന സമിതി പോലുള്ള പ്രസ്ഥാനങ്ങൾക്ക് മാത്രമായി വിട്ടുകൊടുക്കുന്ന പൊതു നിലപാടും ശരിയല്ല. നമ്മൾ പോകുന്നത് കൂടുതൽ അപകടത്തിലേക്കാണെന്ന് തിരിച്ചറിയുന്ന ഈ സമൂഹത്തിലെ ഒരോ കാവൽക്കാരനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്.


● ചെറുകഥ


വര :
പി ആർ രാജൻ

# പോക്കുവെയിലിൽ ഒരു കുട തനിച്ച്

## ശ്യാം സുന്ദർ പി എച്ച്

അതിരഞ്ഞൂരിലെ എന്റെ ആദ്യത്തെ മഴക്കാലമായിരുന്നു അത്. വിരലുവെച്ചാൽ മുറിഞ്ഞുപോകുന്ന അത്രയും മഴ.ഇടവേളകളില്ലാതെ പെയ്ത ആ മഴയിൽ അതിരഞ്ഞൂർ പുഴ കരകവിഞ്ഞൊഴുകി.കുറച്ചു ദിവസങ്ങൾക്കു മുൻപ് വരെ കണ്ട ഭാവമേയായിരുന്നില്ല പ്രകൃതിക്ക്. ചില മനുഷ്യരെപ്പോലെ, തീർത്തും അപരിചിതമായ മറ്റൊരു ഭാവം പൊടുന്നനെ അവൾ മുഖത്തണിഞ്ഞു...



കഴിഞ്ഞ വർഷമാണ് അതിരഞ്ഞൂർ സർക്കാർ ഹൈസ്കൂളിലെ മലയാളം അധ്യാപകനായി ഞാൻ ജോലിയിൽ ചേരുന്നത്.എത്തിപ്പെടാൻ അത്രയൊന്നും എളുപ്പമല്ലാത്ത ഒരിടമായിരുന്നു അത്.വല്ലപ്പോഴും -അതായത് രാവിലെ രണ്ട്, ഉച്ചയ്ക്ക് ഒന്ന്, വൈകീട്ട് രണ്ട് എന്ന കണക്കിൽ -സർവീസ് നടത്തുന്ന കെ എസ് ആർ ടി സി ബസുകളും , മറ്റെവിടെ നിന്നോ കിതച്ചെത്തുന്ന ഓട്ടോറിക്ഷകളും മാത്രമായിരുന്നു സഞ്ചാരത്തിനുള്ള സാധാരണക്കാരന്റെ ആശ്രയങ്ങൾ.ഒരു ഓട്ടോറിക്ഷ സ്റ്റാൻഡ് പോലും അവിടെയുണ്ടായിരുന്നില്ല എന്നത് എന്നെ അതിശയപ്പെടുത്തിയിരു

**അങ്ങനെ നടക്കുമ്പോഴാകും ക്ലാസ്സിലെ ഏതെങ്കിലുമൊരു കുട്ടിയുടെ രക്ഷിതാവിനെ കണ്ടുമുട്ടുക. തങ്ങളുടെ നാട്ടിലെ ആകെയുള്ളൊരു സർക്കാർ ഹൈ സ്കൂളിലെ മലയാളം അധ്യാപകനായ പരദേശി യുവാവിനെ ആ നാട്ടുകാർ  ഉപാധികളില്ലാത്ത സ്നേഹവായ്പ്പോടെയാണ് ചേർത്തുപിടിച്ചത്**

ന്നു. ആദ്യമൊക്കെ ഈ യാത്രാക്ലേശം  എന്നിൽ ഒരുതരം അസ്വസ്ഥത ജനിപ്പിച്ചിരുന്നു എന്നുള്ളത് ശരി തന്നെ.സാഹചര്യങ്ങളോട് ഇഴുകിച്ചേർന്നതോടെ പിന്നെ പിന്നെ അതില്ലാതാവുകയായിരുന്നു . ഒന്നോർത്താൽ സ്കൂൾ വിട്ടാൽ വാടകമുറി, വാടകമുറിയിൽ നിന്ന് പുറത്തിറങ്ങിയാൽ സ്കൂൾ,മറ്റെവിടേയ്ക്കും പോകാനില്ലാത്ത, മറ്റാരും അന്വേഷിച്ചു വരാനുമില്ലാത്ത ഒരാളെ സംബന്ധിച്ച് യാത്ര എന്നതിന് എന്ത് പ്രസക്തിയാണുള്ളത്. അതുകൊണ്ട് കൂടിയാണ് നാട്ടിൽ ഉപയോഗിച്ചിരുന്ന ടു വീലർ അവിടേയ്ക്ക് കൊണ്ട് പോകാതിരുന്നതും. മാസത്തിലൊരിക്കൽ നാട്ടിലേക്ക് പോകുമ്പോഴാകട്ടെ വൈകുന്നേരത്തെ ബസിൽ റെയിൽവേ സ്റ്റേഷന് മുന്നിലും,തിങ്കളാഴ്ചകളിൽ രാവിലത്തെ ബസിൽ തിരിച്ച് സ്കൂളിനടുത്തുള്ള ബസ് സ്റ്റോപ്പിൽ ഇറങ്ങുകയും ചെയ്യാം.അല്പം നടക്കേണ്ട ദൂരം മാത്രം. സ്വസ്ഥം, സമാധാനം..എല്ലാ തിരക്കുകളിൽ നിന്നും, ലോകത്തിന്റെയീ ദ്രുത ചലനങ്ങളിൽ നിന്നും ശബ്ദകോലാഹലങ്ങളിൽ നിന്നുമെല്ലാം വിട്ടകന്ന് ശാന്തമായി ജീവിതം വെറുതേയങ്ങനെ ജീവിച്ചു തീർക്കാൻ അതിലും യോജിച്ച ഒരിടം എന്നെ സംബന്ധിച്ച് മറ്റൊന്നുണ്ടായിരുന്നില്ല. കിഴക്ക് അതിരിട്ടു നിൽക്കുന്ന മലനിരകൾക്കിടയിലൂടെ , പുഴ കൈപിടിച്ചു കൊണ്ടുവരുന്ന കിഴക്കൻ കാറ്റേറ്റ്  'സ്പോട്ടിഫയി'ലെ ഇഷ്ടപ്പെട്ട പ്ലേലിസ്റ്റും ഓൺ ചെയ്ത് വെച്ച് കരിമ്പനകൾക്ക് നടുവിലെ പാറപ്പുറത്ത് കണ്ണടച്ച് മലർന്നു കിടക്കുന്നതായിരുന്നു 'ആദ്യകാല അതിരഞ്ഞൂർ വൈകുന്നേരങ്ങളിലെ'  എന്റെ പ്രിയപ്പെട്ട നേരംപോക്ക്.പിന്നെ പുഴയ്ക്ക് നടുവിലെ ചെറിയ തുരുത്തുകളിൽ നിന്നും ആറ്റുവഞ്ചി പൂക്കൾ പിഴുതെടുത്ത് വാടകമുറിയിലേക്ക് നടക്കും. ഒക്ടോബർ പകുതിയോടെ വറ്റിവരണ്ട് പുഴ നേർത്ത നൂലുപോലെയാകും, വരണ്ട പൊടിക്കാറ്റ് വീശും.എങ്കിലും ഭൂതകാലത്തിന്റെ സമൃദ്ധിയുടെ ഓർമകളിൽ അഭിരമിച്ചു കിടക്കുന്ന മണൽത്തരികളിൽ അപ്പോഴും ചെറിയ നനവ് അനുഭവപ്പെടാറുണ്ടായിരുന്നു. അതിൽ ചവുട്ടി നടക്കുമ്പോൾ എന്റെ ഹൃദയത്തിലും തെളിനീർ കിനിയുന്നത് ഞാൻ അറിയാറുണ്ട്. അങ്ങനെ നടക്കുമ്പോഴാകും ക്ലാസ്സിലെ ഏതെങ്കിലുമൊരു കുട്ടിയുടെ രക്ഷിതാവിനെ കണ്ടുമുട്ടുക. തങ്ങളുടെ നാട്ടിലെ ആകെയുള്ളൊരു സർക്കാർ ഹൈ സ്കൂളിലെ മലയാളം അധ്യാപകനായ പരദേശി യുവാവിനെ ആ നാട്ടുകാർ  ഉപാധികളില്ലാത്ത സ്നേഹവായ്പ്പോടെയാണ് ചേർത്തുപിടിച്ചത്. കുശലാന്വേഷണങ്ങൾ പലപ്പോഴും നീണ്ടു നീണ്ടു പോകാറുള്ളത് പതിവായിരുന്നു.മഴക്കാലമായതോടെ എന്റെയാ പ്രിയപ്പെട്ട വൈകുന്നേരങ്ങളാണ് എനിക്കു നഷ്ടപ്പെട്ടുപോയത്.

പുറത്തെ പെരുമഴയിൽ,ഇടവഴിയോട് ചേർന്നുള്ള, ദേവസ്സിചേട്ടന്റെ ഫ്ലോർമില്ലിന് മുകളിലെ വാടകമുറിയിൽ, ശനിയാഴ്ചയുടെ ആലസ്യത്തിൽ മൂടിപ്പുതച്ച് കിടന്നുറങ്ങുമ്പോൾ 'ഈ നിമിഷമാണ് ഭൂമിയിലെ സ്വർഗ്ഗമെന്ന്' എനിക്ക് തോന്നിപ്പോയിരുന്നു.വാടകമുറിയെന്ന് പറയുമ്പോൾ സൗകര്യങ്ങളെല്ലാം വളരെ പരിമിതമായ ഓടുപാകിയ ഒറ്റമുറി. കിടപ്പുമുറിയും അടുക്കളയും ഭക്ഷണമേശയും എല്ലാം ഒരിടത്ത്, പിന്നെ അടുക്കളയിൽ നിന്ന് തുറക്കുന്ന വാതിലുകളുള്ള ഒരു കുളിമുറിയും.എങ്കിലും ആ മുറി എനിക്ക് പ്രിയപ്പെട്ടതാണ്.സ്വന്തം വീടൊഴിച്ച് മറ്റെവിടെ നിന്നും ലഭിച്ചിട്ടില്ലാത്ത മനഃശാന്തിയും സ്വസ്ഥതയും അവിടെയായിരിക്കുമ്പോൾ എനിക്കനുഭവപ്പെടാറുണ്ട്. സ്വകാര്യതയിലേക്ക് കടന്നുകയറാൻ ആരുമില്ലാതിരിക്കുന്ന അവസ്ഥയാണ് ലോകത്തേക്ക് വെച്ചേറ്റവും വലിയ ആഡംബരം എന്ന് ഞാൻ തിരിച്ചറിഞ്ഞത് ആ മുറിക്കുള്ളിൽ വെച്ച് തന്നെയാണ്.തനിച്ചിരുന്നു പുസ്തകങ്ങൾ വായിക്കാനും മനസ്സിൽ തോന്നുന്ന വരികൾ ഡയറിയിൽ കുറിച്ചിടാനും ഏറ്റവും സൗകര്യപ്രദമായ ഒരിടം.എങ്കിലും ഇടയ്ക്ക് മിണ്ടിയും പറഞ്ഞുമിരിക്കാൻ ആരെങ്കിലുമൊക്കെ ഉണ്ടായിരുന്നെങ്കിലെന്നും വെറുതേ മോഹിച്ചുപോകും.അപ്പോഴൊക്കെ ദേവസ്സി ചേട്ടൻ ഒരു ദൈവദൂതനെ പോലെ എനിക്കു മുന്നിൽ പ്രത്യക്ഷപ്പെടും. പിന്നെ അതിരഞ്ഞൂർ കഥകളുടെ കെട്ടഴിക്കും.എഴുത്തിന്റെ 'അസ്കിത'യുള്ള ഒരാൾക്ക് അത്തരം കഥകളിൽ നിന്ന് സ്വഭാവികമായും ചിലതെല്ലാം വീണുകിട്ടുമല്ലോ.ആദ്യമായി അവിടേക്ക് താമസിക്കാൻ വരുമ്പോൾ സദാസമയം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു ഫ്ലോർ മില്ലിന് മുകളിലെ താമസം എങ്ങനെയായിരിക്കുമെന്ന് ഒരാശങ്ക എനിക്കുണ്ടായിരുന്നു.എന്നാൽ ഞാൻ മുറിയിൽ ഉണ്ടായിരിക്കുമ്പോഴൊന്നും അയാൾ മുളക്, മല്ലി, മഞ്ഞൾ തുടങ്ങിയ ഉപദ്രവകാരികളായ വസ്തുക്കളൊന്നും മില്ലിൽ നിന്ന് പൊടിച്ചു കൊടുക്കാറില്ലായിരുന്നു. ഞാൻ പുറത്തോ സ്കൂളിലോ ആയിരിക്കുമ്പോൾ മാത്രം അവ പൊടിക്കുകയും അല്ലാത്തപ്പോഴെല്ലാം അരി, ഗോതമ്പ്,

പോലുള്ള  ധാന്യങ്ങളും മറ്റും പൊടിച്ച് പരമാവധി എന്നെ ശല്യപ്പെടുത്താതിരിക്കാൻ ശ്രമിച്ചിരുന്നു. ദേവസ്സിചേട്ടനും എനിക്കുമിടയിൽ നിലനിന്നിരുന്ന ആ അലിഖിത കരാർ ഒരിക്കലും ലംഘിക്കപ്പെടാതിരിക്കാൻ അയാൾ അതീവശ്രദ്ധാലുവുമായിരുന്നു.ഒരു സഹൃദയൻ, അതിരഞ്ഞൂരിനപ്പുറം ഒരു ലോകമില്ലെന്ന് കരുതുന്ന ഹൃദയവിശുദ്ധിയുള്ള ഒരു പാവം മധ്യവയസ്കൻ..

മഴയൊന്ന് തോർന്നപ്പോൾ-വാടകമുറിയുടെ ബാൽക്കണിയെന്ന് പറയാവുന്ന ഇടുങ്ങിയയിടത്തോട് ചേർന്നുള്ള ഇലഞ്ഞിക്കൊമ്പിൽ നിന്ന് അവസാനത്തെ തുള്ളിയും ഇറ്റുവീണതിന് ശേഷം,ഒരല്പം ഇറങ്ങി നടക്കാമെന്നു കരുതി മുറി പൂട്ടി പുറത്തേക്കിറങ്ങാൻ തുടങ്ങുമ്പോഴായിരുന്നു ഞാൻ താഷിയെ ആദ്യമായി കാണുന്നത്.നരച്ച ഇളംനീല നിക്കറും അതിനേക്കാൾ നരച്ച, അവനേക്കാൾ ഇരട്ടിവലിപ്പമുള്ള ഒരു റോസ്നിറ ടീ ഷർട്ടും ധരിച്ച് ''ചേട്ടാ..പുസ്തകങ്ങള് വേണോ''? എന്ന് ഉറക്കെ ചോദിച്ചു കൊണ്ട് മുകളിലേക്ക് നോക്കി നിൽക്കുകയായിരുന്നു അവൻ. നെറ്റിയിലേക്ക് വീണുകിടക്കുന്ന അവന്റെ നീളൻ മുടിത്തുമ്പിൽ മഴത്തുള്ളികൾ പളുങ്കു മണികൾ പോലെ  പറ്റിപ്പിടിച്ചിരുന്നിരുന്നു.അവന്റെ ഇളംനീല കണ്ണുകൾക്ക് അദ്ഭുതകരമായ തിളക്കമുണ്ടായിരുന്നു.''പുസ്തകങ്ങളോ,, എന്ത് പുസ്തകങ്ങൾ?'' എന്ന് കൗതുകത്തോടെ ഞാൻ തിരിച്ചു ചോദിച്ചു. ''വായിക്കാനുള്ള പുസ്തകങ്ങൾ ' എന്ന അവന്റെ നിഷ്കളങ്കമായ മറുപടി കേട്ട് എന്റെ മുഖത്ത് അറിയാതെ  പരന്ന ഒരു പുഞ്ചിരിയുമായി ഞാൻ താഴേക്ക് ഇറങ്ങിച്ചെന്നു. മഴയായത് കൊണ്ട് ദേവസ്സി ചേട്ടൻ അന്ന് മില്ല് തുറന്നിരുന്നില്ല. മില്ലിന്റെ മുന്നിലെ അരമതിലിൽ ഇരുന്ന് ഞാൻ അവനോട് പുസ്തകങ്ങൾ കാണട്ടെ എന്നാവശ്യപ്പെട്ടു. മഴ നനയാതിരിക്കാൻ പ്ലാസ്റ്റിക് കൂടിൽ പൊതിഞ്ഞ് ടി ഷർട്ടിനടിയിൽ സൂക്ഷിച്ചിരുന്ന ഒരടുക്ക് പുസ്തകങ്ങൾ അവൻ പുറത്തേക്കെടുത്തു,അവന്റെ നെഞ്ചിലെ ചൂടുപറ്റിയ ഒരടുക്ക് പുസ്തകങ്ങൾ.എല്ലാം പഴയ പുസ്തകങ്ങളായിരുന്നു, പഴയ പതിപ്പുകൾ. ഏറ്റവും മുകളിലായി 'രണ്ടാമൂഴവും' അതിന് താഴെ 'ആനന്ദിന്റെ മരുഭൂമികൾ ഉണ്ടാകുന്നതും' കണ്ടു. അരമതിലിൽ നനവില്ലാത്ത ഒരിടത്ത് അവൻ ആ പുസ്തകങ്ങൾ  പരത്തിയിട്ടു. കൂട്ടത്തിൽ കുറേ ആഴ്ചപതിപ്പുകളും ഉണ്ടായിരുന്നു, പഴയത്, മാസങ്ങൾക്കു മുൻപിറങ്ങിയത്.ഏതോ പഴയ പുസ്തകക്കടയിൽ ആരുടെയും കരസ്പർശമേൽക്കാതെ വീർപ്പുമുട്ടി കിടന്നവയായിരുന്നിരിക്കണം. പൂതലിച്ച ഗന്ധവുമായി ആവേശിക്കാൻ ഒരു ശരീരം കാത്തുകിടക്കുന്നവ. ''ഇതെല്ലാം പഴയതാണല്ലോ'' ഞാൻ ചോദിച്ചു. താഷി മറുപടി പറഞ്ഞില്ല.അവന്റെ നീല കണ്ണുകളിലെ തിളക്കം മങ്ങി അവ ദൂരേയൊരു ബിന്ദുവിൽ തങ്ങി നിന്നു. അവനെ ഒരിക്കലും ഞാൻ പഠിപ്പിക്കുന്ന സ്കൂളിന്റെ പരിസരങ്ങളിൽ ഇതുവരെ കണ്ടതായി ഓർക്കുന്നില്ലല്ലോ എന്ന ചിന്തയോടെ ആദ്യത്തെ ചോദ്യത്തിന് ഉത്തരം കേൾക്കും മുൻപ് ഞാൻ വീണ്ടും ചോദിച്ചു- ''സ്കൂളിൽ പോകുന്നില്ലേ, എത്രാം ക്ലാസ്സിലാണ് പഠിക്കുന്നത്''? ''ഏഴില്.. ഇതൊക്കെ എന്റെ അച്ഛന്റെ കടയിലെ പുസ്തകങ്ങളായിരുന്നു.'' എല്ലാ ചോദ്യങ്ങൾക്കുമായി അവൻ ഉത്തരം നൽകി.

''എവിടെയാണ് അച്ഛന്റെ പുസ്തകക്കട''? എന്നായി അപ്പോൾ എന്റെ ചോദ്യം.

''ദൂരെ..'' അനന്തതയിലേക്ക് കണ്ണുകൾ പായിച്ച് പിന്നെ നിരത്തിയിട്ട പുസ്തകങ്ങൾ അവൻ പ്ലാസ്റ്റിക് കൂടിനുള്ളിലേക്ക് തിരികെ എടുത്തുവെയ്ക്കാൻ തുടങ്ങി. ഞാൻ പുസ്തകങ്ങൾ വാങ്ങിയ്ക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് അവൻ കരുതിക്കാണണം. അതിനിടെ 'സക്കറിയയുടെ കഥകൾ' എന്ന പുസ്തകം കണ്ട് ഇതെനിക്ക് വേണമെന്ന് ഞാൻ പറഞ്ഞു. പഴയതായത് കൊണ്ടായിരുന്നിരിക്കണം, പുസ്തകത്തിന്റെ പുറംചട്ടയിൽ പ്രിന്റ് ചെയ്തിരിക്കുന്നതിന്റെ പകുതി വിലയാണ് അവൻ എന്റെ പക്കൽ നിന്ന് ആവശ്യപ്പെട്ടത്. അത് അവന്റെ നിക്കറിന്റെ പോക്കറ്റിലേക്ക് തിരുകി വെയ്ക്കുമ്പോൾ, ഞാൻ ചോദിച്ചു ''ഈ കാശൊക്കെ അച്ഛന് കൊണ്ടുപോയി കൊടുക്കുമോ''?. ഒരു നിമിഷം അവൻ സ്തബ്ധനായി നിന്നു. പിന്നെ മറുപടി പറയാതെ പോയ് മറഞ്ഞു.

അതിരഞ്ഞൂരിലെ മനുഷ്യർക്കെല്ലാം പറയാൻ ഒരു കഥയുണ്ടായിരുന്നു. ചിലത് വളരെ നിഗൂഢവും വിചിത്രവുമായിരുന്നു.ദേവസ്സി ചേട്ടനിൽ നിന്ന് അത്തരം കഥകൾ പറഞ്ഞു കേൾക്കുന്നത് തന്നെ ഒരു രസമാണ്. ഞാൻ കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും നല്ല കഥപറച്ചിലുകാരൻ അയാളായിരുന്നു. താഷിക്കുമുണ്ടായിരിക്കും അത്തരത്തിൽ ഒരു കഥയെന്ന് ചിന്തിച്ചു കൊണ്ട് ഞാൻ അവിടെത്തന്നെ അല്പനേരം നിന്നു.എന്തുകൊണ്ടോ അന്നത്തെ നടത്തം ഉപേ

**മുറി പൂട്ടി പുറത്തേക്കിറങ്ങാൻ തുടങ്ങുമ്പോഴായിരുന്നു ഞാൻ താഷിയെ ആദ്യമായി കാണുന്നത്. നരച്ച ഇളംനീല നിക്കറും അതിനേക്കാൾ നരച്ച, അവനേക്കാൾ ഇരട്ടിവലിപ്പമുള്ള ഒരു റോസ്നിറ ടീ ഷർട്ടും ധരിച്ച് "ചേട്ടാ.. പുസ്തകങ്ങള് വേണോ"? എന്ന് ഉറക്കെ ചോദിച്ചു കൊണ്ട് മുകളിലേക്ക് നോക്കി നിൽക്കുകയായിരുന്നു അവൻ.**

**സ്നേഹബന്ധങ്ങളിലുള്ള വിശ്വാസം എനിക്ക് പണ്ടേയ്ക്ക് പണ്ടേ കൈമോശം വന്നിരുന്നു. അത്തരത്തിൽ സ്നേഹിക്കാനറിയാവുന്നവരൊക്കെ ഈ ഭൂമിയിൽ ഇനിയുമവശേഷിക്കുന്നുണ്ടോ എന്ന് പോലും എനിക്ക് സംശയമാണ്. ഇനി അഥവാ ഉണ്ടെന്ന് തന്നെ കരുതുക,ആ സ്നേഹത്തിന് എന്താണ് ഞാൻ പകരം കൊടുക്കേണ്ടത്?, ആത്മാവിൽ നിറഞ്ഞു തുളുമ്പുന്ന ഒരിറ്റു കണ്ണുനീരല്ലാതെ..**

ക്ഷിച്ചേക്കാമെന്നു തോന്നി 'സക്കറിയയുടെ കഥകളുമായി' പിന്നെ എന്റെ കിടക്കയിലേക്ക് മറിഞ്ഞു വീഴുകയായിരുന്നു. വായനക്കിടയിൽ എപ്പോഴോ മയങ്ങിപ്പോയ ഞാൻ വാതിലിൽ തുടർച്ചയായി ആരോ മുട്ടുന്ന ശബ്ദം കേട്ടാണ് ഉണർന്നത്.നേരം ഇരുട്ടിയിരുന്നു. പുറത്തേക്കുള്ള ബൾബ് തെളിയിച്ച് വാതിൽ തുറന്നപ്പോൾ അരണ്ട മഞ്ഞവെളിച്ചത്തിൽ മുങ്ങി നിൽക്കുന്ന ദേവസ്സി ചേട്ടനെ കണ്ടു.ചില ദിവസങ്ങളിൽ സന്ധ്യകഴിഞ്ഞാൽ അങ്ങനെയൊരു സന്ദർശനം പതിവുള്ളതാണ്.കുറേനേരമിരുന്നു നാട്ടുവർത്തമാനങ്ങൾ പറയും. അന്നേരങ്ങളിലാണ് അതിരഞ്ഞൂർ കഥകളുടെ കെട്ടഴിഞ്ഞു വീഴാറുള്ളത്. ''കുറച്ചു പുഴമീനാണ്.മുളകിട്ട് വെച്ചപ്പോൾ സാറിനെയോർത്തു. ഒരു പറ ചോറുണ്ണാൻ വേറെയൊന്നും ഇനി വേണ്ട..അവള് തന്നുവിട്ടതാണ്'' കൈയിലെ തൂക്കുപാത്രം ദേവസ്സി ചേട്ടൻ എനിക്കു നേരെ നീട്ടി ക്ഷണിക്കാതെ തന്നെ അകത്തേക്ക് കടന്നിരുന്നു. ദേവസ്സി ചേട്ടന് ഈ ഭൂമിയിൽ സ്വന്തമായുള്ളത് ആ മില്ലും പിന്നെ ബേബിചേച്ചിയും മാത്രമാണ്. അവർക്ക് കുട്ടികളുണ്ടായിരുന്നില്ല.''കർത്താവ് ഒരു കുശുമ്പനാണ് സാറേ . ഞങ്ങളിങ്ങനെ പത്തുനാൽപ്പത്തിയഞ്ച് കൊല്ലമായിട്ട് സന്തോഷിച്ചു ജീവിക്കുന്നത് അങ്ങേർക്ക് സഹിക്കാൻ പറ്റാഞ്ഞിട്ടാണ് ഇടയ്ക്കൊന്നോർത്ത് നോവട്ടെ എന്ന് വെച്ച് ഒരു കുഞ്ഞിനെ തരാതിരുന്നത്.അതുകൊണ്ടൊന്നും നമ്മള് വിട്ടുകൊടുക്കില്ല...അല്ലേടീ ബേബിക്കുഞ്ഞേ...' ആദ്യമായി ദേവസ്സി ചേട്ടന്റെ വീട്ടിൽ ഒരു വിരുന്നുകാരനായി ചെന്ന ദിവസം ബേബിചേച്ചിയെ ചേർത്തുപിടിച്ച് ഉള്ളിലെ നോവുകടിച്ചു പിടിച്ചുകൊണ്ട് അയാൾ പറഞ്ഞു. ''ഓ. ഈ മനുഷ്യൻ..!'' എന്ന് നാണത്തോടെ നിറഞ്ഞു ചിരിച്ച ബേബിചേച്ചിയുടെ മുഖം ഇപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. അവർക്കാവട്ടെ എന്നോട് ഒരു മകനോടുള്ളതെന്ന പോലെ സ്നേഹവും വാത്സല്യവുമാണെന്ന് എനിക്കു പോകെപ്പോകെ മനസ്സിലായി. ബേബിചേച്ചിയുടെ ആ സ്നേഹം അങ്ങനെ ചില 'തൂക്കുപാത്രങ്ങളായി' പലപ്പോഴും എന്നെ തേടിവന്നിട്ടുണ്ട്. നിസീമമായ അങ്ങേയറ്റം നിസ്വാർത്ഥമായ സ്നേഹം എല്ലായ്പ്പോഴും എന്നെ ഭയപ്പെടുത്തുകയാണ് ചെയ്യാറുള്ളത്. സ്നേഹബന്ധങ്ങളിലുള്ള വിശ്വാസം എനിക്ക് പണ്ടേയ്ക്ക് പണ്ടേ കൈമോശം വന്നിരുന്നു.അത്തരത്തിൽ സ്നേഹിക്കാനറിയാവുന്നവരൊക്കെ ഈ ഭൂമിയിൽ ഇനിയുമവശേഷിക്കുന്നുണ്ടോ എന്ന് പോലും എനിക്ക് സംശയമാണ്. ഇനി അഥവാ ഉണ്ടെന്ന് തന്നെ കരുതുക,ആ സ്നേഹത്തിന് എന്താണ് ഞാൻ പകരം കൊടുക്കേണ്ടത്?, ആത്മാവിൽ നിറഞ്ഞു തുളുമ്പുന്ന ഒരിറ്റു കണ്ണുനീരല്ലാതെ..

രണ്ട് കട്ടൻചായ ഗ്ലാസുകളുമായി രണ്ടുപേർക്ക് മാത്രം ഇരിക്കാവുന്ന ഭക്ഷണമേശയ്ക്ക് ഇരുപുറമിരുന്നു സംസാരിക്കുന്നതിനിടയിലാണ് അന്ന് രാത്രി ഞാൻ താഷിയെ കുറിച്ച് ദേവസ്സി ചേട്ടനോട് ചോദിച്ചത്.

''അതൊരു പാവം ചെറുക്കനാ സാറേ.. അവന്റെ അപ്പൻ അജയന് ടൗണിൽ പുസ്തകക്കടയായിരുന്നു. പകൽ മുഴുവൻ പുസ്തകങ്ങൾക്കിടയിലും രാത്രിയായാൽ ബാറിലും. മൂക്കറ്റം കുടിച്ച് നാലു കാലിൽ വന്ന്,പാവം ആ പെണ്ണ് ഉമയെ തൊഴിക്കുന്നതായിരുന്നു അവന്റെ സ്ഥിരം പരിപാടി . ഒരിക്കൽ ആർക്കാടീ നീയ് പ്രേമലേഖനം എഴുതിയതെന്ന് ചോദിച്ചായിരുന്നു അക്രമം. പിന്നെയൊരിക്കലോ വായിച്ചയേതോ പുസ്തകത്തിലെ കഥാപാത്രം അവളുടെ ജാരനാണെന്നും പറഞ്ഞായിരുന്നു പുകിലാകെ . കണ്ണിൽക്കണ്ട പുസ്തകങ്ങളൊക്കെ വായിച്ച് ഓരോന്നിരുന്നങ്ങനെ ആലോചിച്ചു കൂട്ടി വട്ട് മൂത്തതാവാനേ തരമുള്ളു..അല്ലാതെയിങ്ങനെയുണ്ടോ...അവളും കുട്ടികളും കുറച്ചൊന്നുമല്ല സഹിച്ചത്. അങ്ങനെ കുടിച്ചു കുടിച്ച് ഉള്ള് മൊത്തം പൊള്ളയായി. ഒരിക്കൽ രാത്രി മടങ്ങി വന്നില്ല. രണ്ടുദിവസമായിട്ടും കാണാതെ അന്വേഷിച്ചിറങ്ങിയപ്പോഴാണ്,അവന്റെ കടയിൽ പുസ്തകങ്ങളുടെ കൂമ്പാരങ്ങൾക്കിടയിൽ ചോരയും ഛർദിച്ച് കിടക്കുന്നത് കണ്ടത്. ആത്മഹത്യയായിരുന്നു. ഏതോ ഒരു പുസ്തകത്തിന്റെ പേര് എഴുതി വെച്ചിരുന്നു. അതേതാണെന്ന്എനിക്കിപ്പോൾ ഓർമ്മ കിട്ടുന്നുമില്ല. അത് വായിച്ച് ബോധോദയം ഉണ്ടായത്രേ. ചെയ്ത പാപങ്ങൾക്കൊക്കെ ഭാര്യയോടും മക്കളോടും മാപ്പ് എന്ന് എഴുതി വെച്ച് ഒരൊറ്റ പോക്ക്. അവനെന്തു നോക്കാൻ. വെറുതേയങ്ങു മരിച്ചുപോയാൽ മതിയല്ലോ.രണ്ട് പൊടിക്കുഞ്ഞുങ്ങളെയും കൊണ്ട് പെരുവഴിയിലായത് അവളല്ലേ.. കിട്ടുന്ന പണിയൊക്കെച്ചെയ്താ അവളാ മക്കളെ വളർത്തുന്നത്. ഇപ്പൊ കോയമ്പത്തൂരൊരു സിമന്റ് കമ്പനിയിലാ അവൾക്ക് ജോലി..'' തണുത്തു തുടങ്ങിയ കട്ടൻ ചായ ഒറ്റവലിയിൽ



കുടിച്ച് തീർത്ത് ദേവസ്സി ചേട്ടൻ തുടർന്നു. ''കോയമ്പത്തൂരിലേക്ക് പോകുമ്പോൾ മക്കളൊറ്റക്കാകുമല്ലോ എന്ന് കരുതിയാണ് അവരെയിവിടെ അവരുടെ അപ്പാപ്പന്റെയൊപ്പമാക്കിയിട്ട് പോയത്. ഇക്കൊല്ലം തൊട്ടാണെന്ന് തോന്നുന്നു നമ്മുടെ സ്കൂളിൽ ചേർത്തത് . അവിടെന്നിങ്ങോട്ട് നാട് വിട്ട് വരുമ്പോൾ അവൾ ഭർത്താവിന്റെ ആകെയുള്ള സാമ്പാദ്യമായിരുന്ന പുസ്തകങ്ങളിൽ കിട്ടിയതൊക്കെ തൂക്കിവിറ്റു, ബാക്കിയുള്ളതാകട്ടെ അവൻ, താഷി കെട്ടുകളാക്കി ഇങ്ങോട്ട് കൊണ്ടുവന്നു.ഇടയ്ക്ക് അതിലൊന്നോരണ്ടെണ്ണമോ ഒക്കെ കൊണ്ട് നടന്ന് വിൽക്കുന്നത് കാണാം..ഓരോരോ ജീവിതങ്ങൾ.. അല്ലാതെന്ത് പറയാൻ...!''

ദേവസ്സി ചേട്ടൻ ഒരു ദീർഘശ്വാസമെടുത്തു. ''ഇങ്ങനെയിരുന്നു പറഞ്ഞാൽ പറയാൻ ഒരുപാടുണ്ട് സാറേ..സാറിനി കഴിച്ചിട്ട് കിടന്നോ.നേരം ഒരുപാടായി.ഞാൻ ഇറങ്ങാം. അവൾ കാത്തിരിക്കുമെന്ന്''പറഞ്ഞ് അയാൾ മുറിവിട്ടുപോയിട്ടും ഞാൻ അതേ ഇരിപ്പു തന്നെ തുടർന്നു. ഭൂതകാലം മലവെള്ളപ്പാച്ചിൽ പോലെ കുതിച്ചെത്തുകയായിരുന്നു. വർഷങ്ങൾക്ക് മുൻപ് ഞാനും മേധയും അമ്മയും കടന്നുവന്ന വഴികളിലെ കൂർത്ത കല്ലുകളും മുള്ളുകളും അതേ മൂർച്ചയോടെ വീണ്ടും വേദനിപ്പിക്കുകയായിരുന്നു. എനിക്കിപ്പോഴും ഓർമയുണ്ട്, അച്ഛൻ മരിച്ചതിന്റെ നാൽപ്പത്തിയൊന്നാം ദിവസം വിഷം കലർത്തിയ ഭക്ഷണത്തിൽ നിന്ന് എനിക്കും മേധയ്ക്കും ഒരു പിടി വാരി വായിൽ വെച്ചുതരാൻ ഒരുങ്ങുമ്പോൾ ഞാൻ അമ്മയോട് പറഞ്ഞു– ''പാട്ട പെറുക്കി വിറ്റായാലും നമുക്ക് ജീവിക്കാം അമ്മേ..''. അതുകേട്ട് പാത്രം ആഞ്ഞ് വീശി വലിച്ചെറിഞ്ഞ് കളഞ്ഞ് അമ്മ എന്നെയും മേധയേയും വാരി പുണരുകയായിരുന്നു. ''ദൈവമേ.. എന്റെ മക്കൾ'' എന്ന് പറഞ്ഞു അമ്മയന്ന് പൊട്ടിക്കരഞ്ഞത് എന്തിനായിരുന്നെന്ന് എനിക്ക് പിന്നീടാണ് മനസ്സിലായത്. ഭക്ഷണത്തിൽ വിഷം ചേർത്തിരുന്നത് ഞങ്ങൾ കുട്ടികൾ അറിഞ്ഞിരുന്നില്ല. ഒരു മാത്രയിലെ ബുദ്ധിശൂന്യതകൊണ്ടെടുത്ത ആ തീരുമാനത്തെയോർത്ത് ശേഷിച്ച കാലം മുഴുവൻ അമ്മ സ്വയം ശപിച്ചു ജീവിച്ചു. പാവം ഒരു സ്ത്രീ– എന്റെയമ്മ. അമ്മയെ കുറിച്ച് ഓർക്കുമ്പോഴെല്ലാം ഒരേസമയം വേദനകൊണ്ടും അഭിമാനം കൊണ്ടും എന്റെ കണ്ണുകൾ നിറയും. അച്ഛനൊരു വർക്ക്ഷോപ്പിലായിരുന്നു ജോലി.ഒരു ദിവസം രാവിലെ ജോലിക്ക് പോകാനായി പുറപ്പെടുന്നതിനിടയിൽ കുഴഞ്ഞു വീഴുകയായിരുന്നു. പിന്നെ കണ്ണു തുറന്നില്ല. അച്ഛനില്ലാതായപ്പോഴാണ് ഒരു സത്യം ഞങ്ങൾ തിരിച്ചറിഞ്ഞത്. ഞങ്ങളുടേതെന്നു കരുതിയിരുന്ന മനുഷ്യരും ഇടങ്ങളുമൊന്നും ഞങ്ങളുടേതായിരുന്നില്ല എന്ന്. എത്രപെട്ടെന്നാണ് എല്ലാവരിൽ നിന്നും എല്ലായിടത്തുനിന്നും ഞങ്ങൾ തിരസ്കരിക്കപ്പെട്ടത്. രക്ത ബന്ധങ്ങളിലും സ്നേഹബന്ധങ്ങളിലുമുള്ള വിശ്വാസം അന്നാണ് എനിക്ക് നഷ്ടപ്പെട്ടുപോയത്. മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതിനു പിന്നിലെല്ലാം ഒരു കാരണം കാണും, അദൃശ്യമായ ഒരു ഉടമ്പടി. ആ ഉടമ്പടി എന്ന് പ്രസക്തമല്ലാതായി തീരുന്നുവോ അന്ന് ആ സ്നേഹബന്ധവും അവസാനിക്കുന്നു. കൊടുക്കൽ വാങ്ങലുകളെല്ലാം തീർന്നിടത്ത് പിന്നെ സ്നേഹത്തിനെന്തു കാര്യം. അച്ഛന്റെ വീട് വിട്ടിറങ്ങി ഉള്ളതെല്ലാം–ഓരോ തരിയും –വിറ്റിട്ടാണ് അമ്മ ഒരു കുഞ്ഞു വാടക വീട് സംഘടിപ്പിച്ചത്.മനസ്സിൽ എന്തൊക്കെയോ ദൃഢനിശ്ചയങ്ങൾ എടുത്തത് പോലെയായിരുന്നു പിന്നീടുള്ള അമ്മയുടെ ജീവിതം. മാർക്കറ്റിൽ നിന്ന് മുളകും മഞ്ഞളും മല്ലിയും അരിയുമെല്ലാം വാങ്ങിച്ച് കഴുകിയുണക്കി പൊടിച്ചു പായ്ക്കറ്റുകളിലാക്കി ഓരോ വീടുകൾ തോറും കയറി

യിറങ്ങി വിൽപ്പന നടത്തി. ആദ്യമൊക്കെ പലരും മടിച്ചു. പക്ഷേ അവരുടെയെല്ലാം വിശ്വാസം ചെയ്യുന്ന ജോലിയിലെ സത്യസന്ധതകൊണ്ട് നേടിയെടുക്കുകയായിരുന്നു അമ്മ. ആദ്യമൊക്കെ സ്ഥിരം ചില വീട്ടുകാരായിരുന്നു, അത് വളർന്നു ചെറിയ ചില കടകളിലും, പിന്നെ പേരെടുത്ത വലിയ സൂപ്പർ മാർക്കറ്റുകളിലും അമ്മയ്ക്ക് കച്ചവടം കിട്ടി. ആരുടെ മുന്നിലുമിനി കൈനീട്ടില്ലെന്ന ഒരു വാശിയായിരുന്നു അമ്മയെ മുന്നോട്ട് നയിച്ചത്. ആത്മഹത്യയുടെ വക്കിൽ നിന്ന് ഒരു സ്വയം സംരംഭകയായി വളർന്ന അമ്മയെ കുറിച്ചോർക്കുമ്പോൾ അഭിമാനം കൊണ്ട് കണ്ണുനിറയാതിരിക്കുന്നതെങ്ങിനെ. എങ്കിലും അമ്മ പറഞ്ഞു 'മണ്ണിൽ ഉറച്ചു നിൽക്കുക.ഒന്നും സ്ഥിരമായിട്ടുണ്ടാവണമെന്നില്ല. താഴെ നോക്കി നടന്നാൽ വീഴ്ചയും കുറയ്ക്കാം''. താഷിയുടെ അമ്മയ്ക്കും മനക്കരുത്ത് ഉണ്ടാവട്ടെ എന്നാണ് ഞാൻ ആ നിമിഷത്തിൽ പ്രാർത്ഥിച്ചത്.മറ്റൊന്നും എനിക്ക് ചെയ്യാനുണ്ടായിരുന്നില്ലല്ലോ.താഷിയുടെ അമ്മ കടന്നുപോകുന്ന വഴികൾ എനിക്ക് മനസ്സിലാക്കാനാകുമായിരുന്നു , അതിനേക്കാൾ നന്നായി എനിക്ക് താഷിയേയും അവന്റെ അനിയത്തി താമരയേയും മനസ്സിലാക്കാനാകുമായിരുന്നു.. ആ രാത്രി അമ്മയെ കാണണമെന്ന് തോന്നി. അമ്മ അടുത്തുണ്ടായിരുന്നെങ്കിലെന്ന് തീവ്രമായി ആഗ്രഹിച്ചു.ഞാൻ അമ്മയെ ഫോണിൽ വിളിച്ചുസംസാരിച്ചു..

മഴ മാറി നിന്ന തിങ്കളാഴ്ചയായിരുന്നു അത്.മുറിപൂട്ടിയിറങ്ങുമ്പോൾ ദേവസ്സി ചേട്ടൻ താഴെ മില്ല് തുറക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. പതിവിലും വൈകിയിരുന്നത് കൊണ്ട് ധൃതിയിൽ സ്കൂളിലേക്ക് നടക്കുകയായിരുന്നു. മഴയിൽ നനഞ്ഞൊട്ടി നിന്ന അതിരഞ്ഞൂരിനെയാകെ വെയിൽ പൊതിഞ്ഞിരുന്നു. ഇറക്കമിറങ്ങിയാൽ പിന്നെ റോഡിനിരുവശവും നെൽപാടമാണ്.നിർത്താതെ പെയ്ത മഴയിൽ പാടം നിറയെ വെള്ളം കയറിയിരുന്നു. രണ്ട് കയറ്റങ്ങൾ കൂടി നടന്നു കയറിയാലേ സ്കൂളിലെത്തൂ. രാവിലത്തെ ആ കയറ്റമാണ് ആകെയുള്ള വ്യായാമം. ആദ്യത്തെ കയറ്റം കയറിയപ്പോഴാണ് ഇടവഴിയിൽ നിന്ന് അവർ എനിക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ടത് – മുത്തച്ഛന്റെ കൈകളിൽ തൂങ്ങി താഷിയും താമരയും. താഷിയുടെ മുത്തച്ഛനെ എനിക്ക് മുൻപരിചയമുണ്ടായിരുന്നു. പലപ്പോഴും എന്റെ 'അതിരഞ്ഞൂർ വൈകുന്നേരങ്ങളിൽ' പാറപ്പുറത്തിരിക്കുമ്പോൾ ഞാൻ ആ വൃദ്ധനെ കാണാറുണ്ടായിരുന്നു. അത് താഷിയുടെ മുത്തച്ഛൻ ആണെന്ന് വൈകിയാണ് തിരിച്ചറിഞ്ഞതെന്ന് മാത്രം. ''മാഷേ. പേരക്കുട്ടികളാണ്. ഇവരെക്കൂടി ഒന്ന് നോക്കണേ'' എന്ന് പറഞ്ഞു കൊണ്ട് ആ വൃദ്ധൻ താഷിയേയും താമരയേയും എന്നെയേല്പിച്ചു. ''വയ്യ മാഷേ.. ഈ കുന്ന് നടന്ന് കയറൽ എളുപ്പമല്ല. ഇപ്പോഴത്തെ കാലമല്ലേ. കൂട്ടില്ലാതെ കുട്ടികളെ വിടാനും വയ്യ. മാഷ്ക്ക് ബുദ്ധിമുട്ടായോ'' അയാൾ ചോദിച്ചു. 'എന്ത് ബുദ്ധിമുട്ട്' എന്ന് പറഞ്ഞ് ഞാൻ താഷിയേയും താമരയേയും എനിക്കൊപ്പം കൂട്ടുകയായിരുന്നു.മുന്നോട്ട് നടക്കുമ്പോൾ അവർ ഇടയ്ക്കിടെ മുത്തച്ഛനെ തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു. വേലിയിൽ പിടിച്ച് ആ വൃദ്ധൻ അവിടെ തന്നെ നോക്കി നിൽക്കുകയായിരുന്നു.കഴിഞ്ഞ ദിവസം തന്റെ പക്കൽ നിന്ന് പുസ്തകം വാങ്ങിയ ആ ആൾ താൻ പഠിക്കുന്ന സ്കൂളിലെ അധ്യാപകനായിരുന്നു എന്നറിഞ്ഞതിന്റെ ഒരു പകപ്പ്, താഷിയുടെ മുഖത്ത് നിന്ന് ഞാൻ വായിച്ചെടുത്തു. അവൻ ഒന്നും മിണ്ടാതെ എനിക്ക് മുൻപിലായി താമരയുടെ കൈകൾ പിടിച്ചു നടക്കുകയായിരുന്നു. താമര, താഷിയുടെ മാത്രം താര,അവൾ ഒരു കുസൃതിക്കുടുക്കയായിരുന്നു. ഇടയ്ക്കിടെ എന്നെ തിരിഞ്ഞു നോക്കി ചിരിച്ചുകൊണ്ടിരുന്നു. ''മാഷ് ഏത് ക്ലാസ്സിലാ പഠിപ്പിക്കണേ?''. അവൾ ചോദിച്ചു.

''വലിയ ക്ലാസ്സില്''

''വലിയ ക്ലാസ്സെന്ന് പറഞ്ഞാൽ ?''

''താമര ഇപ്പോൾ എത്രയിലാണ് പഠിക്കുന്നത്?.'' എന്നായി അപ്പോൾ എന്റെ ചോദ്യം ''ഒന്ന് ബിയില്'' അവൾ കൊഞ്ചിക്കൊണ്ട് പറഞ്ഞു.

''ഞാനേ പത്താം ക്ലാസ്സിലാണ് പഠിപ്പിക്കുന്നത്.''

''ഹൊയ്യോ'' അവളുടെ താമരക്കണ്ണുകൾ വിടർന്നു വന്നു. ''നിങ്ങൾക്കാരാണ് ഇത്രയും നല്ല പേരുകൾ ഇട്ടത്?'' എന്നായി എന്റെ അടുത്ത ചോദ്യം. ''അച്ഛനാ''. അത് പറഞ്ഞപ്പോൾ അവളുടെ ശബ്ദം നേർത്ത് നേർത്തു പോയത് പോലെ. ചുവപ്പിൽ മഞ്ഞ പുള്ളികളുള്ള ഉടുപ്പ് വിരിച്ചു പിടിച്ച് ഇരുവശത്തേക്കുമായി പിന്നിയിട്ട മുടി ആട്ടിയാട്ടി അവൾ താഷിയുടെ വിരലുകൾ വിടുവിച്ച് മുന്നോട്ട് അല്പദൂരം ഓടി. ''താരേ ഓടരുത്''. ഉത്തരവാദിത്തമുള്ള ഒരു ചേട്ടനായി മാറി താഷിയപ്പോൾ. ഞാൻ അറിയാതെ എന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. എന്തിന്.? എനിക്ക് മേധയുടെയും എന്റെയും

**ഏതോ ഒരു പുസ്തകത്തിന്റെ പേര് എഴുതി വെച്ചിരുന്നു. അതേതാണെന്ന്എനിക്കിപ്പോൾ ഓർമ്മ കിട്ടുന്നുമില്ല. അത് വായിച്ച് ബോധോദയം ഉണ്ടായത്രേ. ചെയ്ത പാപങ്ങൾക്കൊക്കെ ഭാര്യയോടും മക്കളോടും മാപ്പ് എന്ന് എഴുതി വെച്ച് ഒരൊറ്റ പോക്ക്. അവനെന്തു നോക്കാൻ. വെറുതേയങ്ങു മരിച്ചുപോയാൽ മതിയല്ലോ.**

കുട്ടിക്കാലം ഓർമ വന്നു. എന്ത് നല്ല കാലമായിരുന്നു അത്. എല്ലാം പൊയ്പ്പോയിരിക്കുന്നു. താഷിക്കും താമരക്കും ഒപ്പമെത്താൻ എനിക്കും അല്പ ദൂരം ഓടേണ്ടി വന്നു. പിന്നെയും ഒരുമിച്ച് നടക്കുമ്പോൾ ഞാൻ ചോദിച്ചു ''ആരാ താമരയെ ഇങ്ങനെ സുന്ദരിയായി അണിയിച്ചൊരുക്കിയത്? അമ്മയാണോ?'' സുന്ദരിയാണെന്ന് കേട്ടപ്പോൾ അവളുടെ മുഖം താമരപ്പൂ പോലെ ചുവന്നു തുടുത്തു. ''അമ്മ ഇവിടില്ലല്ലോ. ഏട്ടനാ എന്നെ കുളിപ്പിച്ച് തരുന്നതും ഉടുപ്പിടുവിച്ച് തരുന്നതുമൊക്കെ'' അവൾ കുസൃതിയോടെ തലയാട്ടിക്കൊണ്ട് പറഞ്ഞു. ''അപ്പോൾ കണ്ണെഴുതി തരുന്നതോ.?. പൊട്ടു തൊടുവിച്ചു തരുന്നതോ?'' ' അതും ഏട്ടൻ!'' 'ദൈവമേ.. എന്റെ മേധ. എന്റെ കുഞ്ഞനിയത്തി..' ഞാനറിയാതെ എന്റെ മനസ്സുരുകുകയായിരുന്നു. ''ഒരു ശ്രദ്ധയില്ല മാഷേ.. മര്യാദക്ക് തല തോർത്തുക പോലുമില്ല'' മൗനം ഭേദിച്ച് താഷിയാണത് പറഞ്ഞത്. അപ്പോഴേക്കും ഞങ്ങൾ നടന്ന് സ്കൂൾ എത്താറായിരുന്നു . ഹൈസ്കൂൾ വിഭാഗവും ലോവർ പ്രൈമറി -അപ്പർ പ്രൈമറി വിഭാഗവും രണ്ടിടത്തായിട്ടാണ്. എനിക്ക് പിന്നെയും ഒരു കുഞ്ഞു കയറ്റംകൂടി കയറേണ്ടതുണ്ടായിരുന്നു. യാത്ര പറഞ്ഞു പോകുമ്പോൾ താമര തിരിഞ്ഞു നോക്കി തിരിഞ്ഞു നോക്കി കൈവീശിയാണ് പോയത്. ഒടുവിൽ താഷിയും. നൂറുകണക്കിന് കുട്ടികൾക്കിടയിലേക്ക് അവർ അലിഞ്ഞു ചേരുന്നതും നോക്കി എത്രനേരമാണ് ഞാൻ അവിടെ നിന്നതെന്ന് എനിക്ക് ഓർമയില്ല. മുന്നോട്ട് നടക്കുമ്പോൾ ഓർമകളുടെ തിരയിളക്കത്തിൽ ഞാനാകെ ഉലഞ്ഞു പോയിരുന്നു. 'എന്റെ വിരലിൽ തൂങ്ങി നടന്ന, എന്റെ നെഞ്ചിൽ കിടത്തി ഞാൻ വളർത്തിയ കുഞ്ഞനിയത്തിയായിരുന്നു മേധ. അവൾ എന്ത് തെറ്റാണ് എന്നോട്

**വർഷങ്ങൾക്ക് മുൻപ് ഞാനും മേധയും അമ്മയും കടന്നുവന്ന വഴികളിലെ കൂർത്ത കല്ലുകളും മുള്ളുകളും അതേ മൂർച്ചയോടെ വീണ്ടും വേദനിപ്പിക്കുകയായിരുന്നു. എനിക്കിപ്പോഴും ഓർമയുണ്ട്, അച്ഛൻ മരിച്ചതിന്റെ നാൽപ്പത്തിയൊന്നാം ദിവസം വിഷം കലർത്തിയ ഭക്ഷണത്തിൽ നിന്ന് എനിക്കും മേധയ്ക്കും ഒരുപിടി വാരി വായിൽ വെച്ചുതരാൻ ഒരുങ്ങുമ്പോൾ ഞാൻ അമ്മയോട് പറഞ്ഞു – "പാട്ട പെറുക്കി വിറ്റായാലും നമുക്ക് ജീവിക്കാം അമ്മേ..".**

ചെയ്തത്?അമ്മയേയും സഹോദരനേയും ഉപേക്ഷിച്ച് സ്നേഹിച്ച പുരുഷനോടൊപ്പം ജീവിച്ചു തുടങ്ങിയതോ? അവൾക്ക് അവളുടെ ആഗ്രഹം തുറന്നു പറയാമായിരുന്നില്ലേ, എല്ലാവരേയും നാണക്കേടിലാഴ്ത്തി ഒളിച്ചു പോകണമായിരുന്നോ? അമ്മക്ക് അവളോട് എങ്ങനെ ക്ഷമിക്കാൻ കഴിഞ്ഞു. അത് അമ്മ മനസ്സിന്റെ വലിപ്പമാകാം . എനിക്കതിനു കഴിയില്ല.'ഓർമകളെ വകഞ്ഞു മാറ്റി ഞാൻ ആ ആടിയുലച്ചിലിനെ അതിജീവിച്ചു. തികട്ടി വന്നതെല്ലാം ആയാസപ്പെട്ടിറക്കി വാർത്തമാനത്തിന്റെ നേരിലേക്കിറങ്ങി നടന്നു.

എല്ലാ ദിവസവും താഷിയും താമരയും പിന്നെ എനിക്കൊപ്പമായിരുന്നു സ്കൂളിലേക്ക് വന്നിരുന്നത്. വൈകുന്നേരം സ്കൂൾ വിട്ടാൽ ഞാൻ എത്തും വരെ അവർ അവരുടെ സ്കൂൾ ഗേറ്റ് നു മുന്നിൽ കാത്തു നിൽക്കും.മടക്കവും ഞങ്ങൾ ഒരുമിച്ചായിരുന്നു.മുത്തച്ഛൻ പറഞ്ഞു ചട്ടം കെട്ടിയതാണത്. 'മാഷ്ടെ കൂടെയേ വരാവൂ'.അധ്യാപകനും വിദ്യാർത്ഥിക്കുമിടയിലേതു പോലെയൊരു ബന്ധമായിരുന്നില്ല ഞങ്ങൾക്കിടയിൽ. ആ അഞ്ച് വയസ്സുകാരിയിലും പന്ത്രണ്ട് വയസ്സുകാരനിലും ഞാൻ കണ്ടത് എന്റെയും മേധയുടേയും കുട്ടിക്കാലം തന്നെയായിരുന്നു.. പ്രവർത്തി ദിവസമായിരുന്ന ഒരു ശനിയാഴ്ചയായിരുന്നു അത്.അന്ന് വൈകുന്നേരം നാട്ടിലേക്ക് പോകണമെന്ന് നേരത്തെ തീരുമാനിച്ചതായിരുന്നു. സ്കൂൾ വിട്ട് വരുമ്പോൾ വീണ്ടും മഴ പെയ്തു തുടങ്ങി. മഴയിൽ നിറയെ ദ്വാരങ്ങൾ വീണ, മങ്ങിയ തവിട്ടു നിറമുള്ള കുടയിൽ നനഞ്ഞൊട്ടി താഷിയും താമരയും എന്നെ കാത്തു നിൽക്കുകയായിരുന്നു. ആ കുടയുടെ കമ്പികളിൽ ഒന്ന് രണ്ടെണ്ണം ഒടിഞ്ഞു തൂങ്ങിയിരുന്നു. ''ഈ കുടയിലേക്ക് കയറി നിൽക്കൂ'' അത് കണ്ട് ഞാൻ താമരയോട് പറഞ്ഞു. അവൾ ഓടി വന്ന് എന്റെ കുടയ്ക്കടിയിലേക്ക് കയറി നിൽക്കുകയായിരുന്നു. ''എന്താ താമരയ്ക്ക് കുടയില്ലേ''? ഞാൻ ചോദിച്ചു. അവൾ മിണ്ടിയില്ല. ''ഇത് അമ്മയുടെ കുടയാ. എനിക്ക് തന്നിട്ട് പോയതാ.ഇത് മുഴുവൻ കേടുപറ്റിയാൽ പുതിയത് വാങ്ങിച്ചു തരാമെന്ന് അമ്മ പറഞ്ഞിട്ടുണ്ട്.'' താഷി പറഞ്ഞു.

''അമ്മ നാളെ വരും.'' അത് പറയുമ്പോൾ താമര തുടിക്കുന്ന ഒരു പൂവിതൾ പോലെയായി. അവൾ അവളുടെ ബാഗ് മഴ നനയാതിരിക്കാൻ നെഞ്ചോട് ചേർത്ത് പിടിച്ചിരുന്നു. ''എനിക്കുമുണ്ട് താമരയെ പോലെ ഒരു അനിയത്തി. പണ്ട് പണ്ട് സ്കൂളിലേക്ക് പോകുമ്പോൾ ഞങ്ങളും ഇങ്ങനെയായിരുന്നു. മഴയിൽ നനഞ്ഞ്.. അവൾക്കും എന്റെ കുടയ്ക്കടിയിൽ നടക്കാനായിരുന്നു ഇഷ്ടം.ഏട്ടനായിരുന്നു അവളുടെ കുട''. ഞാൻ പറഞ്ഞു. ചില വാക്കുകൾ എത്ര മറച്ചു പിടിച്ചാലും മറ നീക്കി പുറത്ത് വരും. ഹൃദയത്തിൽ നിന്ന് വരുന്ന വാക്കുകളെ തടഞ്ഞു നിർത്താൻ ആർക്കുമാവില്ലെന്ന് എനിക്ക് തിരിച്ചറിവുണ്ടായത് അന്നായിരുന്നു. 'ഏട്ടനായിരുന്നു അവളുടെ കുട'– താഷിയോടും താ

മരയോടുമായി പറഞ്ഞ ആ വാക്കുകൾ ഹൃദയത്തിന്റെ ഉള്ളറകളിൽ തട്ടി പിന്നെയും പിന്നെയും പ്രതിധ്വനിച്ചുകൊണ്ടിരുന്നു..അവർക്ക് തിരിയാനുള്ള വഴിയിൽ ആ വൃദ്ധൻ കാത്തു നിന്നിരുന്നു, മഴ നനഞ്ഞ ഒരു തൂവെള്ള തൂവൽ പോലെ. അയാൾ തണുത്ത് വിറക്കുകയായിരുന്നു.. ഞാൻ എന്റെ കുട അവർക്ക് നൽകി. ''അയ്യോ.. വേണ്ട മാഷേ.. മാഷ് നനയില്ലേ'' അയാൾ അത് നിരസിച്ചു കൊണ്ട് പറഞ്ഞു. സാരമില്ല, ഇടയ്ക്ക് മഴ നനയുന്നതും ഒരു സുഖമാണെന്ന് പറഞ്ഞ് ആവശ്യപ്പെട്ടിട്ടൊന്നുമല്ല അങ്ങനെ ചെയ്യുന്നത്, എങ്കിലും അതും ഒരലിഖിത കരാറായി ഞങ്ങൾക്കിടയിൽ നിന്നിരുന്നു എന്ന് പറയുന്നതാവും ശരി.ബസിൽ റെയിൽവേ സ്റ്റേഷനിലേക്ക് പുറപ്പെടുമ്പോൾ അയാൾ മില്ലിന് പുറത്തെ അരമതിലിൽ ഇരുന്ന് എനിക്ക് നേരെ കൈ വീശി കാണിച്ചു.

വീട്ടിലേക്കുള്ള മടങ്ങി വരവുകൾക്ക് ഒരു പ്രത്യേക സുഖമാണ്, അത് നിർവചിക്കാനാവാത്ത ഒരനുഭൂതിയാണ്. എന്നെ സംബന്ധിച്ചിടത്തോളം അമ്മയുടെ ഗർഭപാത്രത്തിന്റെ സുരക്ഷിതത്വവും ചൂടുമാണ് എനിക്കെന്റെ വീട്. എല്ലാം പഴയത് പോലെ തന്നെയുണ്ടായിരുന്നു.ഗേറ്റിൽ പടർത്തിയിരിക്കുന്ന മോർണിംഗ് ഗ്ലോറികൾ, ദൂരെ ചെറിയ പോർച്ചിൽ മൂടിയിട്ടിരിക്കുന്ന എന്റെ ടു വീലർ,വാതിൽക്കൽ കത്തിച്ചു വെച്ചിരിക്കുന്ന നിലവിളക്ക്,വൃത്തിയിൽ അടിച്ചിട്ട മുറ്റം, മുറ്റം നിറയെ ചൂലുകൊണ്ട് വരഞ്ഞ 'റ' വരകൾ. അതിലൂടെ കാൽപാടുകൾ പതിപ്പിച്ചു നടക്കാൻ ഒരു പ്രത്യേക രസമാണ്.മഴ വിട്ടു നിൽക്കുകയായിരുന്നു.. എന്നത്തേയും പോലെ ഭസ്മക്കുറി നെറ്റിയുമായി അമ്മ വന്നെന്നെ പുണർന്നു.എല്ലാ ഭാരവും ഒഴിഞ്ഞു പോയി ഞാൻ ഒരു കുഞ്ഞായി തീരുന്നത് പോലെ എനിക്കനുഭവപ്പെട്ടു.രാത്രി അടുക്കളയിലെ ചെറിയ മേശയിലിരുന്നു ഭക്ഷണം കഴിക്കുമ്പോൾ

**മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതിനു പിന്നിലെല്ലാം ഒരു കാരണം കാണും, അദൃശ്യമായ ഒരു ഉടമ്പടി. ആ ഉടമ്പടി എന്ന് പ്രസക്തമല്ലാതായി തീരുന്നുവോ അന്ന് ആ സ്നേഹബന്ധവും അവസാനിക്കുന്നു. കൊടുക്കൽ വാങ്ങലുകളെല്ലാം തീർന്നിടത്ത് പിന്നെ സ്നേഹത്തിനെന്തു കാര്യം. അച്ഛന്റെ വീട് വിട്ടിറങ്ങി ഉള്ളതെല്ലാം – ഓരോ തരിയും – വിറ്റിട്ടാണ് അമ്മ ഒരു കുഞ്ഞു വാടക വീട് സംഘടിപ്പിച്ചത്. മനസ്സിൽ എന്തൊക്കെയോ ദൃഢനിശ്ചയങ്ങൾ എടുത്തത് പോലെയായിരുന്നു പിന്നീടുള്ള അമ്മയുടെ ജീവിതം.**

നിർബന്ധപൂർവം ആ കുട താമരയുടെ കൈയിൽ കൊടുത്ത് ഞാൻ ഓടുകയായിരുന്നു. മഴയിൽ നനഞ്ഞു വരുന്ന എന്നെ കണ്ട് ദേവസ്സി ചേട്ടൻ തെല്ലൊരു ആശങ്കയോടെ നിന്നു.''നനയാൻ ഒരു പൂതി'' എന്ന് പറഞ്ഞ് ഞാൻ മുറിയിലേക്ക് ഓടി കയറി.തിടുക്കത്തിൽ ബാഗിൽ വിയർപ്പുനാറുന്ന തുണികളെല്ലാം കുത്തി നിറച്ചു പുറത്തിറങ്ങി. മുറിയുടെ താക്കോൽ ദേവസ്സി ചേട്ടനെ ഏൽപ്പിച്ചു. ' തിങ്കളാഴ്ച ഞാൻ വരില്ല ദേവസ്സി ചേട്ടാ. അമ്മയെ ചെക്കപ്പിന് കൊണ്ട് പോകണം. ചൊവ്വാഴ്ച വൈകിയേ എത്തൂ''. ഞാൻ പറഞ്ഞു. നാട്ടിലേക്ക് പോകുമ്പോഴേല്ലാം താക്കോൽ ഞാൻ ദേവസ്സി ചേട്ടനെതന്നെയാണ് ഏൽപ്പിക്കാറുള്ളത്. ഒഴിവുള്ളപ്പോൾ അയാളും ബേബിചേച്ചിയും കൂടി മുറി അടിച്ചു തുടച്ചു വൃത്തിയാക്കിയിടും.

ഞാൻ അതിരഞ്ഞൂർ വിശേഷങ്ങൾ അമ്മയോട് പങ്കു വെച്ചു. താഷിയെ കുറിച്ചും താമരയെക്കുറിച്ചും അവരുടെ അമ്മയെ കുറിച്ചും തന്നെയായിരുന്നു സ്വാഭാവികമായും ഏറ്റവും കൂടുതൽ സംസാരിച്ചത്. ''എനിക്ക് നമ്മുടെ പോയ കാലം ഓർമ വന്നു''.ഞാൻ പറഞ്ഞു.അമ്മയും ഓർമകൾക്കൊപ്പം സഞ്ചരിക്കുകയാണെന്ന് അമ്മയുടെ മുഖത്ത് നിന്ന് എനിക്ക് വായിച്ചെടുക്കാനാവുമായിരുന്നു.

''പാവം കുട്ടികൾ. അവരിനി എത്രകാലം നീന്തണം, ദുരിതങ്ങളുടെ ആ കടൽ കടന്നു കിട്ടാൻ''. ഭക്ഷണം കഴിച്ചു കഴിഞ്ഞ് പാത്രം കഴുകി വെക്കുമ്പോൾ ഞാൻ പറഞ്ഞു. അമ്മ ഒന്നും മിണ്ടിയില്ല. പഴയതെല്ലാം അമ്മയെ ഓർമിപ്പിക്കേണ്ടതില്ലായിരുന്നു എന്ന കുറ്റബോധത്തോടെയാണ് ആ രാത്രി ഞാൻ ഉറങ്ങാൻ കിടന്നത്.പിന്നെ രണ്ട് ദിവസങ്ങൾ കടന്നു പോയതറിഞ്ഞില്ല.അമ്മയുടെ ചെക്ക് അപ്പ്, ടു വീലറിന്റെ സർവിസിങ്,വീടിന്റെ മോടികൂട്ടുന്ന ചില അറ്റകുറ്റ പണികളെല്ലമായി നിന്ന് തിരിയാൻ സമയമില്ലായിരുന്നു.പിറ്റേന്ന് അതിരാവിലെ പുറപ്പെട്ടിറങ്ങുമ്പോൾ ഒരുപോലെയുള്ള രണ്ട് പുള്ളി കുടകൾ എന്റെ കൈകളിലേക്ക് വെച്ച് തന്ന് അമ്മ പറഞ്ഞു 'ഇത് താഷിക്കും താമരയ്ക്കും കൊടുക്കണം.''. വർഷങ്ങൾക്ക് മുൻപുള്ള ഏതോ ഒരു ദിവസത്തിൽ നിന്ന് ഇറങ്ങി വന്നതാണ് അമ്മ, എന്നാണ് എനിക്ക് ആ നിമിഷം തോന്നിപ്പോയത്.. എനിക്കും മേധയ്ക്കും പകരം താഷിയും താമരയുമായെന്നേയുള്ളൂ.

രണ്ട് ദിവസത്തെ അവധി കഴിഞ്ഞ് തിരിച്ച് അതിരഞ്ഞൂർ എത്തിയപ്പോൾ സമയം പതിനൊന്നു മണി കഴിഞ്ഞിരുന്നു. ബസ് സ്റ്റോപ്പിലിറങ്ങി തിടുക്കത്തിൽ നടന്നു. മഴ മാറി നിന്നിരുന്നെങ്കിലും അതിരഞ്ഞൂരാകാശം തെളിച്ചമില്ലാതെ മൂടിക്കെട്ടി നിൽക്കുകയായിരുന്നു.

സ്റ്റോപ്പിൽ നിന്ന് ഇടത്തോട്ട് തിരിയുന്ന, സ്കൂളിലേക്കുള്ള വഴിയിലെ വൈദ്യുത വിളക്കിന്റെ ചുവട്ടിൽ പതിച്ചുവെച്ചിരിക്കുന്ന മരണമറിയിപ്പ് കണ്ട് ഞാൻ നടുങ്ങി പോകുകയായിരുന്നു.എന്റെ ശ്വാസം നിലയ്ക്കുന്നത് പോലെയും കൈകാലുകൾ ഊർന്നു വീഴുന്നതായും എനിക്കനുഭവപ്പെട്ടു. എങ്ങനെയാണ് ഞാൻ ദേവസ്സി ചേട്ടന്റെ മില്ലിന് മുന്നിലേക്ക് നടന്നെത്തിയത് എന്ന് എനിക്കു തന്നെയറിയില്ല.ദേവസ്സി ചേട്ടൻ എന്നെ താങ്ങിപ്പിടിച്ചിരുത്തുകയായിരുന്നു. അരമതിലിൽ ചാരിയിരുന്ന് ഒരു ഗ്ലാസ് വെള്ളം കുടിച്ചു.

''സാറ് അറിഞ്ഞില്ലായിരുന്നു അല്ലെ?'' അയാൾ ചോദിച്ചു.ഇല്ലായെന്ന് ഞാൻ തലയാട്ടി. സ്വാഭാവികമായും സ്കൂളിന്റെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ആ വിവരം ഉണ്ടായിരുന്നിരിക്കണം. നോട്ടിഫിക്കേഷൻ എന്നെന്നേക്കുമായി സൈലന്റ് ആക്കിയിട്ടിരിക്കുന്നത് കൊണ്ടും കഴിഞ്ഞ രണ്ട് ദിവസങ്ങളായി വീട്ടിൽ പിടിപ്പത് പണിയായിരുന്നത് കൊണ്ടും ഞാനത് ശ്രദ്ധിക്കാതിരുന്നതാണ്.

''അമ്മയും മക്കളും കൂടി കടവിൽ കുളിക്കാൻ പോയതാണ്.. ആരെങ്കിലും ചെയ്യുമോ സാറേ, ഈ മഴക്കാലത്ത്...!അവൾ ഏത് മലവെള്ള പാച്ചിലും നീന്തി കയറുന്നവളാ.. പക്ഷേ കുട്ടികൾ അങ്ങനെയാണോ...ഇറങ്ങരുതേ..കരയ്ക്ക് നിന്നാൽ മതി, നീങ്ങി നിന്നോ എന്ന് പറഞ്ഞാണത്രേ കടവിലിറങ്ങിത്.. പക്ഷേ കാലു തെന്നിയതാണോ എങ്ങനെയാണെന്ന് ഒരുപിടിത്തവുമില്ല. ഒന്ന് മുങ്ങി നിവർന്നപ്പോൾ കണ്മുന്നിൽ മുങ്ങി താഴുന്നതാണ് കണ്ട കാഴ്ച..അതിരഞ്ഞൂർ പുഴയാണ്. കുസൃതിക്കാരിയാണ്.. ഏത് നേരത്താണ് പുറകിൽ ഒളിപ്പിച്ചു വെച്ച കൈകളുമായി അവൾ പിടിച്ചു വലിക്കുക എന്നാർക്കുമറിയില്ല. ഒരുപാട് ഇഷ്ടമുള്ളവരെ അവൾ പിടിച്ചു വലിച്ചു കൊണ്ട് പോകും. പിന്നെയാര് ശ്രമിച്ചിട്ടും കാര്യമില്ല.''

**ചിതയിലെ അവസാന കനലും അണഞ്ഞപ്പോൾ ബാഗിൽ നിന്നെടുത്ത ഒരു പുള്ളിക്കുട ഞാൻ ആ ചാരക്കൂമ്പാരത്തിന്റെ തലയ്ക്കൽ നിവർത്തി വെച്ചു. മറ്റൊന്ന് ഏതോ ഒരു കസേരയിലും. താഷി അത് കണ്ടിരുന്നോ എന്നെനിക്കറിയില്ല.**

ദേവസ്സി ചേട്ടൻ നിന്ന നിൽപ്പിൽ പറഞ്ഞതെല്ലാം ഞാൻ യാന്ത്രികമായി കേട്ടുകൊണ്ടിരിക്കുകയായിരുന്നു.പിന്നെ ഇറങ്ങി നടന്നു. ''ഞാനും വരാം.. അടക്കമാവുമ്പോഴേക്കും എത്താം'' എന്ന് അയാൾ എനിക്ക് പിറകിൽ നിന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. ആദ്യത്തെ കയറ്റം കഴിഞ്ഞ് ഇടവഴിയിലേക്ക് കയറിയപ്പോൾ ദൂരെ ആൾക്കൂട്ടം തിങ്ങി നിറഞ്ഞ ഒരു മുറ്റം കാഴ്ചയിലേക്ക് വന്നു. പിന്നെ ആ കാഴ്ച അടുത്തടുത്തെത്തി.കടുത്ത വിഷാദത്തിൽ ഭൂമിയിലേക്ക് മുഖം പൂഴ്ത്തി നിൽക്കുകയായിരുന്നു ആ വീട്.നേർത്ത് ചിലമ്പിച്ച ഒരു കരച്ചിൽ ആ വീടിന്റെ,വിള്ളൽ വീണ,നിറം മങ്ങിയ ചുവരുകളിലും ദ്വാരങ്ങൾ വീണ മേൽക്കൂരയ്ക്കടിയിലുമായി തങ്ങി നിന്നിരുന്നു.എല്ലാ മുഖങ്ങളും പരിചിതമായിരുന്നു. ചിലർ എഴുന്നേറ്റ് അവരുടെ ഇരിപ്പിടങ്ങൾ എനിക്കായി ഒഴിച്ചിട്ടു തരുന്നുണ്ടായിരുന്നു. ആരെയും ശ്രദ്ധിക്കാനാവാതെ ആൾക്കൂട്ടത്തിലൂടെ തിങ്ങി ഞെരുങ്ങി ഞാൻ നീല ടർപോളിൻ ഷീറ്റ് വിരിച്ചിടത്തേക്ക് കടന്നു. കുളിച്ചു കണ്ണെഴുതി പൊട്ടു തൊട്ട് പുള്ളിയുടുപ്പിട്ട് കുസൃതിച്ചിരിയുമായി എന്നെന്നേക്കുമായി മയങ്ങി കിടക്കുകയായിരുന്നു അവൾ, താമര. ഒരു നോക്കേ ഞാൻ നോക്കിയുള്ളൂ.അപ്പോൾ ദുർബലമായ രണ്ട് കൈകൾ വന്നെന്നെ ചുറ്റിപ്പിടിച്ചത് ഞാൻ അറിഞ്ഞു. 'മാഷേ'എന്ന് വിളിച്ചു കൊണ്ട് താഷി എന്റെ വയറ്റത്ത് മുഖം പൂഴ്ത്തി.. അവനിനി ആർക്കാണ് കുടയാവുക?, അവനായിരിക്കും അവസാനമായി അവന്റെ കുഞ്ഞനിയത്തിയെ ഒരുക്കി കിടത്തിയിട്ടുണ്ടാവുക, അതിനുള്ള അവകാശം മറ്റാരേക്കാളും അവനു തന്നെയാണുള്ളത്. ദൈവമേ കാലം എന്തൊരു ക്രൂരനാണ് എന്ന് വിലപിച്ചു കൊണ്ട് ഞാൻ അവനെ ചേർത്തുപിടിച്ചു നിന്നു.എല്ലാ വാക്കുകളും അപ്രസ്കതമാവുന്ന മൗനം മാത്രം സംസാരിക്കുന്ന ഒരു നിമിഷമായിരുന്നു അത്.പിന്നെ ആരുടേയും കണ്ണെത്താത്ത വിധം ഒരു കോണിൽ പോയിരുന്നു. ചിതയിലെ അവസാന കനലും അണഞ്ഞപ്പോൾ ബാഗിൽ നിന്നെടുത്ത ഒരു പുള്ളിക്കുട ഞാൻ ആ ചാരക്കൂമ്പാരത്തിന്റെ തലയ്ക്കൽ നിവർത്തി വെച്ചു.മറ്റൊന്ന് ഏതോ ഒരു കസേരയിലും. താഷി അത് കണ്ടിരുന്നോ എന്നെനിക്കറിയില്ല. യാത്ര ചോദിക്കാതെ തിരികെ നടക്കുമ്പോൾ ഇടയ്ക്കൊന്ന് ഞാൻ തിരിഞ്ഞു നോക്കി . കെട്ടടങ്ങിയ ചിതയുടെ തലയ്ക്കൽ പോക്കുവെയിലിൽ ആ കുട തനിച്ചിരുന്നു., മറ്റൊരു കുട എല്ലാകാലത്തേക്കുമായി കണ്ണീർ പെയ്തുകൊണ്ട് അത് നോക്കി നിൽക്കുകയായിരുന്നു. കണ്ണീർ തുളുമ്പി കാഴ്ച മങ്ങുന്നുണ്ടായിരുന്നു. പൊടുന്നനെ,എനിക്ക് മേധയെ കാണണമെന്ന് തോന്നി. എത്ര നാളായി അവളെ നേരിൽ കണ്ടിട്ട്, അവളുടെ ശബ്ദം കേട്ടിട്ട്.അകാരണമായ ഒരു ഭയവും നഷ്ടബോധവും ആ നിമിഷം വന്നെന്നെ പൊതിഞ്ഞു.ഫോണെടുത്ത് ഞാൻ അവളുടെ നമ്പറിൽ ഡയൽ ചെയ്തു. വർഷങ്ങൾക്കപ്പുറത്ത് നിന്ന് കേൾക്കുന്നത് പോലെയായിരുന്നു അപ്പോൾ മേധയുടെ ശബ്ദം, പ്രാകൃതമായ ഒരു നിലവിളിയായിരുന്നു എന്നിൽ നിന്നും പുറത്തേക്ക് വന്നത്. 'മോളേ.....''! ഫോണിന്റെ മറുതലയ്ക്കൽ നിന്ന് അടക്കിപ്പിടിച്ച ഒരു തേങ്ങൽ ഞാൻ കേട്ടു.....

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®
You're in good hands.

**CALL**

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**


വയലാർ ,ദേവരാജൻ


യേശുദാസ് ,ജയചന്ദ്രൻ


പി ഭാസ്കരൻ

# പ്രണയവഴികളിലെ മഞ്ജീരശിഞ്ജിതം

**ഇന്നും ഓർമ്മകളിലൂടെ കടന്നുപോകുമ്പോൾ ഗൃഹാതുരതയുടെ നൊമ്പരമോ ഊഷ്മളതയോ പകരുന്ന ഈണങ്ങൾ.**

**◉ കെ.വി.മോഹൻ കുമാർ**

ജീവിതത്തിലെ ഓരോ ദശാസന്ധിയേയും അടയാളപ്പെടുത്താൻ മലയാളികൾക്ക് ഒരുപിടി സിനിമാ ഗാനങ്ങളുണ്ടാവും.അമ്മയുടെ ഗർഭാശയത്തിൽ നിന്നു ഭൂമിയിലെ അത്ഭുതക്കാഴ്ചകളിലേക്കു കണ്ണു തുറന്നതുമുതൽ കാതിൽ പതിച്ച ഗാനങ്ങൾ.കൗമാര പ്രണയങ്ങൾ പൊട്ടിവിടർന്നതും അവയുടെ അകമ്പടിയോടെയായിരുന്നു.

ഇന്നും ആ ഓർമ്മകളിലൂടെ കടന്നുപോകുമ്പോൾ ഗൃഹാതുരതയുടെ നൊമ്പരമോ ഊഷ്മളതയോ പകരുന്ന ഈണങ്ങൾ. എൻറെ കൗമാര മനസ്സിലെ പ്രണയക്കിനാവുകൾക്ക് ദൃശ്യവിതാനങ്ങളൊരുക്കിയതും ചില സിനിമാഗാനങ്ങളായിരുന്നു.കൗമാരക്കാരന്റെ മനോഹിതങ്ങൾക്കു നിറം പകർന്ന പാട്ടുകൾ.കാണാമറയത്തായിരുന്ന പ്രണയിനിയെ മനസ്സിലേക്കാവാഹിച്ച് എത്രയോവട്ടം ഞാനാ പാട്ടുകൾ മൂളിയിരിക്കുന്നു. ഒരിക്കലും അവളതു കേട്ടിരുന്നില്ല.ഒരേ ഗ്രാമത്തിലെങ്കിലും ഞങ്ങളുടെ വീടുകൾ ദൂരത്തായിരുന്നു.അവളെ കൺനിറയെ ഒന്നു കാണുകപോലും അപൂർവ്വമായിരുന്നു.എന്റെയുള്ളിലെ പ്രണയം അവളറിയുന്നുണ്ടായിരുന്നില്ല. എങ്കിലും ആകാശവാണിയിലൂടെ ആ പാട്ടുകൾ ഒഴുകിയെത്തുമ്പോൾ നിദ്രാസമുദ്രത്തിന്റെ തീരത്തിലൂടെ ഞങ്ങൾ കൈകോർത്തു നടക്കുമായിരുന്നു.



**എൻറെ കൗമാര മനസ്സിലെ പ്രണയക്കിനാവുകൾക്ക് ദൃശ്യവിതാനങ്ങളൊരുക്കിയത് ചില സിനിമാഗാനങ്ങളായിരുന്നു. കൗമാരക്കാരന്റെ മനോഹിതങ്ങൾക്കു നിറം പകർന്ന പാട്ടുകൾ. കാണാമറയത്തായിരുന്ന പ്രണയിനിയെ മനസ്സിലേക്കാവാഹിച്ച് എത്രയോവട്ടം ഞാനാ പാട്ടുകൾ മൂളിയിരിക്കുന്നു. ഒരിക്കലും അവളതു കേട്ടിരുന്നില്ല.**

സ്വപ്നസഞ്ചാരിയുടെ മനോരഥം ആ നേരങ്ങളിൽ സ്വർഗ്ഗത്തിലോ ഭൂമിയിലോ എന്നറിയില്ല.എവിടെയായിരുന്നാലും ആ സങ്കൽപഗന്ധർവ്വലോക



അർജുനൻ ,എ ആർ റഹ്മാൻ



ശ്രീകുമാരൻ തമ്പി

സഞ്ചാരങ്ങളിൽ ഇമ്പമേകാൻ ഗാനഗന്ധർവ്വന്റെ നാദവീചികൾ അന്തരീക്ഷത്തിലെങ്ങും അലയടിക്കുമായിരുന്നു.

'ഇന്ദുലേഖതൻ പൊൻ കളിത്തോണിയിൽ

ഇന്നലെ ഞാൻ നിന്നെ കൊണ്ടുപോയി...

ഇന്നലെ ഞാൻ നിന്നെ കൊണ്ടുപോയീ...'

മേഘങ്ങൾക്കിടയിലൂടെ പൊൻ കളിത്തോണിയായൊഴുകുന്ന ഇന്ദുകലയിലിരുത്തി കാമുകൻ കാമുകിയെ കൊണ്ടുപോയത് സ്വപ്നത്തിലാകാനേ തരമുള്ളു.അതുകൊണ്ടാണല്ലോ നിദ്രാ സമുദ്രത്തിന്റെ തീരത്തുവച്ച് അവരുടെ നിശ്ചയതാംബൂലം നടന്നത്.വെണ്മുകിൽ മാലകൾ തോരണം കെട്ടിയ സുന്ദര വാസന്തമണ്ഡപത്തിൽ ജാതകം കൈമാറുന്ന നേരത്ത് ജാതിയും മുല്ലയും പൂമഴ പൊഴിച്ചത്...വാനവും ഭൂമിയും ആ പ്രണയ സാക്ഷാത്കാരത്തിനു സാക്ഷികളായി നിന്നതും വാരിധീ തരംഗങ്ങൾ കുരവയിട്ടതും...മോദ ബാഷ്പത്തിന്റെ വൈഡൂര്യം പതിപ്പിച്ച മോതിരം കൈമാറി ആരോരുമറിയാതെയാണാ നിശ്ചയ താംബൂലം നടന്നത്.

'അനാഥ' എന്ന ചിത്രത്തിനു വേണ്ടി യേശുദാസ് പാടിയ മനോഹരമായ ഈ ഗാനമായിരുന്നു എന്റെ കൗമാര സ്വപ്നങ്ങൾക്കു നിറം പകർന്ന പാട്ടുകളിലൊന്ന്


**വയലാറും ഭാസ്കരൻ മാഷും മൽസരിച്ചെന്ന പോലെ എഴുതിയിരുന്നതുകൊണ്ട് അക്കാലത്ത് പ്രണയ ഗാനങ്ങൾക്കൊട്ടും പഞ്ഞമില്ലായിരുന്നു. അങ്ങനെ ഞാൻ പലവട്ടം പാടിയ പാട്ടായിരുന്നു 'ദത്തുപുത്രൻ 'എന്ന ചിത്രത്തിനുവേണ്ടി വയലാറെഴുതി ദേവരാജൻ മാഷ് ഈണം പകർന്ന് യേശുദാസ് പാടിയ 'സ്വർഗ്ഗത്തേക്കാൾ സുന്ദരമാണീ സ്വപ്നം വിടരും ഗ്രാമം.... പ്രേമവതിയാം എൻ പ്രിയകാമുകി താമസിക്കും ഗ്രാമം....'അച്ഛന്റെ മരണത്തിനു ശേഷം ആലപ്പുഴ പട്ടണത്തിൽ നിന്നു ഗ്രാമത്തിലേക്കു ചേക്കേറിവന്ന എനിക്ക് ആ നാടിനോടു പ്രണയം തോന്നിത്തുടങ്ങിയതങ്ങനെയാണു.**

.ബാബുക്കാ (എം.എസ്.ബാബുരാജ് ) ഈണം പകർന്ന പി.ഭാസ്കരൻ മാഷിന്റെ മനോജ്ഞമായ വരികൾ.വയലാറിന്റെയും ഭാസ്കരൻ മാഷിന്റേയും വരികൾ ഇന്നുമെന്നെ വിസ്മയിപ്പിക്കാറുണ്ട്.

അവളെ ഞാൻ ഇഷ്ടപ്പെട്ടുതുടങ്ങിയത് നാലാം ക്ലാസ്സിൽ വച്ചായിരുന്നു.അഞ്ചിലെത്തിയതോടെ ഞങ്ങൾ രണ്ടു വിദ്യാലയങ്ങളിലായി.അങ്ങനെ ഞാൻ ഏഴാം ക്ലാസ്സിലെത്തി. ഞാൻ പഠിച്ചിരുന്ന സർക്കാർ സ്കൂളിൽ ആഴ്ചയിലൊരിക്കൽ ഒരു പീരിയഡ് കുട്ടികളുടെ കലാപരിപാടികൾക്കായി നീക്കിവച്ചിരുന്നു.ഓരോ ആഴ്ചയും ഞങ്ങൾ ആ പീരിയഡിനായി കാത്തിരുന്നു. ഞാനന്നു കുറേശേ പാടും. പടം വരയ്ക്കും.ഓരോ ആഴ്ചയിലും പാടാൻ പുതിയൊരു പാട്ടിന്റെ വരികൾ ഞാൻ കാണാപ്പാഠമാക്കി വച്ചിരിക്കും. ക്ലാസ്സിൽ സുന്ദരികളായ പെൺകുട്ടികൾ ഉണ്ടായിരുന്നെങ്കിലും അവരെയൊന്നും ഗൗനിച്ചിരുന്നേയില്ല.എന്റെ പ്രണയം അവളോടായിരുന്നു.അവൾ എന്നെങ്കിലുമൊരിക്കൽ എന്റേതാകുമെന്നു മനസ്സ് വെറുതെ വ്യാമോഹിപ്പിക്കുമായിരുന്നു.ഓരോ ആഴ്ചയും അവളെ മനസ്സിൽ ആവാഹിച്ചിരുത്തിയാണു എന്റെ ഗാനാർച്ചന.അപ്പോൾ സ്വാഭാവികമായും അതൊരു പ്രണയഗാനമായിരിക്കണമല്ലോ.വയലാറും ഭാസ്കരൻ മാഷും മൽസരിച്ചെന്ന പോലെ

എഴുതിയിരുന്നതുകൊണ്ട് അക്കാലത്ത് പ്രണയ ഗാനങ്ങൾക്കൊട്ടും പഞ്ഞമില്ലായിരുന്നു.അങ്ങനെ ഞാൻ പലവട്ടം പാടിയ പാട്ടായിരുന്നു 'ദത്തുപുത്രൻ 'എന്ന ചിത്രത്തിനുവേണ്ടി വയലാറെഴുതി ദേവരാജൻ മാഷ് ഈണം പകർന്ന് യേശുദാസ് പാടിയ 'സ്വർഗ്ഗത്തേക്കാൾ സുന്ദരമാണീ സ്വപ്നം വിടരും ഗ്രാമം....പ്രേമവതിയാം എൻ പ്രിയകാമുകി താമസിക്കും ഗ്രാമം....'അച്ഛന്റെ മരണത്തിനു ശേഷം ആലപ്പുഴ പട്ടണത്തിൽ നിന്നു ഗ്രാമത്തിലേക്കു ചേക്കേറിവന്ന എനിക്ക് ആ നാടിനോടു പ്രണയം തോന്നിത്തുടങ്ങിയതങ്ങനെയാണു.

അറുപതുകളുടെ അവസാനമിറങ്ങിയ ഒട്ടുമിക്ക മലയാള സിനിമകളിലേയും പ്രണയഗാനങ്ങൾ അക്കാലത്തെ ഹിറ്റുകളായിരുന്നു.യൂസഫലി കേച്ചേരി എഴുതി ബാബുക്കാ ഈണം പകർന്ന് 'ഉദ്യോഗസ്ഥ'യിൽ പി. ജയചന്ദ്രൻ പാടിയ 'അനുരാഗഗാനം പോലെ...', കാവാലം ചുണ്ടനുവേണ്ടി വയലാർ - ദേവരാജൻ ടീം ചിട്ടപ്പെടുത്തിയ 'ആമ്പൽ പൂവേ.. അണിയം പൂവേ...','നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന സിനിമയിൽ യേശുദാസ് പാടിയ വയലാർ- ദേവരാജൻ ടീമിന്റെ 'അമ്പലപ്പറമ്പിലെ ആരാമത്തിലെ ചെമ്പരത്തിപ്പൂവേ...', പാരിജാതം തിരുമിഴി തുറന്നൂ..' (തോക്കുകൾ കഥ പറയുന്നു), 'മഞ്ജുഭാഷിണീ മണിയറ വീണയിൽ...(കൊടുങ്ങല്ലൂരമ്മ),'സ്വർണ്ണത്താമരയിതളിലുറങ്ങും കണ്വതപോവന കന്യകേ...(ശകുന്തള) 'യവനസുന്ദരീ സ്വീകരിക്കുകീ പ്രണയ മല്ലികപ്പൂവുകൾ..(പേൾ വ്യൂ), മായാജാലക വാതിൽ തുറക്കും മധുരസ്മരണകളേ...(വിവാഹിത)...ഭാർഗ്ഗവീനിലയത്തിലെ 'താമസമെന്തേ വരുവാൻ...'പരീക്ഷയിലെ 'പ്രാണസഖീ ഞാൻ വെറുമൊരു



യേശുദാസ്



എസ് ജാനകി

**യൂസഫലി കേച്ചേരി എഴുതി ബാബുക്കാ ഈണം പകർന്ന് 'ഉദ്യോഗസ്ഥ'യിൽ പി. ജയചന്ദ്രൻ പാടിയ 'അനുരാഗഗാനം പോലെ...', കാവാലം ചുണ്ടനുവേണ്ടി വയലാർ – ദേവരാജൻ ടീം ചിട്ടപ്പെടുത്തിയ 'ആമ്പൽ പൂവേ..അണിയം പൂവേ...','നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന സിനിമയിൽ യേശുദാസ് പാടിയ വയലാർ– ദേവരാജൻ ടീമിന്റെ 'അമ്പലപ്പറമ്പിലെ ആരാമത്തിലെ ചെമ്പരത്തിപ്പൂവേ...', പാരിജാതം തിരുമിഴി തുറന്നൂ..' (തോക്കുകൾ കഥ പറയുന്നു), 'മഞ്ജുഭാഷിണീ മണിയറ വീണയിൽ...(കൊടുങ്ങല്ലൂരമ്മ),'സ്വർണ്ണത്താമരയിതളിലുറങ്ങും കണ്വതപോവന കന്യകേ...(ശകുന്തള) 'യവനസുന്ദരീ സ്വീകരിക്കുകീ പ്രണയ മല്ലികപ്പൂവുകൾ..(പേൾ വ്യൂ), മായാജാലക വാതിൽ തുറക്കും മധുരസ്മരണകളേ...(വിവാഹിത)...ഭാർഗ്ഗവീനിലയത്തിലെ 'താമസമെന്തേ വരുവാൻ...'പരീക്ഷയിലെ 'പ്രാണസഖീ ഞാൻ വെറുമൊരു പാമരനാം പാട്ടുകാരൻ...' ഈ പാട്ടുകളൊക്കെയും കേൾക്കുമ്പോഴും പാടുമ്പോഴും എന്റെ മനസ്സിൽ താമരമൊട്ടു പോലെ കൂമ്പി നിൽക്കുന്ന അവളുടെ മുഖകാന്തി തെളിഞ്ഞു വരുമായിരുന്നു.**

പാമരനാം പാട്ടുകാരൻ...' ഈ പാട്ടുകളൊക്കെയും കേൾക്കുമ്പോഴും പാടുമ്പോഴും എന്റെ മനസ്സിൽ താമരമൊട്ടു പോലെ കൂമ്പി നിൽക്കുന്ന അവളുടെ മുഖകാന്തി തെളിഞ്ഞു വരുമായിരുന്നു.

പ്രീഡിഗ്രിക്കാലത്ത് ഞങ്ങൾ ഒരേ കോളേജിലായതോടെ എന്റെ പ്രണയ സ്വപ്നങ്ങൾക്കു പിന്നെയും ചിറകു വിടർന്നു.അവളപ്പോഴേക്കും മുഴുപ്പാവാടക്കാരിയായി വളർന്നിരുന്നു. ആയിടെയാണു ലക്ഷ്മിയും പ്രേം നസീറും നായികാ നായകന്മാരായ 'പിക്നിക്ക് 'എന്ന സിനിമ ഇറങ്ങിയത്.അവൾക്ക് അതിലെ ലക്ഷ്മിയുടെ മുഖവടിവായിരുന്നു.ചേർത്തല പട്ടണത്തിലെ ഭവാനി തിയേറ്ററിലും വീടിനടുത്തുള്ള സ്വപ്ന തിയേറ്ററിലുമായി മൂന്നുവട്ടം ഞാനാ സിനിമകണ്ടു.ഓരോ വട്ടം കാണുമ്പോഴും അതിൽ ലക്ഷ്മി അവതരിപ്പിച്ച 'മാല'യെന്ന കഥാപാത്രം അവളാണെന്നുറപ്പിക്കും.ആ സിനിമയിലെ 'കസ്തൂരി മണക്കുന്നല്ലോ കാറ്റേ നീ വരുമ്പോൾ...'എന്ന പ്രണയഗാനത്തിന്റെ സീനുകളിലൂടെ അവളുമൊത്തു ഞാൻ സ്വപ്നസഞ്ചാരം നടത്തുമായിരുന്നു. ശ്രീകുമാരൻ തമ്പിയുടെ മനോഹരമായ വരികൾ.പ്രണയികളുടെ മനസ്സിനെ തരളിതമാക്കുന്ന അർ

**എനിക്കിപ്പോഴും ഹൃദയനൊമ്പരമുളവാക്കാറുള്ള ഗാനമാണു സംഗീതജ്ഞനായ എൽ.പി. ആർ.വർമ്മ ഈണം പകർന്ന് യേശുദാസ് പാടിയ 'അജ്ഞാതസഖീ... ആത്മസഖീ.' എന്റെ ചേട്ടന്റെ പ്രിയപ്പെട്ട പാട്ടായിരുന്നുവത്. ചേട്ടനതു മനോഹരമായി പാടുമായിരുന്നു. യേശുദാസിനോടു സാമ്യമുള്ളതായിരുന്നു ചേട്ടന്റെ സ്വരം. ഇരുപതുവർഷം മുൻപേ ചേട്ടൻ ഈ ഭൂമിവിട്ടു പോയെങ്കിലും ആ ഓർമ്മകൾക്കൊപ്പം ഇപ്പോഴും ഈ പാട്ടും ഒഴുകിവരാറുണ്ട്.**

ജ്ജുനൻ മാഷിന്റെ ഈണം.

അക്കാലത്തെ സിനിമാപ്പാട്ടുകളിൽ എനിക്കിപ്പോഴും ഹൃദയനൊമ്പരമുളവാക്കാറുള്ള ഗാനമാണു സംഗീതജ്ഞനായ എൽ.പി. ആർ.വർമ്മ ഈണം പകർന്ന് യേശുദാസ് പാടിയ 'അജ്ഞാതസഖീ...ആത്മസഖീ.'എന്റെ ചേട്ടന്റെ പ്രിയപ്പെട്ട പാട്ടായിരുന്നുവത്. ചേട്ടനതു മനോഹരമായി പാടുമായിരുന്നു.യേശുദാസിനോടു സാമ്യമുള്ളതായിരുന്നു ചേട്ടന്റെ സ്വരം. ഇരുപതുവർഷം മുൻപേ ചേട്ടൻ ഈ ഭൂമിവിട്ടു പോയെങ്കിലും ആ ഓർമ്മകൾക്കൊപ്പം ഇപ്പോഴും ഈ പാട്ടും ഒഴുകിവരാറുണ്ട്. വയലാറിന്റെ വരികളിലെ ഇമേജറികളായിരുന്നു ഈ പാട്ടിന്റെ ചന്തം . അനുരാഗ നർമ്മദാ തീരത്ത് ആകാശപുഷ്പം ചൂടി നിൽക്കുന്ന അജ്ഞാതസഖി എന്റെ സാക്ഷാത്കരിക്കാതെ പോയ സ്വപ്നമായിരുന്നു. എന്റെ ഏകാന്ത ഹൃദയകുടീരത്തിൽ രാഗപരാഗങ്ങൾ തൂകി നിൽക്കുകയാണവൾ അന്നുമിന്നും .അവളോടു കവി ചോദിച്ച അതേ ചോദ്യം ഞാനും ചോദിക്കുമായിരുന്നു:ഇന്നെന്തിനെൻറെ ദിവാസ്വപ്നങ്ങളെ വന്നു നീ പുൽകി വിടർത്തി? 'വയലാറിന്റെ വരികളുടെയും ബിംബങ്ങളുടെയും മാസ്മരിക സൗന്ദര്യം



തുളുമ്പുന്നതാണു ഇനിയുള്ള വരികൾ.ഈ വരികൾക്കിടയിൽ അവൾ ഒളിഞ്ഞിരിപ്പുണ്ട്.

മാമക വിജന ലതാസദനത്തിൽ നീ
മഞ്ജീരശിഞ്ജിതം തൂകീ...
താമരമലർ മിഴിയമ്പുകളോടെ
തപസ്സിളക്കാൻ വന്നൂ
എന്തിനു തപസ്സിളക്കാൻ വന്നൂ?

കാൽച്ചിലമ്പിന്റെ കിലുകിലാരവമാണു മഞ്ജീരശിഞ്ജിതം.അജ്ഞാതസഖിയുടെ കാൽച്ചിലമ്പൊലി എന്റെ കാതുകളിലിപ്പോഴും വന്നു പതിയ്ക്കാറുണ്ട്. പ്രണായതുരനായി അവളോടു ഞാൻ ചോദിക്കാറുണ്ട്:താമരമലർ മിഴിയമ്പുകളോടെ എന്റെ കൗമാര സ്വപ്നങ്ങളിൽ തപസ്സിളക്കാൻ നീ വന്നതെന്തിനു?


അവളെനിക്ക് അജ്ഞാതയായിരുന്നില്ല എങ്കിലും എന്റെ പ്രണയം അവൾക്കെന്നും അജ്ഞാതമായിരുന്നു.അന്നുമിന്നും. ഇപ്പോഴും ആ വരികൾ കാതിൽ പതിക്കുമ്പോൾ എന്റെ പൊയ്പ്പോയ യുവത്വം പ്രണയത്തിന്റെ നിലാമഴ പെയ്യിക്കുന്നതായി തോന്നും.

പതിനൊന്നു വർഷം മുൻപ് ഈ പാട്ടിനെക്കുറിച്ചു ഞാനെഴുതിയ വരികൾ ഒരിക്കൽ കൂടി ആവർത്തിക്കട്ടെ: 'മരണത്തിന്റെ കവാടത്തിലൂടെ കടന്നു പോകുമ്പോൾ പോലും ഈ പാട്ടു കേൾക്കാനിടയായാൽ ഞാനൊരുപക്ഷേ ജീവിതത്തിലേക്കും പൊയ്പോയ പ്രണയ സ്വപ്നങ്ങളിലേക്കും തിരികെ പറന്നു വന്നേക്കാം.'ആ മഞ്ജീരശിഞ്ജിതം എന്റെ കാതുകളിലിപ്പോഴും അലയടിക്കാറുണ്ട്.

**'മരണത്തിന്റെ കവാടത്തിലൂടെ കടന്നു പോകുമ്പോൾ പോലും ഈ പാട്ടു കേൾക്കാനിടയായാൽ ഞാനൊരുപക്ഷേ ജീവിതത്തിലേക്കും പൊയ്പോയ പ്രണയ സ്വപ്നങ്ങളിലേക്കും തിരികെ പറന്നു വന്നേക്കാം.'ആ മഞ്ജീരശിഞ്ജിതം എന്റെ കാതുകളിലിപ്പോഴും അലയടിക്കാറുണ്ട്.**

## പ്രിന്റെക്സ് അജിത്തിന്റെ

# തൃശ്ശിവപേരൂർ കഥകൾ 1





വര : പി ആർ രാജൻ

# ഒരു പ്രണയത്തിന്റെ ഓർമ്മക്ക്

യൂട്ടിലിറ്റി ബിൽഡിങ്ങിലെ ഇടുങ്ങിയ കോണി കയറി സ്ഥിരം വരാറുള്ള ഇണക്കുരുവികളിൽ  പെൺ കുരുവി ഒരു ദിവസം തനിയെ കയറി വന്നു.

കുരുവിക്കുഞ്ഞ് ആകെ ടെൻഷനിലാണ്.

പൂം കുരുവീ.....

കാര്യം പറയൂ....

എന്താണ് പ്രശ്നം?

'എനിക്ക് അത്മഹത്യ ചെയ്യണം ....'

' തരക്കേടില്ലല്ലോ.....

നല്ല പരിപാടിയാണ് ......'

'എന്നാണ്? എപ്പോഴാണ്?

ഏത് രീതിയിലാണ് പ്ലാൻ ചെയ്തിരിക്കുന്നത്? '

**പ്രൊഫണൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കണമെങ്കിൽ കോമൺസെൻസ് നിർബ്ബന്ധമല്ല.  അന്നും ഇന്നും..?? രണ്ടു പേരും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ കൃഷി പഠനം. പഠനം കൃഷിയായതു കൊണ്ട്,ക്ലാസ് റൂമിന് പുറത്താണ് കൃഷി അഭ്യാസം.'കൃഷിയോടൊപ്പം പ്രണയം'**

'അജിത്തേട്ടൻ പരിഹസിക്കുകയാണോ? '

'ഒരിക്കലുമില്ല. കുട്ടിയെ എന്നല്ല ലോകത്താരെയും ഞാൻ പരിഹസിക്കില്ല.

പരിഹാസം എന്തെന്ന് പോലും എനിക്കറിയില്ല. '

'അതെനിക്കറിയാം '

എന്നാലും ഒരു സംശയം....

ആയിക്കോട്ടെ... പറയൂ....

ഞാൻ ഫ്രൂ... കഴിക്കാനാണ് പരിപാടി....

അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ

പി.ജി.സ്റ്റുഡൻറ് ആയതുകൊണ്ട് എ...

എന്ന കീടനാശിനിയെക്കുറിച്ച് പെരുത്ത് ജ്ഞാനം. .

കുരുവിയുടെ യഥാർത്ഥ പേര് പറയുന്നത്  പൊളിറ്റിക്കലി കറക്ട് അല്ലാത്തതുകൊണ്ട് കുരുവിയെ

നമുക്ക് രാധയെന്ന് വിളിക്കാം.

രാധ.....

ജാതിയിൽ അമ്പലവാസി തൃശൂർ നഗരത്തിൽ ത്തന്നെ താമസം.

കാമുകൻ ചന്ദ്രൻ.

അമ്പലവാസിയല്ല.

വീട് തൃശ്ശൂരിന്റെ തീരദേശത്ത് .

അദ്ധ്യാപക ദമ്പതിമാരുടെ ഏകമകൻ,

രണ്ടു പേരുടെയും കോമൺ സെൻസിനെക്കുറിച്ച് ഞാനായിട്ടൊന്നും പറയുന്നില്ല.

മനോധർമ്മമനുസരിച്ച് ആർക്കും എന്ത് വേണേലും തീരുമാനിക്കാം...

പ്രൊഫണൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കണമെങ്കിൽ കോമൺസെൻസ് നിർബ്ബന്ധമല്ല. അന്നും ഇന്നും..??

രണ്ടു പേരും അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ കൃഷി പഠനം. പഠനം കൃഷിയായതു കൊണ്ട്,ക്ലാസ് റൂമിന് പുറത്താണ് കൃഷി അഭ്യാസം.

'കൃഷിയോടൊപ്പം പ്രണയം '

എന്നത് പാഠ്യവിഷയമല്ലെങ്കിലും മേൽ വിഷയത്തിലെ പഠനം സർവ്വസാധാരണമായിരുന്നു..??

പ്രണയം തലക്ക് പിടിച്ചിട്ടും,

പഠിപ്പിൽ അതിസമർത്ഥയായതു കൊണ്ട് , രാധ നല്ല മാർക്കോടെ പാസായി.??

അവിടെത്തന്നെപി.ജി.ക്കും ചേർന്നു

പക്ഷെ പ്രണയപ്പനി പിടിച്ചതു കൊണ്ടോ ,അത്യാവശ്യം മണ്ടത്തരമുള്ളതുകൊണ്ടോ,

ചന്ദ്രന് ബിരുദ സർട്ടിഫിക്കറ്റ് കയ്യിൽ കിട്ടാൻ പിന്നേയും കുറേ പരീക്ഷകൾ കൂടി എഴുതേണ്ടിവന്നു.

'ജീവിക്കാൻ കാരണമൊന്നും വേണ്ട... പക്ഷെ ആത്മഹത്യക്ക് കാരണം വേണം '

'കാരണം പറയൂ?'

'ജീവിതം മടുത്തു..'??

**ജീവിക്കുകയാണെങ്കിൽ ഈ പ്രശ്നമൊന്നുമില്ല. ഇപ്പോഴുള്ള തിന്നക്കാൾ സുന്ദരിയാകാനും സുഗന്ധം പരത്താനും എത്രയോ മാർഗങ്ങൾ ??'മരിക്കണ്ടാലേ .....? 'മരിക്കണ്ട.??**

'മടുത്തെങ്കിൽ പിന്നെ ആത്മഹത്യ തന്നെയാണ് ഉചിതം.'.

പക്ഷെ വിഷം കഴിച്ചാലുള്ള അവസ്ഥയെക്കുറിച്ച് രാധ ഒന്ന് സങ്കല്പിച്ചു നോക്കൂ....

ഇക്കണ്ട കാലമത്രയും കഴിച്ച ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ ഛർദ്ദിച്ചും , വയറിളകിയും വൃത്തികെട്ട നാറ്റത്തോടെ പരിസരം മൊത്തത്തിൽ നാറ്റിച്ച് നശിപ്പിച്ച് കളയും...??

മൃതദ്ദേഹം കാണാൻ വരുന്നവർ, ഇത്രയും സുന്ദരിയായ രാധയെ കണ്ട്, മൂക്ക് പൊത്തിപ്പിടിച്ച് ഓടില്ലേ..........

'ഫ്രു... വേണോ?'

'വേണ്ട ......'

തൂങ്ങി മരണം കുഴപ്പമില്ല.

പക്ഷെ.. കണ്ണ് തുറിച്ച് നാക്ക് പുറത്തേക്ക് തള്ളി വയറ്റിന്ന് മലമൂത്രാദികൾ കാലിലൂടെ

ഒലിച്ച് -....... വേണോ?

അതും വേണ്ട...??

ജീവിക്കുകയാണെങ്കിൽ ഈ പ്രശ്നമൊന്നുമില്ല. ഇപ്പോഴുള്ള തിന്നക്കാൾ സുന്ദരിയാകാനും സുഗന്ധം പരത്താനും എത്രയോ മാർഗങ്ങൾ ??

'മരിക്കണ്ടാലേ .....?'

മരിക്കണ്ട.??

'അപ്പൊ----

ശരിക്കും എന്താണ് പ്രശ്നം...?'

'വീട്ടുകാർ തിരക്കിട്ട് എന്റെ വിവാഹം നടത്താനുള്ള ശ്രമം തുടങ്ങിയിരിക്കുന്നു ......'

'ഓഹോ..അങ്ങിനെയാണോ?

അത് ആത്മഹത്യയ്ക്ക് പറ്റിയ കാരണം തന്നെ!'

'അമ്മാവന്റെ മകനുമായിട്ടാണ്.

എനിക്ക് ഇഷ്ടമല്ല ...

ചന്ദ്രനുമായുള്ള എന്റെ ബന്ധം അറിഞ്ഞതു് കൊണ്ടാണ് പെട്ടെന്നുള്ള ഈ തീരുമാനം .'

'ഇനിയെന്തു ചെയ്യും?

എപ്പോൾവിവാഹം നടത്താനാണ് വീട്ടുകാർ നിശ്ചയിച്ചിരിക്കുന്നത്? '

'ഉടൻ ഇല്ല ..കുറച്ച് കാലം കഴിഞ്ഞേ വിവാഹം ഉണ്ടാകൂ.......'

'തടയിടണം....'

'തടയിടാം....'

അപ്പോൾ തല്ക്കാലം

അത്മഹത്യ വേണ്ട...

'കാമുകനുമായി ഒന്ന് ആലോചിക്കൂ.

എന്തെങ്കിലും ഐഡിയ ഉരുത്തിരിഞ്ഞ് വരാതിരിക്കില്ല.'

'നിങ്ങൾക്ക് എന്നെ സഹായിക്കാൻ കഴിയും'

'നോക്കാം.....'

ആത്മഹത്യാ പരിപാടി ഉപക്ഷിച്ച കുരുവിക്കുഞ്ഞ് യൂട്ടിലിറ്റി ബിൽഡിങ്ങിലെ സ്ഥിരം അന്തേവാസികളായ ഞങ്ങൾക്ക് എം.ഒ. റോഡിലെ ബാറില്ലാ കാസിനോയിൽ നിന്നും ചായയും

കട് ലറ്റും വാങ്ങിത്തന്ന് യാത്ര പറഞ്ഞു.

രണ്ടാഴ്ച കഴിഞ്ഞ് ഇണക്കുരുവികൾ ഒന്നിച്ച് എത്തി.

രണ്ടു പേരും എന്തൊക്കെയോ തർക്കിച്ച് കൊണ്ടാണ് വരവ്.

ഏതു് പ്രശ്നങ്ങളും ഇടപെട്ട് കുളമാക്കാനാണല്ലോ നഗര മധ്യത്തിൽത്തന്നെ ഞങ്ങൾ കാജാ ബീഡിയും വലിച്ച് കുത്തിയിരിക്കുന്നത്!

'നിർത്ത് നിർത്ത്.... വഴക്ക് നിർത്ത് -

എന്താ ഇന്നത്തെ പ്രശ്നം?'

'ഞങ്ങൾക്ക് കല്യാണം കഴിക്കണം..'

എപ്പോൾ എങ്ങിനെ എന്നതിലാണ് തർക്കം....

'അടിപൊളി '

'കൊള്ളാലോ പരിപാടി '.



ഉടൻ  വേണമെന്ന് രാധ...

'നല്ലപോലെ ആലോചിച്ചിട്ട് പോരേ?'

പ്രശ്നം നമുക്ക് പരിഹരിക്കാം....

പക്ഷെ ചായയിലും കട്ട്ലറ്റിലും നിൽക്കില്ല....

പിന്നെ?

ഇന്ന് വൈകിട്ട്  'കട്ട' ഇടലില്ല.

ഫുൾ ചിലവ് നിങ്ങൾ രണ്ടു പേരും കൂടി എടുക്കണം...

Ok.

രാധ ഡബിൾ ഒകെ...

ചന്ദ്രൻ...

മനമില്ലാമനസ്സോടെ,

' വൈകീട്ടത്തെ വെള്ളമടിയിൽ കൂട്ടുകയാണെങ്കിൽ ഞാനും ഓകെ.. '

ഇന്നെന്തായാലും തീരുമാനിക്കാം – ചടങ്ങ് എപ്പോൾ എങ്ങിനെ എന്ന്

രാത്രിയിലെ കലാപരിപാടികൾക്കിടയിൽ തീരുമാനിക്കും.......

നാളെ ... അല്ല. മറ്റന്നാൾ വരുമ്പോൾ പറയാം.

രാധക്ക് തിരക്കായി....

ഞാൻ ഇന്ന് രാത്രിതന്നെ വിളിക്കട്ടെ?.

വേണ്ട, നാളെ .വിളിച്ചോളൂ....

മൊബൈൽ ഫോൺ കണ്ടു പിടിക്കുന്നതിന് മുൻപ് കേരളത്തിലെ സകലമാന ബുദ്ധിജിവികളുടെയും വിപ്ലവകാരികളുടെയും മാത്രമല്ല. കമിതാക്കളുടെയും ,

സ്വന്തം ഫോൺ നമ്പർ 29 179.

കേരളത്തിലെ ഒട്ടുമിക്ക ക്യാമ്പസുകളിലെ വിപ്ലവ വിദ്യാർത്ഥി നേതാക്കൾക്കു മാത്രമല്ല അണികൾക്കും എതിരികൾക്കും മേൽ പറഞ്ഞ നമ്പർ സുപരിചിതം

ഏറ്റെടുത്തുപോയില്ലേ .......

എന്തെങ്കിലും തീരുമാനിക്കാതെ പറ്റില്ലല്ലോ....

പല അഭിപ്രായങ്ങൾ പൊന്തി വന്നു...

രണ്ടെണ്ണത്തിനും കോമൺ സെൻസ് തീരെ ഇല്ല ...

വേണ്ടാത്തതിനൊന്നും പോണ്ട....

കല്യാണം കഴിഞ്ഞിട്ട് വേണേൽ രണ്ടും കൂടി ഒന്നിച്ച്

ആത്മഹത്യ ചെയ്തോട്ടെ........ ചില അരസികന്മാർ..

Special marriage act അനുസരിച്ച് register ചെയ്യാം...... പക്ഷെ

ഒരു മാസത്തെ നേട്ടിസ് .......

സമയമെടുക്കും.

വേണ്ട.....

സാദാ  registration ?

നിമയ വിദഗ്ദർ ഇടപെട്ടു.

അത് വെറുമൊരു കരാർ മാത്രം.

ഹോട്ടലിൽ റൂം എടുത്ത് താ



മസിക്കുകയാണെങ്കിൽ സാദാ ചാര പോലീസിനേയും സദാചാര വിഷയം കൈകാര്യം ചെയ്യുന്ന യഥാർത്ഥ പോലീസിനെയും കാണിക്കാൻ മാത്രമേ കൊള്ളു....

പോര... വീട്ടുകാർ നിർബന്ധിച്ച് കരാർ റദ്ദു ചെയ്യിക്കും.

കുറച്ചു കൂടി ഉറപ്പുള്ളതു് വേണം...

ഹിന്ദു മാര്യാജ് ആക്ട്??

കൊള്ളാം....

കടും കെട്ടാണ് പൊട്ടിച്ചെറിയൽ എളുപ്പമല്ല

കോടതി തന്നെ വേണം....

**മിഥുനങ്ങളുടെ കയ്യിൽ താലി മാല പോയിട്ട് തുളസിമാല വാങ്ങാനുള്ള പണം പോലുമില്ല . ചന്ദ്രൻ രക്തഹാരത്തിന്റെ ആളാണെങ്കിലും സ്വന്തം കാര്യമായതുകൊണ്ട് ക്ഷേത്രത്തിലും തുളസി മാലയിലും ഹാപ്പി.??**

മൂന്നാം നാൾ മിഥുനങ്ങൾ വൈകിട്ട് യൂറ്റിലിറ്റി ബിൽഡിങ്ങിൽ ഉയിർത്തെഴുന്നേറ്റു..

ഞങ്ങൾ മുഹർത്തം കുറിച്ചു.

തിങ്കളാഴ്ച രാവിലെ 7 മണിക്ക് . കൂർക്കഞ്ചേരി ശ്രീനാരായണ ക്ഷേത്രത്തിൽ വെച്ച്.

രണ്ടു പേരും ഹാപ്പി...

ഹിന്ദു ആചാരപ്രകാരം..

ഒരു ജാതി ഒരു മതം ഒരു ദൈവം ആർക്ക് വേണേലും ചുമ്മാ പോയങ്ങ് മാലയിടാം..

ക്ഷേത്രം റജിസ്റ്ററിൽ വിവാഹം കഴിഞ്ഞതായി രേഖപ്പെടുത്താം.

രണ്ട് സാക്ഷികൾ ധാരാളം....

(അന്ന് അങ്ങിനെ. ഇന്നത്തെ കഥ അറിയില്ല.)

സർട്ടിഫിക്കറ്റ്

വേണേൽ 51രൂപ ....

താലിമാല നിർബ്ബന്ധമില്ല. ചുളുവിലക്ക് കാര്യം കഴിഞ്ഞു.

രണ്ടേ രണ്ട് തുളസി മാലകൾ

മാത്രം??

..

മിഥുനങ്ങളുടെ കയ്യിൽ താലി മാല പോയിട്ട് തുളസിമാല വാങ്ങാനുള്ള പണം പോലുമില്ല .

ചന്ദ്രൻ രക്തഹാരത്തിന്റെ ആളാണെങ്കിലും

സ്വന്തം കാര്യമായതുകൊണ്ട് ക്ഷേത്രത്തിലും തുളസി മാലയിലും ഹാപ്പി.??

ചാരയത്തിന് മാത്രമല്ല വിവാഹത്തിനും , സൽക്കാരത്തിനും കട്ടയിട്ടു....

തൽക്കാലം എം.ഒ. റോഡിലെ രാധാകൃഷ്ണയിൽ

മസാല ദോശ ചായ .

വിവാഹത്തിനുംസൽക്കാരത്തിനും. ഞങ്ങൾ അഞ്ചാറ് പേർ..

വിവാഹം കഴിഞ്ഞതിന്റെ സന്തോഷം പോയിട്ട് യാതൊരു വികാരവും രാധയിലില്ല.!

ക്ലാസ് കട്ട് ചെയ്യാൻ പാടില്ല. ഉടൻ ക്ലാസിൽ പോകണം.

ചന്ദ്രൻ സ്വപ്ന ലോകത്ത് നിന്നും ചാടി എഴുന്നേറ്റു.

'ഇന്ന് ക്ലാസിൽ പോകണ്ടാ.....'

'എന്തിനാ പോകാതിരിക്കുന്നത് ? '

'പോകണ്ട. എന്ന് പറഞ്ഞാൽ പോകണ്ട'

ഒരു കൊച്ച് തുളസിമാല കഴുത്തിൽ ഇട്ടപ്പോഴേക്കും വിപ്ലവവിദ്യാർത്ഥികൂടിയായ ചന്ദ്രനിലെ ആണധികാരി ഉണർന്നു.

'ഇന്ന് നമ്മുടെ ആദ്യ ദിവസം. നീ എന്റെ കൂടെത്തന്നെ ഉണ്ടാവണം'

''പകലോ രാത്രിയോ എന്തോ ആകട്ടെ എനിക്കിന്ന് ക്ലാസിൽ പോണം,പഠിക്കണം ,ജോലി സമ്പാദിക്കണം ,

സ്വന്തം കാലിൽ നിൽക്കണം...

ഒന്നിച്ചുള്ള ജീവിതമൊക്കെ അതിന് ശേഷം''

രാധ കോളേജിലേക്കുള്ള ബസ്സിൽ ഓടിക്കയറി.

നിരാശനായ ചന്ദ്രൻ Sky LOARD BAR തുറക്കുന്നതും കാത്ത് തേക്കിൻകാട് മൈതാനത്തിലെ ആൽത്തറയിൽ.....

മൊബൈൽ ഫോൺ ഇല്ലാത്ത കാലമായിരുന്നതുകൊണ്ട് മെസേജ് യുദ്ധം ഉണ്ടായില്ല.

ഒരുമിച്ചൊരു രാത്രി പോയിട്ട് , പകലെങ്കിലും ഒന്ന് കൂടണമെന്ന ചന്ദ്രന്റെ ആഗ്രഹം നടന്നില്ല.

പി ജി. കഴിഞ്ഞ രാധക്ക് ഉടൻ

ഒരു ബാങ്കിൽ കൃഷി ആപ്പിസർ ജോലി....

ചന്ദ്രൻ , ബിരുദ സർട്ടിഫിക്കറ്റ് കൈക്കലാക്കാനുള്ള വാശിയിൽ ...... കോളേജ് ഹോസ്റ്റലിൽ ഒളിവ് താമസം.

വർഷം ഒന്ന് കഴിഞ്ഞു.

വിപ്ലവത്തിന്റെ സാദ്ധ്യതകളും സോവിയറ്റ് യൂണിയന്റെ തകർച്ചയുടെ ചർച്ചയും വൈകീട്ടത്തെ കലാപരിപാടിക്കുള്ള വട്ടം കൂട്ടലും നടന്നു കൊണ്ടിരുന്ന ഒരു സന്ധ്യാസമയത്ത്

രാധ തനിയെ കോണി കയറി വന്നു...

**രാധക്ക് ജോലിയും വരുമാനവുമുള്ളതു കൊണ്ട് വക്കീലന്മാർ ഖുശി.... കുടുംബകോടതി വരാന്തയിലും പരിസരത്തുമുണ്ടായ ചന്ദ്രന്റെ ആക്രോശങ്ങൾ കോടതിക്കുള്ളിൽ കേൾക്കാതിരിക്കാൻ ചന്ദ്രൻ പരമാവധി ശ്രമിച്ചതു കൊണ്ട് മൂപ്പർക്ക് ജീവപര്യന്തം കിട്ടിയില്ല.**

രാധ ഗൗരവത്തിലാണ്....

' ജോലി കഴിഞ്ഞുള്ളവരവാണോ? ജോലി എങ്ങിനെയുണ്ട്.'

എല്ലാ ചോദ്യങ്ങൾക്കും മറുപടി ഒരുമൂളൽ മാത്രം..

അല്പസമയത്തിന് ശേഷം രാധ മൗനംവെടിഞ്ഞു

' നിങ്ങൾ ഒന്നു കൂടി ഇടപെടണം.'

'ഏതു് കാര്യത്തിൽ '

'എനിക്ക് Divorce വേണം.'

ഒരു ദിവസം പോലും ഒന്നിച്ച് ജീവിച്ചിട്ടില്ല.

കൊള്ളാലോ പരിപാടി........

.എന്താ പ്രശ്നം ?

അവൻ വലിയ ശല്യമായിരിക്കുന്നു

ഓഫീസ് ഫോണിൽ വിളിച്ച് എന്നെ തെറി പറയുന്നു.

എന്നെ കിട്ടിയില്ലെങ്കിൽ മാനേജരെ തെറിപറയുന്നു..

അല്ലെങ്കിൽ ഫോണെടുത്തതാരാണോ അവരെ പറയുന്നു...

എന്നെ ഫോണിൽ കിട്ടിയാൽ എന്നെ മാത്രമല്ല അമ്മയെ, സഹോദരിയെ പിന്നെ മരിച്ച് പോയ എന്റെ അച്ഛനപ്പൂ ന്മാരെ മൊത്തം ...

'എന്ത് തെറിയാണ് അവൻ വിളിച്ചതു്?'

' മയിലേ ..... മയിലേ .... മയിലത്തി എന്നും , പിന്നെ എന്തോക്കെയോ'

'മയിൽ എന്ന് പറഞ്ഞാൽ തെറിയല്ലല്ലോ... '

'മാനേജരും മറ്റ് സ്റ്റാഫും പറഞ്ഞല്ലോ അത് തെറിയാണെന്ന്.'

'എങ്കിൽ ശരിയായിരിക്കും '

ഞങ്ങൾക്ക് കാര്യം മനസ്സിലായി ഫോണിലൂടെ മാത്രമല്ല. ഓഫീസിൽ സ്ഥിരമായി ചെന്നു കൊണ്ടുള്ള ഉപദ്രവവും ഉണ്ടായിരുന്നു.

'ഇടപെട്ടളയാം.....'

'നമുക്ക് പറഞ്ഞ് ശരിയാക്കാം...'

'വേണ്ട ... ശരിയാക്കണ്ട.. ഒഴിവാക്കിത്തന്നാൽ മാത്രം മതി '

ഒരു ദിവസം പോയിട്ട് ,ഒരു നേരം പോലും ഒന്നിച്ച് ജീവിച്ചിട്ടില്ല. ഒരുവർഷത്തിനുള്ളിൽ

രാധ DIVORCE നോട്ടീസ് അയച്ചു- മ്യൂച്ചൽ ഡൈവോഴ്സിന് ചന്ദ്രൻ തയ്യാറല്ല.

രാധക്ക് ജോലിയും വരുമാനവുമുള്ളതു കൊണ്ട് വക്കീലന്മാർ ഖുശി.... കുടുംബകോടതി വരാന്തയിലും പരിസരത്തുമുണ്ടായ ചന്ദ്രന്റെ ആക്രോശങ്ങൾ കോടതിക്കുള്ളിൽ കേൾക്കാതിരിക്കാൻ ചന്ദ്രൻ പരമാവധി ശ്രമിച്ചതു കൊണ്ട് മൂപ്പർക്ക് ജീവപര്യന്തം കിട്ടിയില്ല.

ഒരുപാട് തവണ കോടതി കയറിയിറങ്ങിയ രാധക്ക് അവസാനം ചന്ദ്രനിൽ നിന്നും വിടുതൽ.......

രാധക്കെതിരായി കോടതിയിൽ സാക്ഷി പറയാൻ വേണ്ടി ചന്ദ്രൻ ഞങ്ങൾക്ക് കള്ളും കോഴിയും വാങ്ങിത്തന്നു

ചന്ദ്രന്റെ കള്ളു കുടിച്ച് ഞങ്ങൾ അവനെ തെറി പറഞ്ഞു.

ഞങ്ങൾ മദ്യപാനികൾ സത്യത്തിനും നീതിക്കും ഒപ്പം.......

ചന്ദ്രൻ ഞങ്ങളെ ശത്രു പക്ഷത്ത് നിർത്തി.??

രാധയെ പിന്നീട് തൃശൂർ പൂരത്തിനിടയിൽ പോലും കണ്ടിട്ടില്ല.

പ്രിന്റെക്സ് അജിത്തിന്റെ

# തൃശ്ശിവേപേരൂർ കഥകൾ 2

# ഡൊമിന്യേ...



വര :
പി ആർ രാജൻ

'ഡൊമിനിയേട്ടൻ' തൃശ്ശൂർ നഗരത്തിൽ നിന്ന് തെക്ക് മാറി കൂർക്കഞ്ചേരിക്കടുത്തുള്ള കണിമംഗലം ഗ്രാമത്തിലെ ' മേരിമാത' യുടെ ഉടമ.

പാവനനാം ആട്ടിടയാ.....

പാത കാക്കുക നാഥാ.........

കൃത്യം 6 മണിയ്ക്ക് ആട്ടിടയന്റെ പാട്ട് തുടങ്ങുന്നതോടെആബാലവൃദ്ധം കണിമംഗലത്തുകാർ സടകുടഞ്ഞെണീറ്റ് മേരീ മാതയിലേയ്ക്ക്കൈയിൽ പണമുള്ളവർ ടിക്കറ്റ് കൗണ്ടറിലേയ്ക്കും ഇല്ലാത്തവർ കൊട്ടകയുടെ പരിസരത്ത് നിന്ന് ശബ്ദരേഖ കേൾക്കാനും....പടം തുടങ്ങുന്നതിന് പത്ത് മിനിറ്റ് മുൻപായി , പണപ്പെട്ടിയും ടിക്കറ്റുകളുമായി നീണ്ട് മെലിഞ്ഞ് ,വെളുത്ത് സുന്ദരനായ ഡൊമിനി ടിക്കറ്റ് കൗണ്ടറിൽ വലിഞ്ഞ് കയറും.ഡൊമിനി തന്നെയാണ് ടിക്കറ്റ് വില്പനക്കാരനും,പ്രൊജക്ടർ ഓപ്പറേറ്ററും.

ക്യൂ നിന്നാൽ എല്ലാവർക്കും,ഒരു ബുദ്ധിമുട്ടുമില്ലാതെ ടിക്കറ്റ് ലഭിക്കും. പക്ഷെ ആളുകൾക്ക്,തിക്കും തിരക്കും കൂട്ടി ടിക്കറ്റ് എടുക്കാനാണിഷ്ടം. എന്തുകൊണ്ടാണതെന്ന് മുതലാളിക്കോ മക്കൾക്കോ മാത്രമല്ല തിക്കും തിരക്കും കൂട്ടിയവർക്കും ഇതുവരെ മനസ്സിലായിട്ടില്ല.

ചില സമയങ്ങളിൽ, ടിക്കറ്റ് കൗണ്ടറിന് മുന്നിൽ അടിപൊട്ടാറുമുണ്ട്.

**ക്യൂ നിന്നാൽ എല്ലാവർക്കും,ഒരു ബുദ്ധിമുട്ടുമില്ലാതെ ടിക്കറ്റ് ലഭിക്കും. പക്ഷെ ആളുകൾക്ക്,തിക്കും തിരക്കും കൂട്ടി ടിക്കറ്റ് എടുക്കാനാണിഷ്ടം. എന്തുകൊണ്ടാണതെന്ന് മുതലാളിക്കോ മക്കൾക്കോ മാത്രമല്ല തിക്കും തിരക്കും കൂട്ടിയവർക്കും ഇതുവരെ മനസ്സിലായിട്ടില്ല.**

ഒരേയൊരു കൈമാത്രം കടക്കാൻ പാകത്തിലുള്ള പൊത്തിലൂടെ പല കൈകൾ കടത്താൻ ശ്രമിച്ചവരിൽ വിജശ്രീലാളിതൻ ,

ചോര പൊടിയുന്ന കൈയ്യിൽ, ടിക്കറ്റുമായി കൊട്ടകയുടെ വാതിൽക്കലേയ്ക്ക് ഓടും .

തിയ്യേറ്ററിൽ ആദ്യം കയറി സീറ്റ് പിടിച്ചവന് പ്രത്യേക സമ്മാനമൊന്നുമില്ലെങ്കിലും.....

സ്ക്രീനിനോട് തൊട്ട് 'തറ' ഇരിക്കാനും കിടക്കാനും പാകത്തിൽ മണൽ വിരിച്ചത്.

അതിന് പിന്നിൽ ചാരില്ലാത്ത ബഞ്ച്. തൊട്ട് പുറകിൽ ചാരാവുന്ന ബഞ്ച്, ഏറ്റവും പുറകിൽ സ്റ്റീൽ കസേരകൾ, വേണേൽ അല്പമൊന്ന് ചാരിയിരിക്കാം.

അധികം ബലം കൊടുക്കാതിരിക്കുന്ന താണ്, ആരോഗ്യത്തിന് നല്ലത്.

കസേരകളിൽ ,സമ്പന്നരും പൊങ്ങച്ചക്കാരും.

വാതിലുകൾക്ക് മുൻപിൽ ടിക്കറ്റില്ലാത്ത നുഴഞ്ഞുകയറ്റക്കാരെ തടയാനും ടിക്കറ്റുമായി വരുന്നവർക്ക് പകുതി കീറി ക്കൊടുത്ത് ഉള്ളിലേയ്ക്ക് കടത്തിവിടാനുമായി , മുതലാളിയുടെ മക്കൾ.

സ്ത്രീകൾക്കും പുരുഷന്മാർക്കും

ഉള്ളിൽ കടക്കാൻ വെവ്വേറെ വാതിലുകൾ.

തറയിൽ ഇരുന്നും ,കിടന്നും

സിനിമ കാണാൻ ടിക്കറ്റ് എടുത്തവരിലെ പുരുഷന്മാരെയും സ്ത്രീകളെയും വേർതിരിക്കാൻ പ്രത്യേക കയറ് വേലി.

തറയ്ക്കും,ബെഞ്ചിനും,

ചാരുബഞ്ചിനും ,കസേരയ്ക്കും വേറെ വേറെ വാതിലുകൾ.

ഓരോ വാതിൽക്കലും ടിക്കറ്റ് പരിശോധകർ മക്കൾ തന്നെ.

തിയേറ്ററിന്റെ എല്ലാ വാതിലുകൾക്ക് മുന്നിലും കാവൽ ഭടന്മാരാകാൻ വിധത്തിൽ മക്കൾ ഉണ്ടായത് ദൈവം അറിഞ്ഞ് തന്നതാണെന്ന് മുതലാളി.

ആരെന്തൊക്കെ പറഞ്ഞാലും മൂപ്പരെ അച്ചിലിട്ട് വാർത്ത പോലെയുള്ള പിള്ളാർ .

ഫസ്റ്റ് ഷോ തുടങ്ങേണ്ട സമയം 6.30.എങ്കിലും ഏഴുമണിയോടടുത്തേ ഷോ തുടങ്ങൂ..

ഉള്ളിൽ കയറിയവർവിസിൽ അടിയും , കൂക്കിവിളിയും കഴിഞ്ഞ്

മുതലാളിയെയും, മൂപ്പരുടെ അപ്പനപ്പൂപ്പന്മാരെയും വരെതെറി വിളിയ്ക്കും.

പ്രകോപിതരായ കാണികൾ,വാതിൽക്കൽ കാവൽ നിൽക്കുന്ന മക്കളെ കയ്യേറ്റം ചെയ്യാനായി എഴുന്നേൽക്കുന്നതോടെ പുറകിലെ കാബിനി

ൽ നിന്നും നീലവെളിച്ചം സ്ക്രീനിലേക്കൊഴുകും.


ജനം എല്ലാം മറന്ന് കൂക്കിവിളിയിൽ നിന്ന് കയ്യടിയിലേയ്ക്ക് .

പല പല തിയ്യേറ്ററുകളിൽ ഓടിത്തളർന്ന് അവശരായ ഫിലിം പ്രിന്റുകളാണ് സാധാരണയായി മേരിമാതയിലേത്തുക .

അതുകൊണ്ട് തന്നെ ഇടക്കിടക്ക് ഫിലിം പൊട്ടുക പതിവാണ്.

പടംപൊടിയ ഉടൻ സ്ക്രീനിലെ സത്യനും ഷീലയും നസീറുമെല്ലാം നിന്ന നിൽപ്പിൽ അപ്രത്യക്ഷരാകും.

തൽക്ഷണം,മുഴുവൻ കാണികളുടേയും .ഉള്ളിൽ നിന്നും തൊണ്ട പൊ



**ഫസ്റ്റ് ഷോ തുടങ്ങേണ്ട സമയം 6.30. എങ്കിലും ഏഴുമണിയോടടുത്തേ ഷോ തുടങ്ങൂ.. ഉള്ളിൽ കയറിയവർവിസിൽ അടിയും , കൂക്കിവിളിയും കഴിഞ്ഞ് മുതലാളിയെയും, മൂപ്പരുടെ അപ്പനപ്പൂപ്പന്മാരെയും വരെ തെറി വിളിയ്ക്കും. പ്രകോപിതരായ കാണികൾ,വാതിൽക്കൽ കാവൽ നിൽക്കുന്ന മക്കളെ കയ്യേറ്റം ചെയ്യാനായി എഴുന്നേൽക്കുന്നതോടെ പുറകിലെ കാബിനിൽ നിന്നും നീലവെളിച്ചം സ്ക്രീനിലേക്കൊഴുകും.**

ട്ടുമാറുച്ചത്തിൽ 'ഡൊമിന്യേ........'എന്ന് വിളി ഉയരും.

പടം പൊട്ടിയതാണെന്നും പത്ത് മിനിറ്റുനുള്ളിൽ സിനിമ വീണ്ടും തുടങ്ങുമെന്നുള്ള അറിവ് നാട്ടുകാർക്കുണ്ട്.എന്നാലും തുടങ്ങുന്നതു വരെ ഡൊമിന്യേ,

ഡൊമിന്യേ,ഡൊമിന്യേ...... എന്ന് താളത്തിൽ പാടിക്കൊണ്ടേയിരിക്കും.

തിയ്യേറ്ററിനുള്ളിൽനിന്ന് മാത്രമല്ല, ശബ്ദ രേഖ കേട്ടുകൊണ്ടിരുന്ന, പറമ്പിലും വേലിയരികിലും അയൽവക്കത്തെ വീടുകളിൽനിന്നു വരെ തൽക്ഷണം ആ വിളി ഉയരും. അവരിൽ നിന്ന് ആദ്യത്തെ വിളി മാത്രം .

അത് അവർ അറിയാതെത്തന്നെ ഉള്ളിൽ നിന്ന് ഉയരുന്നതാണ്.

കഥയുടെ ചെറിയൊരു ഭാഗം മുറിച്ച് മാറ്റി പ്രത്യേക പശ വെച്ച് ഒട്ടിച്ച്, വെട്ടിപോയ കഥാ ഭാഗം മെഗാഫോണിലൂടെ കാണികൾക്ക് വിശദീകരിച്ചതിന് ശേഷം പടം വീണ്ടും തുടങ്ങും. ഫിലിം പൊട്ടി ,സിനിമ നിന്നാൽ ഒട്ടിച്ച് വെച്ച് വീണ്ടും ഓടിക്കാം.

പക്ഷെ,കറന്റ് പോയാൽ എന്ത് ചെയ്യും?

ജനറേറ്റർ എന്ന് കേട്ട് കേൾവി പോലുമില്ലാത്ത കാലത്ത് കറന്റ് വരുന്നതുവരെ കാത്തിരിക്കുകയല്ലാതെ ഒരു മാർഗ്ഗവുമില്ല.

ഒരു മണിക്കൂർ വരെ ജനം ഡൊമിന്യേ........ വിളിയാലും , ഡൊമിനിയേട്ടന്റെ അപ്പനപ്പൂപ്പന്മാരെ തെറി വിളിച്ചും അതിനുള്ളിൽ തന്നെ കഴിഞ്ഞുകൂടും.തെറി വിളി സഹിക്കവയ്യാതാകുന്ന ചില സമയങ്ങളിൽ ഡൊമിനിയേട്ടന് , ഇക്കാലത്തെ

ഭാഷയിൽ പറഞ്ഞാൽ കുരു പൊട്ടും.

കറന്റ് പോയ സമയത്താണ് കുരുവിന്റെ പൊട്ടലെങ്കിൽ കാബിനിൽ നിന്ന് സ്ക്രീനിലേക്ക് ലൈറ്റ് പ്രവഹിക്കുന്ന പൊത്തിലൂടെ തലയിട്ട് ,തന്നെ തെറി വിളിച്ചവരുടെ ലൈംഗീകാവയങ്ങളെ വരെ പ്രതിപാദിച്ചു കൊണ്ടുള്ള തെറിയഭിഷേകം നടത്തും.പടം പൊട്ടിയ സമയത്താണ് ഹാളിൽ നിന്ന് ഡൊമിനി വിളിയും തെറിവിളിയും ഉയരുന്നതെങ്കിൽ മണ്ണെണ്ണ വിളക്കിൽ നിന്ന് കരിപിടിപ്പിച്ച ചില്ലിൽ എഴുതിവെച്ച വാചകം സ്ക്രീനിൽ തെളിയും.' എന്നെ തെറി വിളിച്ചവന്റെ അപ്പനും അമ്മയ്ക്കും ഞാനും വിളിച്ചിരിക്കുന്നു. '

തെറി മൂപ്പർക്ക് വായ്മൊഴി മാത്രം

വരമൊഴിയിലില്ല.

ഇടവേളയ്ക്ക് മുൻപ് കറന്റ് പോയി ഒരു മണിക്കൂറിനകം വന്നില്ലെങ്കിൽ ടിക്കറ്റിന്റെ പകുതി കൊടുത്ത് പാസ് വാങ്ങിയ്ക്കാം.പാസുമായി അടുത്ത ദിവസങ്ങളിൽ എപ്പോഴെങ്കിലും വന്ന് പടം കാണാവുന്നതേയുള്ളൂ.ഇടവേളക്ക് ശേഷമാണ് കറന്റ് പോകുന്നതെങ്കിൽപാസ്സ് കൊടുക്കുന്നതല്ല.

പക്ഷെ മെഗാഫോണിലൂടെ ഡൊമിനി സിനിമയുടെ ബാക്കി കഥ പറയും.'അങ്ങിനെ നസീറും ഷീലയും കല്യാണം കഴിച്ച് സുഖമായി ജീവിക്കും. അവർക്ക് രണ്ടു് കുട്ടികൾ. ഒരാണും ഒരു പെണ്ണും'

കഥയിൽ തൃപ്തിയാകാത്ത കാണികളിൽനിന്ന്


ഡൊമിന്യേ......

വിളി വീണ്ടും......

ഡൊമിനി ആരെന്നോ,മേരിമാത എന്താണെന്നോ അറിയാത്ത കണിമംഗലത്തിന്റ പുതുതലമുറ, അവരിൽ പലരും ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്നുണ്ട്.

വണ്ടി പെട്ടെന്ന് ബ്രെയ്ക് ഡൗണായാൽ ......,

കറന്റ് പോയാൽ ......എന്തെങ്കിലും ഇറിറ്റേഷൻ ഉണ്ടായാൽ..... അവരും വിളിയ്ക്കും ഡൊമിന്യേ....



**പടം പൊട്ടിയ സമയത്താണ് ഹാളിൽ നിന്ന് ഡൊമിനി വിളിയും തെറിവിളിയും ഉയരുന്നതെങ്കിൽ മണ്ണെണ്ണ വിളക്കിൽ നിന്ന് കരി പിടിപ്പിച്ച ചില്ലിൽ എഴുതിവെച്ച വാചകം സ്ക്രീനിൽ തെളിയും.' എന്നെ തെറി വിളിച്ചവന്റെ അപ്പനും അമ്മയ്ക്കും ഞാനും വിളിച്ചിരിക്കുന്നു. '**

## രണ്ട്

ജനിക്കുന്നതിന് മുൻപേ കേൾക്കാൻ തുടങ്ങിയതാണീ വണ്ടികളുടെ ശബ്ദം., .

കൽക്കരി തിന്ന് കൂകി പാഞ്ഞു കൊണ്ടിരിക്കുന്ന വണ്ടി കളുടെ ബോഗികൾ എണ്ണിക്കൊണ്ടായിരുന്നു ,'കൊച്ചു' അമ്പത് വരെ തെറ്റാതെ എണ്ണാൻ പഠിച്ചത്.

തീരെ ചെറുപ്പത്തിൽ ,അമ്മയുടെ മടിയിലിരുന്നും,നടക്കാൻ തുടങ്ങിയ പ്രായം മുതൽ വീടിന് മുന്നിലെ കൽക്കൂനയിലിരുന്നും 'കൊച്ചു 'മുന്നിലൂടെ പാഞ്ഞു പോകുന്ന വണ്ടികളെ നോക്കിയിരുന്നു.

രാവിലെ എഴുന്നേറ്റ് വരാന്തയിൽ ഇരുന്നാൽ വണ്ടികൾ തെക്കോട്ടും വടക്കോട്ടും ഒഴുകുന്നത് കാണാം. കൊച്ചുവിനെപ്പോലെ ബോഗികളുടെ എണ്ണമെടുക്കുന്നത് തന്നെയാണ് അനുജൻ രാജന്റെയും വിനോദം.

വടക്കോട്ട് പോകുന്ന വണ്ടികൾക്ക് സിഗ്നൽ ലഭിക്കാൻ വൈകുമ്പോൾ നിർത്തിയിടുന്നത്

കൊച്ചുവിന്റെ വീടിന് മുന്നിലായിരുന്നു.ഈ വണ്ടികളിലൊന്നിൽ കയറി ദൂരേയ്ക്ക് പോകണമെന്നതായിരുന്നു കൊച്ചിലേയുള്ള കൊച്ചുവിന്റെ ആഗ്രഹം.

മേരിമാത തിയേറ്റർ വരെ പോകാനേ അമ്മയുടെ അനുവാദമുണ്ടായിരുന്നുള്ളൂ..

അതും ഞായറാഴ്ച കളിൽ മാത്രം. ഉച്ചഭക്ഷണത്തിന് ശേഷം മേരിമാതയിൽ 'പാവനനാം പാട്ടുകാരാ.....'

എന്ന പാട്ട് തുടങ്ങുന്നതോടെ തീവണ്ടിപ്പാത മുറിച്ച് കടന്ന് കൊച്ചുവും

രാജനും തിയേറ്ററിലേക്കോടും.

സിനിമകാണാൻ പൈസ കൊടുക്കണം.കേൾക്കാൻ പൈസയൊന്നും കൊടുക്കണ്ട .

മേരീ മാതയുടെ വേലിക്കരികിൽ ചെന്ന് നിന്നാൽ സിനിമ കേൾക്കാം. മിക്കവാറും ദിവസങ്ങളിൽ അരമണിക്കൂറിനുള്ളിൽ രണ്ടുതവണയെങ്കിലും ഫിലിം പൊട്ടിയിരിക്കും.

അപ്പോഴുണ്ടാകുന്ന 'ഡൊമിന്യേ' വിളിയുടെയും ,കൂക്കി വിളിയുടെയും ലഹളക്കിടയിൽ.

കൊച്ചുവും രാജനും ഉള്ളിലേയ്ക്ക് നുഴഞ്ഞ് കയറി ,സിനിമ മുഴുവനായും കാണും.

കണിമംഗലവും നെടുപുഴയും കൂർക്കഞ്ചേരിയും കടന്ന് 'ഡൊമിനി' വിളി തൃശൂർ നഗരത്തിലേ തിയ്യറ്ററുകളിലും മുഴങ്ങാൻ തുടങ്ങി.

'ഡൊമിന്യേ...' എന്ന് എവിടെ കേട്ടാലും. വിളിയ്ക്ക് പുറകിൽ ഒരു കണിമംഗലത്തു കാരനായിരിക്കും.

ഈയിടെയായി മറ്റ് ദേശക്കാരും ഈ വിളി കുറേശെ തുടങ്ങിയിട്ടുണ്ട്.

ഡൊമിനി ആരെന്നോ എന്തെന്നോ അറിയാതെയാണ് അവരും ഇടക്കിടക്ക് 'ഡൊമിന്യേ.......'

വിളി തുടങ്ങിയത്.

കൊച്ചു , വളർന്നു..

കൽക്കരി തിന്നിരുന്ന വണ്ടികൾ ഡീസലിലേയ്കും വൈദ്യുതിയിലേക്കും കടന്നു.

വണ്ടികളെ കണ്ട്, കണ്ട്.

വണ്ടികളോടുള്ള ഇഷ്ടം കൂടി. ഇഷ്ടം പ്രണയമായി മാറി

സിഗ്നൽ കാത്ത് കിടക്കുന്ന വണ്ടിയെ തൊട്ടു തലോടാനും ചുംബിക്കാനും , ചില സമയങ്ങളിൽ വണ്ടിയിൽ കയറാനും തുടങ്ങി.

ഒരു നാൾ നിർത്തിയിട്ടിരുന്ന ഒരു വണ്ടിയിൽ കയറിയ കൊച്ചു ഇറങ്ങിയത് വടക്കേ ഇന്ത്യയിലെ ഒരു പട്ടണത്തിൽ.

ചില്ലറ ജോലികൾ ചെയ്ത് നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേയ്ക്കും ഗ്രാമങ്ങളിൽൽ നിന്ന് ഗ്രാമങ്ങളിലേയ്ക്കും മതിവരുവോളം തീവണ്ടികളിൽ യാത്ര ചെയ്തു. നാടിനെക്കുറിച്ചോ വീടിനെക്കുറിച്ചോ ഉള്ള ഓർമ്മകൾ കൊച്ചുവിനെ അലട്ടിയില്ല.വീടുവിട്ടുള്ള യാത്രകളിൽ, നഗരത്തിലായാലും ഗ്രാമങ്ങളിലായാലും ആഴ്ചയിൽ രണ്ടോ മൂന്നോ സിനിമ കാണാൻ കൊച്ചു സമയം കണ്ടെത്തും.സിനിമകൾ ഡിജിറ്റൽ യുഗത്തിൽ എത്തിയിട്ടില്ലാത്ത കാലം.

പടം പൊട്ടലിന്റെ കാര്യത്തിൽ മേരിമാതയുമായി വലിയ വ്യത്യാസം ഉണ്ടായിരുന്നത് നഗരങ്ങളിൽ മാത്രം.

കൊച്ചുവിന്റെ കുഞ്ഞനുജൻ രാജൻ കൊച്ചുവിനെപ്പോലെ വളർന്ന് വലുതായി.

മൂപ്പർ തീവണ്ടികൾ നോക്കി ഇരുന്നതല്ലാതെ വണ്ടിയിൽ കയറിയില്ല.

അയൽ വീട്ടിലെ പയ്യൻ ,

അന്യസംസ്ഥാന തൊഴിലാളികളുടെ സഹവാസം കൊണ്ട് ഹിന്ദിയിൽ അത്യാവശ്യം തെറി പറയാൻ അറിയുന്നവൻ.

എസ്.എൻ സ്കൂളിൽ പ്രഭാകരൻ മാഷ്ടെ ക്ലാസ്സിൽ ഇടക്ക് കയറി ഇരുന്നതു കൊണ്ട് ഹിന്ദിയിലും ഇംഗ്ലീഷിലും എഴുതിയ ബോർഡ് വായിക്കാനും അറിയാം.ബോംബെ എന്ന് കേട്ടത് പാതി കേൾക്കാത്തത് പാതി. കുട്ടാരു തയ്യാറായി ഷർട്ടെടുത്തിട്ടു.

ജഹാംഗീർ ആർട്ട് ഗാലറിയിൽ അഞ്ച് ദിവസത്തെ ശില്പ പ്രദർശനം .ആദ്യ ദിവസം കഴിഞ്ഞതോടെ കുട്ടാരുവിന് ബോറടിച്ചു.ഒരു സിനിമ കാണാം. അടുത്തുള്ള തിയ്യേറ്ററിൽ ത്തന്നെ കയറി.

**ഡൊമിനി ആരെന്നോ,മേരിമാത എന്താണെന്നോ അറിയാത്ത കണിമംഗലത്തിന്റ പുതുതലമുറ, അവരിൽ പലരും ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്നുണ്ട്. വണ്ടി പെട്ടെന്ന് ബ്രെയ്ക് ഡൗണായാൽ ...... കറന്റ് പോയാൽ ......എന്തെങ്കിലും ഇറിറ്റേഷൻ ഉണ്ടായാൽ..... അവരും വിളിയ്ക്കും ഡൊമിന്യേ....**

കല്ലിലും മണ്ണിലും മരത്തിലും ശില്പങ്ങൾ ഉണ്ടാക്കലായിരുന്നു പ്രധാന വിനോദം.

ശില്പങ്ങൾ വീട്ടിനകത്തും പുറത്തും തൊടിയിലും നിറഞ്ഞ് കവിഞ്ഞു.

തൃശ്ശൂർക്കാരനായ ഒരു ബുദ്ധിജീവി സുഹൃത്ത് ,രാജന്റെ ശില്പങ്ങൾ പ്രദർശിപ്പിക്കാൻ മുംബൈ ജഹാംഗീർ ആർട്ട് ഗാലറിയിൽ അനുമതി വാങ്ങി.

കുറേകാലം കഴിഞ്ഞുള്ളൊരു ദിവസത്തിൽ പ്രദർശിപ്പിക്കാനാണ് ഡേറ്റ് കിട്ടിയത് .

ശില്പങ്ങൾ പാക്ക് ചെയ്യാനും ടെയിനിൽ കയറ്റി കൊണ്ടുപോകാനും ,രാജൻ

സഹായത്തിനായി കുട്ടാരുവിനെ കൂട്ടി.

'കൂട്ടാരു'

ഹിന്ദിപടം.ഡൊമിന്യേ....എന്ന് വിളിക്കാനും വായിൽ വിരലിട്ട് വിസിലടിക്കാനും കുട്ടാരു തയ്യാറായിരുന്നു.

കുട്ടരു നിരാശനായി.പടം പൊട്ടിയില്ലകറണ്ട് പോയതുമില്ല മതിയായ കാരണമില്ലാതെ ,

ചുമ്മാ ഡൊമിനിയെ വിളിയ്ക്കുന്നത് ശരിയല്ല.എന്ത് ചെയ്യുന്നതിനും ഒരു ന്യായം വേണം.

സിനിമ തുടങ്ങി പകുതിയായി. ഇടവേളയായി.ഇതുവരെയും പടം പൊട്ടിയില്ല

ഇടവേളയിൽ.

'കപ്പലണ്ട്യേ....'

എന്ന വിളിയില്ല..

മേരിമാത യിലെ ശബ്ദ കോലാഹലങ്ങളില്ല.ആളുകൾ പുറത്ത് പോയി മൂത്രമൊഴിച്ചും, കാപ്പി കുടിച്ചും, പോപ്പ്കോൺ വാങ്ങിയും തിരിച്ച് വന്നു.പരസ്യ ചിത്രം പ്രദർശിപ്പി




ക്കാൻ തുടങ്ങി. ഒന്ന് രണ്ട് പരസ്യങ്ങൾ, തരക്കേടില്ല.

വീണ്ടും പരസ്യം വാഷിങ്ങ് പൗഡർ നിർമ്മ എന്നപാട്ടാടെയുള്ള പരസ്യം രണ്ട് തവണ ആവർത്തിച്ചു.

ഒരേ പരസ്യം മൂന്ന് തവണ .

‘ ഡൊമിന്യേ....‘

വിളിയ്ക് ഒരു കാരണമായി.

കൂട്ടാരുവിന് സഹിച്ചില്ല.തിയേറ്ററിന്റെ മറ്റൊരുമൂലയിലിരുന്ന . വേറൊരാൾക്കും സഹിച്ചില്ല.

ഡൊമിന്യേ.........ഡൊമിന്യേ........ എന്ന വിളി തിയ്യേറ്ററിന്റെ രണ്ട് മൂലയിൽ നിന്ന് ഒരേ സമയം ഉയർന്നു.ഇവിടുത്തെ പ്രൊജക്ടർ ഓപ്പറേറ്റർ ഡൊമിനി പൊത്തിലൂടെ തല പുറത്തേക്കിട്ടില്ല.

തിരിച്ച് തെറി പറഞ്ഞില്ല.വിളിച്ചവരുടെ തന്തയ്ക്കും തള്ളയ്ക്കും വിളിച്ചിരിക്കുന്നു എന്ന് സ്ക്രീനിൽ എഴുതിക്കാണിച്ചുമില്ല.പടം തുടങ്ങി.

കുട്ടാരു സിനിമ കണ്ടില്ല.മറ്റേ കോർണറിലിരുന്ന് ‘ഡൊമിന്യേ.....‘

എന്ന് വിളിച്ചയാളും സിനിമ കണ്ടില്ല. പടം കഴിഞ്ഞതും കുട്ടാരു ശബ്ദം കേട്ട ഭാഗത്തേയ്ക്ക് പാഞ്ഞു.

ഒരു മേരിമാതക്കാരൻകൂടി തിയ്യേറ്ററിലുണ്ടെന്നറിഞ്ഞ മുപ്പർ ഉടൻ സ്ഥലം വിട്ടിരുന്നു.

ആട്ടോക്കാരന്റെ പറമ്പിലെ തേങ്ങ മോഷ്ടിച്ച ഇനാശു പോലീസിന് പിടി കൊടുക്കാതെ ബേംബെയിൽ ഒളിവിലുണ്ടെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ചിലപ്പോൾ മൂപ്പരായിരിക്കാം...

കണി മംഗലത്ത് കുറ്റകൃത്യംചെയ്ത് കടന്നു കളഞ്ഞ പ്രതികൾക്കായി പോലീസുകാർ വല വീശുന്നത് കുളത്തിലോ പുഴയിലോ അല്ല.

സിനിമാ തിയറ്ററുകളിലാണ്.

അതിന് വേണ്ടി അവർ കാബിനിൽ കയറി, പൊട്ടാത്ത പടം മനപ്പൂർവ്വം പൊട്ടിക്കാറുണ്ട്.

കാര്യമറിഞ്ഞ രാജൻ......

‘കുട്ടാരൂ........എന്തായാലും അടുത്ത ദിവസങ്ങളിൽ നമുക്ക് ഒന്നിച്ച് പടത്തിന് പോകാം.‘

എക്സിബിഷൻ കഴിഞ്ഞു വിറ്റ് പോകാത്ത ശില്പങ്ങൾ പാക്ക് ചെയ്ത് . കൂട്ടാരുവും രാജനും പല തിയ്യേറ്റുകളിലായി ദിവസവും മൂന്ന് സിനിമകൾക്ക് വരെ കയറി .

കുട്ടാരുവും ശില്പിയും തിയ്യേറ്ററിന്റെ രണ്ട് ഭാഗത്തായാണ് ഇരിപ്പുറപ്പിച്ചിരുന്നത്.

’വാഷിങ്ങ് പൗഡർ നിർമ ’

മൂന്നാം തവണ ആവർത്തിച്ചതോടെ ബോംബെയിലെ തിയ്യേറ്ററുകളിൽ ‘ഡൊമിന്യേ‘ വിളികൾ ഉയർന്നു.പല കണിമംഗലത്തുകാരെയും, രാജനും കുട്ടാരുവും കണ്ടു ,പരിചയപ്പെട്ടു. കുശലം പറഞ്ഞു.പോലീസിനെ പേടിച്ച് ബോംബെയിലെത്തിയ ഇനാശു ഓടാൻ തുടങ്ങുന്നതിന് മുൻപേ ശില്പികയ്യോടെ പിടികൂടി.

പിന്നീടുള്ള‘ഓപ്പറേഷൻ കൊച്ചു ഹണ്ട്‘അവർ മൂന്ന് പേരും കൂടിയായി. അവർ തിയ്യേറ്ററുകൾ കയറിയിറങ്ങി..

ആറാം നാൾ.‘ഡൊമി ന്യേ‘.... വിളി ഉയർന്നത് രാജന്റ തൊട്ടടുത്ത സീറ്റിൽ നിന്നായിരുന്നു.

കൊച്ചുവും. രാജനും ,കുട്ടാരുവും,ഇനാശുവും അന്ന് രാത്രി ഡാൻസ് ബാറിൽ തകർത്താഘോഷിച്ചു.

നാല് പേരും കൂടി ബാക്കിവന്ന ശില്പങ്ങളുമായി നാട്ടിലേയ്ക്ക് .രണ്ട് പേർ റിസർവേഷൻ ടിക്കറ്റോടെയും രണ്ട് പേർ അതില്ലാതെയും.

● ചെറുകഥ



◉ സിന്ധു തോമസ്



വര : മറിയം ജാസ്മിൻ

# ഊറാറ

‘അച്ചോ,ഞാൻ കന്യകയല്ല.’ കുമ്പസാരക്കൂടിനരികിൽ മുട്ടുകുത്തി പാപസങ്കീർത്തനം നടത്തുമ്പോൾ അലീന വിവാഹ വേഷ ത്തിലായിരുന്നു.

അലീനയുടെ വാക്കുകൾ കേട്ട് അച്ചൻ കനലിൽ വീണ കുന്തിരിക്കം പോലെ പുകഞ്ഞു. കുമ്പസാരക്കൂടൊരു ചുഴി പോലെ ചുറ്റിക്കറങ്ങുന്നതായും നിലയില്ലാക്കയത്തിലേക്ക് മുങ്ങുന്നതായും അച്ചനു തോന്നി.

നോയമ്പ് വീടൽ കഴിഞ്ഞുള്ള ഡിസംബറിലെ അവസാനത്തെ തിങ്കളാഴ്ച.

തൂവെള്ള നിറമുള്ള, കുനുകുനെ സ്വർണ്ണ നൂലുകൾ അലങ്കാരപ്പണികൾ ചെയ്ത സാരിയിൽ, ഡിസംബറിലെ മഞ്ഞിൻ കണത്തിൽ തട്ടിയ ഇളം വെയിൽ പോലെ.

നെറുകയിലെ കല്ലുകൾ പതിപ്പിച്ച ചെറിയ കീരിടത്തിനുള്ളിൽ കൊരുത്ത് നിലം പറ്റെ ഒഴുകി കിടക്കുന്ന നേർമ്മയുള്ള നെറ്റിൽ തല മറച്ച്, നവ വധുവിന്റ നാണമോ പേടിയോ ഇല്ലാതെയവൾ.

അലീന.

വാക്കുകൾക്ക് ഉലയിൽ കാച്ചിയെടുത്ത ഇരുമ്പിന്റെ മുറുക്കം.

വൈദികനായതിൽ പിന്നെ എത്രയോ കുമ്പസാരങ്ങൾ കേട്ടിരിക്കുന്നു. ലഘു പാപം മുതൽ മാരക പാപം വരെ.

ഇത് പക്ഷെ..

പള്ളിച്ചുവരിലെ ക്ലോക്കിന്റെ മിനിറ്റ് സൂചി അരുതാത്തതെന്തോ കേട്ടതുപോലെ ഒരു നിമിഷം നിശ്ചലം.

ഇട ദിവസങ്ങളിൽ പതിവായി പള്ളിയിൽ വരുന്ന കുറച്ചു വിശ്വാസികൾക്കായി കുർബാനയർപ്പിച്ച് സങ്കിർത്തിയിൽ എത്തിയതും പുറം വാതിലിൽ മഠത്തിലെ മദർ സുപ്പീരിയർ.

‘‘അലീനക്ക് ഒന്നൂടെ കുമ്പസാരിക്കണോന്നും പറയുന്നു, മോണ്ടളത്തിൽ നിൽപ്പുണ്ട്.‘

രണ്ടു ദിവസം മുൻപ് കല്യാണ കുമ്പസാരം നടത്തിയതാണ്, പെട്ടെന്ന്? അച്ചന്റെ നെറ്റിയിൽ രണ്ടു

വരകൾ തെളിഞ്ഞു. കുമ്പസാര ത്തിന് സമയോം കാലോം ഇല്ല ല്ലോ .. ആത്മഗതത്തിൽ നെറ്റിയി ലെ വര മാഞ്ഞു.

പള്ളിയ്ക്കകംപുറം വിജനം. വിശ്വാസികൾ ആരോ കത്തിച്ച മെഴുകുതിരികൾ മാതാവിന്റെ രൂപത്തിനു മുന്പിൽ അപ്പോഴും എരിയുന്നു.

ക്ഷണിക്കപ്പെടാതെ വീശുന്ന ഇളം കാറ്റിൽ മെല്ലെയൊന്നുല ഞ്ഞു, പിന്നെയും ജ്വലിച്ചു.

ളോഹക്ക് മീതെ ഊറാറ.

'ഞാൻ കന്യകയല്ല, അല്ല, അല്ല.'

അലീനാ...

ജലദോഷം വന്നു തൊണ്ടയട ഞ്ഞതു പോലെ വരണ്ടൊരു വിളി.

'ഏതാനും മണിക്കൂറുകൾ കഴി ഞ്ഞാൽ നിന്റെ കെട്ട് കല്യാണമാ ണ്, ഓർമ്മ വേണം.'

'ഓർമ്മയുണ്ട് 'അലീനയുടെ സ്വരത്തിൽ അതേ മുറുക്കം.

'കർത്തവാണെ , കുമ്പസാരക്കൂ ടാണെ സത്യം, ഞാൻ ഏറ്റു പറ യാൻ വൈകി,

എന്റെ പിഴ

എന്റെ പിഴ

എന്റെ വലിയ പിഴ.'

അലീന തന്റെ വിടർന്ന കണ്ണു കൾ അടച്ചു, കൈകൾ ഒന്നുകൂടി ഭക്തി പൂർവ്വം കൂപ്പി ആശിർവാദ ത്തിനായി തല കുനിച്ചു.

അവസാന മണിക്കൂറിൽ ഒറ്റി കൊടുക്കപ്പെട്ടവന്റെ പ്രാണവേദന യോടെ അച്ചൻ ഒന്ന് പിടഞ്ഞു.

'പിതാവേ കഴിയുമെങ്കിൽ ഈ പാന പാത്രം',കണ്ണുകൾ അൾത്താ രയിലെ കുരിശു രൂപത്തിൽ ചെ ന്നു തറച്ചു.

ഒരു ദിനം, അല്ലെങ്കിൽ കുറച്ചു ദിവസം മുൻപേ ആയിരുന്നെങ്കിൽ ഈ ഏറ്റു പറച്ചിൽ???

വിവാഹ വസ്ത്രത്തിൽ, കു മ്പസാരിക്കണം എന്ന് പറഞ്ഞത് തന്നെ ക്രൂശിക്കാൻ ആയിരുന്നോ?

മൂത്ത പെങ്ങൾ ശോശക്കുട്ടീടെ മകൻ ടോണിയുടെ വധു.

താൻ മുൻകൈ എടുത്തു നട ത്തുന്ന കല്യാണം.

സ്വഭാവ ശുദ്ധി ഉള്ളവൾ ദൈ വഭയമുള്ളവൾ, കൈപ്പുണ്യമുള്ള വൾ... അലീനയേപ്പറ്റി ശോശക്കുട്ടി യോട് ജപമാല ചൊല്ലും പോലെ..

എത്രയോ തവണ ഈ കുമ്പ സാര കൂട്ടിൽ മുട്ടുകുത്തിയവൾ.

ഒരിക്കൽ പോലും ആ നാവിൻ തുമ്പിൽ നിന്ന് ഇങ്ങനെയൊന്ന്..

അവൾ തന്റെ തലയിലൊരു മുൾമുടിയണിയിച്ചു ചാട്ടവാറു

**ദൈവത്തിന്റെ പ്രതി പുരുഷനായി കുമ്പസാര കൂട്ടിലിരിക്കുമ്പോഴും കേവലം സ്വാർത്ഥത നിറഞ്ഞ പച്ച മനുഷ്യനായി മനസ്സ് രൂപാന്തരം പ്ര ാപിക്കുന്നു. തന്നോടു തന്നെ ചോ ദിച്ച രണ്ട് ചോദ്യങ്ങൾക്ക് നടുവിൽ പെട്ട് ഉത്തരം കിട്ടാതെ.**

കൊണ്ടു പ്രഹരിക്കുന്നു.

'ഏലി ഏലി ല്മാ സബക്ഥാനി.

(എന്റെ ദൈവമേ, എന്റെ ദൈ വമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?)

ആത്മപീഡയുടെ തപത്തിൽ ഉരുകിയൊലിച്ച വിയർപ്പുതുള്ളി കളിൽ

ഊറാറ നനഞ്ഞു.

'അച്ചാ, സമയം പോകുന്നു, ' കുമ്പസാരക്കൂട്ടിൽ അലീനയുടെ മൃദുവായ ഓർമപ്പെടുത്തൽ.

ഞാൻ എന്ത് പ്രായശ്ചിത്തം നൽകും കർത്താവേ...

''പൊയ്ക്കൊള്ളൂക, മേലിൽ പാപം ചെയ്യരുത്'.

കൈകൾ യാന്ത്രികമായി കു രിശിന്റെ ആകൃതിയിൽ അവൾക്ക് നേരേ നീണ്ടു.

പ്രസന്നമായ മുഖഭാവത്തോടെ അലീന നെറ്റിയിൽ കുരിശു വരച്ചു കുമ്പസാര ജപം ബാക്കി ചൊല്ലി പൂർത്തീകരിച്ചു എഴുന്നേറ്റ്, മോ ണ്ടളം വഴി പുറത്തേക്ക് നടന്നു മറഞ്ഞു.

അന്നു വരെ അവളോട് തോ ന്നിയ ദയാ വാൽസല്യങ്ങളെല്ലാം പ്രതീക്ഷിക്കാതെ പെയ്ത പെരു മഴ പോലെ കുത്തിയൊലിച്ചു പോകുന്നു.

ദൈവത്തിന്റെ പ്രതി പുരുഷനാ യി കുമ്പസാര കൂട്ടിലിരിക്കുമ്പോ ഴും കേവലം സ്വാർത്ഥത നിറഞ്ഞ പച്ച മനുഷ്യനായി മനസ്സ് രൂ പാന്തരം പ്രാപിക്കുന്നു.

തന്നോടു തന്നെ ചോദിച്ച രണ്ട് ചോദ്യങ്ങൾക്ക് നടുവിൽ പെട്ട് ഉത്തരം കിട്ടാതെ.

വിവാഹാലോചന തുടങ്ങുന്ന തിന് മുൻപ് ഏറ്റു പറഞ്ഞ് കുമ്പ സാരിച്ചിരുന്നെങ്കിൽ അലീനയെ ടോണിക്കു വേണ്ടി ആലോചിക്കു മായിരുന്നോ?

രണ്ടോ മൂന്നോ ദിവസം മുൻപ ാണ് അവൾ തന്റെ പാപം വെളിപ്പെ ടുത്തുന്നതെങ്കിൽ ഈ വിവാഹാ ലോചനയിൽ നിന്ന് പിൻമാറാൻ പെങ്ങളേയും ടോണിയേയും നിർബന്ധിക്കുമായിരുന്നോ?

കേട്ടത് കുമ്പസാര രഹസ്യമാ ണ്.

മരണം വരെ തന്റെ ഉള്ളിൽ ഒതുങ്ങി അമരേണ്ട രഹസ്യം.

ജീവൻ കളഞ്ഞാലും ഒരു യഥാർത്ഥ വൈദികൻ കുമ്പസാര രഹസ്യം പുറത്തു പറയരുത്.

'ഞാൻ കന്യകയല്ല ' വീണ്ടും വീണ്ടും ആ വാക്കുകൾ.

കുറച്ചു മണിക്കൂറുകൾ കഴി ഞ്ഞാൽ മറ്റൊരാളിന്റെ ഭാര്യയാകേ ണ്ടവൾ. പുരുഷനെ അറിയാതെ വിശുദ്ധിയോടെ മണിയറയിൽ കയറേണ്ടവൾ.

മറ്റൊരാൾ... ആ ഓർമ്മയിൽ ഉള്ളം പിടഞ്ഞു.

എങ്ങനെ ഇനി താലി ആശീർവ ദിച്ചു അവന്റെ കൈകളിൽ ഏല് പിക്കും?

തൊണ്ടയിൽ ഒരു പരാജിതന്റെ നിലവിളി നിശബ്ദം പെറ്റു വീണൊ

ടുങ്ങുന്നു. നാഴിക മണിയുടെ ഓർമപ്പെടുത്തൽ.

ഊറാറ കുമ്പസാര കൂട്ടിൽ വച്ച് ഒരിക്കൽ കൂടി അൾത്താരയിലേക്ക് നോക്കി.

ശിരസ്സിലെ മുൾമുടിയിൽ നിന്ന് ഒരു തുള്ളി രക്തം പൊടിഞ്ഞു കണ്ണുകളിലേക്ക്.

മങ്ങിയ കാഴ്ച്ചയിൽ തനിക്കു ചുറ്റും നൂറായിരം ചോദ്യ വിരലുകൾ??

'സ്തുതി',

കോൺവെന്റിലെ പ്രാർത്ഥനക്ക് ഒടുവിൽ അലീനയുടെ കൈകളും കണ്ണുകളും നീണ്ടു വരുന്നു.

ഒരു വൈദികൻ നന്നായി അഭിനയിക്കാൻ കൂടി പഠിക്കണം എന്ന് ആദ്യമായി അച്ചനു തോന്നി. ഉള്ളിൽ എരിയുന്ന ഞെരിപ്പോടിനെ ഹന്നാൻ വെള്ളം തളിച്ച് ശുദ്ധികരിച്ചേ മതിയാവു.

ഏതാനും അടുത്ത ബന്ധുക്കൾ മാത്രമാണ് അലീനയുടെ ഭാഗത്തു നിന്നുള്ളത്.

ആകെയുള്ള കൂടെപ്പിറപ്പ് ചെറുക്കൻ അലീനയെ ചുറ്റിപ്പറ്റി നിൽക്കുന്നു.

കാറിന്റെ ബാക്ക് സീറ്റിലമർന്ന് ടോണിയുടെ ഇടവകയിലേക്ക് യാത്ര തിരിക്കുമ്പോൾ, പിന്നിൽ മറയുന്ന കാഴചകൾക്കൊപ്പം മറവിയുടെ ആഴത്തിലേക്ക് മുങ്ങാൻ കൂട്ടാക്കാത്ത ചില കാഴ്ചകൾ തെളിഞ്ഞു വരുന്നു.

രണ്ടു വർഷം മുൻപാണ് പുതിയ ഇടവക വികാരിയായി ചാർജെടുത്തത്.

നൂറു മേനി ഫലം പുറപ്പെടുവിക്കണം.. മെത്രാനച്ചന്റെ വാക്കുകൾ.

പാറപ്പുറത്തും, മുൾച്ചെടികൾക്കിടയിലും വീണ വിത്തുക്കളെ പെറുക്കിക്കൂട്ടി നല്ല നിലത്തു പാകുക.

മുപ്പത് മേനിയോ അറുപതു മേനിയോ പോരാ നൂറു മേനി തന്നെ കൊയ്യണം.

**അടക്കവും ഒതുക്കവും ദൈവഭയവുമുള്ള കന്യക. അതുകൊണ്ട് തന്നെയാണ് പത്താം തരം രണ്ടു തവണ തോറ്റ് തൂമ്പാ കൈയിൽ എടുത്ത ടോണിക്ക് അവളെ രണ്ടാമതൊന്ന് ആലോചിക്കാതെ കല്യാണം പറഞ്ഞത്. കാര്യം പറഞ്ഞാൽ ചെറുക്കൻ എല്ലു മുറിയെ പണിയും. തിന്നാനും കുടിക്കാനും പഞ്ഞോമില്ല.**

ചന്ത സ്ഥലത്തും റോഡരികിലുമിരുന്ന് ചവച്ചും തുപ്പിയും മൊബൈലിൽ തോണ്ടിയും പുതുരസങ്ങൾ തേടുന്ന ലക്ഷ്യബോധമില്ലാത്ത യുവജനങ്ങളെ ഒരുമിച്ചു കൂട്ടി.

വൈകുന്നേരങ്ങളിൽ വോളിബോൾ പരിശീലനം.

മത്സര പരീക്ഷ കോച്ചിംഗ്.

ആഴ്ചയിലൊരിക്കൽ പാവപ്പെട്ടവരുടെയും രോഗികളുടെയും ഭവനങ്ങളിൽ സന്ദർശനം.

പുതിയ അച്ചൻ ആളു പുലിയാണ് കേട്ടോ..

ചെറുപ്പക്കാരുടെ സ്റ്റാറ്റസുകളിൽ അച്ചന് നല്ല റീച്ച്.

വികാരിയായി എട്ടാം മാസത്തിലാണെന്നാണ് ഓർമ്മ,

പുതുമഴ പെയ്തു തോർന്ന ഒരു സായഹ്നം.

നനവിന്റെ കോരിത്തരിപ്പിലമർന്ന മണ്ണ്. മഴവെള്ളമൊലിച്ചിറങ്ങിയ വിള്ളലുകളിൽ നിന്നും നീരാവി നേർത്ത മേഘരൂപം പൂണ്ട് ആകാശത്തേക്ക് പറന്നുയരുന്നു. കട്ടൻ കപ്പ കാന്താരി മുളകിൽ ചാലിച്ചു തിന്നുകൊണ്ട് ബാല്യകാലത്തെ മഴക്കാല സന്ധ്യകളുടെ ഓർമ്മകളിൽ ലയിച്ചിരിക്കുമ്പോഴാണ്, കൂടെ സെമിനാരിയിൽ ഉണ്ടായിരുന്ന അഗസ്റ്റനച്ചന്റെ ഫോൺ.

നല്ല എരി മുളകാണ്, അടിമുടി പുകച്ചിൽ!

മുളകിന്റെ എരിവു പറഞ്ഞു തുടങ്ങിയ കുശലം പറച്ചിലിനൊടുവിലാണ് അച്ചൻ കാര്യം എടുത്തിട്ടത്.

'' ഒരു സഹായം വേണം അത്യാവശ്യമാണ്. '

കിഴക്കൻ ദേശത്തു നിന്ന് അഗസ്റ്റിനച്ചൻ മുളകിന്റെ എരിവ് ഏറ്റെടുത്തു.

'ഒരു പെങ്കൊച്ചിന്റെ ജീവിത പ്രശ്നമാ, അപ്പന്റെ കുടി, ഇടി, തൊഴിയൊന്നും സഹിക്കാൻ പറ്റാതെ തള്ള അങ്ങേരെ ഉപേക്ഷിച്ചു ഏതോ ആമ്പിറന്നൊന്റെ കൂടെ ഇറങ്ങി പോയി. ഇളയത് ചെറുക്കൻ കൊച്ചാ, അതിന്റെ കാര്യം സാരമില്ല.

പെങ്കൊച്ചിന് അച്ചന്റെ ഇടവക കോൺവെന്റിൽ എന്തെങ്കിലുമൊരു ജോലി... 'വാക്കുകളിൽ പ്രതീക്ഷ.''

ആദ്യമായിട്ടാണ് ഒരു സഹായം ചോദിക്കുന്നത്. അതും ഒരു പെൺകുട്ടി. കാലം വല്ലാത്തതാണ്.

'ഞാൻ ശ്രമിക്കാം'സന്ധ്യ പ്രാർത്ഥനയുടെ സമയമായി. കപ്യാര് പള്ളിയുടെ പുറത്തെ മോന്തായത്തിൽ തൂക്കിയ കയറിൽ പിടിച്ചു വലിച്ച് സമയം ഓർമ്മിപ്പിച്ചു. പള്ളി മണിയുടെ നാദം താഴ്‌വാരയിൽ ലയിച്ചു.

പള്ളി വക പറമ്പിന്റെ അതിരിൽ ആണ് മഠം. മഠം വക സ്കൂളിന്റെ മാനേജരാണ് കാലാകാലങ്ങളിൽ മാറി വരുന്ന വികാരി അച്ചൻമാർ.

വിവിധ പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്തവർക്ക് പള്ളിയും പള്ളിക്കൂടവും ഒരാശ്രയമായിരുന്നു. കൃഷി വ്യാപിച്ചതോടെ വനമേഖലയുടെ വ്യാപ്തി കുറഞ്ഞിട്ടുണ്ട്.

'കാട്ടു പന്നിയുടെ ശല്യം കാരണം ഒരു രക്ഷയുമില്ല, പറമ്പൂടെ ഒന്ന് വെഞ്ചിരിച്ചാലോ '

പിറ്റേന്നു പകൽ നേരിൽ കണ്ടതും മദർ തലമുണ്ട് ഒന്നുകൂടെ ശെരിയാക്കി ആവലാതിടെ കെട്ടഴിച്ചു. തലേന്നത്തെ മുളകിന്റെ കുത്തൽ



വയറ്റിൽ.

'ആകാശത്തിലെ പറവകളേയും വയലിലെ ലില്ലികളേയും നോക്കുവിൻ അവ വിതക്കുന്നില്ല, കൊയ്യുന്നുമില്ല കളപുരകളിൽ ശേഖരിക്കുന്നുമില്ല. എങ്കിലും സ്വാർഗസ്ഥനായ പിതാവ് അവയെ പരിപാലിക്കുന്നു, ആകുലപ്പെടരുത്.' അച്ചൻ ആകാശത്തേക്ക് കണ്ണുകൾ ഉയർത്തി.

കാട്ടു പന്നി വിളകൾ മുഴുവൻ നശിപ്പിച്ചു എന്ന് പരാതി പറയുന്ന ഇടവകയിലെ കുഞ്ഞാടുകളോട് പറയുന്ന മറുപടി അച്ചൻ മദറിനു നേരെയും പ്രയോഗിച്ചു.

'സ്വഭാവ ദുഷ്യക്കാരി ഒന്നും ആയിരിക്കില്ലല്ലോ അല്ലേ 'കാര്യം കേട്ടതും മദറിനു വിമ്മിഷ്ടം.

'നമുക്ക് നോക്കാമെന്നേ, എന്തായാലും അഗസ്റ്റൻ അച്ചൻ പറഞ്ഞതാണല്ലോ.' നിലത്തു കിടന്ന ഒരു മുട്ടൻ കാപ്പിക്കമ്പ് കുനിഞ്ഞെടുത്തു . നല്ല ബലം.

''അച്ചന് എന്തിനാ കാപ്പി കമ്പ്?'

'മേടയിൽ പന്നി വന്നാൽ ഓടിക്കാനാ' തമാശയായി പറഞ്ഞു കമ്പ് വായുവിൽ ഒന്ന് കറക്കി.

പിറ്റേന്ന് വെയിൽ ചാഞ്ഞ സമയത്തവൾ, അലീന. കൈയിൽ ഏതോ തുണിക്കടയുടെ പരസ്യം പേറുന്ന കൂട്.

കനലിൽ വാട്ടിയ വാഴയില പോലെ വാടി കൂമ്പി.

''തിന്നാനും കുടിക്കാനും.. മനസമാധാനത്തോടെ അന്തി ഉറങ്ങാനും..''

അഗസ്റ്റൻ അച്ചൻ പള്ളി മുറ്റത്തു നിന്ന് താഴേക്ക് നോക്കി.

അല്പം ദൂരെ കോൺവന്റ്. പകൽ വെളിച്ചം സന്ധ്യക്ക് വഴിമാറുന്നു. പള്ളിയിൽ നിന്നും കോൺവെന്റിലേക്കുള്ള മണൽ വിരിച്ച ചെറിയ വഴിയുടെ അരികിലുള്ള വഴിവിളക്കുകൾ വഴികാട്ടാനെന്നവണ്ണം തെളിഞ്ഞു.

അലീനയുടെ മുഖത്ത് സ്ഥായിയായ വിഷാദ ഭാവം. പെയ്യാൻ കാത്തു നിൽക്കുന്ന മേഘം പോലെ. അച്ചൻ കാണിച്ച വഴിയിലൂടെ നിസ്സംഗയായി.

അതിരാവിലെ സിസ്റ്റേഴ്സിനൊപ്പം പള്ളിയിൽ വന്നതിനു ശേഷം അടുക്കളയിലും മഠം വക പറമ്പിലും തന്റെ കൈയൊപ്പ് ദിനം തോറും ചാർത്തുന്നവൾ. അപൂർവ്വമായി മാത്രം മുഖത്ത് കർകിടകത്തിലെ പത്തു വെയിലിന്റെ തെളിച്ചം.

അടക്കവും ഒതുക്കവും ദൈവഭയവുമുള്ള കന്യക.

അതുകൊണ്ട് തന്നെയാണ് പത്താം തരം രണ്ടു തവണ തോറ്റ് തൂമ്പാ കൈയിൽ എടുത്ത ടോണിക്ക് അവളെ രണ്ടാമതൊന്ന് ആലോചിക്കാതെ കല്യാണം പറഞ്ഞത്. കാര്യം പറഞ്ഞാൽ ചെറുക്കൻ എല്ലു മുറിയെ പണിയും. തിന്നാനും കുടിക്കാനും പഞ്ഞോമില്ല.

ഭൂസ്വത്ത് ഉണ്ടായിട്ട് ഒന്നും ഇന്നത്തെ കാലത്ത് കാര്യമില്ല, കർഷകന് പെണ്ണ് കിട്ടാൻ പാടാണ്. ഇങ്ങനെ പോയാൽ ചെറുക്കന്റെ മൂക്കിൽ പല്ല് മുളക്കും. പെങ്ങളുടെ സ്ഥിരം ആവലാതി കേട്ട് കർത്താവിനോട് പരാതി പറഞ്ഞു മടുത്തു. പ്രാർത്ഥനക്കൊടുവിൽ കർത്താവ് കാണിച്ചു തന്നത്,അലീനയുടെ മുഖം.

അലീനയുടെ കാര്യം പറഞ്ഞതും ശോശക്കുട്ടി പെങ്ങൾക്ക് അത്ര ബോധിച്ചില്ല.

പെങ്ങള് പാരമ്പര്യോം തറവാട്ടു മഹിമേം പറഞ്ഞു കൊണ്ടിരുന്നാൽ ചെറുക്കൻ പുര നിറഞ്ഞു തല നരച്ചു നിൽക്കത്തേയൊള്ളു.ഇത് പണ്ടത്തെ കാലമൊന്നു

മല്ല. ഒന്നാമതേ.. പെമ്പിള്ളേർ ഇല്ല. ഇനി ഉണ്ടേലും എല്ലാത്തിനും സർക്കാർ ജോലിയുള്ള പയ്യനെ മതി. ഇനി എന്താന്ന് വച്ചാ ചെയ്ന്നു പറഞ്ഞ് ഒരു പോക്കിങ്ങുപോന്നു.

പള്ളിമേടയിലെത്തും മുൻപെ പെങ്ങടെ വിളി വന്നു, സമ്മതം.

കല്യാണമെന്ന് കേട്ടതും അലീനയുടെ മുഖത്തു കാപ്പിക്കലത്തിന്റെ കറവ്.

സിസ്റ്റേഴ്സിന്റെ നിരന്തര പ്രേരണക്ക് വഴങ്ങിയാണ് അവൾ സമ്മതിച്ചത്.

'എനിക്കു കല്യാണം വേണ്ട ' പലകുറി മദറിനെക്കൊണ്ടു തന്നോട് പറയിപ്പിച്ചിരുന്നു.

മഠത്തിന്റെ ചുവരുകൾക്കുള്ളിൽ ഒതുങ്ങപ്പെടേണ്ടവളല്ല എന്നും അവൾക്ക് യോജിച്ച ഇണയെ ദൈവം കാലന്തരത്തിൽ കണ്ടെത്തിയെന്നും പറഞ്ഞു മനസ് മാറ്റി.

വലിയൊരു രഹസ്യം മനസ്സിൽ ഒളിപ്പിച്ചവൾ എല്ലാവരെയും വിഡ്ഢികളാക്കി.

അഗസ്റ്റിൻ അച്ചനറിയാമായിരുന്നോ സത്യങ്ങൾ?

കല്യാണ വിവരങ്ങൾ എല്ലാം അപ്പപ്പോൾ അറിയിച്ചിരുന്നു.

'നല്ല കുട്ടിയാണ് നല്ലതേ വരൂ.' അപ്പോഴെല്ലാം അച്ചൻ പറഞ്ഞ വാക്കുകൾ. ആ വാക്കുകൾ വിശ്വസിച്ചു കൂടുതൽ ചികയാൻ പോയില്ല.

കെട്ടു കല്യാണത്തിന് വരണം. ചടങ്ങ് നടത്തി കൊടുക്കണം എന്ന് പറഞ്ഞപ്പോൾ എന്തൊക്കെയോ അസൗകര്യങ്ങൾ പറഞ്ഞൊഴിവായി അച്ചൻ?

കാർ സഡ്ഡൻ ബ്രേക്കിട്ടു. ഭയങ്കരമായ ഒരു കുലുക്കം. മനസ്സും ശരീരവും ഒരുപോലെ ഞടുങ്ങി, കാറിന് മുന്നിലേക്ക് ഒരു പശുക്കിടാവ്.

നീണ്ടു നിവർന്നു കിടക്കുന്ന കറുത്ത ചേരയെപ്പോലെ റോഡ് അവസാനിക്കുന്നിടത്ത്,

റബ്ബർ തോട്ടത്തിനു നടുവിൽ പള്ളി. കുറച്ചപ്പുറത്തുള്ള പാരീഷ് ഹാളിന്റെ മുറ്റത്തരികിലായി വിവിധ വർണ്ണങ്ങൾ വീശി നിൽക്കുന്ന പൂമരങ്ങൾ.

വെള്ളച്ചായം പൂശി മിനുക്കിയ മുഖവാരത്തിൽ പരസ്പരം കൊക്കുരുമ്മി ഇണ പ്രാവുകൾ. പള്ളിമുറ്റത്തെ മണൽ തരികളിൽ പകലിന്റെ തിളക്കം.

ടോണിക്കരുകിൽ ഇടതു വശം ചേർന്ന് അലീന. ഗായക സംഘത്തിന്റെ മനോഹര ഗാനത്തിൽ ലയിച്ചു പാതി കൂമ്പിയ മിഴികൾ.

ചുംബനം കൊണ്ടു കർത്താവിനെ ഒറ്റികൊടുത്ത യുദാസിനെ

**മഠത്തിന്റെ ചുവരുകൾക്കുള്ളിൽ ഒതുങ്ങപ്പെടേണ്ടവളല്ല എന്നും അവൾക്ക് യോജിച്ച ഇണയെ ദൈവം കാലന്തരത്തിൽ കണ്ടെത്തിയെന്നും പറഞ്ഞു മനസ് മാറ്റി. വലിയൊരു രഹസ്യം മനസ്സിൽ ഒളിപ്പിച്ചവൾ എല്ലാവരെയും വിഡ്ഢികളാക്കി. അഗസ്റ്റിൻ അച്ചനറിയാമായിരുന്നോ സത്യങ്ങൾ?**

പ്പോലെ ജീവിതകാലം മുഴുവൻ എരിഞ്ഞടങ്ങാൻ ഒരു ഞെരിപ്പൊട് തനിക്ക് സമ്മാനിച്ചു നിൽക്കുന്നവൾ.

വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാട്ടുകുർബാന ആരംഭിച്ചു.

'മകളേ, കേൾക്കുക ചെവിചായിച്ചു ശ്രദ്ധിക്കുക, നിന്റെ ജനത്തെയും പിതൃ ഭവനത്തെയും മറക്കുക'.

അച്ചൻ വായിച്ച ബൈബിൾ വാക്യം മറക്കാൻ ആഗ്രഹിച്ച എന്തൊക്കെയോ അവളെ ഓർമ്മിപ്പിക്കുംപോലെ. ഭൂതകാലം സമ്മാനിച്ച മുറിപ്പാടുകളിൽ ചോര പൊടിയുന്നു.

അവളുടെ കണ്ണുകൾ കെട്ടുകുർബാന കഴിയും വരെ സക്രാരിയിൽ തന്നെ വിശ്രമിക്കുന്നത് അച്ചൻ കണ്ടിരുന്നു.

ദൈവമേ പാപിയായ എന്നിൽ കനിയേണമേയെന്നോ? എന്തായാവാം ഇവൾ മൗനമായി പ്രാർത്ഥിക്കുക?

വിവാഹ ചടങ്ങുകൾക്കും, സൽക്കാരങ്ങൾക്കും ശേഷം എല്ലാവരോടും യാത്ര പറഞ്ഞ് അച്ചൻ പള്ളി മേടയിൽ തിരിച്ചെത്തി. നല്ല ക്ഷീണം, മുഖം കഴുകി തിരിയുമ്പോൾ ഫോൺ ചിലച്ചു.

അഗസ്റ്റിൻ അച്ചനാണ്.

എടുക്കണോ അതോ... വേണ്ട, എല്ലാം അറിഞ്ഞിട്ട്, ഒരു വാക്ക് പറയാതെ.

ഫോൺ സ്വിച്ച് ഓഫ് ചെയ്തു മേശമേൽ വച്ചു.

ഒരു പകൽ കൂടി രാത്രിക്ക് വഴിമാറുന്നു. ദിക്കുതേടി പറക്കുന്ന കിളികൾ.

പള്ളിയു പരിസരവും മെല്ലെ മഞ്ഞിന്റെ മേലാപ്പ് അണിഞ്ഞു.

സന്ധ്യ പ്രാർത്ഥനക്കുള്ള മണി മുഴക്കി കപ്യാര് വീട്ടിലേക്ക് പോയി.

അസ്വസ്ഥമായ മനസോടെ അച്ചൻ യാമ പ്രാർത്ഥനക്ക് ഇരുന്നു.

പറ്റുന്നില്ല.

മനസ് എന്തൊക്കെയോ ഓർമകളുടെ വേലിയേറ്റങ്ങളിൽ ആടിഉലയുന്നു. കാറുംകോളും നിറഞ്ഞ കടലിൽ അകപ്പെട്ട തോണി പോലെ.

ആരായിരിക്കും അവൾക്കൊപ്പം വിലക്കപ്പെട്ട കനി ഭക്ഷിച്ചവൻ! ഒരാൾ? അതോ.. അതിലുമേറെ?

എത്രയോ കുമ്പസാരങ്ങൾ കേട്ടിരിക്കുന്നു.

പള്ളിക്കുന്നിന്റെ ചെരുവിലെ സെമിത്തേരിയിൽ ആറടി മണ്ണിൽ ഉറങ്ങുന്ന മനുഷ്യനേപ്പോലെയാണ് വൈദികന്റെ മനസ്സും.

കുമ്പസാര രഹസ്യങ്ങൾ മനസിന്റെ ആഴത്തിൽ കുഴിച്ചു മൂടി സിമന്റ് തേച്ചു ഉറപ്പിക്കുകയാണ്

പതിവ്. ശക്തമായ കാറ്റിൽ ചാരിയിട്ട കതകിന്റെ പാളികൾ തുറന്നു. നേർ കാഴ്ച്ചയിൽ വൈദ്യുതി വിളക്കിന്റെ പ്രഭയിൽ കുളിച്ചു പള്ളിയും പരിസരവും.

ഏതോ ഉൾപ്രേരണയാലെന്നവണ്ണം അച്ചൻ മേടയിൽ നിന്ന് പുറത്തിറങ്ങി. വിശ്വാസികൾക്കായി തുറന്നിട്ടിരിക്കുന്ന വാതിലിലൂടെ പള്ളിയുടെ അകത്തേക്ക് നടന്നു.

കർത്താവെ...

നീയും അറിഞ്ഞിരുന്നു അല്ലേ, എത്ര നാളായി ഞാൻ നിനക്കു പുരോഹിത ശുശ്രൂഷ ചെയ്യുന്നു?

ഒരു അടയാളം പോലും നീ തന്നില്ലല്ലോ..

ഒരു ദർശനം പോലും..

പച്ച കാർപെറ്റിൽ മുട്ടു കുത്തി.

ഒരു കുമ്പസാര രഹസ്യത്തിന്റെ ഭാരം എന്നെ ശ്വാസം മുട്ടിക്കുന്നത് നീയറിയുന്നുവല്ലോ.

എല്ലാവർക്കും നല്ലതിനായി ഞാൻ ചെയ്ത കാര്യം ഒരു തെറ്റായി ഭവിക്കുകയായിരുന്നോ?

എന്റെ ദൈവമേ.. എന്റെ ദൈവമേ...

ഇങ്ങനെ ശിക്ഷിക്കാൻ ഞാൻ എന്ത് അപരാധം ചെയ്തു?

കണ്ണിൽ ഉറവപൊട്ടിയ നീർച്ചാലുകൾ അച്ചന്റെ കാഴ്ച മറച്ചു.

തുറന്നു കിടന്ന വാതിലിലൂടെ മഞ്ഞിന്റെ ഒരു തൂവൽ പറന്നു വന്നു. കണ്ണുനീർ തുടച്ച് മദ്ബഹയിലേക്ക് നോക്കി .

മൂടൽ മഞ്ഞ് തുറന്നു കിടന്ന കവാടത്തിലൂടെ പള്ളിക്കുള്ളിലേക്ക് പിന്നെയും പിന്നെയും പറന്നു കയറി. മഞ്ഞിന്റെ കുളിരിന് അകം ചൂടിനെ തണുപ്പിക്കുവാനാകുന്നില്ല.

മൂടൽമഞ്ഞിൽ മങ്ങിക്കത്തുന്ന അലങ്കാര ദീപങ്ങൾ ദേവാലയത്തിനുള്ളിൽ അവ്യക്തമായ നിഴൽ രൂപങ്ങൾ സൃഷ്ടിച്ചു. താനും അങ്ങനെ നേർത്തു പോയൊരു നിഴലാണെന്ന് അച്ചന് തോന്നി.

കണ്ണുകൾ ഇറുകെയടച്ച്, ഉള്ളുരുകി ഒരുനിമിഷം.

**കണ്ണുകൾ ഇറുകെയടച്ച്, ഉള്ളുരുകി ഒരുനിമിഷം. കാതുകളിലേക്ക് അകലങ്ങളിൽ നിന്നും ഒരു നിലവിളി അരിച്ചരിച്ചെത്തുന്നു. കാലത്തിന്റെ കരിമ്പടത്തിനപ്പുറത്തു നിന്ന് ഒരു പെൺകുട്ടിയുടേയും, കുഞ്ഞനുജന്റേയും രൂപം. പള്ളിക്കുള്ളിൽ നിറഞ്ഞ മൂടൽമഞ്ഞിൽ കണ്ട അവ്യക്തരൂപങ്ങളേക്കാൾ മിഴിവ് മനസ്സിൽ തെളിഞ്ഞുവരുന്ന നൊമ്പരക്കാഴ്ച്ചകളിൽ നിറയുന്നു.**

കാതുകളിലേക്ക് അകലങ്ങളിൽ നിന്നും ഒരു നിലവിളി അരിച്ചരിച്ചെത്തുന്നു.

കാലത്തിന്റെ കരിമ്പടത്തിനപ്പുറത്തു നിന്ന് ഒരു പെൺകുട്ടിയുടേയും, കുഞ്ഞനുജന്റേയും രൂപം. പള്ളിക്കുള്ളിൽ നിറഞ്ഞ മൂടൽമഞ്ഞിൽ കണ്ട അവ്യക്തരൂപങ്ങളേക്കാൾ മിഴിവ് മനസ്സിൽ തെളിഞ്ഞു വരുന്ന നൊമ്പരക്കാഴ്ച്ചകളിൽ നിറയുന്നു.

മഴ തിമർത്തു പെയ്യുന്ന ഒരു കറുത്ത രാത്രി .

പുറത്തെ ചതുപ്പിൽ ഇനിയും മഴയുണ്ടന്നെന്നറിയിച്ചു തവളകളുടെ കൂട്ട കരച്ചിൽ.

മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ കുഞ്ഞനുജനെ ഉറക്കി, അപ്പനായി കാത്തിരിക്കുന്ന പെൺകുട്ടി. നേർത്ത വെട്ടത്തിൽ കുളിച്ചു തോർന്ന മുടിയിൽ നിന്നും പുല്ലു മേഞ്ഞ പുരയുടെ ഇറമ്പിൽ നിന്നും ഇറ്റിറ്റ് വീഴുന്ന പോലെ വെള്ളത്തുള്ളികൾ.

പുറത്തെ കാൽ പെരുമാറ്റം കേട്ടവൾ വാതിൽ തുറന്നു.

'അപ്പച്ചൻ... അത്താഴം വിളമ്പട്ടെ?' അവളുടെ ഉറക്കച്ചടവാർന്ന ചോദ്യം.

പുറത്തെ ഇരുട്ട് അയാൾക്ക് പിശാചിന്റെ രൂപം നൽകി.

മണ്ണെണ്ണ വിളക്ക് എവിടെയോ തട്ടി ചിതറിയണഞ്ഞു.

'അപ്പച്ചാ.. എന്നെ വെറുതെ വിടൂ ' ഇരുട്ടിൽ അമരുന്ന രോദനങ്ങൾ.

ഏല്ലാത്തിനുമൊടുവിൽ അയാൾ ക്ഷീണിച്ചു ചുരുളുമ്പോൾ, കീറി പ്പറിഞ്ഞ വസ്ത്രങ്ങളുമായി വെളിച്ചം തേടി അവൾ .

ഇറ്റുവീണ ചോരത്തുള്ളികൾ ചാണകം മെഴുകിയ തറയിലെ തണുപ്പിൽ ലയിച്ചു ചേർന്നിരുന്നു.

''അപ്പൻ എന്നെ.. ഞാൻ ഇനി എന്തിന് ജീവിക്കണം'? ദൂരെ ഒരു കുമ്പസാരകൂട് തെളിഞ്ഞു വന്നു. ആകാശത്തു നിന്ന് ഒരു മിന്നൽ പിണർ.

കുമ്പസാര കൂടിനരുകിൽ മുട്ടുകുത്തിയൊരു പെൺകുട്ടി.

'അലീന...'

കുമ്പസാരക്കൂടിനുള്ളിൽ അഗസ്റ്റിൻ അച്ചന്റെ ചുണ്ടുകൾ വിറച്ചു. അലീനയുടെ തേങ്ങൽ നേർത്ത് നിലച്ചു.

വെളിപാടിന്റെ പുതിയ അധ്യായത്തിൽ നിന്ന് തന്നെ വീണ്ടെടുത്ത അച്ചൻനിറഞ്ഞ കണ്ണുകളുമായി എഴുന്നേറ്റു കുമ്പസാര കൂട് പരതി.

ഊറാറ ധരിച്ചു കുമ്പസാര കൂട്ടിൽ കർത്താവ് ഇരിക്കുന്നു.

മറച്ചുവയ്ക്കാമായിരുന്ന ഒരു സത്യം തുറന്നു പറഞ്ഞ് പരിശുദ്ധയായി വിവാഹ ജീവിതത്തിലേക്ക് കടന്ന ഒരു പെൺകുട്ടിയേപ്പറ്റി ഞാൻ ...

അച്ചന്റെ വാക്കുകൾ മുറിഞ്ഞു.

എന്റെ പിഴ,

എന്റെ പിഴ,

എന്റെ വലിയ പിഴ.

*** *** ***

ഊറാറ : വൈദികൻ കൂദാശ സമയത്തു ധരിക്കുന്ന വിശുദ്ധ അംശവസ്ത്രം.

മോണ്ടളം : പള്ളിയുടെ വരാന്ത.

(മുൻവശം)

● അനുഭവകഥകൾ

# മധുശാലയിൽ

◉ എസ് സുന്ദർദാസ്



**അപരിചിതരുമായി ചങ്ങാത്തം സ്ഥാപിക്കുവാനും പരസ്പരം തുറന്നുപറയുവാനുമുള്ള ഒരു വേദികൂടിയാണ് ബാറുകൾ എന്ന് വിളിക്കുന്ന മദ്യശാലകൾ. അരണ്ട വെളിച്ചത്തിൽ, എതിരിലിരിക്കുന്ന അപരിചിതൻ ഒരു തുറന്ന പുസ്തകമായി തന്റെ ജീവിതം എന്റെ മുന്നിൽ നിവർത്തിവെക്കുന്നു; വിസ്മയത്തോടെ ഞാനത് വായിക്കുന്നു. അത്തരക്കാരിൽ ചിലരെ വീണ്ടും പതിവ് മദ്യശാലകളിൽ കണ്ടുമുട്ടുന്നു. ഒരു തുടർക്കഥപോലെ വീണ്ടും അവരുടെ ജീവിതത്തിന്റെ പുതിയ അദ്ധ്യായങ്ങൾ. കൊച്ചിയിലെയും ചെന്നൈയിലെയും മദ്യശാലകളിലെ അനുഭവങ്ങളാണ് ഇവയിലേറെയും. ചെന്നൈയിലെ തിരക്കേറിയ അനധികൃത ബാറുകളിൽപോലും (അവ മിക്കതും രാഷ്ട്രീയക്കാർ നടത്തുന്നവയോ അവരുടെ ഒത്താശയോടെ നടത്തപ്പെടുന്നവയോ ആണ്) ഇത്തരം 'അഭിമുഖങ്ങൾ' സാധ്യമായിട്ടുണ്ട്. അത്തരം മദ്യശാലകളുടെ പുറത്ത് കുടിയന്മാരെ ഉദ്ദേശിച്ച് ചെറിയ കടകൾ നടത്തുന്നവരിൽ ചിലരും ഈ കുറിപ്പുകളിലെ കഥാപാത്രങ്ങളാണ്. അവയിൽ ചിലതാണ് ഇവിടെ പങ്കുവെയ്ക്കുന്നത്....**

## മൂന്ന്

## ഒരു പെൺകുട്ടിയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം

ഏറ്റവും വൃത്തിഹീനമായ ചുറ്റുപാടുകളിലാണ് തമിഴ്നാട്ടിൽ പൊതുവെയും ചെന്നൈയിൽ പ്രത്യേകിച്ചും വിദേശമദ്യവില്പനശാലകൾ നടത്തുന്നത്. ടാസ്മാക്ക് (തമിഴ്നാട് മാർക്കറ്റിങ് കോർപറേഷൻ ) എന്ന സർക്കാർ സ്ഥാപനത്തിനാണ് ഈ വില്പനശാലകൾ നടത്തുന്നതിന്റെ ചുമതല. ഇവിടെനിന്നും വാങ്ങുന്ന മദ്യത്തിന് ബില്ലൊന്നും ലഭിക്കുകയില്ല. വില്പനശാലകളോടൊപ്പം തന്നെ വൃത്തിഹീനമായി നടത്തിപ്പോരുന്ന ചായ്പുകളിലിരുന്ന് മദ്യം കഴിക്കാം; അവിടെ കുപ്പിവെള്ളം സോഡാ, പ്ലാസ്റ്റിക് ഗ്ലാസ്സുകൾ എന്നിവ അധികാവിലയിൽ ല ഭയമാണ്. കൂടാതെ ഓംലറ്റ് തുടങ്ങിയ ഭക്ഷണ സാധനങ്ങളും ലഭ്യമാണ്.

ചെന്നൈയിലെ ഇത്തരം ഒരു ബാറിൽ ഞാനും ഒരു സുഹൃ




വര: പി ആർ രാജൻ

ത്തും രാത്രിയിൽ ഓഫിസിൽ നിന്ന് മടങ്ങുമ്പോൾ കയറുമായിരുന്നു. മദ്യം എങ്ങിനെയും

അകത്താക്കി അതിനുള്ളിലെ ഭക്ഷണമൊന്നും കഴിക്കാതെ പുറത്തിറങ്ങും. പുറത്ത് മദ്യ

ഷാപ്പിൽനിന്ന് അധികമൊന്നും അകലെയല്ലാതെ മദ്യപന്മാരെ ലക്ഷ്യമിട്ടുകൊണ്ട് ഒരു സ്ത്രീ ഒരു തട്ടുകട നടത്തിയിരുന്നു, നല്ല വൃത്തിയിൽത്തന്നെ. ഓംലറ്റ് , ദോശ, ഇഡ്ഡലി എന്നിവയൊക്കെ അവിടെ കിട്ടും-എരിവുകൂടിയ ചമ്മന്തിയും. നല്ലെണ്ണയിൽ ദോശ മൊരിച്ചെടുക്കുന്നതിന്റെ മണം ആരെയും ആകർഷിക്കും.

മദ്യഷാപ്പിൽനിന്ന് പൂസ്സായി ഇറങ്ങുന്നവരുടെയെല്ലാം അഭി നിവേശമായിരുന്നു ആ തട്ടുകട. തട്ടുകടക്കാരി സീതമ്മ (യാഥാർ ത്ഥപേരല്ല) ചമ്മന്തിയും സാമ്പാ റുമെല്ലാം വീട്ടിൽ തയാറാക്കി കൊണ്ടുവരും . ദോശയും ഇഡ്ഡലി യും ഉണ്ടാക്കുന്നത് ലൈവ് ഷോ ആണ്.

ആളുകൾ അവർക്ക് ഷീറ്റും നിൽക്കും. ഓർഡർ അനുസരിച്ച് ക്രമപ്രകാരം ദോശയോ ഇഡ്ഡ ലിയോ ലഭിക്കും. സീതമ്മയെ സഹായിക്കാൻ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവരുടെ മകൾ തന്നെയായിരുന്നു അത്. കറുത്ത് സുന്ദരിയായ, ഇരുപത് വയസ്സു തോന്നിക്കുന്ന ആ പെൺകുട്ടി യെ മദ്യപന്മാർ ഒളിഞ്ഞുനോ ക്കും.

ആരുടെയെങ്കിലും നോട്ടം അസാധ്യമോ അതിരുകടന്നതോ അയാൾ സീതമ്മ ഒന്ന് മൂളും. പിന്നെ ചോദിക്കും : സാപ്പിട്ട് മു ടിച്ചാൽ ഇങ്കെ ഇന്ന വേലൈ? പോയിട്ടേയിരിക്കണം.‘ മകൾ ഇതൊന്നും അറിയാത്തപോലെ പ്ളേറ്റുകൾ കഴുകുകയും അതിൽ പുതിയ വാഴയില തുണ്ട് വെച്ച് അമ്മയുടെ മുന്നിൽ നിരത്തും. ’അമ്മ അതിൽ ദോശയോ ഇഡ്ഡലി യോ വെച്ച് ചമ്മന്തിയും സാമ്പാറു മൊഴിച്ച് ആവശ്യക്കാർക്ക് നീട്ടും. ഞാനും സുഹൃത്തും പല ദിവസ ങ്ങളിലും സീതമ്മയുടെ ദോശയു ടെ രുചി ആഘോഷിച്ചിട്ടുണ്ട്.

ഒരു ദിവസം ആ തട്ടുകടയിൽ ചെല്ലുമ്പോൾ മകളെ അവിടെ കാണുന്നില്ല. ഒരു ദിവസമല്ല, പലദിവസങ്ങളായിട്ടും അവളെ കാണുന്നില്ല. മദ്യപരിൽ ഒരാൾ സീതമ്മയോട് ചോദിച്ചു: ‘‘ഉങ്ക മകളെ കാണോ. എന്ന ആച്ച്’’.

സീതമ്മ അയാളെ ഒന്ന് രൂക്ഷ മായി നോക്കി.എന്നിട്ട് പറഞ്ഞു: ഉങ്കളുക്ക് എതുക്ക് അന്ത കവ ലൈ. സാപ്പിട്ട് മുടിച്ചാ പോയിട്ടേ ഇരി.‘

അമ്മയുടെ അനുസരണയുള്ള, ചുറ്റും നിൽക്കുന്ന ആളുകളെ ശ്രദ്ധിക്കാത്ത, മുഖം ശരിക്കൊന്ന് ഉയർത്തി ആരെയും നോക്കാത്ത ആ കറുത്ത സുന്ദരി എവിടെ? മകൾ എവിടെ എന്നറിയാനുള്ള ആഗ്രഹം ഉണ്ടായിരുന്നെങ്കിലും ആരും സീതമ്മയോട് അതിനെപ്പ റ്റി ചോദിച്ചില്ല.

**അങ്ങനെ ഏതാണ്ട് ഒരു മാസം കഴി ഞ്ഞിരിക്കണം. സീതമ്മയുടെ ദോശ രുചിച്ചുകൊണ്ട് നിൽക്കുമ്പോൾ അടുത്തുനിന്നിരുന്ന ആൾ റോ ഡിന്റെ എതിർവശത്തേക്ക് ചൂണ്ടി അതാ കണ്ടിട്ടില്ലേ എന്ന കണ്ണുകൊ ണ്ട് ആംഗ്യം കാണിച്ചു. അവിടെ ഒരു ഇഡ്ഡലി പാത്രവുമായി സീതമ്മ യുടെ മകൾ . അവളുടെ പുതിയ തട്ടുകട! എന്തുപറ്റിയെന്ന സീത മ്മയോട് ചോദിക്കാൻ ആഗ്രഹിച്ചെ ങ്കിലും അവരുടെ കനപ്പിച്ച മുഖം കണ്ടപ്പോൾ വാക്കുകൾ വിഴുങ്ങി.**

അവൾക്ക് വല്ല അസുഖവുമാ യിരിക്കുമോ? അതോ കല്യാണം കഴിഞ്ഞ് പോയിരിക്കുമോ? ഇങ്ങ നെയൊക്കെ മദ്യപന്മാർ തമ്മിൽ ത്തമ്മിൽ സംശയങ്ങൾ കൈമാറി.

അങ്ങനെ ഏതാണ്ട് ഒരു മാസം കഴിഞ്ഞിരിക്കണം. സീതമ്മയുടെ ദോശ രുചിച്ചുകൊണ്ട് നിൽക്കു മ്പോൾ അടുത്തുനിന്നിരുന്ന ആൾ റോഡിന്റെ എതിർവശത്തേക്ക് ചൂണ്ടി അതാ കണ്ടിട്ടില്ലേ എന്ന കണ്ണുകൊണ്ട് ആംഗ്യം കാണിച്ചു. അവിടെ ഒരു ഇഡ്ഡലി പാത്രവുമായി സീതമ്മയുടെ മകൾ . അവളുടെ പുതിയ തട്ടു കട! എന്തുപറ്റിയെന്ന സീതമ്മ യോട് ചോദിക്കാൻ ആഗ്രഹിച്ചെ ങ്കിലും അവരുടെ കനപ്പിച്ച മുഖം കണ്ടപ്പോൾ വാക്കുകൾ വിഴുങ്ങി.

ഒരു കാര്യം മനസ്സിലായി. മകളും അമ്മയും പിണക്കത്തിലാ ണ്. അമ്മയെ വെല്ലുവിളിക്കുന്ന മട്ടിലാണ് റോഡിന്റെ തൊട്ട് എതിർവശത്ത് മകളുടെ തട്ടുകട. അവിടെയാണ് ഇപ്പോൾ കൂടുതൽ ആൾക്കൂട്ടം.

ഒരു ദിവസം ഞാൻ സീതമ്മ യുടെ കടയുടെ അടുത്തെത്തി യപ്പോൾ അങ്ങോട്ട് നോക്കാതെ നേരെ റോഡിന്റെ എതിർവശത്തേ ക്ക് നടന്നു. സീതമ്മയുടെ മകൾ എന്നെക്കണ്ടപ്പോൾ ചിരപരിചിത നെന്നപോലെ ചിരിച്ചു: ‘വാങ്കോ, വാങ്കോ സാർ,‘ എന്ന് അവൾ വരവേറ്റു. ഇത്രയും നാൾ ഒന്ന് ചിരിക്കുകയോ നോക്കുകയോ പോലും ചെയ്യാതിരുന്നവളാണ്. ഞാൻ രണ്ട് ഇഡ്ഡലി തരാൻ പറ ഞ്ഞു.‘ സാമ്പാർ കിടയാത് സാർ, ചമ്മന്തി മട്ടും താൻ ഇരുക്ക്..‘ അവൾ പറഞ്ഞു. ഞാൻ സമ്മതി ച്ചു. ആളുകളോട് അവൾ വാതോ രാതെ സംസാരിച്ചുകൊണ്ടിരു ന്നത് എന്നെ അത്ഭുതപ്പെടുത്തി. റോഡിന്റെ എതിർവശത്തുനിന്നും സീതമ്മ ശ്രദ്ധിക്കുന്നത് ഞാൻ കണ്ടു .ഞാൻ ധൃതിയിൽ സ്ഥലം വിട്ടു.

രണ്ടുദിവസം കഴിഞ്ഞ്, അല്പ ം നേരത്തെ ഓഫീസില്നിന്നി റങ്ങിയ ഞാൻ സീതമ്മയുടെ മകളുടെ കടയിലെത്തുമ്പോൾ തിരക്കായി കഴിഞ്ഞിട്ടില്ല. ഇഡ്ഡലി പാത്രത്തിൽ ആദ്യത്തെ തട്ടുകൾ കയറ്റിയിട്ടേയുള്ളൂ. അത് പാകമാകാൻ കാത്തുനിക്കുന്ന തിനിടയിൽ അവൾ പറഞ്ഞുതു

**അന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ ഞാൻ ഓർത്തു. തമിഴ്നാട്ടിൽ മാമൻ പ്രഖ്യാപിത മുറച്ചെറുക്കനാണ്. ഒരു പെൺകുട്ടിയും അത്ര എളുപ്പം അതിനെ തള്ളിപ്പറയില്ല. കല്ലാനാലും കണവൻ, പുല്ലാനാലും പുരുഷൻ എന്നൊക്കെയാണ് പരമ്പരാഗത സങ്കൽപം. ഇവിടെ ഒരു പെൺകുട്ടി അതിനെയൊക്കെ ചോദ്യം ചെയ്യുന്നു. അവളുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ പ്രതീകമാണ് റോഡരുകിലെ സ്ററൗവിനുമുകളെ തിളങ്ങുന്ന ഇഡ്ഡലിപാത്രം.**




ടങ്ങി. അമ്മയുമായി പിണങ്ങി അവൾ കട തുടങ്ങിയതിന്റെ കാരണം. അവളെ അവളുടെ 'അമ്മ മാമനുവേണ്ടി ഉഴിഞ്ഞുവെച്ചതായിരുന്നു. മാമൻ എന്നാൽ അമ്മയുടെ അനിയൻ. മദ്യപിച്ച് തെരുവുകൾ തോറും അലമ്പുണ്ടാക്കി നടക്കുന്ന മാമനെ അവൾക്കിഷ്ടമല്ല.

കല്യാണച്ചെറുക്കനായ മാമനുവേണ്ടി അവളുടെ 'അമ്മ കട്ടിലും അലമാരയും പാത്രങ്ങളും ഒക്കെ വാങ്ങിവെച്ചിരുന്നു. മാമനെ വേണ്ടെന്ന് മകൾ പറഞ്ഞത് സീതമ്മക്ക് വലിയ ആഘാതമായി. അനിയനോട് ഇനി എന്തുപറയും.

ഉപദേശങ്ങളും ഭീഷണിയും ഒന്നും പഫലിക്കാതെ വന്നപ്പോൾ അവർ മകളെ അടിക്കുകയും ശ്വാസിക്കുകയും ചെയ്തു. അഭിമാനിയായ മകൾ വീടുവിട്ടിറങ്ങി ഒരു ബന്ധുവീട്ടിൽ അഭയം തേടി.

സീതമ്മയാകട്ടെ അവൾ ഇനി എന്തുചെയ്യുമെന്നറിയാൻ കാത്തുനിന്നു. അവൾ കണ്ടെത്തിയ സ്വാശ്രയത്തിന്റെ പാതയാണ് ആ തട്ടുകട.

അന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ ഞാൻ ഓർത്തു. തമിഴ്നാട്ടിൽ മാമൻ പ്രഖ്യാപിത മുറച്ചെറുക്കനാണ്. ഒരു പെൺകുട്ടിയും അത്ര എളുപ്പം അതിനെ തള്ളിപ്പറയില്ല.

കല്ലാനാലും കണവൻ, പുല്ലാനാലും പുരുഷൻ എന്നൊക്കെയാണ് പരമ്പരാഗത സങ്കൽപം. ഇവിടെ ഒരു പെൺകുട്ടി അതിനെയൊക്കെ ചോദ്യം ചെയ്യുന്നു. അവളുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ പ്രതീകമാണ് റോഡരുകിലെ സ്ററൗവിനുമുകളെ തിളങ്ങുന്ന ഇഡ്ഡലിപാത്രം.

പിന്നീടൊരിക്കലും എന്തുകൊണ്ടോ ഞാൻ സീതമ്മയുടെയോ മകളുടെയോ തട്ടുകടകളിൽ പോയിട്ടില്ല.

അവിടെ എത്തുമ്പോൾ ഇരുവശത്തേക്കും നോക്കാതെ വേഗത്തിൽ നടന്നുനീങ്ങും. എന്നാലും സ്വാതന്ത്ര്യത്തിന്റെ പാതയിൽ ആ പെൺകുട്ടി മുന്നേറട്ടെ എന്ന് ആശിച്ചിരുന്നു.

# Muthoot Finance USA Inc.



## You Only NEED A GOLD LOAN To Make Your Dreams A REALITY!



**Just avail a gold loan from Muthoot Finance and experience a host of incredible benefits.**

| Maximum Loan Value | Quick Loan Approval | Easy Documentation |
| --- | --- | --- |
| Get the best loan value for your gold | Fast processing to get you your funds immediately | Hassle-free paperwork for a seamless loan experience |

**Trust the gold loan experts and secure your future today.**

Visit our branches at:


**New York Branch**
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900

**New Jersey Branch**
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200

Live Chat: +91 8078014111

**Muthoot Family - 800 years of Business Legacy**

● നോവൽ/
## ഒന്നാമത്തെ ദിവ്യ രഹസ്യം




◉ ജോസഫ് എബ്രാഹം

**യേശുവിന്റെ പിതാവ് ജോസഫ് എന്ന ദാവീദിന്റെ ഗോത്രത്തിൽ ജനിച്ച തച്ചന്റെ ജീവിതകഥ പറയുന്ന ജോസഫ് അബ്രാഹമിന്റെ ഒന്നാമത്തെ ദിവ്യ രഹസ്യം ആ കാലത്തിലേക്ക് വായനക്കാരെ കൊണ്ടു പോകുകയാണ്. നോവലിൻറെ രണ്ടാം ഭാഗത്തിലെ മൂന്നും നാലും അധ്യായങ്ങൾ .**

*വര:*
**മറിയം ജാസ്മിൻ**

### അധ്യായം -3
# ദാവീദിന്റെ ഗൃഹം



പെയിന്റിംഗ് :
ആന്ദ്രേ റൂബ്ലേവ്

ദൈവീക വരപ്രസാദത്തോടെ എനിക്കും മിരിയാമിനും ഇടയിലേക്കു ജ്ഞാനത്തിലും കൃപയിലും വന്നു കയറിയവനാണ് യേഷുവാ...

അവന്റെ ചുറ്റും പരിശുദ്ധന്റ പ്രാവുകൾ ഉണ്ടായിരുന്നു. അവ ഞങ്ങൾക്കു ചുറ്റും പാറിപ്പറന്നു നടന്നു. അവനെ ഗർഭം ധരിച്ച നാളുകളിൽ മിരിയാം എന്റെ കാതിൽ പറഞ്ഞിട്ടുണ്ട്.

‘‘അവൻ ഒരു ചെറുപ്പക്കാരനായി വളർന്നു കഴിയുമ്പോൾ ഉടുക്കാൻ പാകത്തിൽ അവനൊരു അങ്കിതുന്നാൻ ഞാനിപ്പോഴെ തുടങ്ങി’... എന്നാൽ അത്....ഓ യഹോവേ...‘

വ്യസനത്തെ തുന്നിക്കൂട്ടുകയായിരുന്നു അവൾ.

അവളുടെ വാക്കുകൾ വിങ്ങുന്ന വേദനകളായി ഇപ്പോൾ അവശേഷിക്കുന്നു ചങ്കിലൊരു പിടച്ചിലോടെ.....

ആ അങ്കിക്ക് വേണ്ടി റോമൻ പടയാളികൾ ചീട്ടിട്ടു എന്ന് ഡാനിയൽ പുഛത്തോടെ പറഞ്ഞു.

കേട്ടത് സത്യമാകാതിരുന്നാൽ മതിയായിരുന്നു.

മിരിയാമിന്റെ സ്വപ്നം ചീന്തിക്കീറപ്പെടുന്ന സ്വരം, ഉള്ളിലൊരു വിലാപമായുയർന്നു.

ഓർമ്മകൾ ഓരോന്നായി വരികയായിരുന്നോ അതോ അവിടേയ്ക്കു എൻറെ ആത്മാവ് ഒഴുകി ചെല്ലുകയായിരുന്നോ ഒന്നും പറയാനാകുന്നില്ല.

യേഷുവാ എന്റെ ജീവിതത്തിലേക്ക് കടന്നു വരുന്നതിനുമുമ്പ് ഞാൻ ആരായിരുന്നു?

ദാവീദ് ഗൃഹമെന്ന പൂർവ്വീകപാരമ്പര്യ ശ്രേഷ്ഠതയൊക്കെ പറയാനും കേൾക്കാനും ഭംഗിയുണ്ടെങ്കിലും ഇന്നുവരെ എനിക്കത് വലുതായിട്ടൊന്നും തോന്നിയിട്ടില്ല എന്നതാണ് സത്യം.

കാലം കഴിയുമ്പോൾ ഏത്

പാരമ്പര്യവും പ്രതാപവും അസ്ത മിക്കും. പഴയ ഓർമ്മകൾ ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് കടന്നു വരികയാണ്. ആ വെളിച്ചത്തിൽ ഞാൻ കണ്ടു. പ്രതാപവാനായ ദാവീദ് ജനിച്ചയിടം. ബേത്‌ലഹേമിലെ ധനാഢ്യനായ കർഷകൻ യാക്കൂബിന്റെ വലിയ വീട്ടുമുറ്റം. ധാന്യങ്ങൾ നിറഞ്ഞ കളപ്പുരകളും നാൽക്കാലി സമ്പത്തും തികഞ്ഞ ഒരു വീട്. ആ വലിയ വീട്ടിലെ ആറുമക്കളിൽ മൂന്നാമത്തെ മകനായി പിറന്നിട്ടും ചെറുപ്പം മുതലേ ഞാൻ ദരിദ്രനും അനാഥനുമായിരുന്നു.

ഒരു ഇടയബാലനായി ദാവിദ് രാജാവ് പിറന്നുവീണ വീട്. ദാവീദിന്റെ പിതാവായ ജെസ്സെ പണികഴിപ്പിച്ച വീട്. അതേ വീട്ടിൽ തന്നെയാണ് ഞാനും ജനിച്ചതും. ഞാൻ ജനിച്ച കാലം ആയപ്പോഴേക്കും ദാവീദിന്റെ പഴയ വീട് പഴയൊരു മാളികയുടെ ഇടിഞ്ഞു പൊളിഞ്ഞ അവസ്ഥയായി മാറിയിരുന്നു. ദാവീദിന്റെ വീടെന്നു പറയാനതിൽ പഴയ ചില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും ചുറ്റുമതിലിന്റെ കുറച്ചു ഭാഗങ്ങളും മാത്രമെ അപ്പോൾ അവശേഷിച്ചിരുന്നുള്ളൂ.. ധാരാളം ശുദ്ധവായുവും വെള്ളവും ഉണ്ടായിരുന്ന ആ പുരയിടം അതിന്റെ ജലസമൃദ്ധിയാൽ തന്നെ പരക്കെ അറിയപ്പെട്ടിരുന്നു. പഥികർക്കും ആട്ടിടയന്മാർക്കും മൃഗങ്ങൾക്കും ദാഹം തീർക്കാനുള്ള ജലം ആ പുരയിടം എന്നും നൽകിയിരുന്നു, അതുകൊണ്ട് തന്നെ പരിസരവാസികളും യാത്രക്കാരും ആ വീടിനെയും വീട്ടുകാരെയും ഇഷ്ടപ്പെട്ടിരുന്നു.

അപ്പനും അമ്മയും മക്കളുടെ കാര്യത്തിൽ വലിയ ശ്രദ്ധയൊന്നും നൽകിയിരുന്നില്ല. നല്ലവരെന്നോ മോശപ്പെട്ടവർ എന്നോ വിശേഷിപ്പിക്ക തരത്തിലുള്ള മാതാപിതാക്കൾ ആയിരുന്നില്ലവർ. അവർക്കു ധാരാളം കൃഷിഭൂമികളുണ്ടായിരുന്നു. അതിൽ ധാരാളം ആട്ടിൻപറ്റങ്ങളും നാൽക്കാലികളും മേഞ്ഞു വളർന്നു. അതിനിടയിൽ അതുപോലെത്തന്നെ അവരുടെ മക്കളും വളർന്നു. ആറു സഹോദരങ്ങളിൽ വച്ചു ഏറെ വ്യത്യസ്തനായിരുന്നു ഞാനെന്നു ചാർച്ചക്കാർ പറയുമായിരുന്നു. കാര്യങ്ങൾ മനസിലാക്കാനും പഠിച്ചെടുക്കാനും മറ്റുള്ളവരേക്കാൾ മിടുക്കനും ബുദ്ധിമാനും അറിവുള്ളവനും ആയിരുന്നു ഞാനെന്ന്, അവരിൽ പലരും എൻറെ ചെറുപ്പകാലത്തെ ഓർമിച്ചു പറയുമായിരുന്നു. മറ്റുള്ളവരോട് ശാന്തമായി ഇടപെടാൻ ഞാനെ

**അവളുടെ വാക്കുകൾ വിങ്ങുന്ന വേദനകളായി ഇപ്പോൾ അവശേഷിക്കുന്നു ചങ്കിലൊരു പിടച്ചിലോടെ..... ആ അങ്കിക്ക് വേണ്ടി റോമൻ പടയാളികൾ ചീട്ടിട്ടു എന്ന് ഡാനിയൽ പുച്ഛത്തോടെ പറഞ്ഞു. കേട്ടത് സത്യമാകാതിരുന്നാൽ മതിയായിരുന്നു. മിരിയാമിന്റെ സ്വപ്നം ചീന്തിക്കീറപ്പെടുന്ന സ്വരം, ഉള്ളിലൊരു വിലാപമായുയർന്നു.**

ന്നും പരിശ്രമിച്ചു, ലളിതമായ ജീവിതത്തിനപ്പുറം ഒന്നുംതന്നെ സ്വപ്നം കണ്ടിരുന്നില്ല. പിന്തിരിഞ്ഞു നോക്കുമ്പോൾ എന്തായിരുന്നുവെന്റെ പ്രധാനമായ പോരായ്മ? ജന്മസിദ്ധമായി ലഭിച്ച തരക്കേടില്ലാത്ത ബുദ്ധിയും കഴിവും, ജീവിതത്തിൽ ആർജ്ജിച്ച അറിവുകളും ഒന്നും തന്നെ സ്വന്തം ജീവിത വിജയത്തിനായി ഉപയോഗിച്ചില്ല എന്നുള്ളതാണ്.

ലളിതജീവിത ശൈലിയെ പ്രണയിച്ചതിനാൽ ജീവിതത്തിലൊട്ടും ഉൽക്കർഷേച്ചു ആയിരുന്നില്ല. സമ്പത്തോ പ്രശസ്തിയോ നേടണമെന്ന ആഗ്രഹമൊട്ടുമില്ലായിരുന്നു. ഇതൊന്നും പ്രായോഗികമായ ഒരു നല്ല മാതൃകയല്ല. ലളിതമായ ജീവിതം ആഗ്രഹിച്ചാലും അതോടൊപ്പം ജീവിതത്തിൽ ഉന്നത വിജയംകൂടി സ്വപ്നം കാണേണ്ടത് ആവശ്യമാണെന്നിപ്പോൾ ഞാൻ തിരിച്ചറിയുന്നു. വിജയം വരിച്ചതിനു ശേഷമുള്ള ലളിത ജീവിതമാണ് യഥാർത്ഥമായ ലളിത ജീവിതവും മറ്റുള്ളവർക്കുള്ള മാതൃകയും. അതാണ് വേണ്ടിയിരുന്നത്. ഉന്നതസ്വപ്നങ്ങൾ ഇല്ലാതുള്ള ലളിതജീവിതമെന്നത് അദ്ധ്വാനിക്കാൻ തയ്യാറല്ലാത്ത മടിയന്റെ ഒഴിവുകഴിവാണ്.

ഞാൻ എൻറെ മക്കൾക്ക് ഒരു മാതൃകാ പിതാവല്ല. എൻറെ മക്കൾ ഇന്നു ദരിദ്രരായി ജീവിക്കുന്നുവെങ്കിൽ അവർ എൻറെ സ്വപ്ന ശൂന്യമായ ജീവിതം പിന്തുടർന്നത് കൊണ്ടാണെന്ന കുറ്റബോധം എന്നെയിപ്പോൾ അലട്ടുന്നു. അതങ്ങിനെയാണ്. പലപ്പോഴും തിരിച്ചറിവ് നേടുമ്പോഴേക്കും ജീവിതം നമ്മളെ കടന്നുപോയിട്ടുണ്ടാവും.

എനിക്കറിയാത്ത കാരണങ്ങളാൽ സഹോദരങ്ങളെന്നെ വെറുത്തിരുന്നു. ആരെയും ഞാൻ ദ്രോഹിച്ചിട്ടില്ല എങ്കിലും കിട്ടുന്ന അവസരത്തിലൊക്കെ അവരെന്നെ ദേഹോപദ്രവം എല്പിക്കുമായിരുന്നു. പതിയിരുന്നുകൊണ്ട് അവരെന്നെ തള്ളിവീഴ്ത്തുമായിരുന്നു. എനിക്കെതിരെയായി എല്ലാ അവസരങ്ങളും തന്ത്രങ്ങളും ഉപയോഗിക്കുന്നതിൽ അവർ വിജയിച്ചിരുന്നു, അതിലവർ ആനന്ദിച്ചിരുന്നു.

വിശാലമായ ഞങ്ങളുടെ പുരയിടത്തിൽ ഓരോ സഹോദരന്മാർക്കും പ്രത്യേകമായി തോട്ടങ്ങൾ ഉണ്ടായിരുന്നു. സമ്പന്നനായ ഞങ്ങളുടെ പിതാവ് യാക്കൂബ് തൻറെ മക്കൾ സമ്പത്തിൽ അഭിരമിച്ചു സുഖലോലുപരായി മാറാതിരിക്കാൻ മക്കൾക്ക് നൽകിയിരുന്ന നിർദ്ദേശമായിരുന്നു എല്ലാവരും ചെറിയ തോട്ടങ്ങൾ നടുപിടിപ്പിക്കണമെന്നത്. ഓരോരുത്തർക്കും ഇഷ്ടമുള്ളവ ചെയ്യാമായിരുന്നു. കൃഷിയിലും മൃഗപരിപാലനത്തിലൂടെയും ജീവിക്കുന്ന ഗോത്രമാണ്

ദാവീദിൻറെ ഗോത്രം.

ഒരാളുടെ സമ്പന്നതയുടെ അളവുകോൽ അയാളുടെ കൃഷിയിടങ്ങളും നാൽക്കാലികളുടെ എണ്ണവും ആകുമ്പോൾ മക്കൾ മണ്ണിലും കൃഷിഭൂമിയിലും ചവിട്ടിനടന്നു ജീവിതം പഠിക്കണമെന്ന ഒരു പിതാവിൻറെ പ്രായോഗിക ബുദ്ധികൂടിയായിരുന്നു അതൊക്കെ.

മരുഭൂമിയിൽ തേനും പാലും ഒഴുക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തിൽ ജോലിചെയ്യുന്ന ജൂതന്റെ ചിന്തകൾ നൂറ്റാണ്ടുകൾ മുൻപേതന്നെ മണ്ണുമായും കൃഷിയുമായും ബന്ധപ്പെട്ടിരുന്നു. എന്തൊക്കെ നേടിയാലും 'എത്രയൊക്കെ വളർന്നാലും മനുഷ്യന്റെ ആമാശയത്തിലേക്ക് പോകുവാൻ മണ്ണിൽ വിളയുന്ന വിഭവങ്ങൾ കൂടിയേ തീരൂ'. അപ്പൻ ആവർത്തിച്ചു ഉരുവിടുന്ന ഒരാപ്തവാക്യം. മണ്ണിൽ മനുഷ്യനെ ഉറപ്പിച്ചു നിർത്താൻ ഒന്നിനു മാത്രമേ കഴിയൂ അതു കൃഷിയാണ്, കർഷകൻ ഇല്ലാതായാൽ ഭൂമുഖത്തു നിന്നു മനുഷ്യവംശം തന്നെ ഇല്ലാതാകും. വിശപ്പിൻറെ മുൻപിൽ മറ്റൊന്നും പ്രസക്തമല്ല. ഈജിപ്റ്റിൻറെ അടിമത്തത്തിൽ നിന്നും, ബാബിലോണിയൻ പ്രവാസത്തിൽ നിന്നുമൊക്കെ പിറന്നമണ്ണിൽ തിരികെ എത്തിയ ജൂതൻ ആദ്യം ഉറപ്പാക്കിയത് പുല്ലുകിളിർക്കാത്ത മരുഭൂമിയിൽ തൻറെ ജനതയുടെ വിശപ്പകറ്റാൻ വേണ്ട വക വിളയിക്കുക എന്നതായിരുന്നു. അതിലവരെന്നും വിജയിച്ചു.

ഞങ്ങൾ സഹോദരർ അവരവരുടെ ചെറിയ തോട്ടങ്ങളിൽ ഔഷധ സസ്യങ്ങളും, ഫലവൃക്ഷങ്ങളും പൂച്ചെടികളും നട്ടുപിടിപ്പിച്ചു. എൻറെ തോട്ടത്തിൽ ചെടികൾ നട്ടു പിടിപ്പിക്കുക കൂടാതെ തോട്ടത്തിനു നടുവിൽ ഇരിപ്പിടങ്ങൾ പണിയുകയും ഒരു വിശ്രമകേന്ദ്രമായി അതിനെ മാറ്റുകയും ചെയ്തു. ചില സായാഹ്നങ്ങളിൽ പിതാവ് ഞാൻ പരിപാലിക്കുന്ന ഉദ്യാനത്തി



ന്റെ നടുവിലുള്ള ഇരിപ്പിടത്തിൽ കാറ്റ് കൊള്ളാൻ വന്നിരിക്കാറുണ്ടായിരുന്നു. അദ്ദേഹം ചെടികളെ തൊട്ടുനോക്കുകയും ഇലകളെ തഴുകുകയും ചെയ്യുന്നത് കാണുമ്പോൾ വളരെ സന്തോഷം തോന്നിയിരുന്നു. പിതാവ് ഒരിക്കലും എന്നെ വിളിച്ചൊരു നല്ലവാക്കു പോലും പറഞ്ഞില്ലെങ്കിലും ഞാൻ നട്ടുപിടിപ്പിച്ചതിലും, എൻറെ കരവേലകളിലും അദ്ദേഹം സംതൃപ്തനാണെന്നു കണ്ടത് എന്നെ ഏറെ സന്തോഷിപ്പിച്ചിരുന്നു. എന്നാൽ സഹോദരന്മാർക്ക് ഇതൊട്ടും ഇഷ്ടമായില്ല. അവർ ഇടയ്ക്കിടെ രഹസ്യമായി എൻറെ തോട്ടത്തിൽ വരികയും ചെടികൾ പിഴുത് മാറ്റിയും, അലങ്കാരപണികൾ തട്ടിമറിച്ചും എന്നെ ദ്രോഹിച്ചു. ദേഹോപദ്രവവും ഏൽപ്പിച്ചു.

ഇപ്പോഴത്തെപ്പോലായിരുന്നില്ല ഞാൻചെറുപ്പത്തിൽ. അതിഭക്തനായിരുന്നു. ഒരുപക്ഷെ അന്നത്തെ അരക്ഷിതാവസ്ഥയും ഏകാന്തതയും എന്നെ കൂടുതലായി ദൈവചിന്തയിലേക്ക് അടുപ്പിച്ചു. സമപ്രായക്കാരായ മറ്റു കുട്ടികളെപ്പോലെ കളികളിലൊന്നും വലിയ താല്പര്യമില്ലായിരുന്നു. സമയം കിട്ടുമ്പോളെല്ലാം വീട്ടുപറമ്പിലെ ഏതെങ്കിലും ഒഴിഞ്ഞ കോണിൽ മുട്ടിന്മേൽ കരം വിടർത്തി ദീർഘനേരം പ്രാർത്ഥിക്കുമായിരുന്നു. അങ്ങിനെ പ്രാർത്ഥിക്കുന്നതിൽ സന്തോഷിച്ചിരുന്നു. ഇപ്പോളീ വാർധക്യത്തിൽ അന്നത്തെപ്പോലെ തീക്ഷ്ണമായ പ്രാർത്ഥനകളൊന്നുമില്ലായെന്നു പറയേണ്ടിവരും. ജീവിതം തന്നെ പ്രാർത്ഥനയും ബലിയുമായി മാറുമ്പോൾ അധരംകൊണ്ടുള്ള പ്രാർഥനയുടെ ആവശ്യമില്ലാതാകുന്നു. ദൈവത്തിൻറെ ഹിതം മാത്രമേ ജീവിതത്തിൽ നടക്കൂ എന്ന ബോധ്യം വരുമ്പോൾ നമ്മുടെ ഹിതങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടക്കാനുള്ള പ്രാർത്ഥനകൾക്കു പിന്നെന്തു പ്രസക്തി?.

വീട്ടിൽ മാത്രമല്ല, എന്നും എവിടെയും ഒറ്റപ്പെടലുകളുടെ ഇരയായിരുന്നു ഞാനെന്നും.

ഒരു പക്ഷെ, എന്റെ അന്തർമുഖത്വമായിരിക്കാം അതിനു കാരണം. ഞാൻ പറഞ്ഞുവന്നത് ബാല്യത്തിലെ കാര്യമാണല്ലോ.

ഒരിക്കൽ ബാലനായ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സഹോദരൻ പുറകിലൂടെ വന്ന് എന്റെ പുറത്തടിച്ചു. പ്രതികരിക്കാനോ പ്രതികാരം ചെയ്യാനോ തുനിയാതെ, വീണ്ടും പ്രാർത്ഥന തുടർന്നപ്പോൾ അവൻ വീണ്ടും ആക്രമിച്ചു. മൂത്ത സഹോദരൻ ഇപ്രാവശ്യം പിന്നിൽ നിന്നും

**ദാവീദ് ഗൃഹമെന്ന പൂർവ്വീകപാരമ്പര്യ ശ്രേഷ്ഠതയൊക്കെ പറയാനും കേൾക്കാനും ഭംഗിയുണ്ടെങ്കിലും ഇന്നുവരെ എനിക്കത് വലുതായിട്ടൊന്നും തോന്നിയിട്ടില്ല എന്നതാണ് സത്യം. കാലം കഴിയുമ്പോൾ ഏത് പാരമ്പര്യവും പ്രതാപവും അസ്തമിക്കും. പഴയ ഓർമ്മകൾ ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് കടന്നു വരികയാണ്. ആ വെളിച്ചത്തിൽ ഞാൻ കണ്ടു. പ്രതാപവാനായ ദാവീദ് ജനിച്ചയിടം.**



**ജീവിതം തന്നെ പ്രാർത്ഥനയും ബലിയുമായി മാറുമ്പോൾ അധരം കൊണ്ടുള്ള പ്രാർഥനയുടെ ആവശ്യമില്ലാതാകുന്നു. ദൈവത്തിൻറെ ഹിതം മാത്രമേ ജീവിതത്തിൽ നടക്കൂ എന്ന ബോധ്യം വരുമ്പോൾ നമ്മുടെ ഹിതങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടക്കാനുള്ള പ്രാർത്ഥനകൾക്കു പിന്നെന്തു പ്രസക്തി?. വീട്ടിൽ മാത്രമല്ല, എന്നും എവിടെയും ഒറ്റപ്പെടലുകളുടെ ഇരയായിരുന്നു ഞാനെന്നും.**

ശക്തമായി ചവിട്ടി. കല്ലുകൾ വിരിച്ച തറയിൽ മൂക്കുംകുത്തി ഞാൻ വീണുപോയി. എഴുന്നേറ്റു നിൽക്കാനുള്ള ആവതു തോന്നിയില്ല. ആ കിടപ്പ് കുറച്ചുനേരമവിടെ കിടന്നു. സഹോദരന്മാർ ഭയപ്പെട്ട് അവിടെ നിന്നും ഓടിപ്പോയി. കുറച്ചു കഴിഞ്ഞപ്പോൾ ഞാനെഴുന്നേറ്റു, എന്നാൽ വീണ്ടും പ്രാർത്ഥിക്കുവാനാണെനിക്കു തോന്നിയത്. അവിടെ നിന്നും എഴുന്നേറ്റു അവരുടെ നോട്ടം എത്താത്ത ഒരു മറവിൽ പോയി പ്രാർത്ഥന തുടർന്നു....

ഏകാന്തതയിൽ, പ്രാർഥനയിൽ മുഴുകിയുള്ള എന്റെ ജീവിതം മാതാപിതാക്കളെ എപ്പോഴും അസ്വസ്ഥരാക്കി. അവരുടെ നോട്ടത്തിൽ ഒരു അലസ ജീവിതമായിരുന്നു എന്റേത്. ഏതെങ്കിലും തൊഴിൽ പഠിക്കാൻ എന്നെയവർ നിർബന്ധിച്ചു. എന്തോ എനിക്ക് അതിലൊന്നും ഒട്ടും താല്പര്യം തോന്നിയില്ല. ജീവിതത്തിൽ ഉയരണമെന്ന മോഹം ഒട്ടുമില്ലായിരുന്നുവെന്നതാകാം അതിനൊക്കെ കാരണം. പ്രാർത്ഥനയിൽ മുഴുകിയ ഒരു വൈരാഗ്യ ജീവിതം, അതായിരുന്നു മനസു നിറയെ. അതിനിടയിൽ ചില കരകൗശല വിദ്യകൾ സ്വായത്തമാക്കി. ഇടവേളകളിൽ ചില ശില്പവേലകൾ ചെയ്തു, ബാക്കി സമയം പ്രാർത്ഥനയിൽ മുഴുകി. അങ്ങിനെ ഓളപ്പരപ്പിലെ പൊങ്ങുതടിപോലെ മുന്നോട്ടു പോയി ജീവിതം.

എനിക്കപ്പോൾ പന്ത്രണ്ടു വയസായിരുന്നു പ്രായം.

വീട്ടിലിരുന്നാൽ സഹോദരന്മാരുടെ നിരന്തരമായ ഉപദ്രവം ഉണ്ടാകും. അതുകൊണ്ട് പകൽസമയം മുഴുവൻ ബേത്ലഹേമിൻറെ മറുവശത്തുള്ള കുന്നിൽ ചരിവിലാണ് ചിലവഴിച്ചിരുന്നത്. അവിടെ പാറകൾക്കിടയിൽ ധാരാളമായി പ്രകൃതി നിർമ്മിതമായ ഗുഹകൾ ഉണ്ടായിരുന്നു. അതിനടുത്ത് താമസിച്ചിരുന്നത് പാവപ്പെട്ടവരായിരുന്നു. അവരുമായി നല്ല സൗഹൃദത്തിലായി. അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചു. അവരുടെ ചെറിയ തോട്ടങ്ങൾ പരിചരിക്കാൻ സഹായിച്ചു. അവിടെ ഭക്തസ്ത്രീകളുടെ ഒരു സമൂഹം ഉണ്ടായിരുന്നു. അവർ മലകളിലെ ഗുഹകളിലായിരുന്നു താമസിച്ചിരുന്നത്, അവരോടൊപ്പം പ്രാർത്ഥിച്ചു, ചിലപ്പോൾ ഗുഹകളിൽ പോയിരുന്നു തനിയെ ധ്യാനത്തിൽ മുഴുകി.

അവിടെയടുത്തായി വൃദ്ധനായ ഒരു മരപ്പണിക്കാരനുണ്ടായിരുന്നു. അയാളോടൊപ്പം ധാരാളം സമയം ചെലവഴിച്ചു. ചെറിയ ചെറിയ വസ്തുക്കൾ ഉണ്ടാക്കിയും അയാളെ പണികളിൽ സഹായിച്ചും കുറേശ്ശെ മരപ്പണി പഠിച്ചെടുത്തു. അയാളായിരുന്നു മരപ്പണിയിൽ എൻറെ ആദ്യത്തെ ആശാൻ.

പതിനെട്ടു വയസായപ്പോഴേക്കും വീട്ടിലെ സഹോദരന്മാരുടെ ഉപദ്രവമൊട്ടും സഹിക്കവയ്യാതായി. അവരോടൊപ്പം തുടർന്നു ജീവിക്കുക എന്ന കാര്യം ചിന്തിക്കാൻ കഴിയാതായി. അപ്പോഴേക്കും മരപ്പണി ഒരുവിധം വശമായി കഴിഞ്ഞിരുന്നു.

ഒരു ദിവസം സഹോദരന്മാർ അകാരണമായി എന്നെ അടിച്ചു. അവരുടെ അടികൊണ്ടു പൊട്ടിയ ചുണ്ടിൽ നിന്നൊഴുകിയ ചോര കണ്ട് അമ്മ കണ്ണീരോടെ പറഞ്ഞു

“എൻറെ മകനെ, നീ ഇവിടെ

നിന്നും എവിടെയെങ്കിലും പോയി ജീവിക്കാൻ നോക്ക്. നീ ജീവിച്ചിരിപ്പുണ്ടെന്ന് അറിഞ്ഞാൽ മാത്രം മതി ഈ അമ്മയ്ക്ക്.''

അമ്മയുടെ കണ്ണുനീരിനെക്കാൾ ആ കണ്ണിലെ നിസഹായതയാണ് എന്നെ ഏറെ വേദനിപ്പിച്ചത്. അമ്മ എല്ലാം അറിയുന്നുണ്ടായിരുന്നു. എന്നാൽ എൻറെ സഹോദരന്മാരെ നിലയ്ക്ക് നിർത്താനുള്ള കഴിവ് അമ്മയ്ക്ക് ഉണ്ടായിരുന്നുമില്ല. പിതാവിനാകട്ടെ അക്കാര്യങ്ങളിൽ വലിയ ശ്രദ്ധയൊന്നുമില്ല. അല്ലെങ്കിൽതന്നെ ഞാൻ നേരിടുന്ന ഉപദ്രവങ്ങളെക്കുറിച്ച് അദ്ദേഹത്തിനറിവില്ലായിരുന്നു. ഒരുപക്ഷെ, ഞാൻ ചോരയൊലിപ്പിച്ചു നിൽക്കുന്നതുകണ്ട വേദനകൊണ്ടാകണം എന്നോട് വീടുവിട്ടു പോകാനായി അമ്മ പറഞ്ഞത്. ഞാൻ വീടുവിട്ടു പോകുന്നത് അമ്മയ്ക്ക് ഇഷ്ടമില്ലായിരുന്നെങ്കിലും എന്നോടുള്ള സ്നേഹംമൂലം അമ്മ അതാഗ്രഹിച്ചുവെന്നത് സത്യമായിരുന്നു.

എന്തായാലും നാടുവിട്ടു പോകാൻ ഞാൻ തീരുമാനമെടുത്തു.

അയൽവാസിയായ ഒരു സുഹൃത്തുണ്ടായിരുന്നെനിക്ക്. പാവപ്പെട്ടവനെങ്കിലും കരുണയുള്ളവൻ. അവനോടു മാത്രം നാടുവിട്ടു പോകാനുള്ള കാര്യം പറഞ്ഞു. എവിടെയെങ്കിലും പോയി മരപ്പണി ചെയ്തു ജീവിക്കണം അതായിരുന്നു യാത്രയുടെ ലക്ഷ്യം.

എനിക്ക് കാര്യമായ ഒരു നല്ല വസ്ത്രം പോലുമില്ലായിരുന്നു. സുഹൃത്ത് നൽകിയ വസ്ത്രവും ധരിച്ചു ഒരു രാത്രി വീടുവിട്ടിറങ്ങി. അതായിരുന്നു യാത്രകളുടെ തുടക്കം. പിന്നീടങ്ങോട്ടു യാത്രകൾ തന്നെയായിരുന്നു കുറെ കാലത്തേക്ക്. പ്രത്യേക ലക്ഷ്യമൊന്നും കാണാതുള്ള ആ യാത്ര അവസാനം എത്തിച്ചേർന്നത് ലെബനോണിലായിരുന്നു.

അവിടെയൊരു മരപ്പണിക്കാരനെ കണ്ടുമുട്ടി. അയാളുടെ പക്കൽ നിന്നുമാണ് മരപ്പണിയിൽ വേണ്ടത്ര നിപുണത നേടിയത്. എല്ലാത്തരത്തിലുള്ള പണികളും പഠിച്ചു. അളവുകളും തോതുകളും വച്ചുള്ള ഗൃഹനിർമ്മാണത്തിൽ വേണ്ടത്ര അറിവുകൾ നേടി. അയാളെ വീട്ടുജോലികളിൽ സഹായിച്ച് അയാളുടെ കൂടെത്തന്നെ താമസമാക്കി. പാവപ്പെട്ട ആളുകളുടെയും ചെരുപ്പുകുത്തികളുടെയും ഒരു ചേരിപ്രദേശമായിരുന്നത്.

വീട്ടിൽ ആരോടും പറയാതെയുള്ള ഒളിച്ചോട്ടമായതിനാൽ വീട്ടുകാർ കരുതിയത് എന്നെ ഏതോ കവർച്ചക്കാർ തട്ടിക്കൊണ്ടു പോ



യി വകവരുത്തിയെന്നായിരുന്നു. ഒരിക്കൽ എൻറെ ചില സഹോദരർ കച്ചവട ആവശ്യാർത്ഥം ഞാൻ താമസിച്ചിരുന്ന പട്ടണത്തിൽ വരികയും അവിടെവച്ച് യാദൃശ്ചികമായി എന്നെ കണ്ടുമുട്ടുകയും ചെയ്തു. എന്നെ ജീവനോടെ കണ്ടുമുട്ടിയതിൽ അവർക്ക് യാതൊരു സന്തോഷവും ഉണ്ടായില്ലന്നു മാത്രമല്ല പാവപ്പെട്ടവരുടെ ചേരിയിൽ താമസമാക്കി ആശാരിപ്പണിചെയ്തിരുന്ന ചെയ്തുപോന്നിരുന്ന എൻറെ ജീവിതരീതി അവർക്ക് കുറച്ചിലായി തോന്നി.

''ഇതിലും ഭേദം നീ മരിച്ചു പോകുന്നതായിരുന്നു ഞങ്ങൾക്ക് സന്തോഷമെന്ന്''

തുറന്നു പറയാൻ അവർ മടികാണിച്ചതുമില്ല. എന്തായാലും എൻറെ സഹോദരരുടെ മനസ്സിലുള്ളതവർ മറയില്ലാതെ പറഞ്ഞതുകൊണ്ട്, വീട് വിട്ടു ദൂരെ പോയി താമസിക്കുന്നതിലും, സഹോദരങ്ങളെ കാണാത്തതിലുമുള്ള മനസ്സിൻറെ സങ്കടമെല്ലാം അതോടെ മാറിക്കിട്ടി.

എനിക്കു ഞാൻ മാത്രമേയുള്ളൂവെന്ന ചിന്ത, സ്വന്തബന്ധങ്ങളുടെ കെട്ടുപാടിൽ നിന്നും വിടുതൽ കിട്ടിയ ഒരു യോഗിയുടെ ഒഴിഞ്ഞ മനസ്സുപോലെ എൻറെ മനസ്സിനെ നിസംഗവും ഭാരരഹിതവുമാക്കിത്തീർത്തു. കെട്ടുപാടുകളിൽ ബന്ധിതമല്ലാത്ത യവ്വനം നൽകുന്ന സ്വാതന്ത്ര്യം ഞാനാസ്വദിച്ചത്, തോന്നുമ്പോൾ എങ്ങോട്ടു വേണമെങ്കിലും പോകാനുള്ള സ്വാതന്ത്ര്യമായിട്ടാണ്. കാത്തിരിക്കാനോ തിരികെ വിളിക്കാനോ ആരുമില്ലെങ്കിൽ ഒരു മനക്ലേശവുമില്ലാതെ എങ്ങോട്ട് വേണമെങ്കിലും സഞ്ചരിക്കാനാവും.

ആകാശംമുട്ടെ വളർന്നു നിൽക്കുന്ന വൻ ദേവദാരുക്കളുടെ നാടായ ലെബനോണിൽ നിന്നും ഗലീലിയുടെ സമീപസ്ഥലമായ 'മെഗിദോ'യിലേക്കുള്ള യാത്രതുടങ്ങി..... അവിടെ പുതിയൊരു തൊഴിൽ ദാതാവിനെ കണ്ടെത്തി. അദ്ദേഹം മരപ്പണിയിൽ വളരെ പേരുകേട്ട ആളും തൊഴിലിലൂടെ നന്നായി സമ്പാദിക്കുകയും ചെയ്തിരുന്ന ഒരാളായിരുന്നു. അവിടെയും അധികകാലം നില്ക്കാൻ തോന്നിയില്ല. പ്രശാന്തമായ മറ്റൊരു സ്ഥലത്തെക്കു പോകണമെന്ന് മനസ് സദാ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

എനിക്കപ്പോൾ മുപ്പത്തിമൂന്ന് വയസായി. ഇതിനകം എൻറെ മാതാപിതാക്കൾ മരിച്ചിരുന്നു. അതൊന്നും ഞാൻ അറിഞ്ഞിരുന്നില്ല.

കുടുംബ സ്വത്തുക്കൾ ഭാഗം ചെയ്യാനായി എൻറെ സഹോദരർ എന്നെ തേടിപ്പിടിച്ചു വന്നു. അപ്പോഴാണ് അപ്പനും അമ്മയും മരണപ്പെട്ട വിവരം ഞാൻ അറിയുന്നത്. അങ്ങിനെ അവർക്കൊപ്പം പിതൃഭവനമായ ബേത്‌ലഹേമിലേക്ക് വർഷങ്ങൾക്കു ശേഷം വീണ്ടും കടന്നു ചെന്നു.

മോശയുടെയും ലേവിയുടെയും നിയമപ്രകാരം ആദ്യജാതനു സ്വത്തിൽ രണ്ടോഹരിയും ബാക്കിയുള്ളവർക്ക് ഓരോ ഓഹരിയും ലഭിച്ചു. പിതൃഗൃഹം ഓഹരിയായി പങ്കുവച്ചില്ല.

''നിലം ജന്മം വില്ക്കരുത്; ദേശം എനിക്കുള്ളതാകുന്നു; നിങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നുപാർക്കുന്നവരും അത്രേ. നിങ്ങളുടെ അവകാശമായ ദേശത്തൊക്കെയും നിലത്തിനു വീണ്ടെടുപ്പു സമ്മതിക്കേണം. നിന്റെ സഹോദരൻ ദരിദ്രനായിത്തീർന്നു തന്റെ അവകാശത്തിൽ ഏതാനും വിറ്റാൽ അവന്റെ അടുത്ത ചാർച്ചക്കാരൻ വന്നു സഹോദരൻ വിറ്റതു വീണ്ടുകൊള്ളേണം. എന്നാൽ വീണ്ടുകൊള്ളുവാൻ അവനാരും ഇല്ലാതിരിക്കയും താൻതന്നെ വകയുള്ളവനായി വീണ്ടുകൊള്ളുവാൻ പ്രാപ്തനാകയും ചെയ്താൽ അവൻ അതു വിറ്റശേഷമുള്ള സംവത്സരം കണക്കുകൂട്ടി മിച്ചമുള്ളത് അതു വാങ്ങിയിരുന്ന ആൾക്കു മടക്കിക്കൊടുത്തു തന്റെ അവകാശത്തിലേക്കു മടങ്ങിവരേണം.''

എന്നുള്ള നിയമത്തിലെ ശാസനപ്രകാരം പിതൃഗൃഹം ദാവീദിന്റെ ഗോത്രത്തിനു വെളിയിലുള്ള ഒരാൾക്കും കൈമാറാൻ പാടില്ലാ എന്നതിനാലും, *ജൂബിലി വർഷത്തിൽ അവകാശികൾക്കോ അവരുടെ പിന്തുറക്കാർക്കോ കൈമാറ്റം ചെയ്യപ്പെട്ട വസ്തു തിരികെ വാങ്ങാൻ അവകാശമുണ്ടെന്ന നിയമമിരിക്കയാലും, ഗോത്രത്തിൽ പിറന്ന ഒരാളെ കണ്ടുപിടിച്ചു കൈമാറ്റം നടത്തി. എൻറെ ഓഹരിയുടെ നടത്തിപ്പ് ഏറ്റവും ഇളയ സഹോദരനെ ഏൽപ്പിച്ചു അവിടെ നിന്നും തിരികെ പോന്നു.

കുറച്ചുദിവസം ബേത്‌ലഹേമിൽ തങ്ങി പഴയ ചങ്ങാതിമാരെയും ചാർച്ചക്കാരെയും കണ്ടുമുട്ടുകയും അവർക്കൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു. തിരികെ മെഗിദോയിലെത്തിയ ഉടൻതന്നെ അവിടെനിന്നും പുറപ്പെടാനുള്ള തയ്യാറെടുപ്പ് തുടങ്ങി. യാത്രയ്ക്കു വേണ്ടി ഒരു കഴുതയെ വാങ്ങി. എല്ലാവരോടും യാത്ര പറഞ്ഞു ഗലീലാക്കടലിൻറെ

**എന്നെ ജീവനോടെ കണ്ടുമുട്ടിയതിൽ അവർക്ക് യാതൊരു സന്തോഷവും ഉണ്ടായില്ലന്നു മാത്രമല്ല പാവപ്പെട്ടവരുടെ ചേരിയിൽ താമസമാക്കി ആശാരിപ്പണിചെയ്തിരുന്ന ചെയ്തുപോന്നിരുന്ന എൻറെ ജീവിതരീതി അവർക്ക് കുറച്ചിലായി തോന്നി. "ഇതിലും ഭേദം നീ മരിച്ചുപോകുന്നതായിരുന്നു ഞങ്ങൾക്ക് സന്തോഷമെന്ന്"**

സമീപത്തുള്ള തിബരിയാസ് എന്ന പട്ടണത്തിലേക്ക് യാത്രതിരിച്ചു. ഗലീലക്കടലിലെ കാറ്റിന് യഹോവയുടെ കൈവിരൽ തലോടലും ആശ്വാസവും ഉണ്ട്. യഹോവയ്ക്ക് നന്ദി പറഞ്ഞു കൊണ്ടാണ് ഞാൻ തിബിരിയാസിലേക്ക് പ്രവേശിച്ചത് തന്നെ. അവൻ തുണയില്ലായിരുന്നെങ്കിൽ ഞാൻ എന്നേ അകപ്പെട്ടു പോകുമായിരുന്നു.

ദാവീദിന്റെ പ്രാർത്ഥന ഞാൻ കൂടക്കൂടെ ഓർക്കും.

'കൂരിരുൾ താഴ് വരയിൽ കൂടി നടന്നാലും ഞാനൊരു അനർത്ഥവും ഭയപ്പെടില്ല. നീ എന്നോട് കൂടെ ഇരിക്കുന്നുവല്ലോ?'

അവിടെ സിനഗോഗിൽ സാഷ്ടാംഗം വീണു കിടന്നു പ്രാർത്ഥിച്ചു ഏറെ നേരം.

തിബിരിയാസിലേക്കു യാത്ര തിരിക്കും മുമ്പേ ഞാൻ വാങ്ങിയ പെൺകഴുതയായിരുന്നു എനിക്കാകെയുണ്ടായിരുന്ന ഒരു കൂട്ട്. അവൾക്ക് ഞാനിട്ട പേര് 'ആമിനി' എന്നായിരുന്നു. വിശ്വസ്ത എന്നാണ് ആ പേരിൻറെ അർത്ഥം. പേരുപോലെ തന്നെയായിരുന്നു അവൾ, എന്റെയടുത്ത് അവൾ എപ്പോഴുമുണ്ടാകും. വിട്ടുമാറുകയേയില്ല. ഒരുപക്ഷെ ഞാനൊരു ആൺകഴുതയെ വാങ്ങിയിരുന്നെങ്കിൽ എന്റെ ദരിദ്ര ജീവിതം കണ്ട് അതെന്നേ ഓടിപ്പോകുമായിരുന്നു. തിബിരിയാസിലെ പ്രകൃതിദത്തമായ ഇളംചൂട് നീരുറവകളിൽ ആമിനിയുമായി ഞാൻ കളിച്ചുല്ലസിച്ചു. അവൾക്ക് ആ ചൂടുറവ ഇഷ്ടമാണ്. എത്ര വിളിച്ചാലും അവൾ അതിൽ നിന്നും കയറി വരില്ല. അപ്പോൾ ഞാൻ വിചാരിക്കും. അതിന്റെ ഇഷ്ടം പോലെ കുളിച്ചോട്ടെ, അതിൽ കളിച്ചോട്ടെ യെന്നൊക്കെ.

യഹോവ വിജാതിയരെന്നു പറഞ്ഞു മാറ്റിനിർത്തിയ പുറജാതിക്കാരുടെ പട്ടണമാണ് തിബരിയാസെങ്കിലും എനിക്കവിടം ഇഷ്ടമായിരുന്നു. അവിടത്തെ പുരാതന പാരമ്പര്യവസ്തു നിർമ്മിതികൾ എത്രകണ്ടാലും മതിവരില്ല. അത്യപൂർവ്വമായ ശില്പ നിർമ്മിതികളുടെ വ്യത്യസ്തതകളിൽ ഞാൻ കണ്ണഞ്ചിനിന്നു. എന്നിലെ ശില്പി ഉണരുകയായിരുന്നു അപ്പാൾമുതൽ. എവിടെ താമസിക്കുമെന്ന വേവലാധിയൊന്നും ഉണ്ടായില്ല ഇന്നു വരെ വഴി നടത്തിയ യഹോവ , തന്നെ ഇനിയും വഴി നടത്തുമെന്ന പ്രത്യാശയിൽ ഞാൻ അമീനിയുമായി മുന്നോട്ടു നീങ്ങി.....

* യഹൂദ പാരമ്പര്യംമനുസരിച്ച് ഏഴ് സാബത്തു വർഷങ്ങൾ അതായതു നാല്പത്തി ഒമ്പത് വർഷങ്ങൾ കഴിഞ്ഞുള്ള അമ്പതാം വർഷം ജൂബിലി വർഷം അഥവാ വിമോചന വർഷമാണ്. അടിമകൾക്ക് മോചനം, കടബാധ്യത മോചനം അങ്ങിനെയുള്ള പലതും ജുബിലി വർഷത്തിൽ നടപ്പിലാകും

അധ്യായം -4

# സന്യാസവും കുടുംബവും

തിബരിയാസിലെ വഴിയമ്പലങ്ങളിൽ താമസിച്ചായിരുന്നു ജോലി അന്വേഷിച്ചത്. അപ്പോഴേയ്ക്കും കയ്യിലുള്ള ദനാറകളൊക്കെയും തീർന്നുകൊണ്ടിരുന്നു. ഇനി മുന്നോട്ടു പോകണമെങ്കിൽ ഒരു ജോലി കിട്ടിയേ തീരൂ.

ചൂടുനീരുറവയിലെ കുളിക്കടവിൽവെച്ചാണ് അയാളെ കണ്ടുമുട്ടിയത്, അന്നാട്ടിലും പേരുകേട്ട മരപ്പണിക്കാരനായ ശൗലിനെ. തിബരിയസിൽ നിന്നും അവിടെ നിന്നും കുറച്ചുദൂരെ മാറി സമരിയായുടെ അതിർത്തിയിലുള്ള ജസ്രീൽ പട്ടണത്തിനു സമീപമാണ് അയാളുടെ വീടും പണിശാലയും. കുറച്ചു ദിവസത്തെ പണികൾക്കായി അയാൾ ആ സമയം തിബരിയാസിൽ തങ്ങുകയായിരുന്നു. അന്തർമുഖനായ താൻ അന്നു അയാളെ നോക്കി ഒന്നു പുഞ്ചിരിച്ചു.

തീർത്താൽ തീരാത്ത കഠിനമായ പണികൾക്കു ശേഷം ശരീരക്ഷീണം തീർക്കാൻ ചിലപ്പോഴൊക്കെ അയാൾ ഇളംചൂട് നീരുറവയിലേക്കു എത്താറുണ്ട്. അവിടെ വന്ന് ആ വെള്ളത്തിൽ കുറേനേരം ശരീരത്തെ മുക്കികിടത്തും, ഒരു നിർവൃതിയിലെന്നവണ്ണം.

ആ ചൂടുറവയ്ക്ക് എന്തോഒരു അത്ഭുതസിദ്ധിയുണ്ട്. ശരീരത്തിലെ സകല വേദനകളും ആ വെള്ളത്തിൽ മുങ്ങിക്കിടന്നാൽ മാറും. കുളിച്ചു മടങ്ങി ഒരു ഭക്ഷണശാലയിലിരിക്കുമ്പോൾ ആ മരയാശാരി തൊട്ടടുത്ത് വന്നിരുന്ന് അയാളെത്തന്നെയെനിക്കു പരിചയപ്പെടുത്തുകയായിരുന്നു. ഒപ്പം ഞാൻ ഒരു വരത്താനാണന്ന് തോന്നിയൊരന്വേഷണവും നടത്തി.




'നിങ്ങൾ ദേശം കാണാനിറങ്ങിയതാണോ?'

'അല്ല. ഒരു ജോലിയന്വേഷിച്ച് .'

'നിങ്ങൾക്ക് എന്തു പണി അറിയാം..?'

'മരപ്പണി''

''എങ്കിൽ എനിക്കൊരാളെ വേണം. വേണമെങ്കിൽ എന്റെ കൂടെ കൂടിക്കോ'

'സന്തോഷം.'

ശൗൽ വലിയ തിരക്കുള്ള മരയാശാരിയാണ്. ഒത്തിരി പണിക്കാരുണ്ടയാൾക്ക്. ജസ്രീൽ പട്ടണത്തിലെ വലിയ മരപ്പണിശാല അയാളുടേതാണ്. മനസിൽ യഹോവയ്ക്ക് നന്ദി പറഞ്ഞു. തിബരിയസിൽ നിന്നും ജസ്രീലിലേക്ക് ശൌൽ ആശാനും സംഘത്തിനുമൊപ്പം യാത്രതിരിച്ചു. ജോലിസ്ഥലത്തിനു അടുത്തു തന്നെ താമസിക്കുന്ന

**ധ്യാനത്തിലും ജോലിയിലും ഏകാഗ്രത നഷ്ടമാവുകയും അതുവരെയൊന്നുമില്ലാത്ത രീതിയിൽ മനസു അസ്വസ്ഥമാകാനും തുടങ്ങിയപ്പോഴാണ് തിരിച്ചറിവുണ്ടായത്. മെൽക്കയെന്ന കന്യകയിൽ തൻറെ മനസ് ആകൃഷ്ടമായിരിക്കുന്നു. വിവേചിക്കാനാകാത്ത ഏതോ മധുരാനുഭൂതിയുടെ തടവിൽ വീണുപോയ ഒരു ആത്മാവായി ഞാൻ മാറി. മധുരമാണങ്കിലും അതെന്നെ അകാരണമായ അസ്വസ്ഥതയിലേക്കു നടത്തി.**

മേസ്തരിയായ സൈമൺ ആശാൻറെ വീട്ടിൽ താമസ സൗകര്യവും ഏർപ്പാടാക്കി തന്നു ആ നല്ല മനുഷ്യൻ. എങ്കിലും മിക്കപ്പോഴും ശൗലിന്റെ വീട്ടിലും ഞാൻ ഇടയ്ക്ക് താമസിക്കും. അയാൾ ഒരു ചില്ലറക്കാരനല്ലന്നെനിക്ക് തോന്നി. അയാൾക്ക് പല കഴിവും അസാമാന്യസിദ്ധികളുമുള്ളയാളാണെന്ന് പെരുമാറ്റത്തിലും സംസാരത്തിലും മനസിലായി.

അയാൾ എന്നെ സസൂക്ഷ്മം നോക്കിയിട്ട് പറഞ്ഞു:

'നിങ്ങൾ നല്ല മരപ്പണിക്കാരനായിരിക്കാം. എന്നാലും നിങ്ങൾ ഒരു സ്വപ്നജീവിയാണെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?'

അയാളുടെ ചോദ്യം. എൻറെ ഉള്ളമൊന്നുലഞ്ഞു.

എന്റെ യഹോവേ...എന്റെ പ്രകൃതവും സ്വഭാവവും ഇയാൾ എങ്ങനെ മനസിലാക്കി ?

ഇനി വല്ല പ്രവാചകനോ മറ്റോ ആയിരിക്കുമോയെന്നു സ്വയം ചോദിച്ചുപോയി.ഞാനതിനു മറുപടിയൊന്നും പറഞ്ഞില്ല.

എന്തായാലും ഞാൻ ജീവിതത്തിൽ പരിചയപ്പെട്ട നല്ലൊരു മനുഷ്യനാണദ്ദേഹം. അങ്ങനെ ഞാനയാളുടെ കൂടെ പണിക്കു കൂടി. കുറച്ചു നാളുകൾക്ക് ശേഷം എന്റെ ജോലിയിലെ പ്രാഗൽഭ്യം മനസിലാക്കി, എന്നെ പ്രധാന പണികളദ്ദേഹം ഏൽപ്പിക്കാൻ തുടങ്ങി. അപ്പോഴും, ജോലിയിൽ വ്യാപൃതനാണെങ്കിലും അകാരണമായ കാരണങ്ങളാൽ എന്റെ മനസ് ചിലപ്പോൾ എവിടേക്കോ പിന്നെയും പിന്നെയും പിടിവിട്ടു പോകും. ഏതോ സ്വപ്നാത്മകമായ ലോകത്തേക്ക്.... അതിനാൽ ഞാൻ ചെയ്ത ചില പണിത്തരങ്ങൾക്ക് കേടുപാടുകളും സംഭവിച്ചിട്ടുണ്ട്.

അയാൾ ദേഷ്യത്തിലപ്പോൾ ഒച്ചവെച്ചു.

''എടാ ജോസഫെ, നീ ഇതെന്തു ഭാവിച്ചിട്ടാ...? വല്ലവന്റെയും ഉരുപ്പടിയാ...നീയിങ്ങനെ അന്തോം കുന്തോമില്ലാതെ പണിഞ്ഞു നശിപ്പിക്കുന്നത്. ഇതിനൊക്കെ സമാധാനം പറയേണ്ടത് ഞാനാ ... '

പിന്നെയും തെറ്റി?

ചിന്തേരു തള്ളിയത് കൂടിപ്പോയി.

മനസറിയാതെ പലവട്ടം പണികൈക്കുറ്റപ്പാടുകൾ മുമ്പും വന്നിട്ടുണ്ട്. ഇപ്പോഴും അതു തന്നെസംഭവിച്ചോ?തന്റെ മനസ് ഏതോ ചിന്തയിൽ ആണ്ടുപോകുന്നതു കണ്ടപ്പോൾ ആശാൻ തന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നിരിക്കാം. പക്ഷെ, പിന്നെയും തകിടം മറിഞ്ഞു ജോലിയിലെ ശ്രദ്ധ. തനിക്കെന്താണ് പറ്റുന്നത്? ശ്രദ്ധയോടെ ചെത്തിമിനുക്കേണ്ട മരഉരുപ്പടികൾ നാശമാക്കിയത് കണ്ടപ്പോൾ ആശാനു ദേഷ്യം വന്നു. എങ്കിലും പിന്നെയൊന്നും പറഞ്ഞില്ല. തന്നോട് ക്ഷമിക്കാനായി ദയനീയമായി ആശാനെ നോക്കി. അദ്ദേഹം കരുണയുള്ളവനാണ്. മനസലിഞ്ഞ് ദേഷ്യം വിട്ടകന്ന്, ആ മുഖത്ത് അപ്പോൾ സ്നേഹവും ശാന്തതയും കൈവന്നു.

ഒന്നോർത്താൽ കൂട്ടത്തിലെ ഏറ്റവും നല്ല ആശാരിയാണെന്ന ഒരു മതിപ്പ് എനിക്കദ്ദേഹം വകവച്ചു തരുന്നുണ്ടെന്നറിയാം. കുറച്ചുകാലമായി ശൌലിന്റെ കൂടെതന്നെയാണ് പണിയും, ഇടയ്ക്കിടെ താമസവും അവിടെത്തന്നെ. ആശാരിപ്പണി കഴിഞ്ഞാൽ വീട്ടിലെ പണികൾ ചെയ്യാൻ സഹായിക്കും. അതുകൊണ്ടുതന്നെ ശൌലിന്റെ ഭാര്യ എസ്തെറിനും എന്നെ വലിയ കാര്യമാണ്. എങ്കിലും തന്റെ പ്രകൃതം കണ്ട് അവരു പറഞ്ഞു.

''എന്നാലും ഇവനെന്താ പറ്റിയത്. എപ്പോഴും ഒരു ആലോചന. അവന്റെ മനസ് വേറെ എവിടെയോ ആണ്. ആദ്യമൊക്കെ ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല, നല്ല കളിചിരിയായി ഓടിനടന്നു പണിയെടുത്ത ചെറുക്കനാണ്.''

' അതെ '

ആരോടെന്നില്ലാതെ പറഞ്ഞു കൊണ്ട് ശൌൽ അകത്തേക്ക് കയറിപ്പോയി.

പണിയിൽ ശ്രദ്ധിക്കാൻ ആവതും ശ്രമിച്ചു. എങ്കിലും ഇടയ്ക്കിടെ അറിയാതെ മനോരാജ്യത്തിൽ ആണ്ടുപോയി.

ആശാൻ തിരികെ വന്നിട്ടു പറഞ്ഞു.

'നീയൊന്ന് പുറംചുറ്റിയടിച്ചിട്ടു വാ.... .മനസ്സപ്പോൾ നേരേയാകും '

ഇരുന്നിടത്തുനിന്നു എഴുന്നേറ്റു അടുത്തുള്ള അരുവിയിലേക്ക് നടന്നു...

കഴിഞ്ഞ കുറെ വർഷങ്ങളായി സമരിയയുടെ അതിർത്തിയിലുള്ള ഒരു ചെറിയ പട്ടണമായ 'ജസ്രീലിൽ' എന്ന സ്ഥലത്തെ സൈമൺ മേസ്തിരിയുടെ വീട്ടിലാണ് അപ്പോഴെൻറെ താമസം. വീടിനു അടുത്തുകൂടെ തെളിനീർ ഒഴുക്കി കടന്നു പോകുന്ന ചെറു അരുവിയാണ് അവിടുത്തെയെൻറെ ആത്മമിത്രം. മനസ്സിന് ചിന്താഭാരവും സങ്കടവും വരുമ്പോൾ പതിവായി ഈ അരുവിയുടെ അരികിൽ വന്നിരിക്കും. അവിടെ പക്ഷികളും മുയൽക്കുഞ്ഞുങ്ങളും വന്ന് എനിക്ക് കൂട്ടിരിക്കും. ഞങ്ങൾ ഒരുമിച്ച് അവിടെയി

രുന്നു ദീർഘനേരം പ്രാർത്ഥനയിൽ മുഴുകും. പ്രകൃതിയെ സ്നേഹിച്ചുകൊണ്ട് അങ്ങിനെ ധ്യാനത്തിൽ മുഴുകവേ പ്രപഞ്ചവും മനസും ഒന്നാകുന്ന അനുഭവം മനസിൽ നിറയും. ചിന്തകളും സങ്കടങ്ങളും ചുറ്റുമുള്ള പ്രകൃതിയിൽ ഒന്നുചേരും. ദുഖവും സന്തോഷവും എല്ലാം ഒരാളുടെ മാത്രമല്ല, അതു പ്രപഞ്ചത്തിൻറെ കൂടി ഭാഗമാണ്. ഒന്നും വിട്ടുകൊടുക്കാതെ നമ്മളിൽ തന്നെ ചേർത്ത് വയ്ക്കുമ്പോഴാണ് അതൊക്കെ താങ്ങാനാവാത്ത ഭാരമാകുന്നത്.

സന്യാസമെന്നത് വിട്ടുകൊടുക്കലാണ്. അതാണ് ഒരു വൈരാഗിയുടെ ജിവിതനേട്ടം. ചില ദിവസങ്ങളിൽ ജോലി കഴിഞ്ഞുള്ള സമയം പ്രാർത്ഥനയും ധ്യാനവുമായി അരുവിയുടെ തീരത്ത് കുറെ ഏറെനേരം ചെലവഴിച്ചിരുന്നു. മനസ്സിൽ ഒരു കുടുംബജീവിതം ആഗ്രഹിച്ചിരുന്നില്ല, ഒരു വൈരാഗിയുടെ കഠിനവും ലളിതവുമായ ജീവിതം എന്ന ദർശനമായിരുന്നു മുന്നോട്ടു നയിച്ചിരുന്നത്.

അങ്ങിനെയിരിക്കെ ശൌലിന്റെ വീട്ടിൽ വച്ചായിരുന്നു അപ്രതീക്ഷമായി യൗവ്വനയുക്തയായ 'മെൽക്ക'യെ കണ്ടു മുട്ടിയത്. ശൌലിന്റെ ചാർച്ചക്കാരി ആയിരുന്നവൾ. മരഉരുപ്പടിയിൽ മുഴക്കോൽവച്ച് വീതുളിയുടെ അരികു കൊണ്ട് മുറിച്ചെടുക്കേണ്ട ഭാഗം വരഞ്ഞപ്പോൾ ചിന്തേരിട്ടു മിനുസപ്പെടുത്തിയ ദേവദാരുവിൽ തെളിഞ്ഞു വന്നത്, അവളുടെ കൊത്തിവച്ച പോലുള്ള നീണ്ട നാസികാഗ്രമാണ്. ഒപ്പം കനത്തിൽ കണ്പീലികൾ വളർന്നു നിൽക്കുന്ന രണ്ടു വിടർന്ന കണ്ണുകളും. യഹൂദകന്യകമാരുടെ കൂട്ടത്തിൽ വേറിട്ട് നില്ക്കുന്ന ആ സുന്ദരീരൂപം കണ്ണുകളിൽ നിന്നും മാഞ്ഞു പോകുന്നേയില്ലായിരുന്നു.

വിവാഹപ്രായം കടന്നുപോയെങ്കിലും അതുവരേയ്ക്കും ഒരു പെണ്ണിനെക്കുറിച്ചുള്ള വിചാരമോ സ്വപ്നങ്ങളോ ഒന്നും ചിന്തയിൽ പോലും കടന്നുവന്നിട്ടില്ലായിരുന്നു. ചെറുപ്പം മുതൽ ശീലിച്ചുവന്നതാണ് ഏകാന്തനിമിഷങ്ങളിൽ പ്രാർത്ഥനയിലും ദൈവിക ധ്യാനത്തിലും മുഴുകിയിരിക്കുകയെന്നത്. അതുകൊണ്ടുതന്നെ ജീവിതത്തിലെ ഏകാന്ത നിമിഷങ്ങളിൽ പോലും അതുവരേയ്ക്കും ഒരു മോഹചിന്തകൾക്കും ഇടമില്ലായിരുന്നു. ഇന്നിപ്പോൾ പ്രണയ മുന്തിരിച്ചാറുകൾ നിറഞ്ഞ ചഷകം പോലെ രണ്ടു നീലക്കണ്ണുകളും മെലിഞ്ഞു നീണ്ട നാസികയും, എൻറെ മുഴുവൻ സമയവും അപഹരിച്ചെന്നെ അസ്വസ്ഥമാക്കിക്കൊണ്ടിരിരുന്നു....

ധ്യാനത്തിലും ജോലിയിലും ഏകാഗ്രത നഷ്ടമാവുകയും അതുവരെയൊന്നുമില്ലാത്ത രീതിയിൽ മനസു അസ്വസ്ഥമാകാനും തുടങ്ങിയപ്പോഴാണ് തിരിച്ചറിവുണ്ടായത്. മെൽക്കയെന്ന കന്യകയിൽ തൻറെ മനസ് ആകൃഷ്ടമായിരിക്കുന്നു. വിവേചിക്കാനാകാത്ത ഏതോ മധുരാനുഭൂതിയുടെ തടവിൽ വീണുപോയ ഒരു ആത്മാവായി ഞാൻ മാറി. മധുരമാണങ്കിലും അതെന്നെ അകാരണമായ അസ്വസ്ഥതയിലേക്കു നടത്തി. ഈ അസ്വസ്ഥത നാൾക്കുനാൾ ഏറിവന്നപ്പോൾ ദീർഘനേരം ഒരുത്തരത്തിനായി പ്രാർഥിച്ചു. ആത്മാവപ്പോൾ മന്ത്രിച്ചു. എൻറെ വിളി സന്യാസമല്ല മറ്റൊന്നാണ്. ആത്മാവു നടത്തിയ പോലെ ഉടൻ തന്നെ ശൌലിന്റെ വീട്ടിലേക്കു ചെന്നു. പക്ഷെ യഹോവയുടെ അരുളപ്പാടെന്നവണ്ണം, ഒരു സ്വപ്നമപ്പോൾ യാഥാർത്ഥ്യമാകുകയായിരുന്നു.

**ഒൻപതു വർഷങ്ങൾ കൊണ്ട് മെൽക്ക എനിക്ക് നാലു കുഞ്ഞുങ്ങളെ തന്നു. ആദ്യജാതനായ ഡാനിയലിനു ശേഷം രണ്ടു പെൺകുഞ്ഞുങ്ങൾ. നാലാമനായി യാക്കൂവ്. മെൽക്ക നല്ലൊരു ഭാര്യയും നല്ലൊരു അമ്മയുമായിരുന്നു. നാലു മക്കളെ തന്നിട്ടും അവൾക്ക് തന്നോടുള്ള പ്രണയത്തിന് ഒരു കുറവും ഉണ്ടായില്ല.**

അവിടെ മെൽക്കയുടെ വീട്ടുകാർ, അവർ എന്റെ ആഗമനം പ്രതീക്ഷിച്ചപോലെ കാത്തിരിക്കുകയായിരുന്നു. വീട് നിറയെ ആളുകൾ, അവർ മെൽക്കയുമായുള്ള വിവാഹത്തിനുള്ള എൻറെ സമ്മതം ചോദിക്കാൻ എത്തിയതായിരുന്നു. ഞാനോ ഏതോ മായിക ലോകത്തിൽ പെട്ടുപോയതുപോലെയുമായി.

അങ്ങിനെ പെട്ടെന്നൊരു നിയോഗംപോലെ താമസംവിനാ മെൽക്കയുമായുള്ള വിവാഹം നടന്നു. മെൽക്ക എൻറെ നെഞ്ചിൻ കൂട്ടിൽ എപ്പോഴും പ്രണയത്തിന്റേയും രതിയുടേയും കുറുകുന്ന ഒരു പ്രാവായി മാറി.

ഈ ലോകം നൽകുന്ന സുഖങ്ങളറിയാതെ ഒരു സന്യാസിയായി മാറിയിരുന്നെങ്കിൽ അതെത്ര വലിയ നഷ്ടമാകുമായിരുന്നു എന്നൊക്കെയുള്ള തിരിച്ചറിവുകൾ വന്നത് മെൽക്ക എൻറെ ജീവിതത്തിൽ വന്നതോടെയാണ്. ഞാൻ ആലോചിച്ചു, പക്ഷികളോ മൃഗങ്ങളോ അവരുടെ യൌവ്വനം വെറുതെ കളയുന്നുണ്ടോ? അവർ ഉല്ലസിച്ചും പ്രണയിച്ചും അവരുടെ ജീവിതം ആസ്വദിക്കുന്നു. ജീവിതത്തിൻറെ അവസാനം അടുക്കുമ്പോൾ അവർ മരണത്തിനായി തയ്യാറെടുത്തു ദൂരെ ഒഴിഞ്ഞ ഒരിടം തേടി പോകുന്നു. അവിടെ ഒരു ഇടം കണ്ടുപിടിച്ച ശേഷം ഒരു സാധുവെന്നവണ്ണം ധ്യാനത്തിൽ ലയിക്കുന്നു, ഒടുവിൽ ആ ധ്യാനാവസ്ഥയിൽ പ്രാണൻ വെടിഞ്ഞു പ്രപഞ്ചമെന്ന പരമാത്മാവിൽ വിലയം പ്രാപിക്കുന്നു. സന്യാസം എന്നതു ജീവിതകർത്തവ്യങ്ങളിൽ നിന്നുമുള്ള ഒളിച്ചോട്ടം ആവരുതെന്നകാര്യം ചെറിയ പറവകൾ എന്നെ പഠിപ്പിച്ചു.

ജീവിതത്തിൽ ഭരമേല്പ്പിക്കപ്പെട്ട ചുമതലകൾ നിർവഹിച്ചതിനു ശേഷം, ലോകവ്യഗ്രതയിൽ നിന്നും വിമോചിതനാകുവാനുള്ള പക്വത നേടിയിട്ടാവണം അത്തരം ഒരു ജീവിത അന്തസ് തേടേണ്ടത് എന്ന ബോധ്യമെനിക്കുണ്ടായി.

ഒരിക്കലും രസംകെട്ടുപോകാത്ത രതിയുടെയും പ്രണയത്തിൻറെയും നാളുകൾ.പക്ഷികളെപ്പോലെ കൊക്കുരുമ്മിയും മത്സ്യങ്ങളെപ്പോലെ പുളഞ്ഞും ഞങ്ങൾ ഒന്നുചേർന്നു. അവളുടെ വക്ഷസിൽ മുഖം ചേർത്തുകിടക്കുന്ന എന്നെക്കണ്ട് മാൻപേടകൾ നാണിച്ചു നിന്നു. ഒൻപതു വർഷങ്ങൾ കൊണ്ട് മെൽക്ക എനിക്ക് നാലു കുഞ്ഞുങ്ങളെ തന്നു. ആദ്യജാതനായ ഡാനിയലിനു ശേഷം രണ്ടു പെൺകുഞ്ഞുങ്ങൾ. നാലാമനായി യാക്കൂവ്. മെൽക്ക നല്ലൊരു ഭാര്യയും നല്ലൊരു അമ്മയുമായിരുന്നു. നാലു മക്കളെ തന്നിട്ടും അവൾക്ക് തന്നോടുള്ള പ്രണയത്തിന് ഒരു കുറവും ഉണ്ടായില്ല. എൻറെ നെഞ്ചിൽ തലചേർത്തു വച്ചുകൊണ്ടവൾ പറഞ്ഞു.

'ഭൂമിയിലെ മണൽത്തരികൾ പോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും നീയെനിക്ക് മക്കളെ തരണം. അബ്രഹാമിന്റെ ദൈവീക വിശ്വാസവും വിശ്വസ്തയും പോലെ ജോസഫ്, നീ എന്നോടൊപ്പം എന്നും ഉണ്ടാകണം.'

പക്ഷെ അവളുടെ ആയുസ് ദൈവം തിരിച്ചെടുത്തു. എനിക്കു ഭൂമിയിലെ മണൽത്തരിപോലെയും ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും മക്കളുണ്ടായില്ല. പെട്ടെന്നൊരു കടുത്ത ദീനം. വൈദ്യൻമാർ ആവതു നോക്കിയെങ്കിലും അവർക്കവളെ രക്ഷിക്കാനായില്ല. മെൽക്കയെന്നെ വിട്ടുപോയി.

അവളോർമ്മയായിട്ട് രണ്ടു വർഷങ്ങൾ ആകുന്നതിനിടയിൽ ശൌൽ പലവട്ടം പറഞ്ഞു മക്കളെ പോറ്റാനും വളർത്താനും മറ്റൊരു വിവാഹം ആകാമെന്ന്, പക്ഷെ ഇനിയൊരു വിവാഹം വേണ്ട. ഒരിക്കൽ പാതിവഴിയിൽ ഉപേക്ഷിച്ചുപോയ സന്യാസം വീണ്ടും തേടണമെന്ന നിശ്ചയത്തിലായിരുന്നു ഞാൻ.

മൂത്തമകൻ ഡാനിയൽ ചെറുപ്പത്തിലെ തന്നെ നല്ല ബുദ്ധി സാമർത്ഥ്യം ഉള്ളവനായിരുന്നു. സിനഗോഗിലെ വിദ്യഭ്യാസകാലത്ത് പഠനമികവു കാണിക്കുകയും വായനയിലും കണക്കിലും നല്ല സമർത്ഥനുമായിരുന്നു. വിശുദ്ധഗ്രന്ഥത്തിലെ ഒട്ടുമിക്ക വചനങ്ങളും സങ്കീർത്തനങ്ങളും ഹൃദിസ്ഥമാക്കി മികവുകാണിച്ച അവനെ 'സോഫറിമർ'അഥവാ ഒരു നിയമജ്ഞൻ ആക്കുവാനായി കൂടുതൽ പഠനങ്ങൾക്കായി യെരുശലേമിലെ പാഠശാലയിലോ അല്ലെങ്കിൽ റോമൻ നിയമങ്ങൾ പഠിക്കാൻ ഡമാസ്കസിലേക്കോ അയക്കണമെന്ന് ഞാനാഗ്രഹിച്ചു. പക്ഷെ, ഡാനിയൽ താല്പര്യം കാണിച്ചത് കൈവേലകളിൽ നിപുണത നേടുന്നതിലായിരുന്നു. ശിലയിലും, ദാരുവിലും ലോഹങ്ങളിലും അവൻറെ കരങ്ങൾ വിസ്മയങ്ങൾ തീർത്തു.

എൻറെ ജീവിതം വീണ്ടും ധ്യാനത്തിലും ആത്മീയ ചിന്തയിലേക്കും തിരിഞ്ഞു. മനസ് എന്തോ തേടിക്കൊണ്ടിരുന്നു. മുടങ്ങാതെ സിനഗോഗുകളിൽ പ്രാർത്ഥനകൾക്കായി പോയിരുന്നു. ജറുസലേം ദേവാലയത്തിൽ മുടങ്ങാതെ നേർച്ചകൾ കൊടുത്തു. എന്നിട്ടും ആചാരങ്ങളിലും അനുഷ്ട്ടാനങ്ങളിലും മനസ്സു തൃപ്തമായില്ല. മാത്രമല്ല; മറ്റെന്തോ അറിയാത്തതിനു വേണ്ടി മനസുകൊതിക്കുകയായിരുന്നു; തേടുകയായിരുന്നു. കുഞ്ഞുങ്ങൾ ഒന്നു പറക്കമുറ്റി കഴിഞ്ഞിട്ട് വേണം ഏകാന്തമായ ജീവിതവഴി തേടണം എന്നതായി ചിന്ത. ഒരു താപസനായി ലോകബന്ധങ്ങളിൽ നിന്നും വിമുക്തനായി സഞ്ചരിക്കണം.

ഈ ലോകം മുഴുവൻ നേടിയിട്ടും ശരീരത്തിന്റെ കാമനകൾക്ക് അവസാനം വരെ തൃപ്തിയുണ്ടാകുമോ? താപസന്മാരാണ് ഭാഗ്യവാന്മാർ. അവരെ ലോകം സ്പർശിക്കുന്നേയില്ല. ദിവ്യമായ ഒരു പൊരുളിനുള്ളിലാണ് അവരെപ്പോഴും. മഹാത്മാക്കൾ അവസാനം ആ സത്യം കണ്ടെത്തുക തന്നെ ചെയ്യും

അങ്ങിനെയൊരു മഹാനായിരുന്നു അലക്സാണ്ടർ ചക്രവർത്തി. ലോകംമുഴുവൻ തൻറെ കാൽക്കീഴിലാക്കാൻ ഇറങ്ങിപുറപ്പെട്ട ഒരാൾ.അദ്ദേഹം ജീവിതത്തെക്കുറിച്ച് പഠിച്ച പാഠമെത്ര വലുതായിരുന്നു. മഹാനായ അലക്സാണ്ടർ ചക്രവർത്തി പൂർവദേശങ്ങളിലേക്ക് പടയോട്ടങ്ങൾ നടത്തിയപ്പോൾ 'ഹിന്ദ്' എന്നൊരു രാജ്യത്ത് പുതിയ ദൈവമാർഗം സ്വീകരിച്ച ആളുകളെ കണ്ടുവെന്നും സർവസംഗപരിത്യാഗവും, ക്ഷമയും അഹിംസയുമാണ് അത്തരം ആളുകളുടെ മാർഗ്ഗമെന്നും രേഖപ്പെടുത്തിയ ഒരു ചരിത്രരേഖ വായിച്ചിരുന്നു ആയിടെ. ഗെമയൂസ് എന്ന ഒരു സ്നേഹിതന്റെ പൂർവികരാരോ

**അല്ലയോ ചക്രവർത്തി, അങ്ങറിഞ്ഞാലും, ഒരാൾ മഹാനാണോ അല്ലയോ എന്നു തീരുമാനിക്കപ്പെടുന്നത് അയാളുടെ മരണശേഷമാണ്. മരണം വരെ ആരെയും ഭാഗ്യവാൻ എന്നു വിളിക്കരുത്. അയാൾ ഈ ഭൂമിയിൽ എന്തു നന്മ, അല്ലങ്കിൽ എന്തു തിന്മ അവശേഷിപ്പിച്ചുകൊണ്ടാണ് തിരികെ പോയത് എന്ന് പക്ഷപാതമോ മുഖസ്തുതിയോ കൂടാതെ സത്യസന്ധമായി വിലയിരുത്തപ്പെടുക അവരുടെ അസാന്നിധ്യത്തിലാണ്.**

ശേഖരിച്ചു വച്ചിരുന്ന ചരിത്രരേഖയായിരുന്നത്.

അതുവരേയ്ക്കും അലക്സാണ്ടർ ചക്രവർത്തി കണ്ടിരുന്നത് രക്തവും ബലിയും കൊണ്ട് മാത്രം തൃപ്തരാകുന്ന ഗ്രീക്ക് ദേവന്മാരെയും റോമൻ ദേവന്മാരെയും അല്ലെങ്കിൽ അതിനു സമാനരായ ഗോത്രദൈവങ്ങളെയും മാത്രമായിരുന്നു.

രക്തത്തിനു പകരമായി ഒരു ചെമ്പനീർ പൂവിതൾകൊണ്ട് പ്രസാദിക്കുന്ന ദൈവം!. സ്വന്തം സൃഷ്ടികളുടെ രക്തം കൊതിക്കാത്ത ദൈവമെന്ന സങ്കല്പം സ്വാർത്ഥതയ്ക്കും പ്രശസ്തിക്കുമായി രക്തചാലുകൾ മുറിച്ചുകടന്നു രാജ്യവിസ്തൃതി കൂട്ടിക്കൊണ്ടിരുക്കുന്ന അലക്സാണ്ടർ ചക്രവർത്തിയെ അത്ഭുതപ്പെടുത്തി. അക്കാര്യം അദ്ദേഹത്തെ ഏറെ ചിന്തിപ്പിച്ചു.

ദൈവത്തെയോ ദേവൻമാരയോ പൂജിക്കാതെ സ്വയം ആത്മജ്ഞാനം നേടുന്ന ഒരുകൂട്ടം ആളുകളെ കണ്ടതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. അത്തരം ആത്മപ്രകാശം സ്വായത്തമാക്കുന്നതിലൂടെ അവർ അവരുടെ കഷ്ടതകളിൽനിന്നും മോചനംനേടുന്നു. അവരോ അവരെ രക്ഷിക്കാനായി മറ്റൊരു ദൈവത്തെ തേടി അലയുന്നില്ല. അവനവനിൽ കുടിയിരിക്കുന്ന ദൈവത്തെ ദർശിച്ചുകൊണ്ട് മാർഗ്ഗവും പ്രചോദനവും നേടുന്നു. ഇതെല്ലാം അവർ സാധ്യമാക്കുന്നതോ ആത്മനിയന്ത്രണത്തിലും, ധ്യാനത്തിലും അഹിംസയിലൂടെയും. മൃഗബലിയൊ ചോരചിന്തലോ ഒന്നുമില്ലാതെ ഒരു പൂവിതൾ സമർപ്പണത്തിൽ മാത്രം പ്രസാദിക്കുന്ന സ്നേഹവാനായ ഒരു ദൈവം. സർവമനുഷ്യരിലും കുടിയിരിക്കുന്ന പരംപൊരുൾ. ചോരയോ മൃഗകൊഴുപ്പോ ഇല്ലാതെ പ്രസാദിക്കുന്ന ദൈവം എത്രയധികം ശാന്ത സ്വരൂപനായിരിക്കണം!.

അലക്സാണ്ടർ ചക്രവർത്തി



**"ചക്രവർത്തി തിരുമനസ്സേ, എൻറെ പേര് സിദ്ധാർത്ഥ ഗൗതമൻ. ഒരിക്കൽ ഞാനും അങ്ങയെപ്പോലെ രാജ്യം ഭരിച്ചിരുന്നു, യുദ്ധം ചെയ്തിരുന്നു, വലിയയൊരു സാമ്രാട്ട് ആകുവാൻ കൊതിച്ചിരുന്നു. പക്ഷെ ഞാൻ കണ്ട ഏറ്റവും വലിയ യുദ്ധക്കളം എൻറെ അന്തരംഗമായിരുന്നു. എന്തുകൊണ്ട് എനിക്ക് സൗഭാഗ്യങ്ങൾ ....? എന്തുകൊണ്ട് മറ്റുള്ളവർക്ക് തീരാത്ത കഷ്ട്ങ്ങൾ.....? അതായിരുന്നു എൻറെ മനസ്സിൽ നടന്നുകൊണ്ടിരുന്ന സംഘട്ടനങ്ങൾ.....**

അത്തരം സന്യാസികളുമായി തന്റെ പടയോട്ടങ്ങളുടെ അവസാനകാലത്ത് സംസാരിച്ചു. അനേകതവണ അവരുമായി സംവാദത്തിൽ ഏർപ്പെട്ടു. മനുഷ്യജീവിതത്തെക്കുറിച്ച് അതുവരെയുള്ള ചക്രവർത്തിയുടെ പല കാഴ്ചപ്പാടുകളും തെറ്റാണെന്ന് ഒരു പുഞ്ചിരിയോടെ അവർ ചക്രവർത്തിയുടെ മുഖത്തുനോക്കി പറഞ്ഞു. സ്വന്തം സഭാവാസികളോ സേവകരോ രാജാക്കന്മാരുടെ മുഖത്തുനോക്കി സംസാരിക്കുന്ന രീതികൾ അക്കാലത്തില്ലായിരുന്നു അല്ലെങ്കിൽ അതിനുള്ള സ്വാതന്ത്ര്യം അവർക്കില്ലായിരുന്നു. പ്രജകളും രാജാവിന്റെ

അധികാരസ്ഥരും രാജാക്കന്മാരുടെ പാദത്തിൽ നോക്കി സംസാരിക്കണം. അത്തരമൊരു അവസ്ഥയിൽ ഈ സന്യാസികൾ ഭയമില്ലാതെ അവരുടെ ശിരസ്സുയർത്തി ചക്രവർത്തിയുടെ മുഖത്ത് നോക്കി സംസാരിക്കുന്നു. അതു കണ്ടിട്ട് മഹാനായ അലക്സാണ്ടർക്കു കോപമോ അപമാനമോ തോന്നിയില്ല.

അദ്ദേഹം ആലോചിച്ചു....

എങ്ങിനെയാണ് ഈ സാധുക്കൾക്കിതു കഴിയുന്നത്? അല്ലെങ്കിൽ അവർക്ക് എവിടെ നിന്നുമാണ് ഇതിനുള്ള ധൈര്യം വരുന്നത്?. ഈ അൽപവസ്ത്ര ധാരികളായ യോഗികൾ സാധാരണക്കാരല്ലെന്നു മഹാനായ അലക്സാണ്ടർ ചക്രവർത്തിക്കു തോന്നി. അവരുടെ അറിവിലും ധൈര്യത്തിലും മതിപ്പ് തോന്നിയ ചക്രവർത്തി അവരോടു കൂടുതലായി സംസാരിച്ചു. അദ്ദേഹം അവരോടു ചോദിച്ചു.

''മഹാത്മാക്കളെ നിങ്ങൾ നിർഭയരായി എൻറെ മുഖത്ത് നോക്കി സംസാരിക്കുന്നു. എന്തുകൊണ്ടാണ് നിങ്ങൾക്കതിനു കഴിയുന്നതെന്ന് പറഞ്ഞാലും''

''മഹാനായ ചക്രവർത്തി അവിടുന്നറിഞ്ഞാലും. ഓരോ മനുഷ്യനും കേവലമായ ഒരു ജന്തുവല്ല, മറിച്ച് അവനിൽ ദൈവചൈതന്യം നിറഞ്ഞിട്ടുണ്ട്. ആ നിറചൈതന്യത്തിലാണ് അവൻ പിറവിയെടുക്കുന്നത്. ആ ചൈതന്യം കെട്ടുപോകാൻ ഒരുവൻ ഇടയാക്കുംവരെ അതവനിൽതന്നെ കുടികൊള്ളും. എന്നാൽ ആ ചൈതന്യത്തെ അണയാനനുവദിക്കാതെ കൂടുതലായി ജ്വലിപ്പിക്കുന്നവൻ ആത്മജ്ഞാനം കണ്ടെത്തുന്നു.

''സത്യം വച, ധർമ്മം ചര എന്ന പാതയിൽ സഞ്ചരിക്കുന്നൻ ദൈവതുല്യനാണ്. അവനിലെ ദീപം അണയാതെ എപ്പോഴും പ്രകാശിതമായിരിക്കും. ദൈവത്തിനു ആരുടെയും മുൻപിൽ തലകുനിക്കേണ്ടതില്ലല്ലോ?''

അലക്സാണ്ടർ തൻറെ മഹത്വത്തെ സ്വയം പ്രകീർത്തിച്ചു ചോദിച്ചു.

''എങ്കിലും ഞാനൊരു ചക്രവർത്തിയല്ലേ? ഈ ലോകത്തിൻറെ നല്ലൊരുഭാഗവും എൻറെ ഭരണത്തിലാണ്. എന്നെ എല്ലാവരും വിളിക്കുന്നത് മഹാനായ അലക്സാണ്ടർ എന്നാണ്. ആ ഞാനും എൻറെ ദാസനും ഒരുപോലെ എന്നാണോ ഗുരോ അങ്ങു പറയുന്നത് ?''

ഗുരു കുറച്ചുനേരം മൌനമായി. പിന്നെ പുഞ്ചിരിച്ചു. ആ മൌനത്തിൽനിന്നും അലക്സണ്ടാറിനു ചിന്തിക്കുവാനും എല്ലാം മനസ്സിലാക്കുവാനും കഴിയുമായിരുന്നു

അലക്സാണ്ടർക്ക്. തന്റെ പടയോട്ടങ്ങളും രാജാക്കന്മാരേയും ആളുകളേയും കൊന്നും വെട്ടിപ്പിടിച്ചും നേടിയ വിജയത്തെക്കുറിച്ചുള്ള ഗർവുമെല്ലാം വെറും വെള്ളത്തിൽ വരച്ചവരയായല്ലോ എന്നുമനസ്സിലായി. ഈ ഗുരു എത്ര നിർമ്മമനായിട്ടാണ് സംസാരിക്കുന്നത് എന്ന് അലക്സാണ്ടർ ചിന്തിച്ചു ?

ചെങ്കോലും കിരീടവുമില്ലാത്ത ആളാണങ്കിലും ആത്മീയമായി ഈ ലോകത്തെ കീഴടക്കിയ ചക്രവർത്തിയാണ് അദ്ദേഹം. ആ വാക്കുകളുടെ മായികധാരയിൽ അലക്സാണ്ടർ അതിശയിച്ചു. അലക്സാണ്ടറിനു തന്നെ സംശയമായി. ദാസനേയും ചക്രവർത്തിയേയും ഒരേതട്ടിൽ ഒരേപോലെയെങ്ങനെ നിലനിർത്തും?. ആകാംഷയായി.

ഗുരുവിന്റെ ഇനിയുള്ള വാക്കുകൾക്കായി കാതോർത്തു....

''തീർച്ചയായും അല്ല ചക്രവർത്തി.... അങ്ങും അങ്ങയുടെ ദാസനും പദവിയിൽ ഒരുപോലെയല്ല. പക്ഷെ രണ്ടുപേരും ജനിക്കുന്നതുവരെ ഒരുപോലെയായിരുന്നു. അങ്ങും അങ്ങയുടെ ദാസനും സ്ത്രീയുടെ ഗർഭപത്രത്തിൽ ഒരുപോലെ തലകീഴായി കിടന്നു. രാജാവിൻറെ അമ്മയുടെ ഗർഭപാത്രവും ദാസന്റെ അമ്മയുടെ ഗർഭപാത്രവും തമ്മിൽ യാതൊരുവിധ വിത്യാസവുമില്ലെന്നു അങ്ങേയ്ക്ക് അറിയാമല്ലോ?.

മരണശേഷവും ആ രണ്ടുപേരും തമ്മിൽ വിത്യാസമുണ്ടോ? മരിച്ചു മണ്ണടിഞ്ഞാൽ രണ്ടുപേരെയും ഒരേപോലയുള്ള കൃമികീടങ്ങൾ ആഹാരമാക്കും.

അല്ലയോ ചക്രവർത്തി, അങ്ങറിഞ്ഞാലും, ഒരാൾ മഹാനാണോ അല്ലയോ എന്നു തീരുമാനിക്കപ്പെടുന്നത് അയാളുടെ മരണശേഷമാണ്. മരണം വരെ ആരെയും ഭാഗ്യവാൻ എന്നു വിളിക്കരുത്. അയാൾ ഈ ഭൂമിയിൽ എന്തു നന്മ, അല്ലങ്കിൽ എന്തു തിന്മ അവശേഷിപ്പിച്ചുകൊണ്ടാണ് തിരികെ പോയത് എന്ന് പക്ഷപാതമോ മുഖസ്തുതിയോ കൂടാതെ സത്യസന്ധമായി വിലയിരുത്തപ്പെടുക അവരുടെ അസാന്നിധ്യത്തിലാണ്. ഒരുപക്ഷെ അങ്ങയുടെ പ്രജകളുടെ മനസ്സിൽ മരണശേഷവും അങ്ങു മഹാനായിരിക്കും. പക്ഷെ,അങ്ങയുടെ സൈനികരുടെ കൈകളാൽ മൃത്യുവരിക്കപ്പെട്ട ഒരാളുടെ വിധവയും കുഞ്ഞും അങ്ങയെ മഹാനായി കരുതുമോ?''

ആ ചോദ്യം ചക്രവർത്തിയുടെ ഉള്ളിനെയുലച്ചു.

ചോദ്യം തികച്ചും തന്നെ കുഴക്കുന്നതു തന്നെ. എങ്കിലും അലക്സാണ്ടർ ചോദിച്ചു:

'ഗുരോ, പടയോട്ടങ്ങളും യുദ്ധങ്ങളുമൊക്കെ രാജധർമ്മങ്ങൾ അല്ലെ? ഇതൊക്കെ എക്കാലവും ഉണ്ടാകില്ലേ. അതൊക്കെ ന്യായമല്ലെന്നും അധർമ്മമാണെന്നും പറയുവാൻ പറ്റുമോ?'

''മഹാനായ ചക്രവർത്തി, ആർക്കു വേണ്ടിയാണ് അങ്ങയുടെ യുദ്ധങ്ങൾ? അങ്ങയുടെ പ്രജകളുടെ ജീവൻ ശത്രുക്കളിൽ നിന്നും രക്ഷിക്കാനാണോ അങ്ങു നടത്തുന്ന പടയോട്ടങ്ങൾ? അങ്ങിനെയെ

ങ്കിൽ അതുധർമ്മമാണ്.

ഒരാൾ നടത്തുന്ന പടയോട്ടങ്ങൾ സമ്പത്തിനു പ്രശസ്തിക്കും വേണ്ടിയാകുമ്പോൾ അതിനുവേണ്ടി മറ്റുരാജ്യങ്ങളെ കൊള്ളയടിക്കുമ്പോൾ, മറ്റുള്ളവരെ വധിക്കുമ്പോൾ, അതൊക്കെ കവർച്ചയുംകൊലപാതകങ്ങളുമല്ലേ? അവതമ്മിൽ എന്തെങ്കിലും വിത്യാസമുണ്ടോ? ഒരു രാജാവ് സ്വന്തം നാട്ടിൽ കവർച്ച നടത്തുന്നവരെ വധിക്കുകയോ കൽതുറുങ്കിൽ അടയ്ക്കുകയോ ചെയ്യുന്നു, എന്നിട്ട് അതേ രാജാവ് സൈന്യവുമായി അയൽ രാജ്യത്തെ കൊള്ളയടിക്കുന്നു. രണ്ടും ഫലത്തിൽ ഒന്നു തന്നെയല്ലേ ?.

ജീവിതാവസാനം, അങ്ങു നേടിയ പടയോട്ടങ്ങളുടെ നേട്ടങ്ങൾ ഇവിടെ പിന്നിൽ ഉപേക്ഷിച്ചു ഇവിടെനിന്നും വെറും കയ്യോടെ നിസ്വനായി കടന്നു പോകേണ്ടി വരും. അങ്ങു നേടിയ രാജ്യങ്ങൾ മറ്റുപലർ ചേർന്ന് അങ്ങയുടെ സാമ്രാജ്യത്തിൽ നിന്നും അടർത്തിയെടുക്കും. അപ്പോൾ അങ്ങ് നടത്തിയ പടയോട്ടങ്ങൾ വെറുതെയാകും. അങ്ങ് നടത്തിയ രക്ത ചൊരിച്ചിൽ കൊണ്ട് ആർക്കെങ്കിലും ശാശ്വതമായ നേട്ടം ഉണ്ടാകുമോ? യുദ്ധങ്ങളിൽ ആരും വിജയിക്കുന്നില്ല യുദ്ധങ്ങൾ കൂടുതൽ യുദ്ധങ്ങളെ സൃഷ്ടിച്ചു കൊണ്ടേയിരിക്കും അതിനൊരിക്കലും അവസാനമുണ്ടാകില്ല '

ചക്രവർത്തിയുടെ മനസ് കടൽച്ചുഴിയിൽ അടിപ്പെട്ട് ആടിയുലയുന്ന കപ്പൽ പോലെയായി.... കാണാക്കയങ്ങളിലേക്ക്...ധർമ്മാ -അധർമ്മബോധങ്ങൾ ഭീതിയുടെ കിനാവള്ളികളായി വന്ന് ചുറ്റിപ്പിടിക്കുന്നു. ആരാണ് രക്ഷിക്കാൻ വരിക?

ഒരു പിടച്ചിലാർന്ന സ്വരത്തിൽ ചോദിച്ചു.

''ഗുരുവേ...ഞാൻ അപ്പോൾ എന്താണ് ചെയ്യേണ്ടത്, അങ്ങയുടെ ഉപദേശം എന്താണ് ?''

''മഹാനായ ചക്രവർത്തി അങ്ങയോടു ഉപദേശിക്കാൻ എന്റെ കയ്യിലുള്ളത് രണ്ടുകാര്യം മാത്രം. അതു സത്യവും അഹിംസയും. സത്യം കണ്ടെത്തിയാൽ അത അങ്ങയെ സ്വതന്ത്രമാക്കും. അപ്പോൾ അഹിംസയുടെ മാർഗ്ഗത്തിൽ അങ്ങ് എത്തിച്ചേർന്നാലതു ശാന്തിയും സമാധാനവും എളുപ്പമാക്കും '

' എന്താണ് സത്യം ഗുരോ?''

''നിന്നിലാണ് സത്യം കുടികൊള്ളുന്നത്. നിന്നിലെ ചൈതന്യം നീ കണ്ടെത്തുക. സ്വയം പ്രകാശിതനാവുക. സത്യമാർഗത്തിൽ മാത്രം ചരിക്കുക '

**പക്ഷെ ഞാൻ വിചാരിച്ച പോലെയൊന്നുമായിരുന്നില്ല പിന്നീടു നടന്നത്. മനുഷ്യൻ കുശവന്റെ കയ്യിലെ കുഴമണ്ണുപോലെയാണെന്നു പറഞ്ഞപോലെ. സൃഷ്ടാവ് അവനിഷ്ടമുള്ള രൂപത്തിൽ മെനയുവാൻ വേണ്ടി എന്നെ ചവിട്ടികുഴച്ചു പതം വരുത്തികൊണ്ടേയിരുന്നു. അവൻ അവൻറെ വഴികളിലൂടെ എന്നെ നടത്തി. എൻറെ വഴികൾ ഞാൻ അറിയാതെ മാറി മറിയുകയായിരുന്നു.**

അലക്സാണ്ടറിന്റെ ചരിത്രത്താളുകൾ എന്നോടും കൂടെ സംസാരിക്കുന്നു. ചരിത്രത്താളുകളിൽ സത്യത്തിന്റെ അനേക നിറങ്ങളുണ്ട്. ആ ചരിത്ര സംഭാഷണം എന്റെ നെഞ്ചിൽ, ഗലീലയിലെ വളക്കൂറുള്ള എക്കൽ പോലെ അടിഞ്ഞു കൂടി. അതിൽ കുറെ താപസ വൃക്ഷങ്ങൾ വളർന്നു ...

അലക്സാണ്ടർ ചക്രവർത്തി ഹിന്ദ് ദേശത്തിലെ ഗുരുവിൽ നിന്നും നേടിയ ഉപദേശം പോലെ സത്യം കണ്ടെത്തിയോന്നറിയില്ല. എങ്കിലും അതോടെയദ്ദേഹം അടിമുടി മാറിയിരുന്നു. പിന്നീടദ്ദേഹം ഒരൊറ്റ യുദ്ധവും ചെയ്തില്ല, ആരെയും കീഴടക്കിയതുമില്ല. അതുവരെ താനൊഴുക്കിയ ചോരപ്പുഴകൾ രാജധർമ്മമായ പ്രജാക്ഷേമത്തിനായിരുന്നില്ലന്നു അദ്ദേഹം തിരിച്ചറിഞ്ഞു. മറ്റു മനുഷ്യരെ കൊന്നൊടുക്കിയും കീഴടക്കിയും താൻ നേടിയത് എല്ലാം സ്വന്തം ഗർവിന്റെ ശമനത്തിനും, അധികാരഭ്രാന്തിനും വേണ്ടി മാത്രമെന്ന് അദ്ദേഹം തന്നോടു ലോകത്തോടും പറഞ്ഞു.

മഹാനായ അലക്സണ്ടാരുടെ ഗുരുവായിരുന്ന അരിസ്റ്റോട്ടിൽ നൽകിയ വിദ്യാഭ്യാസം അലക്സാണ്ടർ ചക്രവർത്തിയെ അദ്ദേഹത്തിൻറെ സമകാലീനരായ രാജാക്കൻമാരിൽ നിന്നും ഏറെ വിത്യസ്തനാക്കിയിരുന്നു.

എതിരാളികളോട് പോലുമദ്ദേഹം ആദരവ് പുലർത്തി. ഹിന്ദ് ദേശത്തിലെ ആക്രമണത്തിൽ തനിക്കു കടുത്ത വെല്ലുവിളി ഉയർത്തി പോരാടുകയും കീഴടങ്ങാൻ വിസമ്മതിക്കുകയും ചെയ്ത പോറസ് എന്ന രാജാവിനെ രൂക്ഷമായ പോരാട്ടത്തിലൂടെ പരാജയപ്പെടുത്തി തടവുകാരനാക്കിയെങ്കിലും, അദ്ദേഹത്തോട് ആദരവ് തോന്നി രാജ്യഭാരം തിരിച്ചേൽപ്പിക്കാൻ തയ്യാറായി. അലക്സാണ്ടർ എന്നും തന്നെ വെല്ലുവിളിക്കാൻ തയ്യാറായവരെ ബഹുമാനിച്ചിരുന്നു. വിമർശിക്കുന്നവരെ വധിക്കാൻ അദ്ദേഹം തുനിഞ്ഞില്ല. അവരുടെ വിമർശനത്തിൽ എന്തെങ്കിലും കഴമ്പുണ്ടോന്നു അദ്ദേഹം ഗാഢമായി ചിന്തിച്ചിരുന്നു. ഈയൊരു ഗുണവിശേഷം കൊണ്ടുമാത്രം മഹാനെന്നു വിളിക്കപ്പെടാൻ അദ്ദേഹം യോഗ്യത നേടിയിരിക്കുന്നു.

ദിഗ്വിജയങ്ങൾ രാജധർമ്മം എന്നു പഠിപ്പിച്ച മഹാനായ അരിസ്റ്റോട്ടിൽ എന്ന ഗുരുവിൻറെ ഉപദേശത്തിൽ പിഴവുണ്ടെന്നു ചെറുപ്പക്കാരനായ ഒരു യോഗി ചക്രവർത്തിയുടെ മുഖത്ത് നോക്കി

പറഞ്ഞു. പാശ്ചാത്താപത്തിൻറെ കണികകൾ ചക്രവർത്തിയുടെ മനസിൽ വീഴ്ത്തിയ ആ ചെറുപ്പക്കാരനെ നാവറിയാതെ 'ഗുരു'വെന്ന് സംബോധന ചെയ്തു ചക്രവർത്തി. തൻറെ ബോധമണ്ഡലത്തിൽ ചില വിസ്ഫോടനങ്ങൾ നടക്കുന്നതായി അദ്ദേഹമറിഞ്ഞു.

ഇതുവരെയുള്ള ഗുരുക്കന്മാർ അറിവുകൾ പകർന്നതെല്ലാം മാനുഷിക ബുദ്ധിയുടെ തലത്തിലായിരുന്നു. ഇപ്പോഴിതാ തലമുണ്ഡനം ചെയ്തുകൊണ്ട് സ്വന്തം സൗന്ദര്യത്തെ ഇകഴ്ത്തിക്കാണിക്കുന്ന ഒരു യുവാവ് ചക്രവർത്തിയുടെ ഹൃദയത്തെ വാക്കുകൾകൊണ്ട് ഉലച്ചിരിക്കുന്നു. ചക്രവർത്തിക്ക് മുന്നിൽ നിൽക്കുന്ന ആ തേജസ് ആരെന്നറിയാൻ അദ്ദേഹത്തിന് തിടുക്കമായി.

''ഗുരോ അങ്ങ് ആരാണ്, അങ്ങയുടെ പേരെന്ത്? ഇത്ര ചെറുപ്പത്തിലെ അങ്ങേയ്ക്ക് ഈ അറിവുകൾ എങ്ങിനെ ലഭിച്ചു ?''

ആ ചെറുപ്പക്കാരൻ യാത്ര പറയുവാനായി എഴുന്നേറ്റു. ചക്രവർത്തിയെ വന്ദിച്ചു കൊണ്ട് പറഞ്ഞു

''ചക്രവർത്തി തിരുമനസ്സേ, എൻറെ പേര് സിദ്ധാർത്ഥ ഗൗതമൻ. ഒരിക്കൽ ഞാനും അങ്ങയെപ്പോലെ രാജ്യം ഭരിച്ചിരുന്നു, യുദ്ധം ചെയ്തിരുന്നു, വലിയയൊരു സാമ്രാട്ട് ആകുവാൻ കൊതിച്ചിരുന്നു. പക്ഷെ ഞാൻ കണ്ട ഏറ്റവും വലിയ യുദ്ധക്കളം എൻറെ അന്തരംഗമായിരുന്നു. എന്തുകൊണ്ട് എനിക്ക് സൗഭാഗ്യങ്ങൾ ....?

എന്തുകൊണ്ട് മറ്റുള്ളവർക്ക് തീരാത്ത കഷ്ട്ങ്ങൾ.....?

അതായിരുന്നു എൻറെ മനസ്സിൽ നടന്നുകൊണ്ടിരുന്ന സംഘട്ടനങ്ങൾ.....

എൻറെ ചോദ്യങ്ങൾക്ക് ഉത്തരമൊന്നും കിട്ടിയില്ല. മനസു കൂടുതൽ കലുഷമായി. ഉത്തരം ഇല്ലാതാകുമ്പോൾ, സത്യം അറിയാതിരിക്കുമ്പോൾ ഏതൊരു മനുഷ്യനും ആയിത്തീരുമ്പോലെ ഞാനും ഒരു ഭീരുവായി മാറി. ഒരു രാത്രിയിൽ സ്വന്തം ഭാര്യയോട് പോലും യാത്രപറയാതെ, ഒരു ചോരനെപോലെ, ആരുടെയും ശ്രദ്ധയിൽ പെടാതെ, കൊട്ടാരവും രാജ്യവും രാജകീയ സുഖങ്ങളും ഉപേക്ഷിച്ചു യാത്ര തുടങ്ങി....

അനേകം ഗുരുക്കന്മാരെ കണ്ടെത്തി. മനുഷ്യൻറെ കഷ്ട്തയ്ക്ക് കാരണമെന്തെന്നും അതിനു പരിഹാരമെന്തെന്നും ഉത്തരം തേടി. ബഹുഭൂരിപക്ഷവും പറഞ്ഞത് ഈശ്വരനിശ്ചയം, മുൻ ജന്മങ്ങളുടെ ഫലം, കർമ്മഫലം എന്നൊക്കെയായിരുന്നു, പരിഹാരം ആരുടെയും കയ്യിൽ ഇല്ലായിരുന്നു.

എൻറെ ചോദ്യത്തിനു ഉത്തരം ലഭിച്ചില്ല. എൻറെ മനസുകൂടുതൽ കലങ്ങി. അല്ലയോ മഹാനായ ചക്രവർത്തീ... എന്നിലും അങ്ങയിലും അങ്ങയുടെ സൈനികരിലും സേവകരിലും ചണ്ഡാളരിലും, ചെരുപ്പ്കുത്തിയിലും എല്ലാം ഒരേ അളവിൽ നിറഞ്ഞിരിക്കുന്ന ആത്മപ്രകാശത്തെ കണ്ടെത്തി ഉത്തരം തേടാനായി ഞാൻ ഒരു ബോധിമരച്ചുവട്ടിലിരുന്നു ധ്യാനിച്ചു.

ദുഖത്തിനും ദുരിതങ്ങൾക്കും ഹേതുവെന്തെന്ന് ആഴത്തിൽ മനനം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ എനിക്ക് ആത്മദർശനം ലഭിച്ചു. തൃഷ്ണയാണ് സകല ദുഖഹേതുവെന്നും, തൃഷ്ണവെടിഞ്ഞു സത്യത്തിൽ ചരിക്കുന്നതാണ് ഇതിൽ നിന്നെല്ലാം മോചനം നേടുവാനുള്ള മാർഗ്ഗമെന്നും ബോധ്യം ലഭിച്ചു.''



തൻറെ പുതിയ ഗുരുവിനെ കണ്ടുമുട്ടിയ ശേഷം അലക്സാണ്ടർ ചക്രവർത്തി ഒരു സുപ്രധാന തീരുമാനം കൈകൊണ്ടു. ഇനിമേൽ തൻറെ സേവകർ ആരും തന്നോട് സംസാരിക്കുമ്പോൾ തലകുമ്പിട്ടു മുമ്പിൽ നിൽക്കേണ്ടതില്ലെന്നു കല്പനയായി. ചക്രവർത്തിക്കു യുദ്ധങ്ങൾ മടുത്തു. നേടിയതെല്ലാം കൂടെയുള്ളവർക്ക് നൽകി അദ്ദേഹം ഹിന്ദ് രാജ്യത്തു നിന്നും തിരികെ മടങ്ങി. മടക്കയാത്രയിൽ ബാബിലോണിയിൽ വച്ചു

രോഗംവന്നു മരണമടഞ്ഞ ചക്രവർത്തിയുടെ ശവസംസ്കാരത്തിനു മുന്നേ അദ്ദേഹത്തിൻറെ സാമ്രാജ്യം സൈനീക പ്രമാണികൾ പങ്കുവച്ചെടുത്തു; അദ്ദേഹം വെറും കയ്യോടെ ഇഹലോകത്തു നിന്നു മടങ്ങി.

അലക്സാണ്ടർ ചക്രവർത്തിയും ബോധിസത്വനും എൻറെയുള്ളിൽ ചൈതന്യമായി. എൻറെ ധ്യാനത്തിൽ ഇത്തരം ചിന്തകൾ ആയിടെയായി വല്ലാതെ കടന്നുവരാൻ തുടങ്ങി. മനസ് അശാന്തമാകാൻ തുടങ്ങി. മനുഷ്യൻറെ ചരിത്രം തന്നെ തുടങ്ങുന്നത് ചോരയുടെയും ഹിംസയുടെയും ചരിത്രങ്ങളിൽ നിന്നുമാണല്ലോ? ആദ്യമായി മണ്ണിൽ വീണ ആബേലിന്റെ രക്തം അവിടെ നിന്നും നിലവിളിച്ചു. അതോടെ മനുഷ്യരാശിയുടെ ഉള്ളം അശാന്തമായി. ശാന്തിയില്ലാത്ത മനസ്സിൽ ശാന്തനായ ദൈവം കുടികൊള്ളുമോ? പോകണം. എനിക്കും സർവതും ത്യജിക്കണം. ഉള്ളിലെ ശാന്തനായ ദൈവത്തെ കണ്ടുമുട്ടണം.

പൂർവികരുടെ തിരുവെഴുത്തുകളിലെ പ്രതികാരദാഹിയായ, ഇടിമുഴക്കം പോലെ സംസാരിക്കുന്നവനായ ദൈവത്തിനപ്പുറം എൻറെയുള്ളിൽ കുടിയിരിക്കുന്ന ദൈവത്തെ കണ്ടെത്തണം. ചെമ്മരിയാടിനെപ്പോലെ ശാന്തനും കരുണയോടെ സംസാരിക്കുന്നവനുമായ ദൈവത്തെ കണ്ടെത്തണം. സമ്പത്ത് കൂട്ടിവയ്ക്കുന്നവനല്ല ഹൃദയശുദ്ധിയുള്ള ദരിദ്രനാണ് ഭാഗ്യവാനെന്നു പറയുന്ന ദൈവത്തെയാണ് എനിക്കിഷ്ടം.

ദൈവം സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും സ്വന്തം ആത്മാവിനെ സന്നിവേശിപ്പിക്കുകയും ചെയ്ത മനുഷ്യർക്കിടയിൽ അടിമയും ഉടമയും എന്ന വ്യവസ്ഥയെയും, അറവുമാടുകളെപ്പോലെ ജീവനുള്ള മനുഷ്യനെ വിലപേശി കച്ചവടം ചെയ്യുന്ന അടിമക്കച്ചവടത്തെയും അംഗീകരിക്കുന്ന ദൈവത്തിൻറെ നീതിബോധ പൊരുൾ എങ്ങിനെയാണ് സാധാരണ മനുഷ്യനായ ഒരുവന് മനസ്സിലാകുന്നത്? അതോ മനുഷ്യൻറെ ഹിതത്തിനു അനുസൃതമായി ദൈവം തൻറെ നീതിയിൽ മാറ്റങ്ങൾ വരുത്തുന്നുവോ? അങ്ങിനെയെങ്കിൽ എങ്ങിനെയാണ് സകലസൃഷ്ടികളോടും തനിക്കു കരുണയുണ്ടെന്നു ദൈവത്തിനു അവകാശപ്പെടാനാവുക? ഇതുവരെ അറിഞ്ഞതൊന്നും സത്യമല്ലെന്ന് എനിക്ക് തോന്നി, ഗ്രന്ഥങ്ങൾ ഒന്നും പൂർണ്ണമായ സത്യം വിളിച്ചു പറയുന്നില്ല, അവ പറയുന്നത് ഓരോ സമയത്തു സ്വീകാര്യമായ ന്യായവാദങ്ങൾ മാത്രം.

സത്യം തേടുന്ന മനുഷ്യൻ, നന്മയുടെ മാർഗ്ഗത്തിൽ ചരിക്കുന്ന മനുഷ്യൻ, അവൻ വിജാതീയൻ ആണെന്ന കാരണത്താൽ അവനു ആത്മരക്ഷയില്ലാതാകുന്നത് എങ്ങിനെ? അവൻറെ ജനനവും കുലവും ഗോത്രവും അവൻറെ തിരഞ്ഞെടുപ്പ് അല്ലാതാകുമ്പോൾ ഏക ദൈവത്തിൽ അവൻ വിശ്വസിക്കാത്തതു മൂലം അവനെയെങ്ങിനെ മാറ്റിനിർത്തെപ്പെടേണ്ട വിജാതീയൻ ആയിത്തീരും?. ഉത്തരം കിട്ടാത്ത ഇത്തരം ചോദ്യങ്ങൾ സ്വയം ചോദിച്ചുകൊണ്ട് ആത്മസംഘർഷമനുഭവിച്ചിരുന്നു എന്നല്ലാതെ അതിനൊരു ഉത്തരവും കിട്ടിയില്ല. ലക്ഷ്യമില്ലാതെ കുഴഞ്ഞ മനസുമായി ഒത്തിരിയോടി.....

പക്ഷെ ഞാൻ വിചാരിച്ച പോലെയൊന്നുമായിരുന്നില്ല പിന്നീടു നടന്നത്. മനുഷ്യൻ കുശവന്റെ കയ്യിലെ കുഴമണ്ണുപോലെയാണെന്നു പറഞ്ഞപോലെ. സൃഷ്ടാവ് അവനിഷ്ടമുള്ള രൂപത്തിൽ മെനയുവാൻ വേണ്ടി എന്നെ ചവിട്ടികുഴച്ചു പതം വരുത്തികൊണ്ടേയിരുന്നു. അവൻ അവൻറെ വഴികളിലൂടെ എന്നെ നടത്തി. എൻറെ വഴികൾ ഞാൻ അറിയാതെ മാറി മറിയുകയായിരുന്നു.

ദേശത്ത് എന്തോ സംഭവിക്കാനുള്ള മാറ്റങ്ങൾ യഹോവ സൃഷ്ടിക്കുകയാണെന്ന് എന്റെയുള്ളിൽ ചില വെളിപാടുകൾ ഉണ്ടായി.

അതിനെ ബുദ്ധിയിലേക്കൊന്ന് വെളിപ്പെടുത്തിയെടുക്കാൻ ഞാൻ വല്ലാതെ പാടുപെട്ടു. പേരുകൊണ്ട് ഞാനും ജോസഫാണെങ്കിലും ഫറവോയുടെ സ്വപ്നം വെളിപ്പെടുത്തിയ പൂർവപിതാമഹനായ ഈജിപ്റ്റിലെ ജോസഫൊന്നുമാകാൻ എനിക്കാവില്ലല്ലോ. ഞാൻ അത്രമാത്രം എന്തുള്ളൂ.? മാറ്റം വരാൻ നിയോഗങ്ങൾ ഉണ്ടാകുമ്പോൾ പ്രകൃതിക്ക് രൂപമാറ്റങ്ങൾ സംഭവിക്കും. വെളിപാടുകളുടെ ദുരന്ത സന്ദേശവുമായി എന്നപോലെ ദൂരെ നിന്നും പറന്നു വരുന്ന പക്ഷികളെക്കൊണ്ട് ആകാശമണ്ഡലം നിറഞ്ഞപ്പോൾ ഭയം തോന്നി.

പണ്ട്... ഫറവോന്റെ നാട്ടിലേക്ക് വെട്ടുക്കിളി ബാധ വന്ന് നിറഞ്ഞ പോലെ.... നീതിമാനെ കൊന്ന് കൊലവിളിക്കുന്ന ലോകം....

ഇനി എന്തായിരിക്കും സംഭവിക്കുക? ഈ പക്ഷികളായിരിക്കുമോ

വരാനുള്ളത് ഇനി വെളിപ്പെടുത്തുക ? അവ തന്റെ നേരേ പാഞ്ഞടുക്കുകയാണല്ലോ?

കൂർത്ത കൊക്കുകളിൽ ചോരയുടെ നനവുകൾ.... തലയ്ക്കു ചുറ്റും പാറിപ്പറക്കുന്ന പക്ഷികളുടെ

ചിറകടികൾ കേട്ട് കൂനിക്കൂടി മണ്ണിലേക്ക് കുനിഞ്ഞിരുന്നു പോയി. വീശിയടിക്കുന്ന മണൽക്കാറ്റിന്റെ ആരവത്തിൽ അറിയാതെ ചെവി പൊത്തി.

ഉള്ളം കിടുക്കുന്ന മായകാഴ്ചകളുടെ പൊരുളറിയാതെ കുഴങ്ങിയ ഞാൻ നാളുകൾ. എൻറെ ദൈവമേ എൻറെ ദൈവമേ ബാല്യം മുതൽ നീ എന്നെ പരീക്ഷിക്കുകയായിരുന്നു. ഞാൻ ദരിദ്രനും ദുർബലനുമാണ് എന്നോട് നീ കരുണകാണിക്കണമേ. ഞാൻ അപ്പോഴൊക്കെ പ്രാർത്ഥയിലൂടെ സമാശ്വാസം തേടിക്കൊണ്ടിരിക്കുകയായിരുന്നു.




# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

State Farm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL





മലയാളത്തിലെ
പിന്നണി സംഗീതത്തിലെ
മാറ്റങ്ങൾ കാണുകയും
താരങ്ങളുമായി
പ്രവർത്തിക്കുകയും വീഴ്ചകളും
ഉയർച്ചകളും കാണുകയും
ചെയ്ത സംഗീതകാരൻ
**എസ് രാജേന്ദ്ര ബാബു**
പാട്ടിൻറെ കാലം ഓർക്കുന്നു

എന്റെ സംഗീത വഴികൾ – 5

# രവീന്ദ്ര സംഗീതം

**രവീന്ദ്രൻറെ രംഗപ്രവേശത്തോടെ മലയാളത്തിന് ഒരു പുതിയ ചലച്ചിത്ര സംഗീത ഭാഷ്യം ലഭിച്ചു. കേൾക്കാൻ അതീവ ഹൃദ്യവും പാടാൻ അതിസങ്കീർണവും, അതായിരുന്നു അദ്ദേഹത്തിൻറെ ഈണങ്ങളുടെ പ്രത്യേകത.**



കോടമ്പാക്കത്ത് പവർ ജംഗ്ഷനു സമീപമായി വളരെ പഴക്കമുള്ള ഒരു ലോഡ്ജ് ഉണ്ടായിരുന്നു. ചലച്ചിത്ര രംഗത്തു മിന്നിത്തിളങ്ങാൻ നാട്ടിൽ നിന്ന് സ്വപ്നങ്ങൾ നെയ്തെത്തുന്ന യുവാക്കൾക്ക് കുറഞ്ഞ ചെലവിൽ താമസിക്കാനൊരിടം. ഇടുങ്ങിയ ധാരാളം മുറികളുള്ള ലോഡ്ജിൽ എല്ലാ അന്തേവാസികൾക്കും പൊതുവായി മൂന്നോ നാലോ ശുചിമുറികൾ മാത്രമാണുള്ളത്.

പൈപ്പ് സൗകര്യം ഒന്നുമില്ല. കുടിക്കാനും കുളിക്കാനും ഏക ആശ്രയം ആഴമേറിയ ഒരു കിണറാണ്. ലോഡ്ജിന് പ്രത്യേകിച്ച് പേരില്ല. മുൻവശത്ത് എപ്പോഴും';ടുലെറ്റ്' (വാടകയ്ക്ക്) എന്നൊരു പഴയ ബോഡ് ചരിഞ്ഞ് തൂങ്ങിക്കി

ടപ്പുണ്ടാകും. ധാരാളം മുറികൾ ഉള്ളതുകൊണ്ട് ഏതെങ്കിലും മുറികളൊക്കെ ഒഴിവുണ്ടായിരിക്കുമെന്നതിനാൽ ബോഡ് ഒരിക്കലും മാറ്റേണ്ടി വരില്ല. അതിനാൽ നാട്ടുകാർ തന്നെ ലോഡ്ജിനു പേരിട്ടു – 'ടു ലെറ്റ് ലോഡ്ജ്'. കൊല്ലത്ത് യൂണിവേഴ്സൽ തിയേറ്റേഴ്സ് എന്ന നാടക സമിതിയിൽ 'നീതിപീഠം'; എന്ന നാടകത്തിൻറെ സംഗീത സംവിധാനത്തിന് കണ്ണൂർ രാജൻറെ സഹായിയായി ഞാൻ പ്രവർത്തിച്ചപ്പോൾ നിലമ്പൂർ കാർത്തികേയനായിരുന്നു ഗായകൻ.

തിരുവനന്തപുരം സ്വാതിതിരുനാൾ അക്കാദമിയിലെ സംഗീത വിദ്യാഭ്യാസം (ഗാനപ്രവീണ) പൂർത്തിയാക്കി പിന്നണിഗാന രംഗത്ത് ഭാഗ്യം പരീക്ഷിക്കാനായി അദ്ദേഹം ടു ലെറ്റ് ലോഡ്ജിൽ താമസമാക്കിയിട്ടുണ്ട്.

ദേവരാജൻ മാസ്റ്ററുടെ പിന്തുണ കാർത്തികേയന് ലഭിച്ചിരുന്നതിനാൽ മാസ്റ്ററുടെ ഈണത്തിൽ ചില ഗാനങ്ങളൊക്കെ കാർത്തികേയൻ ഇതിനകം പാടിക്കഴിഞ്ഞിരുന്നു. 'തിനിർവേദം'എന്ന ചിത്രത്തിനു വേണ്ടി ജയചന്ദ്രനുമൊത്തു പാടിയതായിരുന്നു കാർത്തികേയൻറെ അപ്പോഴത്തെ ഏറ്റവും പുതിയ പാട്ട് –'കാലം കുഞ്ഞുമനസ്സിൽ ചായം കൂട്ടി...'

ഒഴിവു സമയങ്ങളിലൊക്കെ കാർത്തികേയൻറെ മുറി സന്ദർശിക്കുക എൻറെ പതിവായിരുന്നു. രതിനിർവേദത്തിൻറെ ചിത്രീകരണത്തിനിടെ ഒരിടവേളയിൽ കൃഷ്ണചന്ദ്രനെ കാർത്തികേയൻറെ മുറിയിൽ കാണാനിടയായി. പതിനാറ്, പതിനേഴ് വയസ്സ് പ്രായമുണ്ടാകും. കാർത്തികേയനും കൃഷ്ണചന്ദ്രനും ഒരേനാട്ടുകാരാണ് – നിലമ്പൂർ. കൃഷ്ണചന്ദ്രൻറെ സംഗീതഗുരു കൂടിയാണ് കാർത്തികേയൻ. മറ്റു ചില ഗായകരെയും കാർത്തികേയൻറെ മുറിയിൽ കണ്ടിട്ടുണ്ട്. ഗായകൻ കെപി ഉദയഭാനുവിൻറെ സഹോദരൻ ചന്ദ്രഭാനു ആയിരുന്നു ഒരാൾ. മറ്റൊരാൾ കൊല്ലത്തെ കുളത്തൂപ്പുഴയിൽ നിന്നുള്ള രവി. കാർത്തികേയൻറെ മുറി അതിനാൽ തന്നെ എപ്പോഴും സംഗീതമുഖരിതമായിരിക്കും. വേദികളിലെ മികച്ച ഗായകനെന്ന നിലയിൽ രവി നാട്ടിൽ പ്രശസ്തനായിരുന്നു. സാധാരണ ഗായകർക്കൊന്നും പാടാനാകാത്ത ';ഒരു നാൾ പോതുമാ...' തുടങ്ങിയ അതിസങ്കീർണമായ തമിഴ് ഗാനങ്ങൾ ഇടിവെട്ടുപോലുള്ള ശബ്ദത്തിൽ അനായാസം പാടാനുള്ള കഴിവായിരുന്നു രവിയുടെ പ്രത്യേകത.



**കൃഷ്ണചന്ദ്രൻറെ സംഗീതഗുരു കൂടിയാണ് കാർത്തികേയൻ. മറ്റു ചില ഗായകരെയും കാർത്തികേയൻറെ മുറിയിൽ കണ്ടിട്ടുണ്ട്. ഗായകൻ കെപി ഉദയഭാനുവിൻറെ സഹോദരൻ ചന്ദ്രഭാനു ആയിരുന്നു ഒരാൾ. മറ്റൊരാൾ കൊല്ലത്തെ കുളത്തൂപ്പുഴയിൽ നിന്നുള്ള രവി. കാർത്തികേയൻറെ മുറി അതിനാൽ തന്നെ എപ്പോഴും സംഗീതമുഖരിതമായിരിക്കും. വേദികളിലെ മികച്ച ഗായകനെന്ന നിലയിൽ രവി നാട്ടിൽ പ്രശസ്തനായിരുന്നു.**

പിന്നണിഗാന രംഗത്ത് സജീവമാകാൻ കോടമ്പാക്കത്ത് എത്തിയെങ്കിലും അർഹമായ അവസരങ്ങളൊന്നും അദ്ദേഹത്തെ തേടിയെത്തിയിരുന്നില്ല. 'വെള്ളിയാഴ്ച'; എന്ന ചിത്രത്തിൽ ബാബുരാജിൻറെ സംഗീതത്തിൽ ജാനകിയമ്മയോടൊപ്പം 'പാർവണ രജനി'എന്നു തുടങ്ങുന്നൊരു യുഗ്മഗാനം പാടിയതൊഴികെ കോറസ് പാടാനുള്ള അവസരങ്ങൾ മാത്രമാണ് അപൂർവമായി അദ്ദേഹത്തിന് ലഭിച്ചിരുന്നത്.

ഭാര്യയും കുഞ്ഞുങ്ങളുമായി ജീവിക്കുന്ന അദ്ദേഹം നിത്യവൃത്തിക്ക് നന്നേ ബുദ്ധിമുട്ടിയിരുന്നു. എന്നെക്കാൾ പ്രായമുണ്ടായിരുന്ന രവിയെ ഞാൻ രവിയേട്ടനെന്നു വിളിച്ചു. ഒരേനാട്ടുകാർ ആയിരുന്നതുകൊണ്ട് ആ പരിചയവും ബന്ധവും സഹോദരസ്നേഹം പോലെ വളർന്നു. കണ്ണൂർ രാജനും ഞാനും ഒരിക്കൽ ആർക്കാട്ട് റോഡിലെ ഒരു ചായക്കടയിലേക്കു കടക്കുമ്പോൾ അകലെ നിന്ന് രവിയേട്ടൻ വരുന്നതു കണ്ടു.'വേഗം അകത്തു പോകാം. അവൻ കാണണ്ട,'; രാജൻ സാർ പറഞ്ഞു.

രണ്ട് ചായക്കുള്ള പൈസയേ കൈയിൽ ഉണ്ടായിരുന്നുള്ളു. 'പല്ലവി'എന്ന ചിത്രത്തിനു ശേഷം രണ്ടാമതൊരു ചിത്രം ലഭിക്കാൻ രാജൻ സാറിന് വളരെക്കാലം കാത്തി

രിക്കേണ്ടി വന്നു. ജീവിതച്ചെലവ് കണ്ടെത്താൻ പാടുപെടുന്ന കാലം. രാജൻ സാറിനോടൊപ്പമാണ് എൻറെ താമസം. കൊല്ലത്തു നിന്ന് വരുമ്പോഴൊക്കെ കുറച്ചു രൂപ ഞാൻ കൈയിൽ കരുതുക പതിവാണ്. പക്ഷെ പലചരക്ക് കടയിലും മറ്റുമുള്ള കടവും വീട്ടുവാടകയും കൊടുക്കുന്നതോടെ അതൊക്കെ തീരും. സിനിമാ മോഹവുമായി കോടമ്പാക്കത്തെത്തുന്ന ഒട്ടുമിക്ക മലയാളികളുടെയും അവസ്ഥ ഇതൊക്കെത്തന്നെ.

വൈകുന്നേരങ്ങളിൽ തെരുവുകളിൽ അലയുമ്പോൾ കണ്ടുമുട്ടുന്നവരിലാരെങ്കിലും ഒരു ചായ വാങ്ങിത്തന്നെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടില്ലാത്ത ഒരു ഭാഗ്യാന്വേഷിയും കോടമ്പാക്കത്ത് ഉണ്ടായിരുന്നില്ല. വിജയിച്ചവരുടെ മാത്രമല്ല, പരാജയപ്പെട്ടവരുടെയും കൂടി ചരിത്രമാണ് സിനിമ. രാജൻ സാറും ഞാനും ചായക്കടയ്ക്കുള്ളിൽ കടന്ന് പതുങ്ങിയിരുന്നു. അൽപം കഴിഞ്ഞപ്പോൾ അതാ കടന്നുവരുന്നു രവിയേട്ടൻ. ';നിങ്ങളെ ഞാൻ കണ്ടു'; രവിയേട്ടൻറെ മുഖത്ത് ചിരി. രാജൻ സാറിൻറെ മുഖത്ത് മ്ലാനത. ഒരു ചായ കൂടി പറയാൻ പൈസയില്ല. ഒടുവിൽ രണ്ട് ചായ മൂന്നുപേർ പങ്കിട്ടു കുടിച്ചു.

കോടമ്പാക്കത്തെ വണ്ണിയർ സ്ട്രീറ്റിലും ഡയറക്ടേഴ്സ് കോളനിയിലും മസൂദി തെരുവിലും

**'വെള്ളിയാഴ്ച'; എന്ന ചിത്രത്തിൽ ബാബുരാജിൻറെ സംഗീതത്തിൽ ജാനകിയമ്മയോടൊപ്പം 'പാർവണ രജനി'എന്നു തുടങ്ങുന്നൊരു യുഗ്മഗാനം പാടിയതൊഴികെ കോറസ് പാടാനുള്ള അവസരങ്ങൾ മാത്രമാണ് അപൂർവമായി രവീന്ദ്രന് ലഭിച്ചിരുന്നത്**

സെയ്ദാപേട്ട് റോഡിലുമൊക്കെ വൈകുന്നേരങ്ങളിൽ പാടിയും പറഞ്ഞും രവിയേട്ടനുമൊത്ത് ഞാൻ അലഞ്ഞു നടന്നിട്ടുണ്ട്. ഈ യാത്രകളിൽ മുമ്പ് കേട്ടിട്ടില്ലാത്ത പല പാട്ടുകളും അദ്ദേഹം എന്നെ




പാടിക്കേൾപ്പിക്കുക പതിവായിരുന്നു. എല്ലാം പുതിയ പാട്ടുകൾ. രചനയും സംഗീതവും അദ്ദേഹം തന്നെ. തൻറെ പാട്ടുകൾക്ക് മറ്റ് പാട്ടുകളുമായി എന്തെങ്കിലും സാമ്യം തോന്നുന്നുണ്ടോ എന്ന് എപ്പോഴും ആരാഞ്ഞുകൊണ്ടിരുന്നു. സലിൽ ചൗധരിയുടെ ഈണങ്ങളുമായി സാമ്യമുണ്ടോ എന്നാണ് പ്രധാനമായും അന്വേഷിച്ചിരുന്നത്. നാട്ടിൽ വർഷങ്ങളായി ഗാനമേളകളിൽ മുഴുകിക്കഴിഞ്ഞ എനിക്ക് ഏതു പാട്ടിലും എന്തെങ്കിലും സാമ്യം ഉണ്ടെങ്കിൽ അതു നിഷ്പ്രയാസം കണ്ടെത്താൻ കഴിയുമായിരുന്നു. രവിയേട്ടൻറെ ഗാനങ്ങളിലൊന്നും യാതൊരുവിധ സാമ്യവും കണ്ടെത്താനായില്ല. തികച്ചും മൗലികമായ ഈണങ്ങൾ.

പിന്നണിഗാനരംഗത്ത് പ്രതീക്ഷ അസ്തമിച്ചു തുടങ്ങിയതോടെ അദ്ദേഹം ഡബ്ബിംഗ് രംഗത്ത് ഒരു ശ്രമം നടത്തി. ചവറ വിപി നായർ (ഉർവശിയുടെ പിതാവ്), പ്രതാപചന്ദ്രൻ, ഹരി, ചന്ദ്രമോഹൻ തുടങ്ങിയ ഡബ്ബിംഗ് കലാകാരന്മാരുടെ പിന്തുണയോടെ രവിയേട്ടൻ ആ മേഖലയിൽ ചുവടുറപ്പിച്ചു. രവികുമാർ എന്ന നായക നടന് തൻറെ ശബ്ദം അനുയോജ്യമായതോടെ അദ്ദേഹം തിരക്കിലായി. അതുവരെയുള്ള ഉറപ്പില്ലാത്ത ജീവിതത്തിന് ഒരടുക്കും ചിട്ടയും താളവുമൊക്കെ വന്നുതുടങ്ങി. അപ്പോഴും തൻറെ സംഗീതസ്വപ്നങ്ങൾ അദ്ദേഹം മനസ്സിൽ താലോലിച്ചിരുന്നു.

വണ്ണിയർ സ്ട്രീറ്റിൽ നിന്ന് ആർക്കാട്ട് റോഡിലേക്കുള്ള വെള്ളാളർ തെരുവിലൂടെ ഒരിക്കൽ രാജൻ സാറും ഞാനും നടക്കുമ്പോൾ പെട്ടെന്ന് ദാസേട്ടൻറെ കാർ അരികിൽ വന്നു നിന്നു. 'എങ്ങോട്ടാ രണ്ടു

**രാജൻ സാറിനോടൊപ്പമാണ് എൻറെ താമസം. കൊല്ലത്തു നിന്ന് വരുമ്പോഴൊക്കെ കുറച്ചു രൂപ ഞാൻ കൈയിൽ കരുതുക പതിവാണ്. പക്ഷെ പലചരക്ക് കടയിലും മറ്റുമുള്ള കടവും വീട്ടുവാടകയും കൊടുക്കുന്നതോടെ അതൊക്കെ തീരും. സിനിമാ മോഹവുമായി കോടമ്പാക്കത്തെത്തുന്ന ഒട്ടുമിക്ക മലയാളികളുടെയും അവസ്ഥ ഇതൊക്കെത്തന്നെ.**





പേരും കൂടി?; അദ്ദേഹം ഡോർ തുറന്നു. ഞാൻ മുന്നിലും രാജൻ സാർ ദാസേട്ടനൊപ്പം പിറകിലും കയറി. 'നിനക്ക് നമ്മുടെ രവിയുടെ വീടറിയാമോ,' ദാസേട്ടൻറെ ചോദ്യം എന്നോടാണ്. അറിയാമെന്ന് ഞാൻ. കാർ മുന്നോട്ട് കുതിച്ചു. വണ്ണിയർ സ്ട്രീറ്റിൽ ഒരു വീടിൻറെ രണ്ടാം നിലയിലാണ് രവിയേട്ടൻറെ താമസം.

'നീ പോയി രവിയെ ഞാൻ വിളിക്കുന്നെന്നു പറ' ദാസേട്ടൻ പറഞ്ഞു. ഞാൻ രണ്ടാം നിലയിലേക്കു പോയി രവിയേട്ടനെയും കൂട്ടി തിരികെ വന്നു. കാറിനുള്ളിലിരുന്ന് ദാസേട്ടനും രവിയേട്ടനും സംസാരിച്ചു. രാജൻ സാറും ഞാനും പുറത്തു കാത്തുനിന്നു.

അൽപനേരം കഴിഞ്ഞ് ഞങ്ങൾ മടങ്ങി. ദാസേട്ടൻ പറഞ്ഞു തുടങ്ങി -'പാടാൻ വന്നവനാണ്. എന്തു ചെയ്യാം. രക്ഷപ്പെട്ടില്ല. ഞാൻ അവനെ സംഗീത സംവിധായകനാക്കാൻ ശ്രമിക്കുകയാണ്. അവന് അതിൽ നല്ല കഴിവുണ്ടെന്നു തോന്നുന്നു. ശശികുമാർ സാറിനോടു പറഞ്ഞ് ഒരു പടം ശരിയാക്കിയിട്ടുണ്ട്.

രക്ഷപ്പെടുമോയെന്നു നോക്കാം. അവൻറെ കുളത്തൂപ്പുഴ രവി എന്ന പേരു മാറ്റണമെന്നു ഞാൻ പറഞ്ഞു. രവി എന്നാൽ സൂര്യൻ. കുളത്തിലും പുഴയിലുമൊന്നും കിടന്നാൽ സൂര്യൻ ജ്വലിക്കില്ല. അച്ഛനമ്മമാർ ഇട്ട പേരു പോരേയെന്ന് ഞാൻ ചോദിച്ചു. അവൻ സമ്മതിച്ചു.'അങ്ങനെ ഗായകൻ കുളത്തൂപ്പുഴ രവി സംഗീത സംവിധായകൻ രവീന്ദ്രനായി.

സിനിമാരംഗത്തെ പിന്നണി പ്രവർത്തകരുടെ ഒരു കൂട്ടായ്മ നവരത്ന മൂവി മേക്കേഴ്സ് എന്ന ബാനറിൽ ഒരു ചിത്രം നിർമ്മിക്കാൻ തീരുമാനിച്ചു. ചിത്രത്തിൻറെ സംവിധായകൻ ശശികുമാർ. ചിത്രത്തിൻറെ പേര് 'ചൂള'. ഈ ചിത്രമാണ് യേശുദാസ് രവീന്ദ്രനു വേണ്ടി ശുപാർശ ചെയ്തത്. യേശുദാസിൻറെ ശുപാർശ സംവിധായകനും നിർമ്മാതാക്കളും നിരുപാധികം പരിഗണിച്ചു. പിജെ ആൻറണി ഏറ്റവും ഒടുവിൽ രംഗത്തുവന്ന ചിത്രം കൂടിയായിരുന്നു ചൂള. ചൂളയുടെ റെക്കോഡിംഗ് മദിരാശിയിലെ തരംഗിണി സ്റ്റുഡിയോയിൽ നടന്നു. യേശുദാസിൻറെ ഉടമസ്ഥതയിൽ ആരംഭിച്ച തരംഗിണിയിലെ ആദ്യത്തെ റെക്കോഡിംഗ്. പൂജയോടനുബന്ധിച്ച് നടന്ന 'ഉപ്പിനു പോകണ വഴിയേത്' എന്ന ആദ്യ ഗാനം ജെൻസിയും ലതികയും ചേർന്ന് പാടി. സത്യൻ അന്തിക്കാടിൻറെ രചന. രവിയേട്ടൻറെ അഭ്യുദയകാംക്ഷികളായ നിരവധി പേർ പൂജാ റെക്കോഡിംഗിനു പങ്കെടുത്തിരുന്നു. തക്കസമയത്തു തന്നെ അവിടെയെത്തിയ ദേവരാജൻ മാസ്റ്ററുടെ സാന്നിധ്യം അക്ഷരാർത്ഥത്തിൽ രവിയേട്ടനെ ഞെട്ടിച്ചു.

മാസ്റ്ററെ രവിയേട്ടൻ പൂജാ റെക്കോഡിംഗിനു ക്ഷണിച്ചിരുന്നില്ല. എന്നാൽ നേരിട്ട് ക്ഷണിച്ചിരുന്ന മറ്റ് സംഗീത സംവിധായകരാകട്ടെ പങ്കെടുത്തതുമില്ല. അന്നു വൈകുന്നേരം ചൂളയിലെ മറ്റൊരു ഗാനം റെക്കോഡ് ചെയ്തു 'താരകേ, മിഴിയിതളിൽ കണ്ണീരുമായി...'

കോടമ്പാക്കത്തെ സെയ്ദാപ്പേട്ട റോഡിലൂടെ നടക്കുമ്പോൾ രവിയേട്ടൻ എന്നെ പാടിക്കേൾപ്പിച്ച ഈണം! അടുത്ത ദിവസം രാവിലെ റെക്കോഡ് ചെയ്ത പാട്ടിൻറെ ഈണവും എനിക്ക് സുപരിചിതം -'സിന്ദൂരസന്ധ്യക്കു മൗനം മന്ദാര

**ഈ യാത്രകളിൽ മുമ്പ് കേട്ടിട്ടില്ലാത്തപല പാട്ടുകളും അദ്ദേഹം എന്നെ പാടിക്കേൾപ്പിക്കുക പതിവായിരുന്നു. എല്ലാം പുതിയ പാട്ടുകൾ. രചനയും സംഗീതവും അദ്ദേഹം തന്നെ. തൻറെ പാട്ടുകൾക്ക് മറ്റ് പാട്ടുകളുമായി എന്തെങ്കിലും സാമ്യം തോന്നുന്നുണ്ടോ എന്ന് എപ്പോഴും ആരാഞ്ഞുകൊണ്ടിരുന്നു. സലിൽ ചൗധരിയുടെ ഈണങ്ങളുമായി സാമ്യമുണ്ടോ എന്നാണ് പ്രധാനമായും അന്വേഷിച്ചിരുന്നത്. നാട്ടിൽ വർഷങ്ങളായി ഗാനമേളകളിൽ മുഴുകിക്കഴിഞ്ഞ എനിക്ക് ഏതു പാട്ടിലും എന്തെങ്കിലും സാമ്യം ഉണ്ടെങ്കിൽ അതു നിഷ്പ്രയാസം കണ്ടെത്താൻ കഴിയുമായിരുന്നു.**

**ചൂളയുടെ റെക്കോഡിംഗ് മദിരാശിയിലെ തരംഗിണി സ്റ്റുഡിയോയിൽ നടന്നു. യേശുദാസിൻറെ ഉടമസ്ഥതയിൽ ആരംഭിച്ച തരംഗിണിയിലെ ആദ്യത്തെ റെക്കോഡിംഗ്. പൂജയോടനുബന്ധിച്ച് നടന്ന 'ഉപ്പിനു പോകണ വഴിയേത്' എന്ന ആദ്യഗാനം ജെൻസിയും ലതികയും ചേർന്ന് പാടി. സത്യൻ അന്തിക്കാടിൻറെ രചന. രവിയേട്ടൻറെ അഭ്യുദയകാംക്ഷികളായ നിരവധി പേർ പൂജാ റെക്കോഡിംഗിനു പങ്കെടുത്തിരുന്നു. തക്കസമയത്തു തന്നെ അവിടെയെത്തിയ ദേവരാജൻ മാസ്റ്ററുടെ സാന്നിധ്യം അക്ഷരാർത്ഥത്തിൽ രവിയേട്ടനെ ഞെട്ടിച്ചു**



ക്കാടിനു മൗനം...'

ആ പാട്ടിൻറെ രചയിതാവ് പൂവച്ചൽ ഖാദർ ആയിരുന്നു. ചൂള എന്ന ചിത്രവും രവീന്ദ്രൻറെ സംഗീതവും ഏറെ ശ്രദ്ധിക്കപ്പെട്ടു. പക്ഷെ രണ്ടാമതൊരു ചിത്രം ലഭിക്കാൻ രവീന്ദ്രന് ഏറെ കാത്തിരിക്കേണ്ടി വന്നു. രവീന്ദ്രൻറെ രംഗപ്രവേശത്തോടെ മലയാളത്തിന് ഒരു പുതിയ ചലച്ചിത്ര സംഗീത ഭാഷ്യം ലഭിച്ചു. കേൾക്കാൻ അതീവ ഹൃദ്യവും പാടാൻ അതിസങ്കീർണവും, അതായിരുന്നു അദ്ദേഹത്തിൻറെ ഈണങ്ങളുടെ പ്രത്യേകത. കർണാടക സംഗീതത്തിൻറെ മേമ്പൊടിയിൽ ചാലിച്ച ആവിഷ്കാര ശൈലി അതുവരെ മക്ഷിണാമൂർത്തി സ്വാമിയിൽ മാത്രമാണ് നാം കേട്ടത്.

അതേശൈലിക്ക് രവീന്ദ്രൻ വ്യത്യസ്തമായ ഭാവം നൽകിയതോടെ മലയാള ഗാനങ്ങളുടെ രുചിക്കൂട്ട് മാറി. ആ ഗാനങ്ങളെ 'രവീന്ദ്ര സംഗീതം'എന്ന് ആസ്വാദകർ ഓമനപ്പേരിട്ടു വിളിച്ചു. ഒരു വൈകുന്നേരം കോടമ്പാക്കത്തെ ഹോട്ടൽ ഹോളിവുഡിനു മുന്നിൽ നിന്ന എന്നെ അദ്ദേഹം ഒരു പാട്ട് കേൾക്കാൻ ക്ഷണിച്ചു. അന്നു റെക്കോഡിംഗ് കഴിഞ്ഞ ഗാനമാണ്. പെട്ടെന്ന് ഞങ്ങൾ എവിഎം ആർ ആർ തിയേറ്ററിനു മുന്നിലെത്തി. റെക്കോഡിസ്റ്റ് സമ്പത്ത് തിയേറ്റർ പൂട്ടി പുറപ്പെടാനൊരുങ്ങുന്നു.'അണ്ണാ, കൊഞ്ചം നില്ലുങ്ക. നമ്മ ബാബുവുക്ക് അന്ത പാട്ട് കേൾക്കണുമാം. അണ്ണാ പ്ലീസ്,രവിയേട്ടൻറെ അഭ്യർത്ഥന. 'ബാബുവെ നാളയ്ക്ക് വര ചൊല്ല്,' സമ്പത്ത്



അണ്ണൻ തറപ്പിച്ചു പറഞ്ഞു.

ഏതു കൊലക്കൊമ്പനെയും മെരുക്കാനുള്ള രവീന്ദ്രൻറെ മികവ് ഒന്നു വേറെതന്നെ. സമ്പത്തണ്ണൻ വഴങ്ങി. കൺസോൾ റൂമിലെ വലിയ സ്പീക്കറിൽ ദാസേട്ടൻറെ ഘനഗംഭീര നാദപ്രവാഹം –'പ്രമദവനം വീണ്ടും..' ഞാൻ ആദ്യമായാണ് ഒരു പാട്ട് കേട്ട് സ്തംഭിക്കുന്നത്. അഭൗമ സംഗീതത്തിൻറെ മായാലോകം! ഞാൻ പരിസരം മറന്ന് ഇരുന്നുപോയി. പാട്ട് കേട്ടു കഴിഞ്ഞ് കാറിൽ കയറിയപ്പോൾ രവിയേട്ടൻ ഡ്രൈവിംഗ് സീറ്റിലിരുന്ന് എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

എൻറെ ഞെട്ടൽ മാറിയിരുന്നില്ല. 'നീ ഒന്നും പറഞ്ഞില്ലല്ലോ.'; പ്രമദവനത്തെ എങ്ങനെ വിശേഷിപ്പിക്കണമെന്നറിയാതെ കുഴങ്ങുകയായിരുന്നു ഞാൻ. 'രവിയേട്ടാ, ഇരുപത്തഞ്ച് വർഷം മുമ്പാണ് ഇത്ര സമ്പന്നവും ആഴമേറിയതുമായ ഒരു ഗാനം കേട്ടത്. ദേവരാജൻ മാസ്റ്ററുടെ 'നാദബ്രഹ്മത്തിൻ സാഗരം നീന്തിവരും...' അതിനു ശേഷം ദാ, ഇപ്പോഴാണ് അത്തരമൊരു ഗാനം കേൾക്കുന്നത്. ഒരമ്പതു വർഷം കഴിഞ്ഞാലും പ്രമദവനത്തിൻറെ പ്രൗഢി ഇങ്ങനെ തന്നെ നിലനിൽക്കും.'.മലയാളികളെ ആ ഗാനം എത്രത്തോളം സ്വാധീനിച്ചിരുന്നെന്ന് കാലം തെളിയിച്ചതാണല്ലോ. രവീന്ദ്രൻറെ സുന്ദരഗാനങ്ങൾ ഓരോന്നും കേൾക്കുമ്പോൾ അദ്ദേഹത്തിൻറെ തിരോധാനം വളരെ പെട്ടെന്നായിപ്പോയി എന്നു വേദനിക്കാത്ത മലയാളി ഹൃദയങ്ങളില്ല.

# JOYFUL HOME CARE

Caring for your loved ones with a joyful spirit

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

**631-737-1000**

ഒരു മലയാളി സ്ഥാപനം

**SERVING SUFFOLK, NASSAU & QUEENS COUNTY**

*Joy Mekkatte, CEO*

**MAIN OFFICE:**

1344 Middle Country Rd, Centereach, NY 11720

info@joyfulhomecare.com • www.joyfulhomecare.com

**QUEENS OFFICE:**

201-16 Hillside Ave, Hollis, NY 11423



മുത്തുവും മഞ്ജുളയും /മുത്തുവും സ്റ്റാലിനും

# കരുണാനിധിയും മുത്തുവിന്റെ കറുത്ത സ്വപ്നങ്ങളും

**എം ജി ആറിനെ മലർത്തിയടിക്കാൻ കരുണാനിധി കളത്തിൽ ഇറക്കിയ മുത്തുവിന്റെ ദുർവിധി രാഷ്ട്രീയത്തിലും സിനിമയിലും എക്കാലവും വലിയ പാഠമായിരിക്കും**

**പി കെ ശ്രീനിവാസൻ**



രാഷ്ട്രീയവും സിനിമയും കെട്ടുപിണഞ്ഞു കിടക്കുന്ന നാടാണ് തമിഴകം. സിനിമയെ രാഷ്ട്രീയത്തിന്റെ നുകത്തിൽ വച്ചുകെട്ടി ജനങ്ങളെ അമ്പരപ്പിച്ച രാഷ്ട്രീയ ചാണക്യനാണ് മുത്തുവേൽ കരുണാനിധി അഥവാ കലൈഞ്ജർ. എതിരാളിയെ വെട്ടി വീഴ്ത്താൻ പതിനെട്ടടവും അതിനപ്പുറമുള്ള ഗൂഢതന്ത്രങ്ങളും പ്രയോഗിച്ച് അങ്കത്തട്ടിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച ദ്രാവിഡപ്പെരുമാൾ. ഏതൊക്കെ രീതിയിൽ ചുവടുകൾ വച്ചാൽ ശത്രുവിന്റെ നെഞ്ചകം തകർക്കാമെന്ന കാര്യത്തിൽ കലൈഞ്ജർക്ക് അശേഷം സംശയമില്ല. അധികാരക്കസേരയിൽ കുടുംബാംഗങ്ങളെ എങ്ങനെ വിന്യസിപ്പിക്കണമെന്ന തന്ത്രം തമിഴകത്ത് ആദ്യം പരീക്ഷിച്ചു വിജയിച്ച നേതാവും കലൈഞ്ജർ തന്നെ.

1972 ഒക്ടോബറിൽ 27 വർഷത്തെ സുദൃഢസൗഹൃദം അവസാനിപ്പിക്കുമ്പോൾ എംജിആറിനെ വെട്ടിവീഴ്ത്താനുള്ള തന്ത്രങ്ങളാണ് കരുണാനിധി മനസ്സിൽ മെനഞ്ഞത്. അന്ന് എംജി രാമചന്ദ്രൻ എന്ന എംജിആർ തമിഴകത്തിന്റെ സൂപ്പർ സ്റ്റാറായി വിലസുന്ന കാലം. ജന

**സിനിമയെ രാഷ്ട്രീയത്തിന്റെ നുകത്തിൽ വച്ചുകെട്ടി ജനങ്ങളെ അമ്പരപ്പിച്ച രാഷ്ട്രീയ ചാണക്യനാണ് മുത്തുവേൽ കരുണാനിധി അഥവാ കലൈഞ്ജർ. എതിരാളിയെ വെട്ടി വീഴ്ത്താൻ പതിനെട്ടടവും അതിനപ്പുറമുള്ള ഗൂഢതന്ത്രങ്ങളും പ്രയോഗിച്ച് അങ്കത്തട്ടിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച ദ്രാവിഡപ്പെരുമാൾ.**

ഹൃദയങ്ങളിൽ വേരുറപ്പിച്ച നായകനടൻ. അജയ്യനായ ആ നടന്റെ താരാധിപത്യം അവസാനിപ്പിക്കാൻ കരുണാനിധി രംഗത്തിറക്കിയത് സ്വന്തം മൂത്തപുത്രൻ എംകെ മുത്തുവിനെയാണ്. എംജിആർ പാർട്ടിയെ ഇടംകാൽകൊണ്ട് തൊഴിച്ച് പുറത്താക്കി മധുരയിലെ മഹാസമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോരുമ്പോൾ കരുണാനിധി ആത്മഗതം പറഞ്ഞു- ''ഇവന്റെ താരപദവി ഞാൻ വലിച്ചുകീറി കുപ്പത്തൊട്ടിയിലെറിയും.''

1971 ൽ പാർട്ടിയിലെ സാമ്പത്തിക തിരിമറികളെക്കുറിച്ച് ചോദിച്ചു എന്നതു മാത്രമായിരുന്നു പാർട്ടി ട്രഷറർ എംജിആർ ചെയ്ത തെറ്റ്. തമിഴ് സിനിമയിൽ പുതിയൊരു അവതാരത്തെ അവതരിപ്പിച്ചാൽ പുരട്ച്ചി തലൈവൻ മന്നാതിമന്നൻ എംജിആറിനെ സിനിമയിൽനിന്ന് ഔട്ടാക്കാൻ കഴിയും. അങ്ങനെയാണ് ആദ്യഭാര്യ പത്മാവതിയിൽ പിറന്ന സാക്ഷാൽ എം കെ മുത്തുവിനെ അഭ്രപാളികളിൽ അത്ഭുതം സൃഷ്ടിക്കാൻ തീരുമാനിക്കുന്നത്. രാഷ്ട്രീയത്തിൽ ഒട്ടും താൽര്യമില്ലാതിരുന്ന മുത്തുവിനെ സിനിമയിൽ എത്തിച്ചാൽ അത് എംജിആറിന്റെ താരപരിവേഷത്തെ തവിടുപൊടിയാക്കാൻ കഴിയുമെന്ന ചാണക്യബുദ്ധിയുള്ള കലൈഞ്ജർ കരുതിയതിൽ തെറ്റില്ലല്ലോ. പരാശക്തി പോലുള്ള സൂപ്പർഹിറ്റ് ചിത്രങ്ങളുടെ വഴിയിലൂടെ സഞ്ചരിച്ച് രാഷ്ട്രീയത്തിന്റെ നെടുംപാതകൾ താണ്ടിയ തനിക്ക് എംജിആർ എന്ന പീറ നടൻ ഒരു ഭീഷണിയോ? എങ്ങും പച്ചപിടിക്കാതെ നടക്കുന്ന മുത്തുവിനെ തന്റെ രാഷ്ട്രീയസ്വാധീനം ഉപയോഗിച്ച് ചലച്ചിത്രരംഗത്തിറക്കിയാൽ എംജിആറിന്റെ ബോക്സാഫീസ് ചരിത്രം മറീനാ ബീച്ചിൽ വലിച്ചെറിയേണ്ടിവരുമെന്ന് കരുണാനിധി സ്വപ്നം കണ്ടു. ഒരു ദ്രാവിഡമുഖ്യമന്ത്രിക്ക് കഴിയാത്തതെന്തുണ്ട് തമിഴകത്ത്!



**കരുണാനിധിയും എം ജി ആറും**

മുത്തുവിനെ സിനിമയുടെ നെടുംശാലകളിൽ എത്തിക്കാൻവേണ്ട കോപ്പുകളെ ക്കുറിച്ചാണ് കലൈഞ്ജർ തലപുകഞ്ഞത്. തമിഴ്മക്കളുടെ മനസ്സിളക്കിയ എംജിആർ ചിത്രങ്ങൾ കലൈഞ്ജറുടെ മനസ്സിലൂടെ മൂവിയോളയിലെന്നപോലെ ഓടിക്കൊണ്ടിരുന്നു. ഉലകംചുറ്റും വാലിബൻ, എങ്കവീട്ട് പിള്ളൈ, ഇദയക്കനി, മാട്ടുക്കാരവേലൻ, റിക്ഷാക്കാരൻ , ആയിരത്തിലൊരുവൻ,

> **1972 ഒക്ടോബറിൽ 27 വർഷത്തെ സുദൃഢസൗഹൃദം അവസാനിപ്പിക്കുമ്പോൾ എംജിആറിനെ വെട്ടിവീഴ്ത്താനുള്ള തന്ത്രങ്ങളാണ് കരുണാനിധി മനസ്സിൽ മെനഞ്ഞത്.**

അടിമപ്പെൺ, കാവൽക്കാരൻ, നാടോടിമന്നൻ, നിനത്തതേ മുടിപ്പവൻ, നാളൈ നമതേ തുടങ്ങിയ ചിത്രങ്ങൾ കലൈഞ്ഞറുടെ ചിന്തയിലെ സ്ക്രീനിൽ ഓടിത്തുടങ്ങി. തന്റെ രാഷ്ട്രീയ എതിരാളി അഭിനയിച്ചതു പോലുള്ള വേഷങ്ങൾ കെട്ടിയാടിയാൽ മുത്തു അഭ്രപാളികളിൽ വിസ്മയം സൃഷ്ടിക്കുമെന്ന് കലൈഞ്ജർ ഉറപ്പാക്കുന്നു. അതിനായി അടുത്ത ചുവടുകൾ. പരാശക്തിയെ വെല്ലുന്ന ഡയലോഗുകളും സീനുകളും മെനഞ്ഞെടുത്തു മകനു കൊടുത്തുകൊണ്ട് പുത്രസ്നേഹിയായ ആ പിതാവ് പറഞ്ഞു: ''മേനേ, മുത്തു കുമാരാ നീ നിന്റെ അഭിനയമികവുകൊണ്ട് അവനെ വെല്ലണം. തിരശ്ശീല പിടിച്ചടക്കണം. നീ ജനഹൃദയങ്ങളിൽ ഇരുപ്പുറപ്പിക്കണം''.

അന്ന് 55 വയസ്സുള്ള എംജിആർ ഉലകം ചുറ്റി പ്രേക്ഷകരെ അത്ഭുതപരതന്ത്രരാക്കുന്ന കാലം. മുത്തുവിന്റെ ആദ്യചിത്രമായ പിള്ളയോ പിള്ളൈ പുറത്തുവന്നു. പക്ഷേ പ്രേക്ഷകർ നിഷ്കരുണം അതിനെ പുറന്തള്ളി. സാക്ഷാൽ എംജിആർ ഉള്ളപ്പോൾ മറ്റൊരു എംജിആറോ? തിയേറ്ററിൽ നിന്നു ഇറങ്ങിവന്ന പ്രേക്ഷകർ പല്ലുകടിച്ചു. ഉലകംച്ചുറ്റും വാലിബൻ പോലുള്ള അനുകരണചിത്രങ്ങൾ തിയേറ്ററിൽ മുട്ടിടിച്ചുവീണു. എന്നിട്ടും പിതാവ് മുത്തുവിനെ സൂപ്പർസ്റ്റാറാക്കാൻ തന്നെ മുന്നിട്ടിറങ്ങി. പൂക്കാരി, ചമയൽക്കാരൻ, അണയാവിളക്ക് , നമ്പിക്കൈ നച്ചത്രം, ഇങ്കേയും മനിതർകൾ, എല്ലാം അവളേ തുടങ്ങിയ ചിത്രങ്ങൾ വമ്പൻ പരസ്യങ്ങളുമായി അപ്പന്റെ ആശീർവാദത്തോടെ തമിഴകത്തെ തിയേറ്ററുകളിൽ എത്തി. ചിത്രം പ്രദർശിപ്പിക്കാൻ

വിസമ്മതിച്ച തിയേറ്റർ ഉടമകളോട് അൽപ്പം പരുഷമായിത്തന്നെ കലൈഞ്ജർ പെരുമാറി.

മുത്തു പലതരം വേഷങ്ങൾ ചെയ്തു. ഡ്യൂപ്പില്ലാതെ സ്റ്റണ്ടു ചെയ്തു. വില്ലന്മാരെ ഇടിച്ചു പപ്പടമാക്കി. മരംചുറ്റി നായികമാരോടൊപ്പം ഓടി നടന്നു പാട്ടുകൾ പാടി . നൃത്തച്ചുവടുകൾ വച്ചു. പ്രണയത്തിൻെറ കൊടുമുടികൾ കയറി. പ്രേക്ഷകർക്ക് മനസ്സിലാകാത്ത തമാശകൾ തട്ടിവിട്ടു. ഒരുവിധം ആകാരസൗന്ദര്യം ഉണ്ടായിട്ടും ജനങ്ങളെ ആകർഷിക്കാൻ മുത്തുവിന് കഴിഞ്ഞില്ല. വേഷങ്ങളും ഹെയർ സ്റ്റൈലും മാത്രമല്ല എംജിആറിൻെറ പല മാനറിസങ്ങളും മുത്തു അനുകരിച്ചു.

**എങ്ങും പച്ചപിടിക്കാതെ നടക്കുന്ന മുത്തുവിനെ തൻെറ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ചലച്ചിത്രരംഗത്തിറക്കിയാൽ എംജിആറിൻെറ ബോക്സാഫീസ് ചരിത്രം മറീനാ ബീച്ചിൽ വലിച്ചെറിയേണ്ടിവരുമെന്ന് കരുണാനിധി സ്വപ്നം കണ്ടു. ഒരു ദ്രാവിഡമുഖ്യമന്ത്രിക്ക് കഴിയാത്തതെന്തുണ്ട് തമിഴകത്ത്!**

അത്തരം സീനുകൾ തിരശ്ശീലയിൽ കണ്ടപ്പോൾ ജനം കൂവി വിളിച്ചു.

രണ്ടുമൂന്ന് ചിത്രങ്ങൾ പുറത്തു വന്നപ്പോൾതന്നെ പിതാവിൻെറ ചില പരസ്യവാചകങ്ങൾ തിയേറ്ററുകൾക്കു മുന്നിലെ വമ്പൻകട്ടൗട്ടുകളിൽ പ്രത്യക്ഷപ്പെട്ടു–

''അടുത്ത എംജിആർ''

''എംജിആറിനെപ്പോലെ സുന്ദരൻ.''

കട്ടൗട്ടുകളിൽ മുത്തു എംജിആറിനെപ്പോലെ പുഞ്ചിരിച്ചു നിന്നു. ചിലതിൽ കോപാകുലനായി. പരസ്യങ്ങളുടെ പുതിയ വഴികൾ കണ്ടെത്തിയിട്ടും മുത്തുവിൻെറ സിനിമകൾ ദയനീയമായി പരാജയപ്പെട്ടു. സിനിമയിൽ വമ്പിച്ച പരാജയമായിത്തീർന്ന മുത്തു തമിഴകം



**എം ജി ആറും ജയലളിതയും ഉലകം ചുറ്റും വാലിബനിൽ**


മുഴുവൻ അലഞ്ഞുതിരിഞ്ഞു. മദ്യത്തിന് അടിമയായി. പക്ഷേ നിർഭാഗ്യവാനായ ഈ നടനെ ആരും തിരിച്ചറിഞ്ഞില്ല. മദ്യപാനം അയാളെ നിരാശ്രയത്തിൻെറ പടുകുഴിയിൽ എത്തിച്ചു. വിവാഹിതനായി രണ്ടു കുഞ്ഞുങ്ങൾ ജനിച്ചെങ്കിലും കുടുംബത്തെ സംരക്ഷിക്കാൻ മുത്തുവിനായില്ല. സ്വന്തം പിതാവും മൂത്തപുത്രനെ വിട്ടു. മദ്യത്തിനു വേണ്ടി പല വാതിലുകളും മുട്ടി. ചിലർ സഹായിച്ചു. ചിലർ ആളറിയാതെ ആട്ടിയോടിച്ചു.

എൺപതുകളുടെ അവസാനം അന്നത്തെ മുഖ്യമന്ത്രി പുടച്ചിത്തലൈവി ജയലളിത യുടെ മനസ്സിൽ ഒരാശയം പൂവിട്ടു. കലൈഞ്ജരുടെ ആദ്യഭാര്യയിലെ മകൻ മുത്തവിനെ മുൻനിർത്തി കരുണാനിധിയേയും മറ്റു മക്കളേയും അവഹേളിക്കാൻ അവസരം കണ്ടെത്തുക. തമിഴകത്തിൻെറ കാണാക്കോണുകളിൽ അലഞ്ഞുതിരിഞ്ഞ മുത്തുവിനെ തേടിപ്പിടിക്കാൻ ജയലളിത കിങ്കരമാരെ നിയോഗിച്ചു. തൻെറ രാഷ്ട്രീയ വൈരിയോട്

പകരം വീട്ടാൻ അഞ്ച് ലക്ഷം രൂപ പാരിതോഷികമായി മുത്തിവിനു കൊടുത്തു. പണ്ടേ തന്നെ എംജി ആറിൻെറ കടുത്ത ഫാനായിരുന്ന മുത്തു ജയലളിതയുടെ എഐഎ ഡിഎംകെയിൽ ചേർന്നു. സ്വന്തം പിതാവിൻെറ  ശത്രുവിൻെറ പാർട്ടി ഓഫീസിന് മുന്നിലിരുന്നു നീച വചനങ്ങൾ ഉച്ചരിച്ചു സംതൃപ്തി യടഞ്ഞു. കരുണാനിധിയെ മകൻ അവഹേളിക്കുന്നത് കണ്ട് ജയല ളിത ആനന്ദിച്ചു.

കുഞ്ഞായിരിക്കുമ്പോൾ അമ്മ പത്മാവതി മരിച്ചുപോയ മുത്ത വിന് നഷ്ടപ്പെട്ടത് മാതൃസ്നേഹ മായിരുന്നു. രാഷ്ട്രീയത്തിൻെറ തിരക്കിൽ പിതാവിന് മകനെ ഒന്നു കാണാൻപോലും സമയം ഇല്ലായി രുന്നു. രണ്ടാമത്തെ വിവാഹത്തിൽ കരുണാനിധിക്ക് കുഞ്ഞുങ്ങൾ ജ നിക്കുമ്പോൾ അനാഥനെപ്പോ ലെ ആ കുടുംബത്തിൽ കഴി യേണ്ടിവന്ന ഒരു ബാലൻെറ മാനസികാവസ്ഥ ഊഹിക്കാവുന്ന തേയുള്ളൂ.

2009 ൽ രോഗബാധിതനായ മുത്തുവിനെ കരുണാനിധി മടക്കി ക്കൊണ്ടുവരാൻ ഒരു ശ്രമം നടത്തി യിരുന്നു. മുത്തു എങ്ക സ്വത്ത് എന്നൊക്കെ പിതാവ് ആർത്തു വിളിച്ചെങ്കിലും മുത്തു അതൊന്നും ചെവിക്കൊണ്ടില്ല. പഴയതുപോലെ മദ്യത്തിന് അടിമയായി ഒരു പ്രശ്ന കുമാരനായി മുത്തു ജീവിച്ചു. മൂത്ത മകനായിരുന്നിട്ടും തനിക്ക് അർഹി ക്കുന്ന സ്ഥാനം ലഭിച്ചില്ലെന്ന ചിന്ത മുത്തുവിനെ ഒറ്റപ്പെടുത്തി. സ്വന്തം മക്കൾപോലും മുത്തുവിനെതിരെ കേസുകൾ കൊടുത്തു.



എം ജി ആറും കരുണാനിധിയും അണ്ണായും

**മുത്തുവിൻെറ ആദ്യചിത്രമായ പിള്ളയോ പിള്ളൈ പുറത്തുവ ന്നു. പക്ഷേ പ്രേക്ഷകർ നിഷ് കരുണം അതിനെ പുറന്തള്ളി. സാക്ഷാൽ എംജിആർ ഉള്ളപ്പോൾ മറ്റൊരു എംജിആറോ? തിയേറ്ററിൽ നിന്നു ഇറങ്ങിവന്ന പ്രേക്ഷകർ പല്ലുകടിച്ചു.**



എം ജി ആറും ജയലളിതയും

മുത്തുവിൻെറ പേരിൽ വിഷാദ ത്തിലായ കരുണാനിധി തീരാത്ത ദുഃഖത്തിലായിരുന്നിരിക്കണം. മുത്തു ഇപ്പോഴും ഡിഎംകെയുടെ ഒരു വിഷദരേണുവായി തമിഴക ത്തു  അലയുന്നുണ്ടാകണം.

എംജിആറിനെ മലർത്തിയടി ച്ചു സൂപ്പർസ്റ്റാർ ആകാൻ കഴിയാ തെപോയ ഈ നടൻ ഇന്നൊരു ദുരന്തകഥാപാത്രമായി പഴയ തല മുറയുടെ ഹൃദയങ്ങളിൽ ഉണ്ടാക ണം.

കവിത



കസ്തൂരി
മാധവൻ



# അമ്മയെ വരയ്ക്കുമ്പോൾ

അമ്മയെ വരച്ചപ്പോഴൊക്കെ
ക്യാൻവാസും നിറക്കൂട്ടുകളും
തികയാതെ വന്നു.
അന്നേരം നക്ഷത്രശോഭ
കവർന്നെടുത്തു ഞാനവരെ
ആകാശത്തു വരച്ചുവച്ചു.

നിറഞ്ഞു കവിഞ്ഞൊഴുകുന്ന
അമ്മിഞ്ഞയും,
വിടർന്ന വാത്സല്യകണ്ണുകളും
മുത്തംതരുന്ന ചുണ്ടുകളുമാണ്
ഞാനാദ്യമായ്ക്കണ്ട
എന്റെ അമ്മ.

അമ്മയുടെ വാത്സല്യത്തിനു
പുലരിത്തുടുപ്പിലെ
മഞ്ഞു തുള്ളികളുടെ
നിറം കൊടുത്തു!

കുറുമ്പു കൂടി
വികൃതി കാട്ടിയതിന്
എന്റെ നേരെ പിണങ്ങി
നിൽക്കുന്ന അമ്മയെ
കരിമുകിൽച്ചായമിട്ടു
പകരം വീട്ടി!

സ്കൂൾ ബസുവരാൻ
വൈകുമ്പോൾ പടിക്കൽ
കാത്തുനിൽക്കുന്ന
അമ്മയുടെ ആധിയ്ക്ക്
ഏതുനിറം ചേരും
എന്നറിയാതെ ആശങ്കപ്പെട്ടു.

പ്രവാസിയേട്ടൻ
എന്നു വരുമെന്നോർത്ത്
വഴിക്കണ്ണുമായിരിക്കുന്ന
അമ്മയെ വരയ്ക്കാൻ
ഒരു നിറവും ചേരുന്നില്ലല്ലോ
എന്ന് പരിതപിച്ചു.

സ്കൂളിൽ പോയവല്ല്യേച്ചി
ഇൻസ്റ്റാകാമുകന് ഒപ്പം
ഒളിച്ചോടിയ വാർത്തയറിഞ്ഞ
അമ്മയുടെ ഹൃദയവേദന
എങ്ങനെയാണ്
ക്യാൻവാസിൽ പകർത്തുക?'

ലഹരിമൂത്ത് അപ്പനെക്കൊന്ന്
ലോക്കപ്പിൽപ്പോയ
സ്വപുത്രനെ കാണേണ്ടിവന്ന
ഹതഭാഗ്യയായ
പെറ്റമ്മയെ ഏതു
ചായമിട്ടു വരയ്ക്കും?

മാതൃത്വത്തെ വരയ്ക്കാൻ
ലോകത്തൊരു ക്യാൻവാസും
ചായക്കൂട്ടുകളും
തികയാതെ വരുന്നു.

ഒടുവിൽ ഉമ്മകൾകൊണ്ടു
തുന്നിച്ചേർത്ത മേലാടയും
കണ്ണീർപ്പൂക്കൾ കൊണ്ടലങ്കരിച്ച
പാവാടയുമിട്ടു
ശീതീകരിച്ച ചില്ലുകൂട്ടിൽ
ശയിക്കുന്ന മാതാവിനെ
ഭൂമിയിലും, സ്വർഗ്ഗത്തിലും
ലഭ്യമായ എല്ലാ
ചായക്കൂട്ടുകളും ചേർത്ത്
ഞാനെന്റെ
ഹൃദയഭിത്തികളിൽ
മുദ്രണം ചെയ്തു!

● കവിത



രമാ
പിഷാരടി



# മൗനക്കീർ

ഒരു വിലങ്ങഴിച്ചുലയിലെ-
വിപ്ളവക്കനലിലേക്കിട്ട്
പോകാനൊരുങ്ങവേ;
ഉയിരിനുള്ളിലേക്കമ്പെയ്ത്
നിഴൽവഴിക്കുഴികൾ
ചക്രവ്യൂഹങ്ങൾ, സമസ്യകൾ

പലവിലങ്ങുണ്ട് ചുറ്റിലും-
വാക്കിന്റെ തരികളെ
ചുറ്റിവരിയുന്ന മുള്ളഴി
നിറുകയിൽ ഒറ്റിനാണി-
വീഴും തുളയ്ക്കൊരു
കിരീടം പകർന്ന രക്തപ്പുഴ!

മൊഴികളിൽ വന്ന് വീഴുന്ന-
കൽച്ചീളിലുരസി നീറുന്ന-
മൂവന്തിമുറിവുകൾ!
തിരികളിൽ കരികരിങ്കനൽ
പടർന്നാധികൾ തിമിര-
മിറ്റിച്ച രാവിന്റെ ചങ്ങല

സഹനമൗനമുൾനോവിന്റെ
ഭാഷയെ ബലികൊടുക്കുന്ന
കാരാഗൃഹപ്പകൽ
കലിപുരണ്ട നാൽക്കവലകൾ
ലഹരിപൂണ്ടിടറിവീഴുന്ന
സ്കൂളിൻ വരാന്തകൾ

ലിപിയിടക്കിടെ തെറ്റി-
ക്കടുംകെട്ട് മുറുകി ശ്വാസം
നിലച്ച് പോകുന്നുവോ?
നിലവിളിക്കുന്ന നേരിന്റെ
പക്ഷിയെ ചിറകരിഞ്ഞ്
തീക്കുള്ളിലേക്കിട്ടുവോ?

കിലുകിലുങ്ങും
വിലങ്ങുമായ്
ഭ്രാന്തനാ മലകടന്ന്
മറഞ്ഞ് പോകുന്നുവോ?
തിരികെ വന്നുവോ
തീത്തെയ്യമൊന്ന്

വന്നടിമയെന്ന്
പറഞ്ഞ് പോകുന്നുവോ...?

നെടുകെ വെട്ടിപ്പിളർന്ന-
കാലത്തിന്റെ പകുതിയിൽ
നിന്ന് പൂക്കൈത പൂത്തുവോ?
കുരുതിമണ്ഡപക്കല്ലിലായ്
സൂക്ഷ്മമാണുലിഖിതമുണ്ടെന്ന്
നമ്മൾ മറക്കവെ
പതിയെ നമ്മളെ ചുറ്റുന്നു-
വ്യാളികൾ ചിറകടിക്കുന്നു
തീക്കനൽ തുപ്പുന്നു
പലവിലങ്ങിലോടാമ്പലിൽ
ഭൂമിയെ തഴുതിലിട്ട്
സാമ്രാജ്യങ്ങൾ തീർക്കവേ
ജലമൊഴുക്കിക്കളഞ്ഞ
വിലങ്ങുകൾ
ഒഴുകിയെത്തുന്നു
കോരകപ്പുല്ല് പോൽ

കവിത



അഞ്ചു അജീഷ്

# നൊമ്പര മഴ



മനസ്സിലെ വിങ്ങൽ തെല്ലൊന്ന് ഒതുങ്ങിയപ്പോൾ അവൾ തന്റെ ജനാലകൾ തുറക്കാൻ ശ്രമിച്ചു.
കണ്ണാടി ചില്ലിൽ മഴപ്പെയ്ത്തിൽ ചിതറി തെറിച്ച കുറെ മഴത്തുള്ളികൾ പറ്റി നിൽക്കുന്നു.
ഇരുട്ടിന്റെ മൂടലിൽ അവ മിന്നി തിളങ്ങി. കുറെ നേരം കൗതുകത്തോടെ നോക്കി നിന്നു.
മഴക്കുഞ്ഞുങ്ങളെ നിങ്ങൾക്ക് ഒലിച്ചിറങ്ങണ്ടേ?
നൊമ്പര മഴ പെയ്തു തോർന്നിട്ടും അവളുടെ മനസിന്റെ ജാലക ചില്ലിൽ വിങ്ങലിന്റെ മഴത്തുള്ളി പൊട്ടുകൾ തങ്ങി നിൽക്കുന്നു.
പക്ഷേ ആ വിങ്ങലുകളാകുന്ന തുള്ളികൾക്കും ഉണ്ട് ഒരു ചേല്. പല നോവുകളും മണ്ണിൽഅലിയാൻ ഇഷ്ടപ്പെടുന്നില്ല.
ജനൽ പാളികൾ തുറന്നപ്പോൾ ആ മഴത്തു ള്ളികൾ പതുക്കെ ഒഴുകി. അവൾക്ക് തന്റെ മനസിന്റെ ജാലകം തുറന്ന് മഴത്തുള്ളികളെ ഒഴുക്കിവിടാൻ തോന്നി.
പക്ഷേ ഒലിച്ചു പോകാൻ അവയ്ക്ക് താല്പര്യം ഇല്ല.
ചില നോവുകൾ സുഖമുള്ള മഴത്തുള്ളികൾ ആയി മനസ്സിനെ തണുപ്പിക്കുമെങ്കിൽ ചുറ്റുമുള്ളവർക്ക് കൗതുകമാകുമെങ്കിൽ ഇരുട്ടിന്റെ ശൂന്യതയിൽ മഴത്തുള്ളി പോലെ മിന്നുമെങ്കിൽ അത് ഒലിച്ചിറങ്ങാതെ അവിടെ തന്നെ ഇരിക്കട്ടെ .


# കൊഴിഞ്ഞ പ്രണയദളങ്ങൾ

അടർന്ന് വീണ പൂവിതളുകൾ അതിഥികളായ് മണ്ണിലെത്തുമ്പോൾ പൂവായിരുന്നപ്പോളുള്ള സൗഹൃദം, മണ്ണിലലിയും വരെയെങ്കിലും സൂക്ഷിക്കുന്നുണ്ടാകുമോ?
അതോ...... പുതിയ ലോകത്തെത്തുമ്പോൾ, മണ്ണിരയോടും, പുഴുവിനോടും, അവളുടെ ചിത്രശലഭങ്ങളോടുള്ള പ്രണയകഥ പറയുന്ന തിരക്കിലായിരിക്കുമോ?
സൂര്യകിരണത്തിന്റെ പ്രഭയിൽ, ഇളംകാറ്റിന്റെ കൊഞ്ചലിൽ കാമിനിയായ് പൂമ്പാറ്റകളെ കാത്ത് നിന്ന അവളിലേക്ക് വന്നെത്തിയ കരിവണ്ടിനെ നോക്കി നിസ്സഹായയായ് നിന്നതും കഥകളിലുണ്ടാവുമോ?.
വിരഹപ്രണയത്തിന്റെ സ്മൃതിയിലാണ്ട്, കൊഴിഞ്ഞ ഇതളുകൾ ഒന്നിച്ച് വീണ്ടും പൂവാകാനും തേൻ ചുരത്താനും വ്യാമോഹിച്ച് വേനലിലെ പ്രണയ മഴ മൗനിയായ് വീണ്ടും നനയാൻ കൊതിക്കുന്നുണ്ടാകുമോ?
ആ മഴപൊട്ടുകളെ മണ്ണിൽ വീണുടയാൻ അനുവദിക്കാതെ, കുറച്ച് നേരമെങ്കിലും പുണരാൻ വെമ്പുന്നുണ്ടാകുമോ?.
അറിയില്ല............
ചില്ലകളിലെ,വൈകാതെ കൂട്ടിനായ് വരുമെന്നുറപ്പുള്ള മറ്റ് പൂക്കളിലോട്ട് ഒരു കണ്ണിറുക്കിയടച്ച്,
ഭൂമിദേവിയുടെ രക്തപ്രവാഹത്തിന്റെ നീണ്ട കുത്തൊഴുക്കിലലിഞ്ഞ് ചേരുമെന്നുള്ളത് മാത്രം,
സങ്കല്പത്തിന്റ ചോദ്യചിഹ്നം ഇല്ലാതെ എഴുതി ഉറപ്പിക്കുന്നു.

കവിത



നന്ത്രേത്തിൽ
ജോസ് വർഗ്ഗീസ്



# “കാട്ടിപ്പാം, കൂട്ടിപ്പാം, കാടനെ ക്കണ്ടാ പേടിക്കുവോ?”

ഇര മുഴുവനും കൊത്തിയെടുത്തിട്ടും
ചൂണ്ടവിഴുങ്ങാത്ത വെള്ളിപ്പരലുകൾ!
ചൂണ്ടകൊരുത്തിട്ടുമൊറ്റപ്പിടച്ചിലിൽ
ആഴം തിരിച്ചുപിടിക്കും വരാലുകൾ!

നീണ്ടുപോകുന്ന കവിതയുടെയറ്റത്തു
പിന്നീടൊരിക്കലും കാണാതെപോയവർ
തടവലപൊട്ടിച്ചു മഴകുത്തി മടചാടി
ഒറ്റാലിലൊരുകൊട്ടസ്വപ്നംപൊലിഞ്ഞവർ !
നേരുകൾ പകലുപോൽ ചുറ്റിപ്പിടിക്കുമ്പോൾ
വഴുതിയൊഴിഞ്ഞങ്ങുപോകുന്ന ആരകൻ!
പൊരുളുകളറിയാതെ ചേറിൽപുതഞ്ഞിട്ടു
കുപ്പിക്കഴുത്തുള്ളപൂണിയിൽ വീഴുവോർ!

പുതുമഴകൊണ്ടിട്ടു പുലരുന്നതിന്മുമ്പു
പുഞ്ചവയലുകൾ വെട്ടിപ്പിടിക്കുവാൻ
സ്വപ്നംവിതച്ചിട്ടു ദു:ഖങ്ങൾ കൊയ്തവർ
വെട്ടേറ്റു വെള്ളത്തിൽവീണുമലച്ചവർ!

പുലരുംവരേയും പൂക്കാൻ കൊതിച്ചിട്ടും
പുലരുന്നതിന്മുമ്പു പുഴുകുത്തിപ്പോയവൾ!
പുറംലോകമൊക്കെപറക്കാൻ കൊതിച്ചിട്ടും
പുകമുറിക്കുള്ളിലകപ്പെട്ടുപോയവൾ!

പുതുമാരനൊരുപാടുസ്വപ്നംകൊരുത്തുള്ള
വരണമാല്യംചാർത്താൻ വരുന്നൊരുനാളിലോ
അതുവരെപോറ്റിയ വീടിന്മുഖത്തിലായ്
കാർക്കിച്ചുതുപ്പിയൊളിച്ചോടിപ്പോകുവോൾ!


നെഞ്ചകത്തൊട്ടിലിലിട്ടാട്ടിയുറക്കിയും
ചോര പൊടിച്ചും വളർത്തിയ പൊന്നുമോൻ
അച്ഛന്റെ നെഞ്ചിൽ കത്തികുത്തിയിറക്കുന്നു
പെറ്റമ്മതന്നടിവയർ ചവിട്ടിക്കലക്കുന്നു!

പതിമൂന്നുതികയാത്ത പെങ്ങടെ ഗർഭത്തിൽ
വളരുന്ന ഭ്രൂണത്തിനച്ഛനൊരാങ്ങള!
മുപ്പതുകാരിയാം ടീച്ചറൊളിച്ചോടിപ്പോകുന്നു
പതിമൂന്നുകാരനാം വിദ്യാർത്ഥിയേംക്കൊണ്ട്!

എന്തൊരു ലോകമിതെന്തൊരു കാലമിതി-
നാണോ കലികാലമെന്നു വിളിക്കണേ?
വന്യമൃഗങ്ങളോ നാട്ടിലിറങ്ങീട്ട് ചൊല്ലണ്
“രണ്ടുകാലുള്ള മൃഗങ്ങളേ മാന്യരേ
നിങ്ങൾക്കു കാടും ഞങ്ങൾക്കു നാടും!’

കവിത

എൽസ
നീലിമ മാത്യു



# മുൾച്ചിരിപ്പുകൾ

തൊട്ടുതലോടി തൂവൽ കൊഴിച്ചിട്ടും
കാറ്റിനോടിപ്പൊഴും ചിരിക്കുന്ന കിളികൾ.
കൊണ്ടുപോയിട്ടും തരികൾ അനേകം,
തിര നോറ്റുകായുന്ന വെണ്മണൽത്തീരം.

മുന്നേ ഒരുപാട് തലതല്ലി വീണിട്ടും
കാറ്റത്ത് പിന്നെയും കുഴയുന്ന പൂക്കൾ.
ആളറിയാതെയുള്ളനുശോചനങ്ങൾ
അകം  പുകയ്ക്കും, ചുവപ്പിക്കുമരിശം.

എന്തിനോവേണ്ടിയുള്ളഭിനന്ദനങ്ങൾ
ഉള്ളിൽ നിറയ്ക്കുന്ന പൊട്ടിച്ചിരിപ്പുകൾ;
പൊട്ടിപ്പരക്കുവാൻ സമ്മതമില്ലാതെ
മുഖക്കോണിൽ ഒതുങ്ങുന്ന കുട്ടിച്ചിരിപ്പുകൾ.

എത്രമേൽ കട്ടിയിൽ മറവി പുതച്ചാലും
പിന്നെയും തടയും മുന കൂർത്ത മുള്ളുകൾ.
ചിരിപ്പുതപ്പെപ്പൊഴും കരുതലായ് കാക്കണം;
നിരുത്തരങ്ങളായ് വിടരണം കണ്ണുകൾ.


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

ചെറുകഥ



വര:
പി ആർ രാജൻ

അമ്പിളി കൃഷ്ണകുമാർ

# പാഴ്വസ്തുക്കൾ

അഴുക്ക് പുരണ്ട ചാക്ക് കെട്ടിന് മീതേയിരുന്ന് ഉറക്കം തൂങ്ങിയ അപ്പു പെട്ടെന്നൊരു ശബ്ദം കേട്ട് ഞെട്ടിയുണർന്ന് ചുറ്റും പരതി നോക്കി.പാഴ്വസ്തുക്കൾ വിൽക്കാൻ ആരോ കൊണ്ട് വന്നതാണ്. ഏന്തി വലിഞ്ഞ് വളരെ പ്രയാസപ്പെട്ട് ഒരു വൃദ്ധൻ ഒരു ചാക്ക് നിറയെ സാധനങ്ങളുമായി വന്നിട്ടുണ്ട്.

ക്ഷീണിച്ച അയാൾ കടയുടെ മുന്നിൽ ഊക്കോടെ ഇറക്കി വച്ചതിൻറെ ശബ്ദമായിരുന്നു അത്. പൊട്ടിപ്പൊളിഞ്ഞ് ഉപയോഗശൂന്യമായ വസ്തുക്കളാണല്ലോ അതിനുള്ളിലെല്ലാം അതിനാൽ വളരെ സൂക്ഷമതയോടെ നിലത്ത് ഇറക്കി വയ്ക്കേണ്ട ആവശ്യകതയില്ലല്ലോ. നിലത്ത് വീണാൽ സൗണ്ട് ഉണ്ടാകുന്ന തകരപ്പാട്ട പോലെയുള്ള എന്തോ ഒന്ന് അതിലുണ്ടകണം. വൃദ്ധൻ ഒന്ന് രണ്ട് നിമിഷം മിണ്ടാതിരുന്ന് ശക്തിയിൽ ശ്വാസം ആഞ്ഞാഞ്ഞ് വലിച്ചു. ശേഷം വിൽക്കാൻ കൊണ്ട് വന്ന സാധനങ്ങൾ നിലത്തേക്ക് കുടഞ്ഞിടാൻ തുടങ്ങി .. പൊട്ടിയ കളിപ്പാട്ടങ്ങൾ ആയിരുന്നു അതിൽ കൂടുതലും.പിന്നെ കുറെ ബുക്കും പേപ്പറുകളും. ചിറകൊടിഞ്ഞ ഒരു വിമാനം, പൊട്ടിയ രണ്ട് കാറുകൾ, വീലിളകി പോയ ഒരു കുഞ്ഞു സൈക്കിൾ.. ചിലതൊന്നും വില കിട്ടുന്നതായിരുന്നില്ല.

പ്ലാസ്റ്റിക്കും ഇരുമ്പും പേപ്പറുകളും മാത്രമേ ഇവിടെയെടുക്കു വേറൊന്നും ഇവിടേക്ക് കൊണ്ട്

വരരുതെന്നത് തവണ പറഞ്ഞാലും ആളുകൾ കേൾക്കില്ല. കിട്ടുന്നതെല്ലാം കൂടി കെട്ടിപ്പെറുക്കി കൊണ്ട് വന്നോളും. മിനക്കെടുത്താൻ .. വീട്ടിലെ സ്ഥലമൊഴിവാക്കാനായിരിക്കും ചിലർ.. ആത്മഗതമെന്നോണം പിറുപിറുത്തിട്ട് അവൻ അതിൽ നിന്നും വില കിട്ടുന്നതൊക്കെ തരംതിരിച്ച് വച്ച് എഴുതി കൂട്ടി നോക്കി ഭിത്തിയിൽ തൂക്കിയിട്ടിരുന്ന അഴുക്ക് പുരണ്ട സഞ്ചിയിൽ നിന്നും 50 രൂപയെടുത്ത് വൃദ്ധൻ ശുഷ്കിച്ച കൈയ്യിലേക്ക് വച്ച് കൊടുത്തു. നിസ്സംഗതയോടെ ആ പൈസയും വാങ്ങി നടന്ന് പോയ വൃദ്ധൻറെ ചിന്തകൾ കൂടെയെത്താൻ മടിപിടിച്ചവിടവിടെ തങ്ങി നിന്നു.

കുഞ്ഞ് മോൻ കാർ വേണമെന്ന് വാശി പിടിച്ച് കരഞ്ഞപ്പോൾ ഈ ഇടവഴിയേ പോയായിരുന്നല്ലോ അത് വാങ്ങിയത്. അവനേയും കൊണ്ട് അതും വാങ്ങി വരുമ്പോൾ കണ്ണുകളിൽ പൂത്തിരി കത്തിയ സന്തോഷവുമായി അതോടിച്ച് പോകും പോലെ അവൻ ഓടിപ്പോയതും 'മോനേ... പതുക്കെ... വീഴും...' എന്നും പറഞ്ഞ് പിറകേയോടിയതും.. ഇപ്പോൾ സ്വന്തം കാറൊക്കെയായി അമേരിക്കയിൽ കുടുംബസമേതം താമസമാക്കിയ മകനെ മനക്കണ്ണിൽ കണ്ടപ്പോഴേക്കും കണ്ണിൽ വെള്ളം മൂടി കണ്ണുകൾ നിറഞ്ഞ് വന്നതിനാൽ ഒരടി മുന്നോട്ട് നടക്കാനാവുന്നില്ല. ഒന്നുമോർക്കാതെ തികട്ടിവന്ന ഓർമ്മകളെയൊക്കെ കുടഞ്ഞെറിയാനെന്നവണ്ണം ചുമൽ ചലിപ്പിച്ച് ധൃതിയിൽ നടന്ന് നീങ്ങി...

വൃദ്ധൻ കൂട്ടിയിട്ടിട്ട് പോയ പാഴ്‌വസ്തുക്കൾ വേർതിരിച്ചെടുക്കുന്നതിനിടയിൽ, അപ്പു ആ ചിറകൊടിഞ്ഞ വിമാനം കൈയ്യിലെടുത്ത് വെറുതെ തിരിച്ചും മറിച്ചും നോക്കി.. അത് കൈയ്യിൽ വച്ച് ഒന്ന് പറപ്പിക്കാൻ നോക്കി. പെട്ടെന്ന് സ്ഥലകാലബോധം വന്ന അവൻ ഒട്ടൊരു ജാള്യതയോടെ ചുറ്റും നോക്കി. പേപ്പർ വിമാനമുണ്ടാക്കി കളിച്ചിരുന്ന

**എല്ലാവരും പോയി കഴിഞ്ഞപ്പോൾ അവിടെ കൂട്ടിയിട്ടിരുന്ന പാഴ് വസ്തുക്കൾക്കൊക്കെ ജീവൻ വയ്ക്കാൻ തുടങ്ങി. എല്ലാവരും ഉണർന്നെണീറ്റ് ഓരോരോ കഥകൾ പറയാൻ തുടങ്ങി .. വേണ്ട ഒന്നും കേൾക്കണ്ടെനിക്ക്.. ഈ കലികാല കഥകൾ ഞാനെത്ര കേട്ടതാണ്...**

ബാല്യത്തിലേക്കൊരു നിമിഷം അതവനേയും പറപ്പിച്ച് കൊണ്ടങ്ങ് പറന്ന് പോയി.. അവിടെ അമ്മ അവനെ സ്നേഹത്തോടെ, ചേർത്ത് നിർത്തി വാൽസല്യപൂർവ്വം നെറുകയിൽ തലോടി ആകാശത്തൂടെ പറക്കുന്ന വിമാനം കാണിച്ച് ചോറുരുള വായിൽ വച്ച് കൊടുക്കുന്നതിനിടയിൽ, എൻറെ മോൻ പഠിച്ച് മിടുക്കനായി ഒരു പൈലറ്റാവണം കേട്ടോ.' എന്ന് പറഞ്ഞത് കാതുകളിലിപ്പഴും മുഴങ്ങുന്നുണ്ടോ? ഇല്ല.... ആ വാക്കുകളെല്ലാം തന്നെ അമ്മയോടൊപ്പം മരിച്ച് മണ്ണടിഞ്ഞു.

ആർക്കൊക്കെയോ ആരോടോ ഉണ്ടായിരുന്ന സ്നേഹത്തിൻറെ അടയാളങ്ങളാണല്ലോ ഇന്നീ പാഴ്‌വസ്തുക്കളായി ഇവിടെ കൂട്ടിയിട്ടിരിക്കുന്ന കളിപ്പാട്ടങ്ങളൊക്കെയും എന്ന് ചിന്തിച്ചപ്പോഴേക്കും കുറേ നോട്ട് ബുക്കുകളുമായി ഒരു സ്ത്രീ എത്തി. ഈ ബുക്കുകളൊക്കെ വായിച്ച് പഠിച്ച് ആരൊക്കെയോ എവിടെയൊക്കെയോ എത്തിയിട്ടുണ്ടാവണം അവൻ അതിൽ നിന്നൊരു നോട്ട് ബുക്കെടുത്ത് വെറുതേ മറിച്ച് നോക്കി. എത്ര നല്ല കൈയ്യക്ഷരം !. ഇയാൾ പഠിച്ച് ഒരു അധ്യാപകൻ ആയിട്ടുണ്ടാകണം. അവൻറെ മനസ് വായിച്ചിട്ടാകണം, അവർ പറഞ്ഞു.. ഇല്ല. അവൾ മരിച്ച് പോയി.. ഇനിയിതൊക്കെ വച്ചിട്ടെന്തിനാ? കാണക്കാണെ ഓർമ്മകൾ വീർപ്പ് മുട്ടിക്കും. അതാ... പെട്ടെന്ന് കൈപൊള്ളിയിട്ടെന്നവണ്ണം ബുക്ക് നിലത്തേക്കിട്ടിട്ട് അവൻ ബുക്ക് കെട്ടുകൾ ത്രാസിൽ വച്ച് തൂക്കി നോക്കി കാശെണ്ണി കൊടുത്തു. ഒരു യന്ത്രം പോലെ ആ അമ്മ കാശും വാങ്ങി നടന്ന് പോയി..

എല്ലാവരും പോയി കഴിഞ്ഞപ്പോൾ അവിടെ കൂട്ടിയിട്ടിരുന്ന പാഴ് വസ്തുക്കൾക്കൊക്കെ ജീവൻ വയ്ക്കാൻ തുടങ്ങി. എല്ലാവരും ഉണർന്നെണീറ്റ് ഓരോരോ കഥകൾ പറയാൻ തുടങ്ങി .. വേണ്ട ഒന്നും കേൾക്കണ്ടെനിക്ക്.. ഈ കലികാല കഥകൾ ഞാനെത്ര കേട്ടതാണ്. അവിടെ കൂട്ടിയിട്ടിരുന്ന തുരുമ്പിച്ച കസേരകളും അലമാരകളും, പഴകിപിഞ്ചിയ തുണികളുമെല്ലാം ഏതോ ഭൂതകാലത്തിൻറെ നരച്ച ഇന്നലകളെ തേടിക്കൊണ്ടിരുന്നു. ഒരു പാട് പേരെ ഒത്തിരിക്കാലം മടിയിലിരുത്തി നടുവൊടിഞ്ഞ കസേരകൾ അശരണരായി ഏന്തി വലിഞ്ഞ് കിടക്കുന്നു. ഒരു കാലത്ത് ഏതോ വീടിൻറെ സമ്പാദ്യങ്ങൾ

മുഴുവൻ ഭദ്രമായി സൂക്ഷിച്ച് വച്ച് ഒരു തലമുറയെ കാത്ത് പരിപാലിച്ച, ഭദ്രമായി പൂട്ടി വച്ചിരുന്ന അതൊക്കെ ഇവിടെ ആശ്രയമറ്റ് തുറന്ന് കിടക്കുന്നു.

മരത്തടിയിൽ പണികഴിപ്പിച്ച കട്ടിലുകളെല്ലാം ചിതലുകൾ കഴിച്ച് വിശപ്പടക്കിയ ആശ്വാസമുണ്ട്. ഇപ്പോൾ ആർക്കും വേണ്ടാത്ത, ആർക്കുമൊരുപകാരമില്ലാത്ത, ഒരു കാലത്ത് എല്ലാവരുടേയും എല്ലാമായിരുന്നവർ... അവർ തമ്മിൽ തമ്മിൽ രാത്രികാലങ്ങളിൽ കഥ പറയാറുണ്ടായിരിക്കും. അതേ..! അവരോളം കഥ പറയാൻ വേറെയാർക്കാണുണ്ടാവുക? രാത്രിയാകുമ്പോൾ അവരെല്ലാം ഓർമ്മയുടെ ഭാണ്ഡക്കെട്ടുകൾ അഴിച്ച് പുറത്ത് വരും. അപ്പോൾ അവനും കഥ കേൾക്കുന്ന ഒരു കുട്ടിയായി അവയ്ക്ക് കാവലിരുന്ന് ചെവിയോർക്കും എത്രയെത്ര കഥകളാണ് അവനോടവർ പറഞ്ഞിട്ടുണ്ടാവുക? അവരുടെ കഥകൾ കേട്ട് കേട്ട് അങ്ങനെ കഥയില്ലാത്ത അവനും അവരുടെ കഥയ്ക്കുള്ളിലെ കഥയായി എന്നേ മാറിക്കഴിഞ്ഞിരുന്നു.

# കാമറയിലെ സ്ത്രീസ്പർശം

◉ കുര്യൻ പാമ്പാടി




**കടനാട്ടെ ലില്ലി–മൂന്നു പതിറ്റാണ്ടായി ഗ്രാമത്തിന്റെ കാമറകണ്ണുകൾ**

ലില്ലി ഗ്രാമത്തിലെ കാമറകണ്ണുകളാണ്. മൂന്നു പതിറ്റാണ്ടായി കല്യാണമോ മാമ്മോദീസയോ പിറന്നാളോ അന്ത്യയാത്രയോ എന്തുമാകട്ടെ ലില്ലിയുടെ സാനിധ്യമില്ലാതെ ഒന്നും നടന്നിട്ടില്ല. 'കൺമണിനീയെൻ കരം പിടിച്ചാൽ കണ്ണുകളെന്തിന് വേറെ..'' എന്ന ബാബുരാജ് ഈണം പകർന്നു എഎം രാജയും പി സുശീലയും പാടിയ പി. ഭാസ്കരന്റെ വരികൾ ലില്ലിയുടെ കാര്യത്തിൽ അന്വർഥമാണ്.

പാലായ്ക്കടുത്ത് കടനാട് ഗ്രാമത്തിൽ നാലുനൂറ്റാണ്ടു മുമ്പ് പണിത സെന്റ് അഗസ്റ്റിൻ തീർഥാടന പള്ളിയുടെ എതിർവശത്താണ് ലില്ലിയുടെ അലൻ ഡിജിറ്റൽ സ്റ്റുഡിയോ. ശരിക്കു പറഞ്ഞാൽ പള്ളിയുടെ മുമ്പിൽ സ്ഥാപിച്ച പാറേമ്മാക്കൽ ഗോവർണദോർ തോമാ കത്തനാരുടെ ശിൽപ്പത്തിന്റെ നിഴലിൽ. ഗവർണർ എന്ന പദത്തിന്റെ പോർട്ടുഗീസ് രൂപമാണ് ഗോവർണ്ണദോർ.


കടനാട് ഗ്രാമത്തിൽ ജനിച്ച തോമാകത്തനാർ, ജോസഫ് കരിയാട്ടി എന്ന മൽപ്പാനുമൊത്ത് പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആറു മാസം കപ്പലിൽ യാത്ര ചെയ്തു പോർട്ടുഗീസ് തലസ്ഥാനമായ ലിസ്ബണിലും കത്തോലിക്കാ സഭാസ്ഥാനമായ റോമിലും എത്തി വിദേശിയർക്കു പകരം നാട്ടുകാരെ മെത്രാൻ പദവിയിലേറ്റണമെന്നു നിവേദനം നടത്തിയ ആളാണ്.

വൈദേശിക മേധാവിത്തത്തിനെതിരെ ലോകത്ത് ഉയർന്ന ആദ്യത്തെ പ്രതിഷേധമായിരുന്നു അത്. ഫലമുണ്ടായി . ജോസഫ് കരിയാറ്റി മെത്രാനായി അഭിഷിക്തനായി.പക്ഷെ മടങ്ങിവരും വഴി ഗോവയിൽ വച്ച് മരണപെട്ടു. മരിക്കും മുമ്പ് അദ്ദേഹം തോമാ കത്തനാരെ കൊടുങ്ങല്ലൂർ ആസ്ഥാനമായ അതിരൂപതയുടെ ഗവർണർ ആയി നിയമിച്ചു. 13 വർഷം ആ പദത്തിൽ തുടർന്ന കത്തനാർ മരിച്ചപ്പോൾ കടനാടിനടുത്ത രാമപുരം സെന്റ് അഗസ്തിനോസ് പള്ളിയിൽ അടക്കം ചെയ്തു.

എട്ടു വർഷം നീണ്ടു നിന്ന വിദേശ പര്യടനത്തെപ്പറ്റി 1785ൽ കത്തനാർ എഴുതിയ 'വർത്തമാനപുസ്തകം' മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമാണ്.

ഗോവർണദോറുടെ പാറേമ്മാക്കൽ കുടുംബത്തിൽ പെട്ട വലിയകുന്നേൽ വിഎം സെബാസ്ട്യന്റെ സംസ് ക്കാരത്തിനാണ് ലില്ലിയെ ഞാൻ ഒടുവിലായി കണ്ടത്. ഡൽഹി ഗുഡ് ഗാവിൽ മാരുതി പ്ലാന്റിൽ എൻജിനീയർ ആയിരുന്നു. ഗൾഫിൽ സേവനം ചെയ്തു മടങ്ങി. ലയൺസ് ക്ലബ് പ്രസിഡന്റ്. ആയിരുന്നു. അംഗങ്ങളോടൊപ്പം കാശ്മീരിൽ പോകുന്നതിനു തൊട്ടു മുമ്പായിരുന്നു ആകസ്മികമായ വിട

> **പാലായിൽ മീനച്ചിൽ പ്ലാക്കുഴിയിൽ ജനിച്ച പ്രീഡിഗ്രിക്കാരിയാണ് ലില്ലി. കടനാടിനടുത്ത കൊല്ലപ്പള്ളി ചൂരക്കാട്ടു സന്തോഷിന്റെ ഭാര്യയായി എത്തും മുമ്പ് തന്നെ ഫോട്ടോഗ്രാഫറായി പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. കടനാട് പള്ളിക്കു മുമ്പിൽ ഇളയമകൻ അലന്റെ പേരിൽ സ്റ്റുഡിയോ ഇട്ടുകൊണ്ടു മുഴുവൻ സമയ പ്രൊഫഷണൽ ഫോട്ടോഗ്രാഫറായി മാറി. മൂത്തമകൻ ആൽബിയുടെ പേരിൽ തൊട്ടുചേർന്നു ഒരു ഫാൻസി സ്റ്റോറും തുറന്നു.**




**താരങ്ങളൊപ്പം ടിങ്കിൾ; ലൈവ് സ്ട്രീമേഴ്സ് അധ്യക്ഷന് അഭിനന്ദനം**

**കൊടുങ്ങല്ലൂർ സ്വാദേശിനി ശ്രീലക്ഷ്മി കൊച്ചി മീഡിയ അക്കാദമിയിൽ ഫോട്ടോ ജേർണലിസം പഠിച്ച ആളാണ്. മികച്ച ന്യൂസ് ഫോട്ടോയ്ക്കുള്ള മാതൃഭൂമി ഫോട്ടോ ജേര്ണലിസ്റ്റുകളുടെ സികെ ജയകൃഷ്ണൻ പുരസ്കാരം നേടി.**

വാങ്ങൽ. പ്രായം 70. ലണ്ടനിലെ മകൻ ലൂഷിനും ഭാര്യ പ്രിയയും ഡിട്രോയിറ്റിലെ മകൻ ഡോ. ഫ്രെനിയും ഭാര്യ ഡോ.അലാനയും എത്തി അമ്മ റോസമ്മയോടൊപ്പം അന്ത്യ കർമങ്ങൾ നടത്തി.

ടെലിലെൻസ് പിടിപ്പിച്ച കാമറയുമായി വന്ന ലില്ലി കോളജ് കുമാരിയുടെ ചുറുചുറുക്കോടെ വീട്ടിലെ പ്രാർഥനാവേളയിൽ ജനങ്ങളെ നിയന്ത്രിക്കുന്നതിൽ ഒരു പോലീസുകാരിയായിമാറി. അതിനിടെ മറക്കാനാവാത്ത നിമിഷങ്ങൾ ക്യാമറയിൽ പകർത്തുകയും ചെയ്തു.

പാലായിൽ മീനച്ചിൽ പ്ലാക്കുഴിയിൽ ജനിച്ച പ്രീഡിഗ്രിക്കാരിയാണ് ലില്ലി. കടനാടിനടുത്ത കൊല്ലപ്പള്ളി ചൂരക്കാട്ടു സന്തോഷിന്റെ ഭാര്യയായി എത്തും മുമ്പ് തന്നെ ഫോട്ടോഗ്രാഫറായി പൊതുവേദികളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. കടനാട് പള്ളിക്കു മുമ്പിൽ ഇളയമകൻ അലന്റെ പേരിൽ സ്റ്റുഡിയോ ഇട്ടുകൊണ്ടു മുഴുവൻ സമയ പ്രൊഫഷണൽ ഫോട്ടോഗ്രാഫറായി മാറി. മൂത്തമകൻ ആൽബിയുടെ പേരിൽ തൊട്ടുചേർന്നു ഒരു ഫാൻസി സ്റ്റോറും തുറന്നു.

ആൽബിയും അലനും മംഗലാപുരത്തു പഠിക്കുന്നു. ആൽബി ഫിസിയോതെറപ്പിയിൽ ബി.പി. ടി. ഫൈനൽ ഇയർ ആണ്. വിദേശത്തുപോയി മാസ്റ്റേഴ്സ് ചെയ്യാൻ ആഗ്രഹിക്കുന്നു. അലൻ ബിഎസ്സി നഴ്സിങ് ഫസ്റ് ഇയർ. ഇരുവരെയും നല്ല നിലയിൽ ആക്കണമെന്ന മോഹമേ ലില്ലിക്കുള്ളു.

സന്തോഷ് ഏതാനും വർഷം മുമ്പ് അന്തരിച്ചതോടെ കുടുംബത്തിന്റെ മുഴുവൻ ചുമതലയും ലില്ലിയുടെ ചുമലിൽ ആയി. 'വയലിലെ ലില്ലിപൂക്കളെ നോക്കുക. അവ അധ്വാനിക്കുന്നില്ല, നൂൽ നൂക്കുന്നുമില്ല എന്നിട്ടും അവ ആഭരണമായി ശിരസിൽ ഏറ്റപ്പെടുന്നു,' എന്ന് ക്രിസ്തു പറഞ്ഞതായി മത്തായിയുടെ സുവിശേഷം ആറാം



**ദുബൈ മാഗസിൻ ഫോട്ടോ എഡിറ്റർ തിരുവനന്തപുരത്തെ യു.എസ്. രാഖി**

അദ്ധ്യായം വാക്യം 28 ൽ പറയുന്നു. പക്ഷെ കടനാട്ടെ ലില്ലി വെളുപ്പിന് ഉണർന്നു പാതിരാ വരെ അത്യദ്ധ്വാനം ചെയ്താണ് കുടുംബം പുലർത്തുന്നത്.

ഫോട്ടോഗ്രഫി തൊഴിലാക്കിയ പെൺകുട്ടികൾ കേരളത്തിൽ അവിടവിടെ ഉണ്ടെന്നു തീർച്ചയാണ്. ഹോബിയായി കൊണ്ടു നടക്കുന്നവർ ആയിരക്കണക്കിന്. പ്രത്യേകിച്ചു കാമറ ഫോണുകൾ വന്നതു മുതൽ. ട്രാവെൽ മാസികകളിൽ സ്വന്തം ചിത്രങ്ങൾ ഉൾപ്പെടുത്തി ലേഖനങ്ങൾ എഴുതുന്നവരുമുണ്ട്.

ലില്ലി അതിനൊന്നും മിനക്കെടുന്നില്ല. സമയമില്ല എന്നത് മറ്റൊരു കാര്യം.. എങ്കിലും തന്നെപ്പറ്റി വനിതയിലും മറ്റും ഫീച്ചറുകൾ വന്നകാര്യം എപ്പോഴും ഓർമിക്കും. താൻ സ്റ്റിൽ ഫോട്ടോയിൽ ശ്രദ്ധിക്കുമ്പോൾ വീഡിയോ കവറേജിനും ലൈവ് സ്ട്രീമിങ്ങിനുമായി പാലായിടെ ചിരന്തന സുഹൃത്ത് ടിങ്കിളിനെയാണ് ആശ്രയിക്കാറ്, ടിങ്കിൾ ആകട്ടെ ഫോട്ടോകവറേജിനായി ലില്ലിയെ കൂട്ടു പിടിക്കുന്നു.

പഠിച്ചിറങ്ങിയ കാലത്ത് യാഷിക്ക ക്യാമറയിൽ തുടങ്ങിയതാണ് ലില്ലി. ഇന്ന് ഉപയോഗിക്കുന്നത് മൂന്നരലക്ഷം വിലവരുന്ന കാനൻ ആർ 5.

'ലില്ലിയോടൊപ്പം പന്തലിലും പള്ളിയിലും കണ്ടില്ലല്ലോ, എവിടെപ്പോയിരുന്നു' എന്ന് ഞാൻ ടിങ്കിനോട് ചോദിച്ചു. 'എന്റെ കൂടെയുള്ള റ്റിജോയാണ് വീഡിയോ എടുത്തത്. ഞാൻ പിന്നിൽ കാറിൽ ഇരുന്നു ദൃശ്യങ്ങൾ എഡിറ്റ് ചെയ്തു ലൈവ് ആയി സംപ്രേഷണം ചെയ്തു,' എന്നു മറുപടി.



**മനോരമയിലെ ആദ്യ ഫോട്ടോജേർണലിസ്റ്റ് ശ്രീലക്ഷ്മി ശിവദാസ്**

> **കുവൈറ്റിൽ ഫോട്ടോഗ്രാഫർമാരുടെ ഗ്രൂപ്പിൽ അംഗമായിരുന്നു നിലിയ വേണുഗോപാൽ. കുറെ അവാർഡുകൾ നേടി**

പാലാ സെന്റ് തോമസ് കോളജിൽ പ്രീഡിഗ്രി വരെയേ പഠിച്ചുള്ളൂവെങ്കിലും രണ്ടു പതിറ്റാണ്ടു മുമ്പ് ഒന്നരലക്ഷം മുടക്കി വീഡിയോ കാമറ സ്വന്തമാക്കിക്കൊണ്ടു ജീവിതമാർഗം കണ്ടെത്തുകയായിരുന്നു ടിങ്കിൾ. പാലാ നഗരത്തിനു നടുവിൽ സിവിൽ സ്റ്റേഷന് എതിരെ ടിങ്കിൾ എന്ന പേരിൽ സ്റ്റുഡിയോ ഇട്ടു. വിളിച്ചാൽ വരുന്ന നാലഞ്ചു പേരെ സഹായികളാക്കി.

ആദ്യകാലത്ത് ഇവന്റ് മാനേജ്മെന്റും കൂടെ കൊണ്ടുപോയി. സിനിമാ സീരിയൽ താരങ്ങളെ ഉൾപ്പെടുത്തിയുള്ള പരിപാടികൾ സംഘടിപ്പിച്ചു. ഇവന്റ് മാനേജ്മെന്റ് പിന്നീട് വേണ്ടെന്നു വച്ചു. അല്ലാതെ തന്നെ ഇഷ്ട്ടം പോലെ പരിപാടികൾ ഉണ്ട്. ഞായറാഴ്ച പോലും. വീടിനടുത്ത് ചേർപ്പുങ്കൽ മാർ സ്ലീബാ പള്ളിക്കു സമീപം ലൈവ് പോയിന്റ് എന്ന പേരിൽ ഒരു ബ്രാഞ്ച് തുറന്നിട്ടുണ്ട്. ഭാര്യ ഷിജിക്കാണ് ചുമതല.

ഡിജിറ്റൽ യുഗത്തിൽ കേരളത്തിലെ മുക്കിലും മൂലയിലും വരെ ഫോട്ടോ ഗ്രാഫർമാർ ഉണ്ട്. എന്നാൽ ലില്ലിയെപ്പോലുള്ള വനിതകൾ ദുർലഭമായിരിക്കും. കേരളം മുഴുവൻ എത്ര വനിതാ ഫോട്ടോ ജേർണലിസ്റ്റുകൾ ഉണ്ടെന്നറിയാൻ ഗവർമെന്റിന്റെ മീഡിയ ഹാൻഡ്ബുക് മുഴുവനായി ഞാൻ പരതി. പന്ത്രണ്ടു പ്രധാന പത്രങ്ങൾക്കു അരക്കോടി കോപ്പി പ്രചാരമുള്ള നാട്ടിൽ ടെലിവിഷൻ ഉൾപ്പെടെ കാമറ കൈകാര്യം ചെയ്യുന്നവർ അരഡസൻ പോലുമില്ല.

കേരളത്തിൽ എനിക്കറിയാവുന്ന നാലോ അഞ്ചോ വനിതാ ഫോട്ടോജേർണലിസ്റ്റുകളേ ഉള്ളു. നാലു പേരും തിരുവനന്തപുരത്ത്-മനോരമയിലെ ആദ്യ വനിതാ ഫോട്ടോ ജേർണലിസ്റ് ശ്രീലക്ഷ്മി ശിവദാസ്, ദേശാഭിമാനിയിലെ നിലിയ വേണുഗോപാൽ, ദുബൈ 'ഗ്രാൻഡ് എഡിഷൻ' എന്ന സെലിബ്രിറ്റി മാഗസിന്റെ ഫോട്ടോ എഡിറ്റർ തിരുവനന്തപുരംകാരി യുഎസ് രാഖി, കൈരളി ന്യൂസിലെ എ. ഷാലിജ. അഞ്ചാമത്തെയാൾ തൃശൂരിൽ ഡ4ഡ ചാനലിലെ സി. ജിഷ.

കൊടുങ്ങല്ലൂർ സ്വാദേശിനി ശ്രീലക്ഷ്മി കൊച്ചി മീഡിയ അക്കാദമിയിൽ ഫോട്ടോ ജേർണലിസം പഠിച്ച ആളാണ്. മികച്ച ന്യൂസ് ഫോട്ടോയ്ക്കുള്ള മാതൃഭൂമി ഫോട്ടോ ജേർണലിസ്റ്റുകളുടെ സികെ ജയകൃഷ്ണൻ പുരസ്കാരം നേടി. കുവൈറ്റിൽ ഫോട്ടോഗ്രാഫർമാരുടെ ഗ്രൂപ്പിൽ അംഗമായിരുന്നു നിലിയ വേണുഗോപാൽ. കുറെ അവാർഡുകൾ നേടി. കേരള യൂണിവേഴ്സിറ്റിയുടെ ഫോട്ടോഗ്രാഫി കോഴ്സ് പഠിച്ച രാഖി, ട്രിവാൻഡ്രം സിറ്റി, തേജസ്, മംഗളം എന്നിവ കടന്നു ഫോട്ടോ എഡിറ്റർ ആയി.

തൃശൂരിൽ പ്രവർത്തിക്കുന്ന സി. ജിഷ, തൃശൂർ, പാലക്കാട്, എറണാകുളം ജില്ലകളിൽ 2500 വരിക്കാരുള്ള ചാനൽ നടത്തുന്നുവെങ്കിലും ഫോട്ടോഗ്രാഫി ഒരു 'പാഷൻ' ആയി കൊണ്ടുനടക്കുന്നു. പതിനഞ്ചു പേരടങ്ങിയ വനിതാ ഫോട്ടോഗ്രാഫേഴ്സ് വാട്സ് ആപ് ഗ്രൂപ്പിൽ അംഗമാണ്. ബഹുഭൂരിപക്ഷവും വിവാഹവും പിറന്നാളും ജന്മവാർഷികവുമൊക്കെ കവർ ചെയ്തു ജീവിക്കുന്നവർ.

കടനാട്ടെ ലില്ലിക്കോ പാലായിലെ ടിങ്കിളിനോ വാട്സ് ആപ് ഗ്രൂപ് ഒന്നുമില്ല. എന്നാൽ ടിങ്കിളിനെ ഈയിടെ കേരള ലൈവ് സ്ട്രീമേഴ്സ് യൂണിയൻ പ്രസിഡന്റ് ആയി തെരഞ്ഞെടുത്തു.



**ദേശാഭിമാനിയിലെ നിലിയ വേണുഗോപാൽ**

# MUKKUT
## MONUMENTS INC.





**PHONE (C)**
**972-342-0041**

**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**








**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.**

**WE SERVICE ALL OVER USA, CANADA & INDIA**






**ഭൂമിയിൽ നിഷ്കളങ്കതയ്ക്കു മാത്രമായി ഒരിടമില്ല**
(കഥാ സമാഹാരം)
**കെ. വി. പ്രവീൺ**
*ഡി. സി. ബുക്സ്.*
*160 പേജുകൾ . വില 220 രൂപ*

# ആവിഷ്ക്കാരത്തിലെ സൗന്ദര്യപൂർണ്ണമായ മിതത്വം

## കെ. വി. പ്രവീണിന്റെ കഥകളിൽ ഭൂതകാലത്തിന്റെ ഗൃഹാതുരമായ ഓർമ്മകളല്ല, മറിച്ച് ഇന്നിന്റെ കഥയാണ്, നാളെയുടെയും പ്രവചനമാണ്

**ബാജി ഓടംവേലി, ഡാലസ്**

'പുതുകാലത്തിന്റെ അവസ്ഥാന്തരങ്ങളേയും അതിവൈകാരികമായ ജീവിതാവസ്ഥകളേയും മനോഹരമായി ചിത്രീകരിക്കുന്ന 9 കഥകളാണ് ഭൂമിയിൽ നിഷ്കളങ്കതയ്ക്കു മാത്രമായി ഒരിടമില്ല' എന്ന പുസ്തകം. . കേരള സർക്കാറിന്റെ മലയാളം മിഷൻ പ്രവാസസാഹിത്യ പുരസ്കാരം നേടിയ കഥാ സമാഹാരമാണിത് ,ഡ്രോൺ, ലൈബ്രറി, മതിലുകൾ, ഹാർമണി, കാഞ്ചൻ ജംഗ, റിംഗ്, തീകൊണ്ടും വെള്ളം കൊണ്ടും, മൂന്നു വൃദ്ധന്മാരുടെ സായാഹ്നം എന്നിവയും, പുസ്തകത്തിന്റെ പേരുള്ള – ഭൂമിയിൽ നിഷ്കളങ്കതയ്ക്കു മാത്രമായി ഒരിടമില്ല –



എന്ന 20 ഭാഗമായി തിരിച്ചിരിക്കുന്ന നീണ്ടകഥയും പുസ്തകത്തിൽ ഉണ്ട്. ഈ കഥാ സമാഹാരത്തിലെ ഓരോ കഥയും വ്യത്യസ്തമായ വായനാനുഭവം പങ്കു വെയ്ക്കുന്നു.

**ഡ്രോൺ** ഡ്രോൺ എന്ന കഥ ഐ.ടി. പ്രൊഫഷണലായ ഒരാളുടെ ജീവിതച്ചുളയെ പകർത്തി കാണിക്കുന്നു. 'ഭൂമിയിൽ ആർക്കും ഭേദിക്കാനാവാത്ത സുരക്ഷ' എന്ന പരസ്യവാചകമുള്ള ഐ. ടി. കമ്പനിയിൽ ജോലി ചെയ്യുന്ന രാജീവിന്റെ വീട്ടിൽത്തന്നെ സെക്യൂരിറ്റി അറ്റാക്ക് നടന്ന ഞെട്ടലിൽ നിന്നാണ് കഥയുടെ തുടക്കം. ഭാര്യയും മകനും കഥാപാത്രങ്ങളായി കൂടെയുണ്ട്.

പുത്തൻ സാങ്കേതിക വിദ്യയുടെ പശ്ചാത്തലത്തിലാണ് കഥ വികസിക്കുന്നത്. മനുഷ്യനെത്തന്നെ അപ്രസക്തമാക്കുന്ന ഏ. ഐ കാലത്തെ ദുരന്ത ദൂതനെപ്പോലെയുണ്ട് ഈ കഥ. ലോകം നേരിടാൻ പോകുന്ന യാന്ത്രിക ജീവിതവും, ബന്ധങ്ങളിലെ വിള്ളലും, കുടുംബത്തിനകത്തു തന്നെയുള്ള അപരിചിതത്വവും; യാഥാർത്ഥ്യവും സ്വപ്നവും

ഇടകലർത്തി അവതരിപ്പിക്കുന്നു. ബാല്യം പോലും വിനോദത്തിനായി സാങ്കേതിക വിദ്യയുടെ പിടിയിലമർന്ന ഇക്കാലത്ത്, ഏതു നിമിഷവും ആക്രമിക്കാൻ തയ്യാറായി നിൽക്കുന്ന ഒരു വൈറസ് നമുക്കു ചുറ്റും ഉണ്ടെന്ന ഭീതിതമായ ഓർമ്മപെടുത്തലിന്റെ കഥയാണിത്. 'നിന്നിടത്ത് തന്നെ നിൽക്കണമെങ്കിൽ, ഇരട്ടി വേഗത്തിൽ ഓടേണ്ട ഗതിയായിരിക്കുന്നു' എന്ന ഒറ്റവാചകം വർത്തമാനകാലത്ത് അതിജീവനത്തിനായി നേരിടുന്ന കടുത്ത മത്സരം കൃത്യമായി ധ്വനിപ്പിക്കുന്നു. കെ. വി. പ്രവീണിന്റെ കഥകളിൽ ഭൂതകാലത്തിന്റെ ഗൃഹാതുരമായ ഓർമ്മകളല്ല, മറിച്ച് ഇന്നിന്റെ കഥയാണ്, നാളെയുടെയും പ്രവചനമാണ്.

**ലൈബ്രറി** കുറ്റവാളികളെ നന്നാക്കാൻ ബിബ്ലിയോ തെറാപ്പി പരീക്ഷിക്കുന്ന ജയിലിൽ അകപ്പെട്ട ഒരു കുറ്റവാളിയുടെ കഥ. വായന ഒരു ശിക്ഷയായി മാറുന്ന അവസ്ഥക്കൊപ്പം തടവിന്റെ ഭീകരതയും വ്യക്തമാക്കുന്ന കഥയാണ് ലൈബ്രറി. ജയിലിൽ കിടക്കുന്ന ഒരാളുടെ സ്വപ്നമാണ് അല്ലെങ്കിൽ ഭ്രമാത്മകമായ ചിന്തയാണ് കഥയിൽ. പുസ്തകവായനയിൽ താല്പര്യം ഇല്ലെങ്കിലും തടവുകാർക്ക് ഒരു പുസ്തകം തന്നെ 14 വർഷം വായിക്കേണ്ടി വരുന്നു. അതും ഏകാധിപതി തന്നെ എഴുതിയ 'ഈ ലോകം മുഴുവൻ ഒരു വലിയ ഗ്രന്ഥശാലയാണ്' എന്ന ഒറ്റ വാചകം മാത്രമുള്ള പുസ്തകം. പുസ്തകത്തിന് ഒരാളുടെ ജീവിതത്തെ മാറ്റി മറിക്കാൻ കഴിയും എന്നുറപ്പിച്ചു പറഞ്ഞു കൊണ്ടാണ് കഥ അവസാനിക്കുന്നത്. കഥകളിൽ മനഃപൂർവ്വമായി ദുരൂഹതകൾ കുത്തി നിറയ്ക്കുന്നില്ലെങ്കിലും ലളിത വായനക്കാർക്ക് പ്രവീണിന്റെ കഥകളോടൊപ്പം നടക്കണമെങ്കിൽ നന്നേ പണിപ്പെടേണ്ടി വരും.

**മതിലുകൾ** സ്ക്കൂൾ വിട്ടശേഷം മകൾ റോസി വീട്ടിൽ എത്താത്തതിനാൽ പരിഭ്രമിക്കുന്ന സെലീനയിൽ നിന്നാണ് മതിലുകൾ തുടങ്ങുന്നത്. അനധികൃത കുടിയേറ്റക്കാരിയായ അമ്മയുടേയും, ഈ രാജ്യത്ത് ജനിച്ചതു കൊണ്ട് പൗരത്വം ലഭിച്ച മകളുടെയും കഥയാണിത്. രാജ്യം ഇല്ലാതാകുന്നതിന്റെയും പൗരത്വം നഷ്ടപ്പെടുന്നതിന്റെയും അതിലുപരി സ്നേഹം നിഷേധിക്കപ്പെടുന്നതിന്റെയും കഥയാണിത്. പല രാജ്യങ്ങളുടേയും അതിർത്തികളിൽ ആകാശം മുട്ടുന്ന മതിലുകൾ ഉയരുന്നുവത്രേ, അഭയവും താവളവുമായിരുന്ന ഇടങ്ങൾ പൊടുന്നനെ വിലക്കപ്പെട്ടതായിരിക്കുന്നു. സ്നേഹം നിഷേധിക്കപ്പെട്ടവർക്ക് ഈ ഭൂമി തന്നെ വലിയ ജയിലാണെന്ന് ഓർമ്മിപ്പിക്കുന്നു. ഈ കഥയിലെ സംഭവം ട്രെമ്പിന്റെ രണ്ടാം വരവിൽ നമുക്കു ചുറ്റും സംഭവിച്ചു കൊണ്ടിരിക്കുന്നു. കെ. വി. പ്രവീൺ ഒരു മുഴം മുൻപേ എറിഞ്ഞെങ്കിലും കാലം വേഗത്തിൽ കൂടെ ഓടിയെത്തി.

ഹാർമണി ഒരു അന്താരാഷ്ട്ര വിമാനത്താവളം ഹൗസിങ്ങ് കോളനിയാക്കിയതുപോലെ എല്ലാ രാജ്യക്കാരുമുള്ള ഹാർമണി ക്രോസ്സിങ്ങ് എന്ന കമ്യൂണിറ്റിയിൽ നടക്കുന്ന കഥയാണ് ഹാർമണി. കമ്യൂണിറ്റി റൂൾസിന് വിപരീതമായി, അഴിച്ചു വിട്ടിരിക്കുന്ന ഓസ്കാർ എന്ന മരണദൂതനായ പൂച്ചയുടെ കഥ – വൃദ്ധസദനത്തിലെ അന്തേവാസികളുടെ മരണം അടുക്കുമ്പോൾ അവരുടെ കിടക്കയിൽ ചെന്നു കേറി അവരെ മരണത്തിലേക്ക് യാത്രയാക്കുന്ന പൂച്ചയെ കൂടുതൽ വായിച്ചറിയുന്നത് പേടിയോടു കൂടിയാവും. സത്യത്തിൽ മനുഷ്യർക്ക് പേടി പൂച്ചയെയോ പാമ്പിനെയോ അല്ല, മനുഷ്യരെ തന്നെയാ. അതും അവരെപ്പോലെ അല്ലാത്ത മനുഷ്യരെ. അതിർത്തികൾ ഒന്നും ബാധകമല്ലാത്ത അയൽക്കാരന്റെ പൂച്ചയിലൂടെ, വിശാലമായ സൗഹൃദങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കഥയിൽ പറയുന്നു.

**കാഞ്ചൻ ജംഗ** ദീദി മരിച്ചു പോയി എന്നു പറഞ്ഞ് കഥ തുടങ്ങി, ദീതിയുടെ കഥ പറയുകയാണ് കാഞ്ചൻ ജംഗയിൽ. കോണിപ്പടിയിൽ നിന്നും കാലുതെറ്റി വീണാണ് അവർ മരിച്ചത്. കാഞ്ചൻ ജംഗ കീഴടക്കിയവരാണ് അവർ എന്നതാണ് അതിലെ വൈരുദ്ധ്യം. 'സമയം ആയാൽ പിന്നെ എവിടെ നിന്നാലും മതി' എന്ന കഥയിലെ സിനിയുടെ വാചകത്തിൽ ജീവിതത്തിന്റെ അനിശ്ചിതത്വം മുഴുവനുമുണ്ട്. സിൽവർ മൗണ്ടനിൽ മലകയറാൻ പോയപ്പോഴാണ് ദീതിയെ പരിചയപ്പെടുന്നത് കഥയുടെ അവസാനം ആ കോപ്പർ മൗണ്ടൻ സന്ദർശനത്തിനു ശേഷം ഞങ്ങളുടെ ജീവിതം പലതരം കയറ്റിറക്കങ്ങളിലൂടെ കടന്നു പോയി എന്ന് പറയുന്നു. ആ മൗണ്ടന്റെ പേര് തെറ്റായി പറയുന്നതിലൂടെ കഥയ്ക്ക് ഒരു പുതിയ മാനം കൈവരുന്നത് കാണാം. കഥയുടെ അവസാനം മരണത്തേക്കുറിച്ച് ഇങ്ങനെയാണ് പറയുന്നത്. 'ഒരിക്കൽ മാത്രമേ നാം നമ്മൾ ഉറങ്ങുന്നുള്ളു. അതിനു മുൻപുള്ള ഉറക്കങ്ങളെല്ലാം ഒരു പരിശീലനം ആയിരിക്കണം. ഞാൻ സിനിയെ പതുക്കെ ചേർത്തു പിടിച്ച് കണ്ണുകൾ അടച്ചു. ഒരു തയ്യാറെടുപ്പെന്നോണം.' പ്രമേയത്തെ ഭാഷയിലേക്ക് പരിവർത്തിപ്പിക്കുന്ന അസമാന്യമായ കരുത്തുമാത്രം മതിയാവും പ്രവീൺ കഥകളുടെ വീര്യം അളക്കുവാൻ.

**റിംഗ്** പലവിധത്തിലുള്ള ട്രോമകളിലൂടെ കടന്നു പോയി ഒടുവിൽ ഒരു പുനരധിവാസ കേന്ദ്രത്തിലെത്തുന്ന നാലു യുവതികളുടെ കഥയാണ് റിംഗ്. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ തിരസ്കരിക്കപ്പെട്ട, ലഹരിക്ക് അടിമയാക്കപ്പെട്ടവരാണ് അവർ. അവരുടെ വേദനകളാവും അവരെ പരസ്പരം തിരിച്ചറിയാൻ സഹാ

യിക്കുന്നത്. ഈ കഥയും മറ്റു കഥകളേപ്പോലെ നമ്മെ സൈ്വര്യം കെടുത്തുന്നവയാണ്. ആവിഷ്ക്കാരത്തിന്റെയും പ്രമേയത്തിന്റെയും ഒക്കെ വ്യത്യസ്ഥത പ്രവീൺ കഥകൾ വാഗ്ദാനം ചെയ്യുന്നു.

തീ കൊണ്ടും വെള്ളം കൊണ്ടും മകൾ നഷ്ടപ്പെട്ട ദമ്പതികളായ അരവിന്ദും അനിതയും ആ വേദനയിൽ നിന്നും രക്ഷ നേടാൻ ഒരു യാത്ര നടത്തുകയും അത് മറ്റൊരു ദുരന്തത്തിലേക്കും മനസിക സംഘർഷങ്ങളിലേക്കും നീങ്ങുന്ന കഥയാണ് തീ കൊണ്ടും വെള്ളം കൊണ്ടും. ആ ദമ്പതിമാരുടെ തീവ്രവ്യഥകൾ ആഖ്യാനം ചെയ്യപ്പെടുന്നത് ധ്വനി സാന്ദ്രത കൊണ്ടും ആവിഷ്ക്കാരത്തിലെ സൗന്ദര്യപൂർണ്ണമായ മിതത്വം കൊണ്ടും ശ്രദ്ധേയമാണ് .

**മൂന്ന് വൃദ്ധന്മാരുടെ സായാഹ്നം** മറവിക്കാരൻ, വിഭാര്യൻ, ഫലിതക്കാരൻ എന്നീ മൂന്ന് പ്രായമായ മനുഷ്യരുടെ കഥയാണ് മൂന്ന് വൃദ്ധരുടെ സായാഹ്നം. ഈ മൂന്നു കൂട്ടർ പ്രതിനിധാനം ചെയ്യുന്ന സമൂഹം വളരെ വലുതാണ്. പൊതുവായി ഒരേ ദുഃഖവും പേറിയാണ് ഈ മനുഷ്യരുടെ യാത്ര. റെയിൽവേ സ്റ്റേഷൻ പ്ളാറ്റ്ഫോമിലെ ആളൊഴിഞ്ഞ സിമന്റു ബെഞ്ചിലിരുന്ന് പങ്കുവെക്കുന്ന വിശേഷങ്ങളിൽ, ഓർത്തെടുക്കുന്ന മുഹൂർത്തങ്ങളിൽ; നർമ്മവും വേദനയും ഇടകലർത്തി മനുഷ്യ ജീവിതം തുറന്നു കാണിക്കുന്നു.

ട്രെയിൻ നിർത്താതെ ഓടുമ്പോൾ തങ്ങളുടെ ഭൂതകാലത്തിൽ നിന്ന് മരണത്തിലേക്കാണ് ആ ട്രെയിനുകൾ പായുന്നതെന്ന് അവർക്ക് തോന്നും. ഫലിതക്കാരൻ അധികം വൈകാതെ താനും തന്റെ വീട്ടിൽ പോകുമെന്ന് പറയുന്നു. ജോലിയൊക്കെ മതിയാക്കി ഗ്രാമത്തിൽ ഞങ്ങളുടെ വീട്ടിലേക്ക് ചെല്ലുമ്പോൾത്തന്നെ എന്റെ കുടുംബത്തിനു കൃത്യമായി മനസ്സിലാകും എന്ത് ചെയ്യണമെന്ന്. തുടർന്ന് തമിഴ് നാട്ടിലെ ചിലയിടങ്ങളിൽ മുൻപ് ഉണ്ടായിരുന്ന 'തലൈ കൂന്തൽ' എന്ന വയസ്സന്മാരെ ദയാവധത്തിന് വിധേയമാക്കുന്ന ചടങ്ങിനെക്കുറിച്ച് കൃത്യമായി വിവരിക്കുന്നുണ്ട്. അവസാനം 'എന്റെ അച്ഛാച്ചന് ഞാനും ഇതൊക്കെ തന്നെ ചെയ്തു കൊടുത്തതാ' എന്ന് പറയുമ്പോഴാണ് ഇതുവരെ തമാശക്കാരൻ പറഞ്ഞതൊന്നും തമാശ ആയിരുന്നില്ലെന്ന് മനസ്സിലാകുന്നത്. വളരെ മുൻപേ തന്നെയുള്ള അനാഥ വാർദ്ധക്യത്തിന്റെ കഥ വളരെ പുതുമയോടെ പറഞ്ഞിരിക്കുന്നു.

**തന്റെ രചനകളിൽ ഒരു തനത് ശൈലി വികസിപ്പിച്ചെടുക്കുന്നതിൽ കെ. വി. പ്രവീൺ വിജയിച്ചിരിക്കുന്നു. മലയാളത്തിലെ സീരിയസ്സായ വായനക്കാർ മാത്രമാകും പ്രവീണിന്റെ വായനക്കാരെന്നത് കഥയുടെ മേന്മയാണോ പരിമിതിയാണോ എന്ന് അറിയില്ല. വിപുലമായി വായിക്കപ്പെടുന്നില്ലെങ്കിലും വായിക്കുന്നവർ ഉറപ്പായും ഈടുറ്റ കഥകളാണ് പ്രവീണിന്റെ കഥകളെന്ന് ഉറപ്പിച്ചു പറയാം.**

**ഭൂമിയിൽ നിഷ്കളങ്കതയ്ക്കു മാത്രമായി ഒരിടമില്ല** അബ്രഹാമിന്റെയും തെരേസയുടേയും ഡേവിഡിന്റെയും കഥ 2018 ലെ മാതൃഭൂമി ഓണപതിപ്പിൽ പ്രസിദ്ധീകരിച്ചപ്പോൾ തന്നെ ഇത് പുതിയകാല എഴുത്തുകാരിൽ നിന്ന് ലോക കഥയിലേക്ക് നിർദ്ദേശിക്കാനുതകുന്ന നിലവാരമുള്ള കഥയെന്ന് വായനക്കാരും നിരൂപകരും ഒരുപോലെ വിലയിരുത്തി.

എബ്രഹാം, തെരേസ, ഡേവിഡ് എന്നിവരിലൂടെ കുടിയേറ്റത്തിന്റെയും പാലായനത്തിന്റെയും നാമാവശേഷമായ ഗോത്രങ്ങളുടെയും, ഭാഷയുടെയും കഥ പറയുകയാണ്. വൈകല്യത്തോടെ ജന്മമെടുത്ത അമേരിന്ത്യൻ ഗോത്രവർഗ്ഗത്തിലെ കുഞ്ഞുങ്ങൾ, ഗർഭാവസ്ഥയിൽ തന്നെ സിരകളിലേക്ക് വ്യാപിക്കുന്ന മദ്യത്തിന്റെ ലഹരി ഏത് പരിതസ്ഥിതിയിലും അവരെ പിന്തുടരുന്നു വെന്ന് കഥ സൂചിപ്പിക്കുന്നു. ഒറ്റപ്പെട്ടു പോയ മനുഷ്യൻ അതുപോലെ ഒറ്റപ്പെട്ടു പോയ മറ്റൊരു ജീവനെ സംരക്ഷിക്കാൻ ആഗ്രഹിച്ചു നടത്തുന്ന പാഴ്ശ്രമത്തിന്റെ കഥ.

അമേരിക്കൻ പശ്ചാത്തലത്തിൽ വ്യത്യസ്ഥമായ പ്രമേയത്തിൽ നെയ്തെടുത്ത തൈമയും കോളംബസും എന്ന പുതിയ നോവലിന്റെ ആമുഖമാണ് ഈ കഥയെന്നു വേണമെങ്കിൽ പറയാം. ഈ നോവൽ കൂടുതൽ വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യും. 2025 ഫെബ്രുവരി 3 ആം തീയതി പ്രകാശനം ചെയ്യപ്പെട്ട കെ. വി. പ്രവീണിന്റെ തൈമയും കൊളംബസും എന്ന പുതിയ നോവൽ മാതൃഭൂമി ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

തന്റെ രചനകളിൽ ഒരു തനത് ശൈലി വികസിപ്പിച്ചെടുക്കുന്നതിൽ കെ. വി. പ്രവീൺ വിജയിച്ചിരിക്കുന്നു. മലയാളത്തിലെ സീരിയസ്സായ വായനക്കാർ മാത്രമാകും പ്രവീണിന്റെ വായനക്കാരെന്നത് കഥയുടെ മേന്മയാണോ പരിമിതിയാണോ എന്ന് അറിയില്ല. വിപുലമായി വായിക്കപ്പെടുന്നില്ലെങ്കിലും വായിക്കുന്നവർ ഉറപ്പായും ഈടുറ്റ കഥകളാണ് പ്രവീണിന്റെ കഥകളെന്ന് ഉറപ്പിച്ചു പറയാം.

മലയാളത്തിലെ ശ്രദ്ധേയരായ എഴുത്തുകാരിൽ ഒരാളായ കെ. വി. പ്രവീൺ കാസർഗോഡ് ജില്ലയിലെ നീലേശ്വരം സ്വദേശിയാണ്. ടെക്സാസിലെ ഹ്യൂസ്റ്റണിൽ താമസിച്ച് ഐ. ടി. മേഖലയിൽ ജോലി ചെയ്യുന്നു. ഡിജാൻ ലീ, പ്രച്ഛന്ന വേഷം, തൈമയും കൊളംബസ്സും എന്നീ നോവലുകളും; ഓർമ്മച്ചെപ്പ്, ഭൂമിയിൽ നിഷ്കളങ്കതയ്ക്കു മാത്രമായി ഒരിടമില്ല എന്നീ കഥാസമാഹാരങ്ങളും പുസ്തകരൂപത്തിൽ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.






**ഇംഗ്ലീഷ് സാഹിത്യത്തിലും മലയാളം സാഹിത്യത്തിലും ബിരുദാനന്തര ബിരുദങ്ങളുള്ള വിജിഷ വിജയന്റെ കഥകളിലും കവിതകളിലും മാത്രമല്ല, പറച്ചിലുകളിലും ധ്വനിക്കുന്ന ധിഷണാപരമായ ഔന്നത്യം യുവ എഴുത്തുകാരിൽനിന്നു സാധാരണ പ്രതീക്ഷിക്കാൻ കഴിയാത്തതാണ്**

# 'അഗാപെ' എന്ന അജ്ഞാതലോകം

◉ വിജയ് സി. എച്ച്



**പ്രണയ കഥനങ്ങൾ**

എന്റെ രണ്ടാമത്തെ പുസ്തകമാണു 'എന്റെ കടിഞ്ഞൂൽ പ്രണയകഥനങ്ങൾ'. കൂടുതൽ വായിക്കപ്പെട്ടൊരു കഥാസമാഹാരം. എല്ലാം സ്മരണാഖ്യാനങ്ങളാണ്. പെണ്ണൊരു പ്രണയകൃതി രചിച്ചാൽ അതിന് കൂടുതൽ വായനക്കാരെ ലഭിക്കുമെന്നു ഞാൻ കരുതുന്നില്ല. അത്രയൊന്നും വായിക്കപ്പെട്ടിട്ടില്ലാത്ത പ്രണയകൃതികൾ സ്ത്രീകൾ എഴുതിയിട്ടില്ലേ? പെണ്ണുങ്ങൾ ഭൂതം പറയുമ്പോൾ അത് കേൾക്കാൻ ഒരുപക്ഷേ വായനക്കാർക്ക് കൂടുതൽ കൗതുകം തോന്നിയേക്കാം. അത്രത്തോളമേ പെണ്ണിന്റെ പ്രണയകഥയ്ക്കു സ്വീകാര്യതയുമുള്ളൂ. പുസ്തകത്തിന്റെ പേര് പുത്തൻ പ്രവണതകൾ പാലിച്ചുകൊണ്ടു നൽകിയതാണ്. എഴുതിയത് വായിക്കാൻ ആളുകൾ ഉണ്ടാവുകയെന്നത് ഇക്കാലത്തു വലിയ ഭാഗ്യമാണ്. അത് ഈ പുസ്തകത്തിന് ഉണ്ടായി! കഥാകൃത്ത് പെണ്ണായതുകൊണ്ടു വായനക്കാർ ഉണ്ടാകണമെന്നൊന്നുമില്ല. എന്നാൽ, ഓർമകളാകുമ്പോൾ എഴുത്തുകാരിയുടെ ജീവിതം കൂടി വായിക്കാമല്ലോ എന്ന ഉദ്ദേശ്യം വായനക്കാർക്ക് ഉണ്ടാകാമെന്നതിൽ സംശയമില്ല. വായനക്കാരുണ്ടാവുക എന്നതാണല്ലോ എഴുത്തിന്റെ വിജയം. അതിന് എഴുത്തുകാർക്ക് പല വഴികളും ഉപയോഗിക്കാം. ഞാൻ ഉപയോഗിച്ചത് ആ പുസ്തകത്തിന് അത്തരമൊരു പേരിട്ടുകൊണ്ടാണ്! ആര്യാ ഗോപി അവതാരിക എഴുതിയ 50 കവിതകളുടെ സമാഹാരമാണ് എന്റെ പ്രഥമ പുസ്തകമായ 'നിറങ്ങളെ സ്നേഹിച്ചവൾ'. ഇടക്കെടുത്തു മറിച്ചു നോക്കുമ്പോൾ അവ എഴുതുന്നതു ഇന്നായിരുന്നുവെങ്കിൽ കുറച്ചുകൂടി കാവ്യഭംഗി കൊണ്ടുവരാമായിരുന്നുവെന്നു തോന്നാറുണ്ട്.

> **ഓർമകളാകുമ്പോൾ എഴുത്തുകാരിയുടെ ജീവിതം കൂടി വായിക്കാമല്ലോ എന്ന ഉദ്ദേശ്യം വായനക്കാർക്ക് ഉണ്ടാകാമെന്നതിൽ സംശയമില്ല. വായനക്കാരുണ്ടാവുക എന്നതാണല്ലോ എഴുത്തിന്റെ വിജയം.**

**ശാരീരിക പ്രത്യേകതകൾ കൊണ്ടു സർഗവീഥിയിൽ അവൾ നേരിടുന്ന വൈഷമ്യങ്ങൾ പലതാണ്. ഒരു പുരുഷൻ മറ്റൊരു പുരുഷനോടു എത്ര സ്വതന്ത്രമായാണോ ഇടപഴകുന്നത് അത്രയും സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ടു പരിചയമുള്ള ഒരു പുരുഷനോട് ഒരു സ്ത്രീയ്ക്ക് ഇടപെടാൻ കഴിയുന്നില്ലല്ലൊ. കൂട്ടിനൊരാളുണ്ടെങ്കിൽ നിലാവുള്ള രാവുകളിൽ വീടിനടുത്ത ഗ്രാമവഴികളിൽ ഇത്തിരി നേരം ഇറങ്ങി നടക്കാമായിരുന്നല്ലോ എന്നും മറ്റും തോന്നാറുണ്ട്. ആണായിരുവെങ്കിൽ വിചാരിച്ച പോലെ, കൂടുതൽ സ്വാതന്ത്ര്യം ആസ്വദിച്ചുകൊണ്ടു, ജീവിക്കാമായിരുന്നുവെന്നും ചിലപ്പോൾ ചിന്തിക്കും. ആർത്തവ ദിനങ്ങൾ അശാന്തിയുടേതാണ്.**

### പെണ്ണിന്റെ പരിമിതികൾ

പുരുഷാധിപത്യം ഒരു യാഥാർത്ഥ്യമാകാം, പക്ഷേ പെണ്ണായി പിറന്നതുകൊണ്ടു സർഗവീഥിയിൽ തഴയപ്പെട്ടതായി ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. പലപ്പോഴും സാഹചര്യങ്ങൾ പ്രതികൂലമാവാറുണ്ടെന്നതു സത്യമാണ്. സ്വാതന്ത്ര്യം ഉണ്ടെങ്കിൽ പോലും അത് മറ്റാരുടെയോ കൈയ്യിലാണെന്ന ബോധം അവൾക്കു വിലങ്ങുതടിയാകുന്നു. ദൂരയാത്രകളും രാത്രി സഞ്ചാരങ്ങളും സ്വമേധയാ നിയന്ത്രിക്കേണ്ടിയും വരുന്നു. എന്നിരുന്നാലും, പുരുഷൻ നിമിത്തം സ്ത്രീ രണ്ടാം സ്ഥാനത്താകുന്നുവെന്നു ഞാൻ വിശ്വസിക്കുന്നില്ല. ശാരീരിക പ്രത്യേകതകൾ കൊണ്ടു സർഗവീഥിയിൽ അവൾ നേരിടുന്ന വൈഷമ്യങ്ങൾ പലതാണ്. ഒരു പുരുഷൻ മറ്റൊരു പുരുഷനോടു എത്ര സ്വതന്ത്രമായാണോ ഇടപഴകുന്നത് അത്രയും സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ടു പരിചയമുള്ള ഒരു പുരുഷനോട് ഒരു സ്ത്രീയ്ക്ക് ഇടപെടാൻ കഴിയുന്നില്ലല്ലൊ. കൂട്ടിനൊരാളുണ്ടെങ്കിൽ നിലാവുള്ള രാവുകളിൽ വീടിനടുത്ത ഗ്രാമവഴികളിൽ ഇത്തിരി നേരം ഇറങ്ങി നടക്കാമായിരുന്നല്ലോ എന്നും മറ്റും തോന്നാറുണ്ട്. ആണായിരുവെങ്കിൽ വിചാരിച്ച പോലെ, കൂടുതൽ സ്വാതന്ത്ര്യം ആസ്വദിച്ചുകൊണ്ടു, ജീവിക്കാമായിരുന്നുവെന്നും ചിലപ്പോൾ ചിന്തിക്കും. ആർത്തവ ദിനങ്ങൾ അശാന്തിയുടേതാണ്. പറയാൻ തുടങ്ങിയാൽ പലതുമുണ്ടു സ്ത്രീയുടെ പരിമിതികൾ. ഇതിനെല്ലാം അപ്പുറത്താണ് പെണ്ണിനെ കേവലമൊരു ശരീരമായും, അവളുടെ തുറന്നെഴുതുകളെ വില്പനചരക്കായും വീക്ഷിക്കുന്ന പ്രവണത.

### അജ്ഞാതമായ പെണ്ണവസ്ഥകൾ

ഈ കാലഘട്ടം സാക്ഷിയാകുന്നതു എഴുത്തിൽ സ്ത്രീകൾ മുന്നേറുന്നതിനാണ്. യഥാർത്ഥത്തിൽ ഫെമിനിസം എന്ന മൂവ്മെന്റു പോലും അർത്ഥവത്താകുന്ന ഒരു കാലഗതിയിലാണു നാം ഇന്നു ജീവിക്കുന്നത്. ലളിതാംബിക അന്തർജ്ജനം തന്റെ എഴുത്തിലൂടെ വരച്ചുകാട്ടുന്ന സ്ത്രീയുടെ കാലമല്ല ഇത്. എങ്കിലും, സ്ത്രീകൾ പുരോഗതി നേടാത്ത പല മേഖലകളും ഇന്നുമുണ്ട്. പുരസ്കാരങ്ങളും മറ്റും ഒരാളുടെ കഴിവിന്റെ മാനദണ്ഡമായി കണക്കാക്കാൻ കഴിയില്ലെങ്കിലും, കേരള സാഹിത്യ അക്കാദമി അവാർഡു വിജയികളുടെ കണക്കെടുത്താൽ, സ്ത്രീകൾ സാഹിത്യ മേഖലയിൽ ഇക്കാലത്തും വളരെ പിറകിലാണെന്നു തിരിച്ചറിയാം. ഓരോ വർഷവും മികവിനുള്ള രണ്ടോ മൂന്നോ അവാർഡുകൾ മാത്രമാണ് സാഹിത്യകാരികൾ നേടുന്നത്. ഇപ്പോഴും പരിഗണിക്കപ്പെടാത്ത, പേര് കേൾക്കപ്പെടാത്ത എത്രയോ മികച്ച എഴുത്തുകാർ ഇവിടെയുണ്ടെന്ന വസ്തുത മറ്റൊരു യാഥാർത്ഥ്യവുമാണ്. പക്ഷേ, അങ്ങനെയുള്ളവരെ ഞാൻ വിട്ടുകളയാറില്ല. വാസ്തവത്തിൽ, പരിഗണിക്കപ്പെടാത്തവരെ പതിവായി ഞാൻ വായിക്കാറുണ്ട്. സമൂഹമാധ്യമങ്ങളാണ് ഇന്നിന്റെ ഏറ്റവും വലിയ ശക്തി. മറ്റൊരാളുടെ സഹായമില്ലാതെ ഒരാൾക്ക് എന്തും ഇന്നു ആവിഷ്കരിക്കരിക്കാനും അവതരിപ്പിക്കാനും അവസരമുണ്ട്. അടുക്കളയിൽ നിന്നുകൊണ്ടു പാട്ടു പാടുന്ന വീഡിയോകൾ, സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു വൈറൽ ആകുന്ന സ്ത്രീകളെ കണ്ടിട്ടില്ലേ?



അതിനു താഴെ വരുന്ന കമന്റുകൾ വായിക്കാറില്ലേ? അത് ചുമരെഴുത്താണ്; പൊതുജനത്തിന്റെ അഭിപ്രായമാണത്! ആർക്കും അതു കണ്ടില്ലെന്നു നടിക്കാൻ കഴിയില്ല. എന്നിരുന്നാലും, വളരാനും വളർത്താനും, തളരാനും തളർത്താനും പെട്ടെന്നു കഴിയുന്നൊരു ലോകത്താണ് ഇന്നത്തെ നമ്മുടെ വാസമെന്നു പലപ്പോഴും തോന്നിയിട്ടുമുണ്ട്. എന്റെ പുതിയ പുസ്തകത്തിന്റെ പേര് 'അഗാപെ' എന്നാണ്. ഇത്തരം അവസ്ഥകൾ ഇക്കാലങ്ങളിൽ ആരുടെ മുന്നിലും സാധാരണമായി വന്നെത്തുന്നു. പഴയ ഗ്രീക്കു ഭാഷയിൽ ഈ വാക്കിനു മാംസനിബദ്ധമല്ലാത്ത പ്രണയമെന്നും, നിരുപാധികമായ സ്നേഹമെന്നും മറ്റുമൊക്കെ അർത്ഥങ്ങളുണ്ടെങ്കിലും, 'അഗാപെ' എന്നും എനിയ്ക്ക് അജ്ഞാതമായതിനെ സൂചിപ്പിക്കാനുള്ളതാണ്! ഇന്നത്തെ പെണ്ണിന്റെ ചില അവസ്ഥകൾ കലർപ്പില്ലാതെ മുന്നിൽ നിറഞ്ഞു നിൽക്കുമ്പോൾ, അവ വിശ്വസിക്കാൻ ഇഷ്ടമില്ലാതെ, ചിലപ്പോൾ ഊഹിക്കാൻ പോലും കഴിയാതെ, അന്തംവിട്ടു വായും പൊളിച്ചു നിന്നിട്ടുണ്ടു ഞാൻ. 'അഗാപെ'യെന്ന മനോഹരമായ യവനപദത്തിനു ഇങ്ങനെയും ഒരർത്ഥമുണ്ടല്ലൊ! അപ്പപ്പോൾ പ്രതികരിക്കണം.










# ദൃശ്യം മോഡൽ അക്രമവും കൊലയും എന്നവസാനിക്കും ?

## ദൃശ്യം മോഡൽ കൊലകളുടെ പശ്ചാത്തലത്തിൽ അത്തരം ചിത്രങ്ങളുടെ നൈതികതയെപറ്റി ഒരു വിശകലനം

◉ പി എസ് ജോസഫ്

ഔസേപ്പിന്റെ ഒസ്യത്ത് എന്ന സിനിമ മലയാളത്തിൽ ചരിത്രം സൃഷ്ടിക്കുകയാണ് .ഇരയുടെ ജഡം വളരെ സർഗ്ഗാൽമകമായി മറവു ചെയ്തു ശിക്ഷയിൽ നിന്ന് രക്ഷപെടുന്ന അഭിനവ ജോർജ് കുട്ടിമാരുടെ അന്ത്യം കുറിക്കുകയാണ് ഈ സിനിമ .ശരത് ചന്ദ്രൻ ആർ ജെ സംവിധാനം ചെയ്ത ഈ സിനിമ കൃതഹസ്തതയോടെയുള്ള സംവിധാനം കൊണ്ടും ശക്തമായ നീതി ബോധം കൊണ്ടും മികവുറ അഭിനയം കൊണ്ടും നമ്മുടെ ഭാവുകത്വത്തിൽ വലിയ വ്യതിയാനമുണ്ടാക്കും .

''ജഡം എവിടെ'' എന്ന ചോദ്യം കുറ്റാന്വേഷണത്തിലെനിർണ്ണായകമായ ഭാഗമാണ് നിയമവ്യവസ്ഥയിലെയും.ജഡം കിട്ടിക്കഴിഞ്ഞാലെ മരിച്ചുവെന്നും അത് സാധാരണ മരണമോ വധമോ എന്ന് ഉറപ്പിക്കാനുമാവൂ . അന്വേഷണവും കണ്ടെത്തലും നൂറു ശതമാനം പിഴവറ്റതാക്കാൻ ഈകണ്ടെത്തൽ സുപ്രധാനമാണ് ..അതാണല്ലോ പ്രേത സിനിമകളുടെ പോലും ആണിക്കല്ല് ! അത് കൊണ്ടു തന്നെ ജഡം ഒളിപ്പിക്കുന്നതിലെ വൈദഗ്ദ്യം പോലെ പ്രധാനമാണ് ജഡത്തിനു പകരം ജഡം കണ്ടെത്തുകയും .വളരെ മിടുക്കനായ ഒരാൾക്ക് ജഡം ഒളിപ്പിക്കാനോ പകരം ജഡം കണ്ടെത്തി കൊടുക്കാനോ കഴിഞ്ഞെന്നു വരും .അങ്ങനെ കുറ്റകൃത്യത്തെ മറയ്ക്കാനും .പക്ഷെ വളരെ വൈകിയാണെങ്കിലും നമ്മുടെ നീതി ന്യായ വ്യവസ്ഥ സത്യം കണ്ടെത്തും .കുറ്റവാളികളെ അർഹമെങ്കിൽ ശിക്ഷക്ക് വിധേയരാക്കും .പക്ഷെ അതൊരു നീണ്ട കയറാണ്.നീണ്ടകാലം വേണ്ടി വരും അത് യാഥാർത്ഥ്യമാകാൻ ഇതിനിടക്ക് നിരപരാധികൾ

പീഡനങ്ങൾക്ക് ഇരയാകും .ഇരകളും ബന്ധുക്കളും നീതി കിട്ടാതെ അലയും .നമ്മുടെ നീതിവ്യവസ്ഥ തന്നെ ചോദ്യം ചെയ്യപ്പെടും.

സംവിധായകന്റെ കണ്ണിലൂടെയാണ് ഓരോ സിനിമയും വികസിക്കുന്നത് .അത് കൊണ്ടു തന്നെ ഓരോ കാണിയുടെയും ധർമ്മ ബോധത്തെ സ്വാധീനിക്കുന്നതും സംവിധായകൻ തന്നെ .സാമൂഹികവും സനാതനവുമായ മൂല്യങ്ങളെ നിരാകരിക്കുന്ന ഒരു സംവിധായകന് ഒരു പൈശാചിക കൃത്യത്തെ പോലും ന്യായീകരിക്കാനാകും യാഥാർത്ഥ്യങ്ങളിൽനിന്നും വേർപെടുത്തി ഭാവനയുടെ ലോകത്തിൽ നിർത്തി (willing suspension of disbelief) ചെകുത്താന് പോലും ഈശ്വര സ്വഭാവം നൽകി വശീകരിക്കാൻ സംവിധായകന് കഴിയും .അത് സർഗ്ഗാൽമക സൃഷ്ടിയുടെ ഉന്നതമായ രൂപമാണ്.പക്ഷെ ഒരു സർഗ്ഗാൽമക സംവിധായകൻ ഒരിക്കലും വീഴരുതാത്ത ചതിക്കുഴി കൂടിയാണ് അത്. അക്രമവും അഴിമതിയും നീതിനിഷേധവും ഹരമാകുന്ന ഒരു തലമുറയ്ക്ക് അത്തരം സൃഷ്ടികൾ ആസ്വാദ്യകരമാകും .അത് അക്രമത്തിനു പ്രേരണ ചെയ്യുകയും ചെയ്യും കാരണം വൈകാരികതയിലല്ലല്ലോ ഇവിടെ നാം മുതൽ മുടക്കുന്നത് !

മുക്കണ്ണൻ പോലും അനീതി ചെയ്താൽ താനത് തുറന്നു പറയുമെന്ന് പറഞ്ഞയാളാണല്ലോ നക്കീരൻ ! നീതിബോധം അല്ലെങ്കിൽ സത്യം , സ്നേഹം പോലെയുള്ള സനാതന മൂല്യങ്ങളുടെ അടിത്തറയിൽ വേണം ഏതു സൃഷ്ടിയും .




ആ നിലക്ക് The devotion of suspect x എന്ന ജാപ്പനീസ് നോവൽ നമുക്ക് നോക്കാം .ലോകമെങ്ങും വായിക്കപ്പെട്ട ,ജാപ്പനീസിലും കൊറിയനിലും സിനിമകൾക്ക് ആധാരമായ കൃതിയാണ് ഇത് . കെയ്ഗോ ഹിഗാഷിമോയുടെ പ്രശസ്തമായ കുറ്റാന്വേഷണ നോവൽ മനുഷ്യ മനസ്സിലെ സങ്കീർണ്ണമായ അവസ്ഥകളിലേക്ക് കടന്നു ചെല്ലുന്നു .താൻ ആദ്യമായി കാണുന്ന ഒരു സ്ത്രീയോട് തോന്നുന്ന അഭിനിവേശവും ആ സ്ത്രീക്കും മകൾക്കും വേണ്ടി എന്തും ചെയ്യാനുള്ള മാനസികാവസ്ഥയും ഉള്ള ഒരു പ്രത്യേക സ്വാഭാവക്കാരനായ ഗണിതശാസ്ത്ര പ്രൊഫസ്സറാണ് ഈ നോവലിലെ നായകൻ .അസാധാരണ ബുദ്ധിശക്തി ഉണ്ടെങ്കിലും സാമാന്യ ബോധം അനുഗ്രഹിക്കാത്ത വ്യക്തി അദ്ദേഹത്തെ പോലെയുള്ളവർ സമൂഹവും സ്നേഹവുമായി ഏറ്റുമുട്ടുമ്പോൾ അത് ആപല്ക്കരമായി തീരും .

തൻറെ തൊട്ടയൽപ്പക്കതെ ഫ്ലാറ്റിൽ താമസിക്കുന്ന ,താനിഷ്ടപ്പെടുന്ന ഒരു സ്ത്രീയും മകളും ഒരു കൊല നടത്തുന്നു .ഗതികെട്ടു, സ്വയം രക്ഷാർഥം ചെയ്യുന്ന കൊലയാണ് അതെന്നു അയാൾക്കറിയാം .ആ സ്ത്രീയോടുള്ള സ്നേഹം കൊണ്ടു അദ്ദേഹം അത് മറയ്ക്കാൻ കൌശലത്തോടെ ചില സൂത്രങ്ങൾ ആസൂത്രണം ചെയ്യുന്നു .അതിലൊന്ന് അന്വേഷണ ഉദ്യോഗസ്ഥരെ തിയതി കൊണ്ടു കുഴപ്പിക്കുന്നതാണ് . യഥാർത്ഥ ജഡം പോലീസിൽ നിന്ന് ഒളിപ്പിക്കുന്നതാണ് മറ്റൊന്ന് . അയാൾ അതിനു മഹാസൂത്രങ്ങൾ ആണ് കണ്ടെത്തുന്നത് .ക്രൂരമായ സൂത്രങ്ങൾ .

അടുത്ത സുഹൃത്തുക്കൾ ഇല്ലാത്തതും അദേഹത്തിന്റെ തന്നെ സ്വാർഥമായ ചിന്തയും ഈ അപകടത്തിനു മാറ്റു കൂട്ടുന്നു .സുഹൃത്തിന് വേണ്ടി ജയിലിൽ പോകാൻ പോലും അയാൾക്ക് മടിയില്ല . സാധാരണ ലോകവും ജയിലും തമ്മിൽ അയാൾക്ക് വ്യത്യാസമില്ല .അയാൾ മറൊരു ലോകത്തിലാണ് ജീവിക്കുന്നത് .അയാളുടെ തന്ത്രങ്ങൾ വിജയിക്കുന്നു .അദ്ദേഹത്തിന്റെ സുഹൃത്തുക്കളെ പോലീസിന്റെ പിടിയിൽ നിന്ന് രക്ഷപെടുത്താൻ ആ സൂത്രങ്ങൾ സഹായിക്കുന്നു .

മലയാളത്തിൽ ദൃശ്യത്തിൽ എത്തുമ്പോൾ ഇത് നിസ്സഹായയായ ഒരമ്മയും ചൂഷണത്തിന് വിധേയയായ മകളും ഗതികേട് മൂലം അവരെ രക്ഷിക്കേണ്ടി വരുന്ന ഭർത്താവുമായി മാറുന്നു .വലിയ വിദ്യാഭ്യാസം ഇല്ലെങ്കിലും ദൃശ്യപരമായി നല്ല ലോക പരിജ്ഞാനം ഉള്ള വ്യക്തിയാണ് നായകൻ. അയാൾക്ക് എങ്ങനെ തൻറെ കുടുംബത്തെ രക്ഷിക്കണമെന്നറിയാം . അതിനു വേണ്ടി കൊന്നയാളുടെ ജഡം മാറ്റി പോത്തിന്റെ ജഡം കുഴിച്ചിടാനും ആർക്കും കണ്ടുപിടിക്കാനാകാത്ത ഇടത്തു ജഡം മറവു ചെയ്യാനും കഴിയുന്നു .പോലീസിനെയും നിയമ വ്യവസ്ഥയെയും അയാൾ ഇരുട്ടിലാക്കുന്നു . വ്യക്തിയുടെ ,കുടുംബത്തിന്റെ കണ്ണിൽ നോക്കുമ്പോൾ ഇത് ന്യാ

യമായി തോന്നുമെങ്കിലും അത് സ്വാഭാവിക നീതിയാണോ എന്ന ചോദ്യം സിനിമക്ക് ശേഷം കാണികളിൽ ഉണ്ടാകും .

ദൃശ്യം രണ്ടിലും ഈ മിടുക്ക് അധികരിക്കുന്നു എന്നല്ലാതെ കുറ്റബോധത്തിന്റെ ലാഞ്ചന കാണാനില്ല .എങ്കിലും നീതി അടുത്താണ് എന്ന സൂചനയുണ്ട് .

പക്ഷെ ഈ ചിത്രം പൊതുവേ കുടുംബത്തിനു വേണ്ടി എന്ത് മാരണം ചെയ്താലും തെറ്റില്ല എന്ന തെറ്റായ ഒരു ിമമൃമമശേല സൃഷ്ടിക്കാൻ ഇടയാക്കി .പലരും ജഡം മറവു ചെയ്യുന്നതിൽ അന്യാദൃശ്യമായ മികവ് കാണിച്ചു .എന്തിനും ദൃശ്യം മോഡൽ എന്ന ന്യായം ഉണ്ടായി .അവയെല്ലാം പോലിസ്പൊളിച്ചുവെങ്കിലും കുറ്റം ചെയ്താൽ രക്ഷപെടാം എന്ന ഒരു ധാരണ സൃഷ്ടിക്കാൻ ഈ സിനിമക്ക് കഴിഞ്ഞു .

ഏതാണ്ട് ഇതേ അച്ചിൽ വാർത്തതാണ് മമ്മൂട്ടി അഭിനയിച്ച വേണു സംവിധാനം ചെയ്ത മുന്നറിയിപ്പ് .ഉലമറഹശില പാലിക്കാൻ ബദ്ധപ്പെടുന്ന എഴുത്തുകാരിയെ, നിശ്ചയിച്ചുറപ്പിച്ച വിധത്തിൽ ,തൻറെ പതിവ് ശൈലിയിൽ കൊല ചെയ്യുന്നു നായകൻ ആയ പ്രതിനായകൻ . കുറേക്കാലം ജയിലിൽ കഴിഞ്ഞാൽ എന്ത് പ്രശ്നം എന്നാണ് ചോദ്യം അല്ലെങ്കിൽ ജയിലിൽ ആണെങ്കിലും സ്വാതന്ത്ര്യം ഇല്ലേ എന്നാണു നായകൻറെ ചോദ്യം . വളരെ സര്ഗ്ഗൽമകമാണ് ആ ചോദ്യമെങ്കിലും നമുടെ സാധാരണ ജീവിതത്തെ നയിക്കുന്നത് ഈ മൂല്യബോധമൊന്നുമല്ലല്ലോ !

ഹിഗാഷിമോയുടെ കഥയിലും ഈ ന്യായം നായകൻ അവതരിപ്പിക്കുന്നുണ്ട് . എത്ര .വർഷങ്ങൾ ജയിലിൽ കിടന്നാലും അതൊന്നും തന്നെയോ തൻറെ ഗണിതശാസ്ത്ര ചിന്തകളെയോ ബാധിക്കില്ല എന്നാണു നായകൻ കരുതുന്നത് . അയാൾക്കു ജയിലിനു പുറമേ കഴിയുന്നത് പോലെയാണ് ജയിലിൽ കഴിയുന്നതും . സുഹൃത്തിന് ചെയ്ത സഹായം എന്ന കൃത്യത്തിലാണ് അയാളുടെ മനസ്സ് ആഹ്ലാദിക്കുന്നത് ശരിക്കും ഒരു കുറ്റവാളിയുടെമനസാണിത് .താൻ ചെയ്യുന്ന എന്തിനെയും ,അത് കുറ്റകൃത്യമാണേങ്കിലും , ന്യായീകരിക്കുന്ന മനസ്സ് . ഡെവിൾസ് ഓൺ അഡ്വക്കേറ്റ് !'




ദൃശ്യം രണ്ടിലും മോഹൻ ലാൽ ആണ് നായകൻ .ദൃശ്യവുമായി ബന്ധം തോന്നുന്ന ചിത്രങ്ങളിലും ഈ ചിത്രത്തിൽ അഭിനയ മികവ് കാണിച്ച ഷാജോൺ പ്രത്യക്ഷപെടുന്നു .ഔസേപ്പിന്റെ ഒസ്യത്തിൽ കുറ്റകൃത്യം നടത്തുന്ന സഹോദരനായാണ് പോലിസ് ഓഫീസറായ ഷാജോൺ പ്രത്യക്ഷപ്പെടുന്നത് .കുറ്റം തടയേണ്ട വ്യക്തി തന്നെ കുറ്റവാളിക്കൂട്ടിൽ.സ്വാഭാവികമായി തന്നെ രക്ഷപെടുത്താനായി എന്ത് ഹീന മാർഗവും പ്രയോഗിക്കാൻ ഒരുമ്പെടുകയാണ് അയാൾ. യാദൃശ്ചികമായി നടന്ന ഒരു കുറ്റകൃത്യത്തിലെ വില്ലൻ ആയിപ്പോയി എന്നതാണ് അയാളുടെ പാതകം .ഒരു പരിധി വരെ കാണികൾ പോലും അയാളുടെ ഭാഗത്താണ് .

പക്ഷെ സന്ദർഭം തന്നെ അയാൾക്ക് വിനയാകുന്നു .മകനെ കാണാതായ ദുഃഖത്തിൽ ആകാം അപ്പൻ മരിക്കുന്നു .അയാളുടെ ആ മകനാണ് എല്ലാ സ്വത്തും എഴുതി വെച്ചിരിക്കുന്നത് .

ഒസ്യത്ത് പുറത്തു വന്നതോടെ അവർ ഒരിക്കലും ഉദ്ദേശിക്കാത്ത ഒരു മോട്ടിവ് അയാൾക്കും മൂത്ത ജേഷ്ഠനും എതിരെ ഉണ്ടാകുന്നു . മറവു ചെയ്ത ഇടം മറ്റൊരാൾ വാങ്ങാൻ വഴി തെളിഞ്ഞതോടെ ജഡം തന്നെ അവിടെ നിന്ന് മാറ്റേണ്ട നിസഹായവസ്ഥ ഉണ്ടാകുന്നു . മാത്രമല്ല കുറ്റകൃത്യത്തിൽ പങ്കാളി അല്ലാത്ത ,അല്ലെങ്കിൽ ഏറു പിഴച്ചത് കൊണ്ടു രക്ഷപെട്ട മൂത്ത ജേഷ്ഠൻ ചാഞ്ചല്യം പ്രകടിപ്പിക്കുന്നു . എത്ര കഴുകിയിട്ടും തീരാത്ത കറ ഉള്ള കൈകളാണ് തൻറെതെന്നു അയാൾക്ക് തോന്നുന്നു .

ഒളിപ്പിച്ച ജഡം പ്രമേയമാക്കി നിരവധി സിനിമകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട് .അതൊക്കെ ഏതെങ്കിലും ഡമ്മി ഇട്ടോ അല്ലാതെയോ സേതു രാമ അയ്യർ കണ്ടുപിടിച്ചിരിക്കും .അല്ലെങ്കിൽ ഭരത് ചന്ദ്രൻ ഐ പി എസ് പുറത്തെടുത്തിരിക്കും .പക്ഷെ ചില സിനിമകളിൽ അത് എന്നന്നേക്കുമായി കണ്ടുപിടിക്കപെടില്ല .കാരണം നായകൻ അതിൽ പ്രതിയല്ലല്ലോ !

‘‘ആർക്കറിയാം’’ എന്ന ചിത്രത്തിൽ വിജയരാഘവനായിരുന്നു ആ റോൾ.സ്മൃതിക്ഷയത്തിലേക്ക് കടന്നു പോകുന്ന ഒരു വ്യക്തി താൻ കൊന്നു തള്ളിയ വ്യക്തിയുടെ ജഡം ഓർമ്മ പോകുന്നതിനു മുൻപേ തൻറെ പുരയിടത്തിൽ നിന്ന് നീക്കുന്ന കഥയാണ് ഇത് .വിജയരാഘവൻ എന്ന നടനെ വലിയ ഔന്നത്യത്തിലേക്ക് കൊണ്ടു പോന്ന കഥാപാത്രം .വേലക്കാരിയുടെ മകളെ ബലാത്സംഗത്തിനിരയാക്കുന്ന തൻറെ മരുമകനെ കൊന്നു കുഴിച്ചു മൂടുന്ന കാരണവർ . സാമാന്യ ബുദ്ധി കൊണ്ടു അയാളെ ന്യായീകരിക്കാൻ തോന്നുമെങ്കിലും ഇതായിരുന്നോ നിയമപരമായി ശരി എന്ന സംശയം കാണിയുടെ മന

സ്സിൽ ഉയരാം .ആർക്കറിയാം എന്ന് പറഞ്ഞു തള്ളിക്കളയാമോ ഈ ചോദ്യം ?

ഈ അഭിനയ മികവാണ് ഇത്തരമൊരു കഥ പറയുന്ന കിഷ്ക്കിന്ധ കാണ്ഡത്തിലെ  വിജയ രാഘവൻ അവതരിപ്പിക്കുന്ന അച്ഛൻറെ പ്രത്യേകതയും . യാദൃശ്ചികമായി തൻറെ  തോക്ക് കൊണ്ടു പൌത്രൻ കൊല്ലപ്പെടുന്നത് അറിയുന്ന ,അതിന്റെ തെളിവുകൾ മറയ്ക്കുന്ന അച്ഛൻ .ഇവിടെയും താൽകാലിക അംനീഷ്യ ബാധിച്ച ആളാണ് അദേഹം .മരിച്ചുവെന്നു അറിഞ്ഞിട്ടും നാട്ടുകാരെ ബോധിപ്പിക്കാൻ തൻറെ മകനെ തെരഞ്ഞു  ഇടക്കിടെ യാത്ര നടത്തുന്ന അഛനായി ആസിഫ് അലി .ഇവിടെയും  മനുഷ്യൻറെ നിസ്സഹായാവസ്ഥയാണ് പ്രമേയം .ആ കുടുംബം നിയമത്തിൻറെ പിടിയിൽ നിന്ന് രക്ഷപ്പെടുന്നതിൽ കാണികൾ ആഹ്ലാദിക്കുന്നുവെങ്കിലും  യഥാർത്ഥ ജീവിതത്തിൽ ഇത് വലിയ ചോദ്യങ്ങൾ ഉയർത്തുന്നു .യാഥാർത്ഥ്യത്തിന്റെ ഭൂമികയിൽ സൃഷ്ടിച്ച സിനിമകളാണിവ ഇവ എന്നത് കൊണ്ടാണ് ഈ ചോദ്യം . അതിമാനുഷ്യ  ചിത്രങ്ങളിൽ നാം കഥയിൽ ചോദ്യമില്ല എന്ന യുക്തി അനുസരിച്ചു നിശ്ശബ്ദരായിരിക്കുന്നതാണല്ലോ ഉചിതം . .

മറ്റൊരു ദൃശ്യം മോഡലിലും വിജയരാഘവൻ പ്രധാന കഥാപാത്രമാകുന്നു .പക്ഷെ സിനിമ അതിലും എത്രയോ മുകളിലേക്ക് കടന്നു പോകുന്നു ..ഔസേപ്പിന്റെ ഒസ്യത്ത് ഏറ്റവും വിമലീകരിക്കുന്ന മാനുഷിക മൂല്യങ്ങളിൽ അടിയുറച്ച താണ് .അതാണ് ഇതിനെ വ്യത്യസ്തമാക്കുന്നത്.

ഹിഗഷിമോയുടെ  നോവൽ അവസാനിക്കുന്നത്  ആ  വിമലീകരണത്തിലാണ്. ''താങ്കളുടെ സുഹൃത്ത് ഒരു കൊല നടത്തിയിട്ടാണ് താങ്കളെ രക്ഷപെടുത്തിയത് എന്നറിയാമോ ''എന്ന് പോലിസ് അയാളുടെ സ്ത്രീസുഹൃത്തിനോടു ചോദിക്കുന്നു .അപ്പോഴാണ് അവർക്ക് ആ  ക്രൂരമായ യാഥാർത്ഥ്യം ഉള്ളിൽ തട്ടുന്നത് .തൻറെ സുഹൃത്തിനെ സഹായിക്കാൻ തിയതിയിൽ










തിരുത്ത് വരുത്തുക മാത്രമല്ല കൊല്ലപ്പെട്ടയാളുടെ  ജഡം നശിപ്പിച്ച ശേഷം  അയാളോട് സാദൃശ്യമുള്ള മറ്റൊരാളെ ഒരു മടിയും കൂടാതെ കൊലപ്പെടുത്തി ആ ജഡം നദിയിൽ ഒഴുക്കി വിടുകയും ചെയ്യുന്നു അയാൾ  .അയാളെപ്പോലെ സമർഥനായ ഒരു സുഹൃത്ത് അവിടെ എത്തിയിരുന്നില്ലെങ്കിൽ ആ കുറ്റകൃത്യം ആരും കണ്ടു പിടിക്കുമായിരുന്നില്ല .എന്തിനു ആ സുഹൃത്തിനു തന്നെ ആ കുറ്റം ഒളിപ്പിക്കാമായിരുന്നു .ഏതായാലും നീതിബോധം കൊണ്ടു തലകുനിച്ചു പെൺസുഹൃത്ത്   കുറ്റസമ്മതം നടത്തി കീഴടങ്ങുന്നു .ഏറ്റവും സമർഥമായി നടത്തിയ  എന്നാൽ ഏറ്റവും ഹീനമായ ഒരു കൊലപാതകം അങ്ങനെ നിയമത്തിൻറെ പരിധിയിലാകുന്നു  .


ഔസേപ്പിന്റെ ഒസ്യത്തും ദൃശ്യം മോഡലിലേക്കാണ് പോകുന്നതെന്ന സൂചനകൾ തുടക്കത്തിലുണ്ട് .ജഡം ഒളിപ്പിക്കുന്നത് എങ്ങനെയാകും എന്ന് ആകാംക്ഷയോടെ കാത്തിരിക്കുന്ന കാണികളുടെ മുന്നിൽ അത്ഭുതാവഹമെന്നു പറയട്ടെ ജേഷ്ഠൻ കുറ്റസമ്മതം നടത്തുന്നു .ആ ഏറ്റുപറച്ചിലിന് വിവിധ മാനങ്ങൾ ഉണ്ട് .

വലിയ അടിയൊഴുക്കുകൾ ഉള്ള ഒരു കുടുംബത്തിൻറെ ശക്തമായ കഥയായി അത് മാറുന്നു . ജീവിതത്തിൽ ഒന്നുമാകാതെ പോയ, തൻറെ ആഗ്രഹങ്ങൾനുസരിച്ച് ജീവിക്കാൻ കഴിയാതെ പോയ വ്യക്തിയാണ് ഇതിൽ ദിലീഷ് പോത്തൻ അവതരിപ്പിക്കുന്ന ജേഷ്ഠൻ .അദേഹത്തിന്റെ മികച്ച കഥാപാത്രം കൂടിയാണിത് .അമ്മ മരിച്ചപ്പോൾ താൻ അമ്മയുടെ സ്ഥാനത്തു നിന്നു  അനുജന്മാർക്ക് വേണ്ടി വാദിക്കേണ്ടിയിരുന്നു എന്ന് അയാൾ ഒരിടത്തു കുമ്പസാരിക്കുന്നുണ്ട്.അവസാനം തോളിൽ എടുത്തു വളർത്തിയ കുഞ്ഞനുജന് നീതി കിട്ടാൻ പോലീസിൽ കുറ്റകൃത്യം ഏറ്റു പറയുന്നു.ഒരു പക്ഷെ മലയാളത്തിൽ ഇത്ര നീതിബോധത്തോടെയുള്ള   മറ്റൊരു ഏൻഡ് ഉണ്ടായിട്ടുണ്ടാവില്ല .ഒരു സാധാരണ ക്രൈം സ്റ്റോറി അസാധാരണ കുടുംബ കഥയായി മാറുന്നതാണ് ഇവിടെ കാണുന്നത് .ഇനിയെങ്കിലും അല്പ കാലത്തെക്കെങ്കിലും  അനാഥ ജഡങ്ങൾ പ്രേക്ഷകരെ വല്യ്ക്കില്ലെന്നു ആശ്വസിക്കാം

# ചിത്രലോകം



അബ്ദുൽ കലാം ആസാദ്



**ടവേർസ് ഓഫ് സൈലൻസ്**


THE BIGGEST JEWELLERY SALE
THE INCREDIBLE FLAT
50%
OFF | ON MAKING CHARGES
FOR GOLD, DIAMONDS, POLKI & PRECIOUS JEWELLERY
Offer valid from 21ST Feb. to Mar. 23rd, 2025
GET 100% VALUE ON DIAMOND EXCHANGE
EASY PAYMENT PLANS
*T&C Apply. Not applicable for Gold coins & bars.
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936


390+
SHOWROOMS
13 COUNTRIES
MALABAR
GOLD & DIAMONDS
EMBRACE THE GIFT OF GOLD
FREE GOLD COINS
on Diamond & Precious Gem Jewellery worth USD 1,500 and above
NO PRICE HIKE
Due to Tariff, at
Malabar Gold & Diamonds
0%
Zero deduction
on old gold (916) exchange
100% value
on diamond exchange
Offers valid till 30th April, 2025
*T&C Apply.